

ജോൺ കച്ചിറമറ്റം

# അണികളെ ആവശ്യമുണ്ട്

പ്രതിഫലം : രക്തസാക്ഷിത്വം,മരണം,സ്വാതന്ത്ര്യം

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# അണികളെ ആവശ്യമുണ്ട്

## പ്രതിഫലം: രക്തസാക്ഷിത്വം
## ശമ്പളം: മരണം

ജോൺ കച്ചിറമറ്റം

പ്രസിദ്ധീകരണം

ഡോ.കച്ചിറമറ്റം ഫൗണ്ടേഷൻ
പിഴക് പി.ഒ.
കോട്ടയം ജില്ല, കേരള - 686655
ഫോൺ 04822 260434, 261102, 260071
Mob: 9447662076

www.malankaralibrary.com

(Malayalam)

# ANIKALE AVASYAMUNDU

By

**JOHN KACHIRAMATTAM**

First Edition
28-12-2010
(11th Birthday of Maria Kachiramattam
The grand daughter of the author)

Copy right
Dr. Kachiramattam foundation

Published by
Dr. Kachiramattam f oundation

DTP setting
C-CAD Graphics, Erattupetta Ph: 272852

Cover design
Joseph Francies Pala Ph:9447137342

Printed at
Penta offset, Kottayam
Price Rs. 90/-

Distributor
Dr. Kachiramattam Foundation
Pizhak P.O.
686655

www.malankaralibrary.com

## ഡോ.കച്ചിറമററം ഫൗണ്ടേഷന്റെ പ്രസിദ്ധീകരണങ്ങൾ

1. അണികളെ ആവശ്യമുണ്ട് - ജോൺ കച്ചിറമറ്റം
2. കേരളം ചുവന്നതെങ്ങനെ? - ജോൺ കച്ചിറമറ്റം
3. വേലുത്തമ്പി ദളവായും കുണ്ടറവിളംബരവും - ജോൺ കച്ചിറമറ്റം
4. ബി. വെല്ലിംഗ്ടൺ (ജീവചരിത്രം) - ജോൺ കച്ചിറമറ്റം
5. കേരളസഭാപ്രതിഭകൾ ഒന്നാംഭാഗം - ജോൺ കച്ചിറമറ്റം
6. തടവറയിലെ വടക്കനച്ചൻ - ജോൺ കച്ചിറമറ്റം
7. കേരളസഭാരത്നങ്ങൾ ഒന്നാംഭാഗം - ജോൺ കച്ചിറമറ്റം
8. കേരളസഭാരത്നങ്ങൾ രണ്ടാംഭാഗം - ജോൺ കച്ചിറമറ്റം
9. ക്രൈസ്തവരും ദേശീയപ്രസ്ഥാനങ്ങളും (ക്രൈസ്തവരുടെ ദേശീയരംഗത്തെ സം ഭാവനകളെപ്പറ്റി പ്രതിപാദിക്കുന്ന ഗ്രന്ഥം) - ജോൺ കച്ചിറമറ്റം
10. ഷെവ.കുഞ്ഞിത്തൊമ്മൻ (ജീവചരിത്രം) - ജോൺ കച്ചിറമറ്റം
11. തച്ചിൽ മാത്തുത്തരകൻ(ജീവചരിത്രം) - ജോൺ കച്ചിറമറ്റം
12. കാത്തലിക് ഗ്രിവൻസസ് - ജോൺ കച്ചിറമറ്റം
13. ജാതൈക്യസംഘം - ജോൺ കച്ചിറമറ്റം
14. വലിയകപ്പിത്താനും ദേവസഹായം പിള്ളയും - ജോൺ കച്ചിറമറ്റം
15. പ്രസിഡന്റിന്റെ കത്തുകൾ - ജോൺ കച്ചിറമറ്റം
16. തിരഞ്ഞെടുത്ത മുഖപ്രസംഗങ്ങൾ - ജോൺ കച്ചിറമറ്റം
17. നായർ ഈഴവ ഐക്യം - ജോൺ കച്ചിറമറ്റം
18. പാപ്പായുടെ നാട്ടിൽ (യാത്രാവിവരണം) - ജോൺ കച്ചിറമറ്റം
19. ഇടിമുഴക്കം കേട്ടതെപ്പോൾ - ജോൺ കച്ചിറമറ്റം
20. ഓശാന ഗവേഷണങ്ങളുടെ തനിനിറം - ജോൺ കച്ചിറമറ്റം
21. വിമോചനസമരം ഒരു ആമുഖം - ജോൺ കച്ചിറമറ്റം
22. യേശുക്രിസ്തുമോസ്കോവിലോ? - ജോൺ കച്ചിറമറ്റം
23. അൽമായരും കാലികപ്രശ്നങ്ങളും - ജോൺ കച്ചിറമറ്റം
24. പനമ്പള്ളി പദ്ധതി - സത്യമെന്ത്? - ജോൺ കച്ചിറമറ്റം
25. ചവിട്ടുകൊട്ടയിൽനിന്നും സത്യം ഉയിർത്തെഴുന്നേൽക്കും - ജോൺ കച്ചിറമറ്റം
26. വചനപ്രകാശം - ഡോ.കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ
27. കുരിശിന്റെ വഴി - ഡോ.കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ
28. Homilies and Reflections (Part I) - Rev.Dr.A.Kachiramattam
29. Homilies and Reflections (Part II) - Rev.Dr.A.Kachiramattam
30. Why American youth Turn to Budha Rev.Dr.A.Kachiramattam
31. Evolution in the human concept of God Rev.Dr.A.Kachiramattam
32. Re-discovery of India Rev.Dr.A.Kachiramattam
33. Catholic Eastern Churches Rev.Dr.A.Kachiramattam
34. Prepare the way of the Lord Rev.Dr.A.Kachiramattam

## കച്ചിറമറ്റത്തിന്റെ ലഘുലേഖകൾ

1. ദീപിക സുഹൃത്തുക്കളെ ഉണരുക (1966) - 70000 കോപ്പികൾ
2. നീതിക്കുവേണ്ടിയുള്ള പോരാട്ടം (1979) - 2000 കോപ്പികൾ
3. വിമോചനസമരം - കനകജൂബിലി (2008) - 1500 കോപ്പികൾ
4. ന്യൂമാൻ കോളേജ് പ്രശ്നം - 4 ലേഖനങ്ങൾ (2010) - 1000 കോപ്പികൾ
5. വിസ്മരിക്കപ്പെടുന്ന വ്യക്തികളും സംഭവങ്ങളും - 1000 കോപ്പികൾ

www.malankaralibrary.com

## ജോൺ കച്ചിറമറ്റം

രാമപുരത്ത് കച്ചിറമററം കുടുംബത്തിൽ അവിരാ അന്നമ്മ ദമ്പതികളുടെ മകനായി 1938-ൽ ജനിച്ചു. 10-ാത്തെ വയസ്സിൽ ഭക്ത സംഘടനകളിലൂടെ പൊതു പ്രവർത്തനം ആരംഭിച്ചു. രാഷ്ട്രീയ സമുദായ പ്രവർത്തനങ്ങളിൽ സജീവമായ നേതൃത്വം നൽകി. പലാരുപതാ കോർപ്പറേററ് എജ്യുക്കേഷൻ ഏജൻസിയുടെ കീഴിൽ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1993-ൽ പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ നിന്നും റിട്ടയർ ചെയ്തു.

കുടിയേററ കർഷകരുടെ അവകാശ സമരങ്ങൾക്ക് നേതൃത്വം നൽകിയ കർഷക നേതാവ്, എ.കെ.സി.സി., കേരള ക്രിസ്ത്യൻ ലീഡേഴ്സ് ആക്ഷൻ കൗൺസിൽ, കേരളാ കാത്തലിക് ഫെഡറേഷൻ, ഓൾ ഇന്ത്യാ കാത്തലിക് യൂണിയൻ എന്നീ സംഘടനകളുടെ സാരഥി എന്ന നിലയിൽ മഹാ സമ്മേളനങ്ങളും പ്രകടനങ്ങളും നടത്തി സമുദായത്തിന്റെ വികാര വിചാരങ്ങൾക്ക് രൂപഭാവം നൽകിയ സമുദായ സ്നേഹി, 1975-ൽ പ്രധാന മന്ത്രി ഇന്ദിരാഗാന്ധി ഏർപ്പെടുത്തിയ അടിയന്തരാവസ്ഥക്കെതിരെ പ്രവർത്തിച്ച മനുഷ്യാവകാശ ധർമ്മ ഭടൻ എന്നീ നിലകളിൽ അറിയപ്പെടുന്നു.

1989-ൽ കെയ്റോ, റോം, അസ്സീസി, പാദുവാ, ജർമ്മനി, അമേരിക്കൻ ഐക്യനാടുകൾ എന്നിവിടങ്ങളിലും 1996-ൽ കുവൈററിലും 1999-ൽ വീണ്ടും അമേരിക്കൻ ഐക്യനാടുകളിലും 2001-ൽ വീണ്ടും റോമിലും പാദുവായിലും വെനീസിലും ശ്രീലങ്കയിലും, 2007-ൽ വീണ്ടും അമേരിക്കൻ ഐക്യനാടുകളിലും പര്യടനം നടത്തി.

1988 -ൽ ആളൂർ ബററർ ലൈഫ് സെന്ററിന്റെ കേരളസഭാതാരം അവാർഡിനും 1998 -ൽ കേരള സാഹിത്യകലാസമിതിയുടെ പ്രതിഭാപ്രകാശം അവാർഡിനും അതേ വർഷം തന്നെ ആൾ ഇന്ത്യാ കാത്തലിക്ക് യൂണിയന്റെ ജോർജ് മെനേസിസ് ദേശീയ അവാർഡിനും അർഹനായി. കോട്ടയം - വടവാതൂർ സെമിനാരിയിൽ ഏർപ്പെടുത്തിയിരിക്കുന്ന ഫാ. ആറാഞ്ചേരി അവാർഡും ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ ബഞ്ചിമിൻബയ്‌ലി അവാർഡും 2001-ലും കേരള ക്രിസ്ത്യൻ ഫൗണ്ടേഷന്റെ മാർത്തോമ്മാ അവാർഡ് 2003-ലും ലഭിക്കുകയുണ്ടായി. (ഈ മൂന്ന് അവാർഡുകളും ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥരചനയുടെ പേരിൽ ലഭിച്ചതാണ്). 2006-ൽ ചങ്ങനാശ്ശേരി അതിരൂപതയുടെ കനക ജൂബിലി അവാർഡും, കെ.സി.വൈ.എം-ന്റെ അൽമായരത്നം അവാർഡും, തിരുവല്ല അതിരൂപതയുടെ പ്രത്യേക പുരസ്കാരവും 2007-ൽ അമേരിക്കയിലെ സീറോ മലബാർ കൂട്ടായ്മയുടെ പുരസ്കാരവും, 2008-ൽ മാർ കരിയാറ്റി അവാർഡും, മേരിവിജയം മാസികയുടെ ദർശനാ അവാർഡും, മേരി ബനീഞ്ഞാ ഫൗണ്ടേഷന്റെ ബനീഞ്ഞാ അവാർഡും, കേരള കാത്തലിക് ഫെഡറേഷന്റെ കേരളസഭാരത്നം അവാർഡും, കൊല്ലത്തെ ഫാ. വടക്കൻ വെല്ലിംഗ്ടൻ സാംസ്കാരിക സമിതിയുടെ എന്റെ ഗ്രാമം എന്റെ ജനത പുരസ്കാരവും ഉൾപ്പെടെ 19 അവാർഡുകൾ കച്ചിറമറ്റത്തിന് ലഭിക്കുകയുണ്ടായി.

തിടനാട് കണിയാംപടിക്കൽ മേരിയാണ് ഭാര്യ. ആൻസമ്മ, സന്തോഷ് എന്നിവർ മക്കൾ.

www.malankaralibrary.com

# സമർപ്പണം



**എന്റെ പ്രിയ സഹോദരൻ ദിവംഗതനായ റവ. ഡോ. അഗസ്റ്റിൻ കച്ചിറമറ്റത്തിന്റെ പൗരോഹിത്യ കനകജൂബിലി സ്മാരകമായി ഈ ഗ്രന്ഥം സമർപ്പിക്കുന്നു.**

| | | |
|---|---|---|
| ജനനം | : | 12-06-1934 |
| പൗരോഹിത്യം | : | 15-03-1961 |
| മരണം | : | 27-03-1993 |

www.malankaralibrary.com

# ഉള്ളടക്കം

പുറം

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ
ആമുഖം
1. വിപ്ലവത്തിനൊരുങ്ങുക 11
2. വിപ്ലവത്തിനു സമയമായി 13
3. അച്യുതമേനോൻ മുതൽ ശിവരാമൻ വരെ 23
4. തെറ്റുതിരുത്തൽ രേഖയും മതവിശ്വാസവും 27
5. സുകുമാർ അഴീക്കോടിനെപ്പറ്റി 30
6. പ്രതിഫലം ഇഛിക്കാത്തവർ 34
7. മാവോയിസ്റ്റുകൾ രാജ്യം ഭരിക്കും! 39
8. വിസ്മരിക്കപ്പെടുന്ന വ്യക്തികളും സംഭവങ്ങളും 47
9. ജ്യോതി ബാസുവിന് സ്മാരകം! 55
10. ആര്യൻ കാണാതെപോയ അടവുനയങ്ങൾ 62
11. അടിയന്തരാവസ്ഥ 71
തൊടുപുഴ ന്യൂമാൻ കോളേജ് പ്രശ്നം 73
12. സാംസ്കാരിക നായകന്മാർ ഒളിവിൽ നിന്നും പുറത്തിറങ്ങി 74
13. ഫാ. പോൾ തേലക്കാട്ടിന്റെ ഇരട്ടമുഖം 76
14. എ.കെ.സി.സി. പ്രസിഡന്റിന്റെ വികല പ്രസ്താവനയും 87
അടപ്പൂരിന്റെ “അനീതിയുടെ ഇടിത്തീയും
15. തോമസ് എന്ന പേരിനും വേണ്ടേ അർഹത? 90
16. പ്രൊഫ. ടി ജെ. ജോസഫിനെ പിരിച്ചു വിട്ടതു
ശിക്ഷാനടപടിയല്ല, ശിക്ഷണ നടപടി: കോളേജ് മാനേജ്മെന്റ് 95

www.malankaralibrary.com

# ഡോ.കച്ചിറമറ്റം ഫൗണ്ടേഷൻ



കേരള ക്രൈസ്തവ സഭയ്ക്ക് പല പ്രഗല്ഭരായ വൈദികരെയും കന്യാസ്ത്രീകളെയും അൽമായ പ്രമുഖരെയും സംഭാവന ചെയ്തിട്ടുള്ള രാമപുരത്തെ കച്ചിറമററം കുടുംബത്തിൽ (ശങ്കരപുരി കുടുംബശാഖ) 1934 ജൂൺ 12 -ന് ഫാ. അഗസ്റ്റിൻ ഭൂജാതനായി. 1961 മാർച്ച് 15 -ന് അഗസ്റ്റിൻ പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

ഫിലോസഫി, തിയോളജി, കാനൻ ലോ എന്നിവയിൽ അഗാധമായ പാണ്ഡിത്യം നേടിയ ഫാ. അഗസ്റ്റിൻ മദ്രാസ് ലയോള കോളേജിൽ നിന്ന് ബി.എസ്സി.യും ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നിന്ന് എം.എസ്സി.യും കർണ്ണാടക യുണിവേഴ്സിററിയിൽ നിന്ന് തത്വശാസ്ത്രത്തിൽ എം.എ.യും, ബൽഗാം ലോകോളേജിൽ നിന്ന് എൽ.എൽ. ബി. യും മൈസൂർ റീജണൽ കോളേജിൽ നിന്ന് ബി.എഡും. ബിരുദങ്ങൾ സമ്പാദിച്ചു. അമേരിക്കയിലെ നോട്ടർഡാം യൂണിവേഴ്സിററിയിൽ നിന്ന് കൗൺസലിംഗിൽ ഡോക്ടർ ബിരുദവും ഗ്രാഡ്വേററ് തിയോളജിക്കൽ ഫൗണ്ടേഷന്റെ ഫെലോഷിപ്പും കരസ്ഥമാക്കി. ഏഷ്യാ, ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ നിരവധി രാജ്യങ്ങൾ അദ്ദേഹം സന്ദർശിക്കുകയും വിവിധ ജനപദങ്ങളും സംസ്കാരങ്ങളുമായി ഇടപഴകുകയും അവരുടെ ഭാഷകളും ആചാരരീതികളും പരിചയപ്പെടുകയും ചെയ്തു.

അറാമിക്ക്, ഗ്രീക്ക്, ലാറ്റിൻ, ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീഭാഷകളിൽ അവഗാഹം നേടിയ ഡോ. അഗസ്റ്റിൻ "കിക്കാമ്പ്", "കിസ്ഹിലി", തമിഴ് എന്നീ ഭാഷകൾ ഏറെക്കുറെ സ്വായത്തമാക്കുകയുണ്ടായി.

പാലാ രൂപതയ്ക്കുവേണ്ടി വൈദികപട്ടമേറ്റ അദ്ദേഹം രൂപതാദ്ധ്യക്ഷന്റെ നിർദ്ദേശാനുസരണം മദ്രാസ്, ബൽഗാം (ഇന്ത്യ), മച്ചാക്കോസ് (ആഫ്രിക്ക), ന്യൂയോർക്ക്, ക്യാനഡ, ഡെൻവർ (നോർത്ത് അമേരിക്ക) എന്നീ രൂപതകളിൽ സേവനം അനുഷ്ഠിച്ചു. ആശുപത്രികൾ, നേഴ്സിംഗ് ഹോമുകൾ, കന്യകാലയങ്ങൾ ഫോർമേഷൻ ഹൗസുകൾ എന്നിവയുടെ ചാപ്ലയിൻ ആയി പ്രവർത്തിച്ചിട്ടുള്ള ഡോ. അഗസ്റ്റിൻ, കാത്തലിക്ക് നേഴ്സസ് ഗിൽഡിന്റെ രൂപതാ ഡയറക്ടർ, കർണ്ണാടക സ്റ്റേററ് കാത്തലിക് സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ എക്സിക്യൂട്ടിവ് അംഗം, ബൽഗാം ഡയോസിഷൻ ബോർഡ് ഓഫ് എഡ്യൂക്കേഷൻ സ്ഥാപക സെക്രട്ടറി, ഹൈസ്കൂൾ ഹെഡ് മാസ്റ്റർ, പ്രിൻസിപ്പൽ, കേരളത്തിലെ അംഗീകൃത ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ പ്രസിഡന്റ്, കേരള

www.malankaralibrary.com

കാത്തലിക്ക് ട്രസ്റ്റ് ട്രഷറർ, വൈസ് പ്രസിഡന്റ് എന്നിങ്ങനെ വിവിധ നിലകളിൽ സേവനം അനുഷ്ഠിക്കുകയുണ്ടായി.

അമേരിക്കയിലെ വിശ്വവിഖ്യാതമായ നൈററ്സ് ഓഫ് കൊളംബസ് എന്ന സംഘടനയുടെ ആയുഷ്കാലാംഗമായിരുന്ന ഡോ.കച്ചിറമറ്റത്തിന് അദ്ദേഹത്തിന്റെ നിസ്തുല സേവനങ്ങളെ ആദരിച്ച് ഫോർത്ത് ഡിഗ്രി അംഗത്വം നല്കി. പ്രസ്തുത സംഘടനയുടെ ചാപ്ലിനായി തുടർന്ന് നിയമിക്കപ്പെട്ടു.

ബുദ്ധിജീവികളെ മാത്രം അംഗങ്ങളായി സ്വീകരിക്കുന്ന അമേരിക്കയിലെ ടോർച്ച് ക്ലബ് ഇന്റർനാഷണലിന്റെയും ബോൾഡർ നഗരത്തിലെ ചരിത്ര സാംസ്കാരിക ഗ്രൂപ്പിന്റെയും അംഗമെന്ന നിലയിൽ പ്രവർത്തിച്ച അദ്ദേഹം അമേരിക്കൻ സാമൂഹിക ജീവിതത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചു.

1990 -ൽ അമേരിക്കയിൽ നിന്നും മടങ്ങിയെത്തിയ ഡോ. അഗസ്റ്റിൻ പാലാ രൂപതയിലെ അരുണാപുരം പള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടു. ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ നേതൃത്വത്തിൽ അരുണാപുരം പള്ളി പണിയാരംഭിച്ചു. ദേവാലയത്തിന്റെ പണി പൂർത്തിയാക്കുന്നതിനു മുമ്പേ 1993 മാർച്ച് 27 -ന് അദ്ദേഹം നിര്യാതനായി. മൃതദേഹം സ്വന്തം ഇടവകയായ പിഴക് ഉറുമ്പുകാവ് ദേവാലയ സിമിററരിയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ മാർച്ച് 28-ന് ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ സംസ്ക്കരിക്കപ്പെട്ടു.

യശഃശ്ശരീരനായ റവ.ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ പാവന സ്മരണ നിലനിർത്താനായി രൂപീകരിച്ചതാണ് ഡോ. കച്ചിറമററം ഫൗണ്ടേഷൻ. 1993 ജൂൺ 12 -ന് ആരംഭിച്ച ഫൗണ്ടേഷന്റെ ഔപചാരികമായ ഉത്ഘാടനം അത്യുന്നത കർദ്ദിനാൾ മാർ ആന്റണി പടിയറ 1994 ജനുവരി 8-ാം തീയതി നിർവ്വഹിച്ചു. ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഇതിനകം മുപ്പത് ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. അണികളെ ആവശ്യമുണ്ട്, കേരളം ചുവന്നതെങ്ങനെ?, വേലുത്തമ്പിയും കുണ്ടറവിളംബരവും, ബി. വെല്ലിംഗ്ടൺ എന്നീ നാലുഗ്രന്ഥങ്ങൾ ഡിസംബർ 28-ന് പ്രസിദ്ധീകരിക്കുകയാണ്. ആകെ 34 ഗ്രന്ഥങ്ങൾ ഇതിനകം ഫൗണ്ടേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

www.malankaralibrary.com

# ആമുഖം

സമകാലീന പ്രശ്നങ്ങളെ വിലയിരുത്തിക്കൊണ്ട് അതതു കാലങ്ങളിൽ എഴുതിയ 15-ൽ പരം ലേഖനങ്ങളുടെ സമാഹാരമാണ് അണികളെ ആവശ്യമുണ്ട് എന്ന ഈ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നത്. സമൂഹത്തിൽ ഒരു പ്രശ്നം ഉണ്ടാകുമ്പോൾ അതിനോട് എങ്ങനെ പ്രതികരിക്കണമെന്ന കാര്യത്തിൽപോലും വ്യക്തമായ ഒരു ധാരണ നമ്മുടെ സംഘടന പ്രവർത്തകർക്കുപോലും ഇല്ലെന്നത് ദുഃഖകരമാണ്. തെറ്റുതിരുത്തൽ രേഖയുമായി മാർക്സ് പാർട്ടി രംഗത്തുവന്നപ്പോൾ അത് ഇന്ത്യൻ ഭരണഘടനാ വിരുദ്ധമാണെന്നും ആ നയം മാറ്റണമെന്നും പ്രസ്താവനയിറക്കിയ ഭക്തസംഘടനകൾ കേരളത്തിലുണ്ട്. ഈശ്വരവിശ്വാസത്തെ സംബന്ധിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് വ്യക്തമായ ചില കാഴ്ചപ്പാടുകൾ ഉണ്ട്. അത് ഇന്ത്യൻ ഭരണഘടനയുടെ വെളിച്ചത്തിൽ രൂപീകരിച്ചതുമല്ല, കമ്മ്യൂണിസം നിരീശ്വരത്വം ആണ്. കമ്മ്യൂണിസം മതവിശ്വാസത്തിന് എതിരല്ലെന്നുള്ള പ്രചരണം തട്ടിപ്പാണ്. ഈ സത്യം ജനങ്ങളെ ബോദ്ധ്യപ്പെടുത്തി കമ്മ്യൂണിസ്റ്റുകളുടെ കപടതന്ത്രം വെളിച്ചത്തുകൊണ്ടുവരാനായിരുന്നു അവർ ശ്രമിക്കേണ്ടിയിരുന്നത്.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ നമ്മുടെ പൂർവ്വികർ ഏർപ്പെട്ടത് ഒന്നും പ്രതീക്ഷിച്ചുകൊണ്ടായിരുന്നില്ല. എല്ലാം ത്യജിച്ചുകൊണ്ടാണ് അവർ സമരരംഗത്ത് ഉറച്ചു നിന്നത്. എന്നാൽ ഇന്നത്തെ പൊതുപ്രവർത്തകർ -ജനപ്രതിനിധികൾവരെ-ശമ്പളവർദ്ധനവിന് വേണ്ടി വാദിക്കുകയാണ്. തങ്ങൾ പ്രതിനിധാനം ചെയ്യുന്ന ജനങ്ങളുടെ സാമൂഹ്യസാമ്പത്തിക ചുറ്റുപാടുകളെപ്പറ്റി ചിന്തിക്കുവാൻ പോലും അവർ തയ്യാറല്ല. ജനപ്രതിനിധികൾ പ്രതിഫലം ഇച്ഛിക്കാതെ ജനങ്ങൾക്കു നേതൃത്വം നല്കേണ്ടതാണ്. ശമ്പളവും മറ്റു ആനുകൂല്യങ്ങളും വേണ്ടവർ സിവിൽ സർവ്വീസിൽ ജോലി നോക്കുകയാണ് വേണ്ടത്. രാഷ്ട്രീയ പ്രവർത്തകർ സാമൂഹ്യപ്രവർത്തകർ ആയിരിക്കണം. അവർ പ്രതിഫലംകാംക്ഷിക്കരുത്.

ലോക ചരിത്രഗതിയെ തിരിച്ചുവിട്ട പല മഹാത്മാക്കളും നമ്മുടെയിടയിലുണ്ട്. അവരുടെ കഷ്ടപ്പാടിന്റെയും സേവനങ്ങളുടെയും ചരിത്രം പുതിയ തലമുറയെ പഠിപ്പിക്കുവാൻ നാം തയ്യാറായിട്ടില്ല. അവരുടെ ചരിത്രം ഇന്നത്തെ തലമുറയെ പഠിപ്പിക്കുവാൻ നാം തയ്യാറായാൽ ഇന്നത്തെ പൊതുപ്രവർത്ത

www.malankaralibrary.com

കർ എന്നു ഭാവിക്കുന്നവർ പൊതുപ്രവർത്തനരംഗത്തുനിന്നും പിന്മാറേണ്ടി വരും.

നിർദ്ധനരും തൊഴിലാളികളും സാധാരണ ജനങ്ങളും വളരെ പ്രതീക്ഷയോടെയായിരുന്നു കമ്മ്യൂണിസ്റ്റ് പാർട്ടിയെ അധികാരത്തിലേറ്റിയത്. മാന്യമായി ജീവിക്കാൻ ഉതകുന്ന ഒരു വ്യവസ്ഥിതി കെട്ടിപ്പടുക്കുവാൻ കമ്മ്യൂണിസ്റ്റ്കൾക്ക് സാധിക്കുമെന്ന് അവർ വിചാരിച്ചു. പക്ഷെ, പലതവണ അധികാരത്തിലേറിയിട്ടും കമ്മ്യൂണിസ്റ്റുകൾക്ക് ഒന്നും നേടുവാൻ സാധിച്ചില്ല.

ജനങ്ങൾ അതിൽ ദുഃഖിതരാണ്. ജനങ്ങളുടെ പ്രതീക്ഷകൾ തകർന്നത് ഇവിടെ മാവോയിസ്റ്റുകളുടെ ശക്തി വർദ്ധിക്കുന്നതിന് ഇട നല്കി. ഇന്ന് രാജ്യത്ത് നാലിലൊന്ന് പ്രദേശത്തും മാവോയിസ്റ്റുകൾ ശക്തമാണ്. അവർ അനതിവിദൂരമായ ഭാവിയിൽ സായുധവിപ്ലവത്തിലൂടെ അധികാരത്തിലേറുമെന്നാണ് പ്രഖ്യാപിച്ചിരിക്കുന്നത്.

ജനങ്ങളുടെ വികാരം കണക്കിലെടുക്കാതെയുള്ള ഭരണമാണ് ജനങ്ങളെ ആയുധമെടുക്കാൻ പ്രേരിപ്പിക്കുന്നത്. ഇന്ന് പല സംസ്ഥാനങ്ങളിലും വികസനം കടലാസിൽ മാത്രമായി ഒതുങ്ങിയിരിക്കുന്നു. ഭീകരമായ അഴിമതികളുടെ കഥകളാണ് നാം എവിടെയും കേൾക്കുന്നത്.

ഭാരതത്തിന്റെ ഈ ദയനീയാവസ്ഥ ഭാരതജനത ശരിയായി മനസ്സിലാക്കണം. ഈ ചുറ്റുപാടുകളിൽ നിന്നും ഭാരതത്തെ രക്ഷിക്കാൻ സമരരംഗത്ത് അണിനിരക്കുവാൻ യുവാക്കൾ തയ്യാറായി മുന്നോട്ടുവരണം. ഈ സമരത്തിൽ പങ്കെടുക്കുന്നവർക്ക് ശമ്പളമായി ലഭിക്കുന്നത് മരണമായിരിക്കും. സമ്മാനമായി ലഭിക്കുന്നത് രക്തസാക്ഷിത്വമായിരിക്കും. ആ ശമ്പളവും സമ്മാനവും ഏറ്റുവാങ്ങുവാൻ ഭാരതത്തിലെ ജനലക്ഷങ്ങളെ സ്നേഹപൂർവ്വം ഞാൻ ക്ഷണിക്കുന്നു.

ഈ ഗ്രന്ഥത്തിലെ പല ലേഖനങ്ങളും പലരുടെയും എതിർപ്പുകൾക്ക് കാരണമാകുമെന്ന് എനിക്കറിയാം. ആ എതിർപ്പുകളെ സഹർഷം സ്വാഗതം ചെയ്തുകൊണ്ട് വിപുലമായ പഠനത്തിനും ചർച്ചക്കുമായി ഈ ഗ്രന്ഥം വായനക്കാരുടെ മുൻപിൽ സവിനയം സമർപ്പിക്കുന്നു.

രാമപുരം, പിഴക് — **ജോൺ കച്ചിറമറ്റം**
28/12/2010

www.malankaralibrary.com

# 1. വിപ്ലവത്തിനൊരുങ്ങുക

1914–ൽ "ഗദർ" എന്ന പ്രസിദ്ധീകരണത്തിന്റെ മുൻ പേജിൽ ലാലാ ഹർ ദയാൽ വളരെ ശ്രദ്ധേയമായ ഒരു പരസ്യം പ്രസിദ്ധീകരിക്കുകയുണ്ടായി. ആ പരസ്യം താഴെ ചേർക്കുന്നു.

**ഇന്ത്യയിൽ വിപ്ലവം ഉത്തേജിപ്പിക്കുന്നതിന്**
**ധീരരായ യുവാക്കളെ ആവശ്യമുണ്ട്**

| | | |
|---|---|---|
| ശമ്പളം | .......... | മരണം |
| സമ്മാനം | .......... | രക്തസാക്ഷിത്വം |
| പെൻഷൻ | .......... | സ്വാതന്ത്ര്യം |
| യുദ്ധഭൂമി | .......... | ഇന്ത്യ |

ഈ പരസ്യം നിരർത്ഥകമായില്ല. ഒരു പാട് യുവാക്കൾ മരണമെന്ന ശമ്പളം വാങ്ങാൻ അണിനിരന്നതായി ഇന്ത്യൻ സ്വാതന്ത്ര്യ സമരചരിത്രം നമ്മോടു പറയുന്നു.

മരണമെന്ന ശമ്പളം വാങ്ങാൻ ഇറങ്ങിത്തിരിച്ച അനേകായിരങ്ങളുടെ ശ്രമഫലമായിട്ടാണ് നമ്മുടെ രാജ്യം സ്വാതന്ത്ര്യം പ്രാപിച്ചത്. നമ്മുടെ മുൻതലമുറ നേടിത്തന്ന സ്വാതന്ത്ര്യം കാത്തുസൂക്ഷിക്കുവാൻ നമുക്ക് പൂർണ്ണമായും സാധിച്ചോ? മുൻ തലമുറ നേടിത്തന്ന സ്വാതന്ത്ര്യത്തിന് എന്തെങ്കിലും കോട്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ അത് വീണ്ടും നേടിയെടുക്കാൻ നാം ഒരു വിപ്ലവത്തിന് തയ്യാറെടുക്കേണ്ടതല്ലയോ?

വിദേശാധിപത്യത്തിൽ നിന്നും നാം സ്വതന്ത്രരായപ്പോൾ, രാജാക്കന്മാരുടെയും ചക്രവർത്തിമാരുടെയും കൈകളിൽ നിന്ന് അധികാരം ജനഹസ്തങ്ങളിലേയ്ക്ക് കൈമാറിയപ്പോൾ, എന്തെന്തു പ്രതീക്ഷകളായിരുന്നു നമുക്കുണ്ടായിരുന്നത്. സമത്വസുന്ദരമായ ഒരു ക്ഷേമരാഷ്ട്രം നാം സ്വപ്നം കണ്ടു. ഭാരതമക്കൾ തോളോട് തോൾ ചേർന്ന് ഭാരതത്തിന്റെ സമഗ്ര പുരോഗതിയ്ക്കു വേണ്ടി പ്രവർത്തിക്കുമെന്നും ഏകോദര സഹോദരങ്ങളെപ്പോലെ ഭാരത മക്കൾ ഒരുമയോടെ പ്രവർത്തിക്കുമെന്നും നാം വിചാരിച്ചു.

സ്വാതന്ത്ര്യസമരത്തിൽ സജീവമായി പങ്കെടുത്ത് യാതനകൾ അനുഭവിച്ചവരും, കാരിരുമ്പഴികൾക്കുള്ളിൽ കിടന്ന് മർദ്ദനമേറ്റവരും, ജാലിയൻ വാലാബാഗിലെ കൂട്ടക്കൊലയിൽ വച്ച് ദേശാഭിമാനത്തിന്റെ കാഹളമൂതി

www.malankaralibrary.com

കൊണ്ട് ചുടുരക്തം ചീന്തി വീരമരണം പ്രാപിച്ചവരും, ക്വിറ്റ് ഇന്ത്യാ പ്രഖ്യാപിച്ചുകൊണ്ട് മഹാത്മാജി നയിച്ച പാവന പടനീക്കത്തിൽ പങ്കെടുത്തവരും സ്വപ്നം കണ്ട ക്ഷേമരാഷ്ട്രം കെട്ടിപ്പെടുക്കുവാൻ 63 വർഷം പിന്നിട്ടിട്ടും നമുക്ക് കഴിഞ്ഞോ?

നമ്മുടെ എല്ലാ പ്രതീക്ഷകളെയും തകർത്തു കൊണ്ട് നമുക്ക് ലഭിച്ച സ്വാതന്ത്ര്യം ദുർവിനിയോഗം ചെയ്യുന്ന കാഴ്ചയാണ് നാമിന്ന് എവിടെയും കാണുക.

രാജാക്കന്മാരുടെയും ചക്രവർത്തിമാരുടെയും വൈസ്രോയിമാരുടെയും കസേരകളിൽ കയറിയിരുന്ന് രാജ്യം ഭരിക്കുന്ന ഭരണകർത്താക്കൾ അഴിമതിയിലും സ്വാർത്ഥതയിലും മുങ്ങിക്കുളിക്കുന്ന കാഴ്ചയാണ് നാമിന്ന് എവിടെയും കാണുക. മതത്തിന്റെ പേരിൽ, വർഗ്ഗത്തിന്റെ പേരിൽ, ജാതിയുടെ പേരിൽ, ഭാഷയുടെ പേരിൽ, എല്ലാം രക്തപ്പുഴ ഒഴുകുന്നത് നിത്യസംഭവമായി തീർന്നിരിക്കുന്നു. അതിൽ നിന്നെല്ലാം മുതലെടുക്കുവാൻ ശ്രമിക്കുന്ന രാഷ്ട്രീയ കക്ഷികളെ മാത്രമേ നമുക്കിവിടെ ദർശിക്കുവാൻ സാധിക്കുന്നുള്ളൂ. രാജ്യഭദ്രതയുടെ കടയ്ക്കൽ കോടാലി വയ്ക്കുവാൻ തയ്യാറായി നിൽക്കുന്ന ഭീകരപ്രവർത്തകർ സ്ഫോടക വസ്തുക്കളും ബോംബുമായി എവിടെയും ഓടി നടക്കുന്നു. വേശ്യാലയങ്ങളും മദ്യശാലകളും ഒന്നിനൊന്ന് വർദ്ധിച്ചു കൊണ്ടിരിക്കുന്നു. വേദങ്ങളുടെയും ഉപനിഷത്തുക്കളുടെയും മഹത്വം മനസ്സിലാക്കുവാനുള്ള സാഹചര്യം പോലും ഇല്ലാതായി കൊണ്ടിരിക്കുന്നു. ഭാരതത്തിന്റെ സാംസ്കാരിക പൈതൃകം നശിപ്പിക്കുവാൻ - ഭരണകർത്താക്കൾ തന്നെ നേതൃത്വം നൽകുന്നു. രാജ്യത്തിന്റെ കനക സംസ്കാരം പണയം വച്ച് ഒന്നും പണയം വയ്ക്കാനില്ലാത്ത സ്ഥിതിയിലേയ്ക്ക് നാം നീങ്ങിക്കൊണ്ടിരിക്കുന്നു.

അയോദ്ധ്യയിലും പഞ്ചാബിലും ആസാമിലും കാശ്മീരിലും ബംഗാളിലും ഛത്തീസ്ഗഡിലും എല്ലാം ഇന്ന് എന്താണ് നടക്കുന്നത്. കോടതി വിധികളെ പോലും ലംഘിക്കാൻ ഏതാനും അതിവിപ്ലവകാരികൾ ആഹ്വാനം ചെയ്യുന്നു. ഹിമാചൽ ഗിരിശൃംഗങ്ങളിലെ ഗുഹാഗഹ്വരങ്ങളിലും താരക നിബിഡമായ അംബരസീമകളിലും ഈശ്വരനെത്തേടുന്ന സന്യാസിമാരാണ് ഭാരത സംസ്കാരത്തിന്റെ ശില്പികൾ. ആധുനിക ഭാരതത്തിന് വെളിച്ചം നൽകേണ്ട ഇന്നത്തെ സന്യാസികൾ പള്ളി പൊളിക്കാനും ജനങ്ങളെ തമ്മിൽ കലഹിപ്പിക്കുവാനുമാണ് ശ്രമിക്കുന്നത്. ഭാരതമേ കേഴുക! പ്രിയ നാടേ കേഴുക!

മനുഷ്യ മനസ്സുകളെ ബന്ധിച്ചിട്ടിരിക്കുന്ന ചങ്ങലക്കെട്ടുകൾ പൊട്ടിച്ച് വ്യക്തികളെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്ക് ആനയിക്കുവാൻ, ഒരു പുതിയ വ്യവസ്ഥിതിക്ക് രൂപം കൊടുക്കുവാൻ, മരണമെന്ന ശമ്പളം വാങ്ങുവാൻ തയ്യാറായി യുദ്ധരംഗത്തേക്ക് കുതിച്ചു പായുവാൻ, ദേശസ്നേഹമുള്ള യുവാക്കളെ നിങ്ങളെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

www.malankaralibrary.com

# 2. വിപ്ലവത്തിനു സമയമായി

വളരെ വിസ്തൃതിയുള്ള ഒരു നാടാണ് ഭാരതം. തെക്കു വടക്ക് 3214 കിലോമീറ്ററും കിഴക്ക് പടിഞ്ഞാറ് 2933 കിലോമീറ്ററും ഉള്ള നമ്മുടെ രാജ്യത്തിന്റെ വിസ്തീർണ്ണം മൂന്നു ലക്ഷത്തി ഇരുപത്തിയെണ്ണായിരത്തി നാനൂറ്റി എൺപത്തി മൂന്ന് ചതുരശ്ര കിലോമീറ്ററാണ്. ലോക ജനസംഖ്യയിൽ അഞ്ചിലൊന്നും ഈ രാജ്യത്താണ് അധിവസിക്കുന്നത്. 118 കോടി ജനത. ഈ ജനത വിവിധ ഭാഷകൾ സംസാരിക്കുന്നവരാണ്. വിവിധ മതവിഭാഗത്തിൽപ്പെട്ടവരാണ്. ഇത്രയധികം മതവിഭാഗങ്ങളും ജാതികളും ഉള്ള നാട് വേറൊന്നില്ല. ഇത്രയധികം ഭാഷകൾ നിലവിലുള്ള രാജ്യവും മറ്റൊന്നില്ല.

വിവിധ ജാതിമത വർഗ്ഗങ്ങളിൽപ്പെട്ടവരാണെങ്കിലും വിവിധഭാഷകൾ സംസാരിക്കുന്നവരാണെങ്കിലും സഹസ്രാബ്ദങ്ങളായി ഭാരത ജനത ഏകോദരസഹോദരന്മാരെപ്പോലെ കഴിഞ്ഞിരുന്നു. രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിലെ കാലാവസ്ഥയും ജീവിത രീതികളും എല്ലാം വ്യത്യസ്തങ്ങളായിരുന്നു. ഇവിടുത്തെ പർവ്വതനിരകളും പീഠഭൂമികളും നദീതടങ്ങളും എല്ലാം കാലാവസ്ഥയിലും ജനങ്ങളുടെ ജീവിതരീതികളിലും വലുതായ മാറ്റങ്ങൾക്കിടനല്കിയിട്ടുണ്ട്.

അതിപുരാതനവും മഹനീയവുമായ ഒരു സംസ്കാരത്തിന്റെ അവകാശികളാണ് നാം. ലോകസംസ്കാരങ്ങളിൽ ഏറ്റം പഴക്കമുള്ളതാണ് ഭാരതസംസ്കാരം. എല്ലാ മതങ്ങളെയും ആദരിക്കുകയും എല്ലാ സംസ്കാരങ്ങളെയും സ്വീകരിക്കുകയും എല്ലാവിധ ആചാരങ്ങൾക്കും ബഹുമാനം നല്കുകയും ചെയ്തു പോന്നിട്ടുള്ളതാണ് ഭാരതീയ സംസ്കാരം. ലോകമതങ്ങളിൽ പഴക്കം കൊണ്ടും തിളക്കം കൊണ്ടും ഏറ്റം പ്രശസ്തിയാർജ്ജിച്ച ഹൈന്ദവമതമാണ് ഭാരതത്തിലെ ക്രൈസ്തവന്റെയും മുസൽമാന്റെയും പൈതൃകം. ഇത്രമാത്രം അനുഭവസമ്പത്തും താത്വികമായ ചിന്താഗതിയും സാന്മാർഗ്ഗികോപദേശങ്ങളും ലോകത്തിനു നല്കിയ മറ്റൊരു പുരാതന മതത്തെപ്പറ്റി ചിന്തിക്കാൻ പോലും കഴിയുന്നില്ല. ഹൈന്ദവമതത്തെ കൂടുതൽ മനഃശാസ്ത്രപരമായി വളർത്തിയെടുത്ത ബുദ്ധമതവും ജൈനമതവും ഭാരതത്തിന്റെ സ്വന്തമാണ്. ലോകമതങ്ങളുടെ കൂട്ടത്തിൽ തല ഉയർത്തിപ്പിടിച്ചു നില്ക്കുന്ന ഈ മതങ്ങളുടെ മടിത്തട്ടിലേക്കാണ് ക്രിസ്തുവിന്റെ സന്ദേശങ്ങളുമായി സെന്റ് തോമസ് അപ്പസ്തോലനും മുഹമ്മദ്നബിയുടെ ചിന്താധാരകളുമായി മുഹമ്മദീയ സഹോദരങ്ങളും കടന്നുവന്നത്.

ഇന്ത്യയുടെ പ്രാചീനമായ സമ്പൽ സമൃദ്ധിയേയും സംസ്കാര പാര

www.malankaralibrary.com

മ്പര്യത്തെയും കുറിച്ച് നാം അറിഞ്ഞിരിക്കേണ്ടതുണ്ട്. പാശ്ചാത്യ നാടുകളിലെ ചരിത്രകാരന്മാർ എന്തു പറഞ്ഞാലും ഇന്ത്യൻ സംസ്കാരം പോലെ വളർന്ന ഒരു സംസ്കാരം ലോകത്തുണ്ടായിരുന്നില്ല. മനഃശാസ്ത്രത്തിൽ, ദാർശനിക സിദ്ധാന്തങ്ങളിൽ, വൈദ്യശാസ്ത്രരംഗത്ത്, ജ്യോതിഷത്തിൽ, കലയിൽ എന്നു വേണ്ട മനുഷ്യ ജീവിതത്തിന്റെ നാനാമുഖസ്പർശികളായ എല്ലാ വശങ്ങളിലും അതു വളരാവുന്നതിന്റെ പാരമ്യത്തിൽ ഇന്ത്യൻ സംസ്കാരം വളർന്നു കഴിഞ്ഞിരുന്നു. മനഃശാസ്ത്രത്തിൽ ഇന്ത്യയുടെ വളർച്ചയുടെ ഒരംശം പോലും ഇന്നും പാശ്ചാത്യർക്ക് കിട്ടിയിട്ടില്ല.

പാശ്ചാത്യ രാജ്യങ്ങൾ ലോക വ്യവസായ കേന്ദ്രങ്ങളായി മാറുന്നതിനു മുമ്പ് ലോകത്തിലെ സമൃദ്ധമായ രാജ്യം ഇന്ത്യയായിരുന്നു. ഇവിടെ സ്വർണ്ണവും രത്നവും കുമിഞ്ഞു കൂടി. ലോകത്തിലെ പ്രധാന വ്യാപാര കേന്ദ്രം ഇന്ത്യയായി മാറി. അറബികളും റോമാക്കാരും ഫിനിഷ്യരും ചൈനക്കാരും ഇന്ത്യൻ തുറമുഖങ്ങളിൽ കച്ചവടത്തിനായി മത്സരിച്ചു. ഇന്ത്യയെപ്പറ്റി, ഇന്ത്യയിലെ സമ്പൽ സമൃദ്ധിയെപ്പറ്റി, ഇവിടെ വിളയുന്ന സ്വർണ്ണത്തെയും രത്നങ്ങളേയുംപ്പറ്റി, കേട്ടിരുന്ന പാശ്ചാത്യർ ഇന്ത്യയിലേക്ക് വ്യവസായിക മാർഗ്ഗങ്ങൾ കണ്ടുപിടിക്കാൻ മത്സരിച്ചു.

ഒരു കാലത്ത് ലോകത്തിന്റെ മുഴുവൻ ശ്രദ്ധാകേന്ദ്രമായി മാറിയ ഭാരതം വൈദേശിക മേൽക്കോയ്മയ്ക്ക് വിധേയമായി ദീർഘനാൾ കഴിയേണ്ടി വന്നു. ഇന്ത്യയിൽ അക്കാലത്ത് പരസ്പരം കലഹിച്ചിരുന്ന 600 ഓളം നാട്ടുരാജാക്കന്മാരുണ്ടായിരുന്നു. നാട്ടുരാജാക്കന്മാരെ, തമ്മിൽ തമ്മിലും ഇന്ത്യയിലെ ഹിന്ദുക്കളെയും മുസ്ലീങ്ങളെയും തമ്മിലും കലഹിപ്പിച്ച് രണ്ട് തട്ടിലാക്കി ഭരണം തുടർന്ന ബ്രിട്ടീഷുകാർ, ഇന്ത്യ വിട്ടുപോയപ്പോൾ ഇന്ത്യ വിഭജിക്കപ്പെട്ട് പാക്കിസ്ഥാൻ രൂപികരിക്കേണ്ടി വന്നു.

കഴിഞ്ഞ 63 വർഷമായി ഇവിടെ ജനകീയ ഭരണം നിലനിൽക്കുന്നുവെന്ന യാഥാർത്ഥ്യം നാം അഭിമാനത്തോടെ സ്മരിക്കുന്നുണ്ട്. ഭാരതത്തോടൊപ്പവും അതിനുശേഷവും സ്വാതന്ത്ര്യം പ്രാപിച്ച പല രാഷ്ട്രങ്ങളും ഏകാധിപത്യത്തിലേക്കും പട്ടാള ഭരണത്തിലേക്കും വഴുതി മാറിയപ്പോൾ ഭാരതത്തിൽ ജനകീയ ഭരണം നിലനിർത്തുവാൻ സാധിച്ചുവെന്നത് ഒരു നേട്ടമാണ്. സ്വാതന്ത്ര്യപ്രാപ്തിയെ തുടർന്ന് രൂപം കൊണ്ട ജനകീയ ഗവൺമെന്റിന് നേതൃത്വം നല്കിയവരിൽ പലരും ബ്രിട്ടീഷുകാരൊടൊപ്പവും രാജാക്കന്മാരോടൊപ്പവും നിന്ന് സ്വാതന്ത്ര്യ സമരത്തെ എതിർത്തവരായിരുന്നുവെന്ന സത്യത്തിനു വേണ്ടത്ര പ്രാധാന്യം നൽകുവാൻ നാം തയ്യാറായില്ല. സ്വാതന്ത്ര്യസമരത്തെ എതിർത്തവരുടെ കൈകളിലേക്ക് അധികാരം കൈമാറിയപ്പോൾ സ്വാതന്ത്ര്യസമരത്തിലേർപ്പെട്ട് കാരാഗൃഹങ്ങളിൽ അടക്കപ്പെട്ടവരും മർദ്ദനങ്ങൾ ഏറ്റവരും, തൽഫലമായി ഉദ്യോഗവും സമ്പത്തും നഷ്ടപ്പെട്ടവരും നിസ്സഹായരായി നോക്കിനില്ക്കേണ്ടിവന്നുവെന്ന വസ്തുത നാം ഗ്രഹി

www.malankaralibrary.com

ച്ചില്ല. എന്നു തന്നെയുമല്ല സ്വാതന്ത്ര്യസമരസേനാനികളെ ഒറ്റപ്പെടുത്തി എങ്ങനെയും അധികാരം നിലനിർത്തുവാനാണ് ചിലർ ശ്രമിച്ചതും. തിരുവിതാംകൂറിന്റെ ചരിത്രം തന്നെ പരിശോധിച്ചാൽ ഈ വസ്തുത നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. സി.പി.യുടെ അമേരിക്കൻ മോഡൻ ഭരണ പരിഷ്കാരം അറബിക്കടലിൽ എന്ന മുദ്രാവാക്യം മുഴക്കി സി.പിയുടെ പോലീസിനെ വാരിക്കുന്തവുമായി നേരിട്ട തൊഴിലാളികളെ രാജ്യദ്രോഹികളും ക്രിമനലുകളായി ചിത്രീകരിച്ചവർ, സി.പി.യോടൊത്തു നിന്ന് ആനുകൂല്യങ്ങൾ നേടിയവരും സി.പി.ക്ക് മംഗളപത്രം സമ്മാനിച്ചവരും സി.പി.യുടെ സ്വതന്ത്ര്യ തിരുവിതാംകൂറിനെ പിൻതാങ്ങി മഹായോഗങ്ങൾ സംഘടിപ്പിച്ചവരുമായിരുന്നു. അവരുടെ കൈകളിലാണ് രാജ്യഭരണം ചെന്നുപെട്ടത്. അവർക്ക് താമ്രപത്രങ്ങൾ തട്ടിയെടുക്കുവാൻ പലരും കൂട്ടി നില്ക്കുകയും ചെയ്തു. സർ സി.പി.യെ വെട്ടിയ ധീരനായ മണിയെ ക്രിമിനലായി ചിത്രീകരിച്ചവർ സി.പി.ക്ക് മംഗളപത്രം കൊടുത്തവരുടെയും സ്വതന്ത്ര്യ തിരുവിതാംകൂറിനു വേണ്ടി വാദിച്ചവരുടെയും ഇളം തലമുറക്കാരാണെന്നതിൽ സംശയം വേണ്ട.

സ്വാതന്ത്ര്യാനന്തരം രൂപം കൊണ്ട ഗവണ്മെന്റുകൾ ഈ രാജ്യത്തിന് എന്തു നേട്ടമുണ്ടാക്കി? ഓരോ ഭാരതീയനും ചിന്തിക്കേണ്ട ഒരു പ്രശ്നമാണിത്. അവസരവാദികളും സ്വാർത്ഥമതികളുമായ നേതാക്കൾ ഭരണതലത്തിൽ പിടിച്ചുനില്ക്കുന്നതിനായി കാട്ടിക്കൂട്ടിയ വിക്രിയകൾ നമ്മുടെ രാജ്യത്തെ ഗുരുതരമായ പ്രതിസന്ധിയിലേക്ക് നയിക്കുകയുണ്ടായി. തൽഫലമായി നമ്മുടെ നാടിന്റെ സാമൂഹ്യ - രാഷ്ട്രീയ പശ്ചാത്തലം നാൾക്കുനാൾ ഗുരുതരാവസ്ഥയിലേക്ക് നീങ്ങുകയുണ്ടായി. സമാധാന കാംക്ഷികളായ ജനങ്ങൾക്ക് ഇന്ന് ജീവിതം ദുസ്സഹമായിത്തീർന്നിരിക്കുന്നു. അക്രമങ്ങളും അനീതികളും വർദ്ധിച്ചുവരുന്നു. ജനങ്ങളോടും രാഷ്ട്രത്തോടും ഭരണനേതാക്കൻമാർക്കുണ്ടായിരിക്കേണ്ട സാമാന്യപ്രതിബദ്ധത പോലും സൗകര്യപൂർവ്വം വിസ്മരിക്കുന്നു. ഇവിടെ പൊതുമുതൽ കൊള്ളയടിക്കപ്പെടുന്നു. സ്ത്രീത്വത്തെ നീചമായി പിച്ചിച്ചീന്തുന്നു. എണ്ണമില്ലാതെ ഞെട്ടിപ്പിക്കുന്ന കൊലപാതകങ്ങൾ നടക്കുന്നു. രാഷ്ട്രീയ നേട്ടങ്ങൾക്കായി വൻതോതിൽ തീവ്രവാദികളെയും വിഘടനവാദികളെയും ആഭാസന്മാരെയും രാഷ്ട്രീയക്കാർ സൃഷ്ടിക്കുന്നു. വിളഭൂമികൾ സർക്കാരിന്റെ ശവപ്പറമ്പായി മാറുന്നു. ധനവാനും ദരിദ്രനും നിഷ്പ്രഭരാകുന്നു. ക്രമസമാധാനം പഴങ്കഥയാകുന്നു. അഴിമതിയും സ്വജനപക്ഷപാതവും എല്ലാ മേഖലകളിലും വ്യാപകമായി നടക്കുന്നു. രാജഭരണവും പൊതുനീതിയും ഏതാനും ആൾക്കാരുടെ ചിരകാലാഭിലാഷത്തിനായി ഹോമിക്കപ്പെടുന്നു. പരിശുദ്ധമായ ജനാധിപത്യ വ്യവസ്ഥിതിയുടെ അടിത്തറതന്നെ ഉലയുന്നു.

പരിശുദ്ധമായ പർണ്ണശാലകളുടെയും തപോവനങ്ങളുടെയും ശാന്തിയിൽ നിന്നുയർകൊണ്ട ആർഷഭാരതസംസ്കാരം സ്നേഹത്തിന്റെ ചൈതന്യമാണ് പ്രസരിപ്പിച്ചിരുന്നത്. ഭാരതാംബയുടെ പ്രിയപ്പെട്ട മക്കളായി ഭാര

www.malankaralibrary.com

തപൗരന്മാരെ കാണാൻ തയ്യാറായ മഹാരഥന്മാരുടെ പൈതൃകമാണ് നമുക്ക് സ്വന്തമായിട്ടുള്ളത്. പക്ഷെ ഈ പുണ്യഭൂമിയിൽ ഇന്ന് എന്താണ് നടക്കുന്നത്?

പടയിലും പാടത്തും വിജയപതാകമാത്രം പാറിച്ച ചരിത്രമുള്ള പഞ്ചാബ് മതഭ്രാന്തിന്റെ തേർവാഴ്ചയിൽ കത്തിയാളുകയാണ്. മതഭ്രാന്ത് വിശുദ്ധവിഷലഹരിയായി. തീജ്വാലയായി കത്തിപ്പടരുകയാണ്. പഞ്ചാബിൽ സിക്കുകാരും ഹിന്ദുക്കളും പരസ്പരം ഏറ്റുമുട്ടുന്നു.

ആസാം പ്രക്ഷോഭണവും സ്വതന്ത്ര മിസോറോമിനു വേണ്ടിയുള്ള പ്രക്ഷോഭണങ്ങളും ഭാരതത്തിന്റെ ഹൃദയത്തെ വെട്ടിമുറിവേൽപ്പിച്ച സംഭവങ്ങളാണ്. ഭാഷയുടെ പേരിൽ രാജ്യം വിഭജിക്കപ്പെട്ടതുൾപ്പെടെയുള്ള പല നടപടികളും ഇന്ത്യയുടെ ആത്മാവിനെ വേദനിപ്പിച്ചു. ഝാർഖണ്ഡ്, ഖാലിസ്ഥാൻ തുടങ്ങിയ പ്രശ്നങ്ങൾ ഇവിടെ രാഷ്ട്രീയകക്ഷികൾ തന്നെ വളർത്തിയെടുത്തതാണ്. ഭിന്ദ്രൻവാലയുൾപ്പെടെയുള്ള ആയിരക്കണക്കിന് ഭീകരവാദികളെ വളർത്തിയതും സംരക്ഷിച്ചതും സംരക്ഷിക്കുന്നതും രാഷ്ട്രീയകക്ഷികളാണ്.

ഫാ. ഡാമിയനെപ്പോലെ കുഷ്ഠരോഗികളെ പരിചരിച്ചുകൊണ്ടിരുന്ന ഗ്രഹാംസ്റ്റെയിൽസിനെയും അദ്ദേഹത്തിന്റെ രണ്ടുമക്കളെയും ചുട്ടുകരിച്ച സംഭവവും നവാഡയിൽ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിച്ചു കൊണ്ടിരുന്ന സന്യാസസഹോദരനായ ബ്രദർ ജോർജ്ജ് കുഴികണ്ടത്തെ തലകീഴായി കെട്ടിതൂക്കിയിട്ട് തല്ലിച്ചതച്ച് കൊലപ്പെടുത്തിയ സംഭവവും സാമൂഹ്യ പ്രവർത്തകനായിരുന്ന ഫാ. വിക്ടർ ക്രാസ്റ്റോയെ കൊലപ്പെടുത്തിയതും അമേരിക്കൻ ബിഷപ്പ് ഡോ. കൂപ്പറെ വെട്ടിപരിക്കേല്പിച്ചതും ഗോഡ്റയിൽ 62 ഹിന്ദുസഹോദരരെ ട്രെയിനിൽ വച്ച് പെട്രോളൊഴിച്ച് കത്തിച്ചതും അതേ തുടർന്ന് ഗുജറാത്തിന്റെ വിവിധ ഭാഗങ്ങളിൽ രണ്ടായിരത്തിൽപ്പരം മുസ്ലീംസഹോദരരെ വെട്ടിയും കുത്തിയും ബോംബെറിഞ്ഞും കൊലപ്പെടുത്തിയതും മാറാട് എട്ടിൽപ്പരം ഹൈന്ദവരെ ഭീകരമായവിധം കൊലപ്പെടുത്തിയതും കണ്ണൂരിന് സമീപം പാനൂർമൊകേരി യു.പി.സ്കൂളിൽ കയറി വിദ്യാർത്ഥികളുടെ കൺമുൻപിൽ വച്ച് അദ്ധ്യാപകനെ വധിച്ച ഭീകരസംഭവവും ഗജറൗളയിൽ കന്യാസ്ത്രീകളെ പീഢിപ്പിച്ചസംഭവവും എല്ലാം കൂടി കൂട്ടി വായിക്കുമ്പോൾ "ലോകാസമസ്താ സുഖിനോ ഭവന്തു" എന്നും "വസുധൈവകുടുംബകം" എന്നുമുള്ള വിശിഷ്ട മുദ്രാവാക്യങ്ങളുടെ അന്തസ്സത്തയെ തകർക്കാനും സഹസ്രാബ്ദങ്ങളായി ഇവിടെ നിലനിന്നിരുന്ന ഹൈന്ദവ സംസ്കാരത്തെയും ആദ്ധ്യാത്മികതയേയും തകർത്ത് ഇന്ത്യയുടെ ആത്മാവിനെ കളങ്കപ്പെടുത്തുവാനുമുള്ള നീചശ്രമങ്ങളാണ് ഇവിടെ നടക്കുന്നതെന്ന് തോന്നിപ്പോകും.

സാധാരണക്കാരുടെ മത, ജാതി, വർഗ്ഗ, ഭാഷാ, പ്രദേശിക ചിന്തകളെ ചൂഷണം ചെയ്തുകൊണ്ട് രാഷ്ട്രീയലക്ഷ്യം നേടുന്നതിന് ചിലർ നടത്തിയ കുത്സിതശ്രമങ്ങളുടെ അനന്തരഫലമാണിതെല്ലാം. പതിനായിരക്കണക്കിന് തീവ്രവാദികളെ മരണംവരെ വരിക്കാൻ തയ്യാറാക്കി നിർത്തിയിരിക്കുന്നത് ഇവിടുത്തെ രാഷ്ട്രീയ കക്ഷികളാണ്.

www.malankaralibrary.com

സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം കഴിഞ്ഞ 63 വർഷത്തിനുള്ളിൽ അഴിമതി, അക്രമം, സ്വജനപക്ഷപാതം, തത്വദീക്ഷയില്ലായ്മ, പ്രാദേശികതാവാദം, തുടങ്ങിയ പലകെടുതികളും ഇന്ത്യയെ ബാധിക്കുകയുണ്ടായി. ഭരണാധികാരികൾ കൃത്രിമരേഖചമയ്ക്കലിനും കൊള്ളക്കും കൂട്ടുനിന്നിട്ടുള്ള സംഭവങ്ങളും നിരവധിയാണ്. സ്വതന്ത്ര ഇന്ത്യയിലെ പല ഭരണാധികാരികളും ഇന്നല്ലെങ്കിൽ നാളെ കാരിരുമ്പഴികൾക്കുള്ളിൽ അടക്കപ്പെടുമെന്ന പ്രതീക്ഷയിലാണ് കഴിയുന്നത്.

ഉദ്യോഗസ്ഥലവലിൽ ഒരു കാലത്ത് നിലനിന്നിരുന്ന അഴിമതി ഇന്ന് ഭീകരരൂപം പ്രാപിച്ചിരിക്കുന്നു. ഇവിടെ നിലവിലുള്ള നിയമവ്യവസ്ഥകളും നികുതിഘടനകളും ഉദ്യോഗസ്ഥന്മാർക്ക് അഴിമതി നടത്താൻ സഹായകരമായ നിലയിലാണ്. ഉദ്യോഗസ്ഥന്മാരിലൂടെ രാഷ്ട്രീയപാർട്ടികളും നേതാക്കളും വൻതോതിൽ അഴിമതി നടത്തുന്നു. ഈ രാജ്യത്ത് വികസന പ്രവർത്തനങ്ങൾക്ക് മുടക്കുന്ന തുകയുടെ എൺപതുശതമാനവും ഉദ്യോഗസ്ഥന്മാരും രാഷ്ട്രീയക്കാരും കൂടി പങ്കുവെയ്ക്കുകയാണ്. ചൂഷണത്തിന് ആധുനിക പരിവേഷം നൽകുന്നതിൽ മതമേധാവികളും രാഷ്ട്രീയനേതാക്കളും ആധുനിക സാമൂഹ്യസാംസ്കാരിക പ്രവർത്തകരും മത്സരിക്കുകയാണ്. ജനങ്ങളെ കൊള്ളയടിച്ച്- ചൂഷണം ചെയ്ത്- സമ്പത്ത് കുന്നുകൂട്ടുന്നതിൽ അവരിന്ന് മത്സരിക്കുന്നു.

14 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവുമാക്കിയിരിക്കുകയാണ്. പക്ഷെ അങ്ങനെയുള്ള പതിനായിരക്കണക്കിന് ബാലികാബാലന്മാരെ ചൂഷണം ചെയ്യുകയാണ്. ഇതിനിടെ നമ്മുടെ വൻകിടഹോട്ടലുകളിൽ കുരുന്നുകുട്ടികളെകൊണ്ട് പണിയെടുപ്പിക്കുന്നു. പടക്കനിർമ്മാണശാലകളിലും ഇഷ്ടികകളങ്ങളിലും പണിയെടുക്കുന്ന എത്രയെത്ര കുട്ടികളാണുള്ളത്. ബാലവേശ്യാ പ്രവർത്തിക്കുവേണ്ടി ജീവിതം ഹോമിക്കേണ്ടി വരുന്ന പിഞ്ചുകുഞ്ഞുങ്ങൾ എത്രയാണീ ഭാരതത്തിൽ.

നാം ഏറ്റം പവിത്രമായി കരുതുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളും ആതുരാലയങ്ങളും ഇന്ന് വൻ ചൂഷണകേന്ദ്രങ്ങളായി മാറിയിരിക്കുന്നു. ഒരു കാലത്ത് വിദ്യാലയങ്ങളും ചികിത്സാകേന്ദ്രങ്ങളും പ്രൈവറ്റ് ഏജൻസികൾ നടത്തിയത് നൂറുശതമാനവും സേവനം ലക്ഷ്യമാക്കിയായിരുന്നു. ഇന്ന് ആകെ മാറിയിരിക്കുന്നു. ഇന്ന് പല സ്ഥാപനങ്ങളും മാന്യതയുടെ ലേബലുള്ള ചൂഷണകേന്ദ്രങ്ങളായി മാറിയിരിക്കുന്നു.

ഇന്ന് ഏതൊരു പുരുഷനും സ്ത്രീക്കും ഏതു ജോലിക്കു പോയാലും ചുരുങ്ങിയത് പുരുഷന് 400 രൂപയും സ്ത്രീക്ക് 250 രൂപയും ലഭിക്കും. അവർക്ക് പ്രത്യേക ബിരുദം ഒന്നും ആവശ്യമില്ല. അതേ സമയം ബിരുദധാരികളായ യുവതിയുവാക്കളെ വിവിധ ജോലിക്ക് . നിയമിക്കുമ്പോൾ നാം അവർക്ക് എന്തുകൊടുക്കുന്നു? അവർ ജോലി നോക്കുന്ന സ്ഥാപനങ്ങൾ സെക്രട്ടറിയേറ്റ് നിലവാരത്തിലേക്ക് ഉയരുന്നു. പടുകൂറ്റൻ കെട്ടിടങ്ങൾ നിർമ്മി

www.malankaralibrary.com

ക്കുന്നു, അവിടെ ജീവൻ ഹോമിക്കുന്ന ആയിരക്കണക്കിന് യുവതി യുവാക്കന്മാരെപ്പറ്റി ഈ സമൂഹം ഇന്ന് ചിന്തിക്കുന്നുണ്ടോ?

നമ്മുടെ ആതുരാലയങ്ങളിൽ പ്രതിമാസം 500 രൂപ മുതൽ 800 രൂപ ശമ്പളം വാങ്ങി ജോലി ചെയ്യുന്ന നിരവധിയാളുകൾ ഉണ്ട്. പ്രത്യേകിച്ച് യുവതികൾ. ആശുപത്രിയിൽ ഭക്ഷണം വിതരണം ചെയ്യാനും ചീട്ട് കൊടുക്കാനും മറ്റും നിയമിക്കുന്ന യുവതികൾക്ക് കൊടുക്കുന്ന ശമ്പളം എത്ര? അവർ രോഗികളിൽ നിന്നും ഈടാക്കുന്ന തുകകൾ എത്ര? ആശുപത്രികളിൽ നിസ്സാരശമ്പളത്തിന് ജോലി നോക്കുന്ന യുവതികളുടെ രക്തവും വിയർപ്പുമാണ് ആശുപത്രികൾ ബഹുനിലകെട്ടിടമാക്കി മാറ്റികൊണ്ടിരിക്കുന്നത്. ഇതെല്ലാം മാന്യതയുടെ പേരിലുള്ള ചൂഷണങ്ങളാണ്. ഈ ചൂഷണം ഉൾപ്പെടെ എല്ലാ ചൂഷണങ്ങളും അവസാനിപ്പിക്കാൻ നമുക്ക് സാധിക്കണം.

സ്വാതന്ത്ര്യ പ്രാപ്തിക്കു ശേഷം ഇന്നും ദാരിദ്രരേഖയ്ക്കു താഴെകഴിയുന്നവർ നിരവധിയാണ്. സമ്പന്നന്മാർ കൂടുതൽ സമ്പന്നന്മാരും ദരിദ്രർ കൂടുതൽ ദരിദ്രരുമായ ചരിത്രമാണ് സ്വതന്ത്രഭാരതത്തിന് ഉള്ളത്. രാജ്യത്തെ ഉദ്യോഗസ്ഥന്മാരും രാഷ്ട്രീയക്കാരും സമ്പത്ത് കുന്നുകൂട്ടിയിരിക്കുന്നു. സ്വാതന്ത്ര്യ പ്രാപ്തിയെ തുടർന്ന് ചെങ്കോലും കിരീടവും താഴെവച്ചു ജനങ്ങളിലേക്ക് രാജാക്കന്മാരും ചക്രവർത്തിമാരും അധികാരം കൈമാറി. അധികാരമേറ്റെടുത്ത നേതാക്കളും ഉദ്യോഗസ്ഥന്മാരും ചെങ്കോലും കിരീടവും പേറിയാണ് ഇന്ന് ഭരണം നടത്തുന്നത്. അവർ ഇന്ന് രാജാക്കന്മാരും ചക്രവർത്തിമാരുമായി വാഴുകയാണ്.

സംഘടിത വിഭാഗം അവകാശസംരക്ഷണത്തിനായി ഭരണം തന്നെ സ്തംഭിപ്പിക്കുന്നു. ഉദ്യോഗസ്ഥന്മാർ സമരങ്ങൾ സംഘടിപ്പിക്കുന്നു. അവകാശങ്ങൾക്കും ശമ്പള വർദ്ധനവിനും വേണ്ടി വാദിക്കുകയും സമരം ചെയ്യുകയും ചെയ്യുന്നവർ ഇന്ത്യയിലെ ബഹുഭൂരിപക്ഷം വരുന്ന ജനകോടികളുടെ ജീവിത നിലവാരം എന്തെന്ന് ചിന്തിക്കുന്നില്ല. മറ്റുള്ളവരുടെ കഷ്ടതകളെപ്പറ്റി ചിന്തിക്കുവാൻ അവർ തയ്യാറാകുന്നില്ല. ബന്ദും ഹർത്താലും സംഘടിപ്പിച്ച് ജനങ്ങളെ വലക്കുന്നതിൽ രാഷ്ട്രീയ നേതൃത്വവും ട്രേഡ് യൂണിയൻ നേതൃത്വവും മത്സരിക്കുകയാണിന്ന്. ആഡംബരപൂർവ്വവും സുഖലോലപരവുമായ ജീവിതമാണ് നമ്മെ നാശത്തിലേക്ക് നയിക്കുന്നത്. സ്വന്തം സുഖവും ആനന്ദവും തേടി പോകുന്നവർ എങ്ങനെയും പണം സമ്പാദിക്കുവാൻ ശ്രമിക്കുന്നു. അഴിമതിക്കും മറ്റും യഥാർത്ഥ കാരണമതാണ്. ആഡംബര ജീവിതം ഉപേക്ഷിക്കുവാനും ലളിതജീവിതം നയിക്കുവാനും രാജ്യത്തെ ജനകോടികളുടെ ദുരിതങ്ങൾക്ക് അറുതി വരുത്താനും ഉദ്യോഗസ്ഥ വൃന്ദവും രാഷ്ട്രീയ നേതൃത്വവും ശ്രമിച്ചാൽ മാത്രമേ ഇവിടെ സമാധാനം പുനഃസ്ഥാപിക്കാൻ സാധിക്കുകയുള്ളൂ. അതിന് സാധാരണ ഗതിയിൽ ആരും തയ്യാറാവുകയില്ല. അതിനവരെ പ്രേരിപ്പിക്കുവാൻ നമുക്ക് സാധിക്കണം.

ഭരണ തലത്തിൽ പിടിച്ചു നില്ക്കുവാനും ആഡംബരജീവിതം നയി

www.malankaralibrary.com

ക്കുവാനുമായി അധോലോക നായകന്മാരും വർഗ്ഗീയ ഭ്രാന്തന്മാരും വിഘടനവാദികളും ആയി നടത്തുന്ന അവിഹിത കൂട്ടുകെട്ടുകളാണ് ഈ സ്ഥിതി വിശേഷത്തിന് നിദാനം. ജനസംഖ്യയുടെ ഒരു ശതമാനത്തിൽ താഴെ മാത്രമുള്ള ബുദ്ധിരാക്ഷസന്മാരാണ് ഈ ദുരന്തങ്ങൾക്കെല്ലാം ഉത്തരവാദികൾ. യഥാർത്ഥത്തിൽ ബാക്കിയുള്ള തൊണ്ണൂറ്റിയൊൻപത് കോടിയിലധികം വരുന്ന ജനത ദൈനംദിന ജീവിതത്തിൽ പുളയുകയാണ്. ഈ ദുരവസ്ഥയിൽ നിന്നുള്ള മോചനമാണ് ഇന്നിന്റെ അടിയന്തരാവശ്യം

മോചനത്തിനായി കൂട്ടായി ചിന്തിക്കുവാനുള്ള കാലം അതിക്രമിച്ചിരിക്കുന്നു. അടിച്ചമർത്തപ്പെട്ട, ചൂഷണത്തിന് വിധേയമായി അവഗണിക്കപ്പെട്ട തൊണ്ണൂറ്റിയൊൻപത് ശതമാനം ജനതക്ക് ഈ ദുരവസ്ഥയിൽ നിന്ന് മോചനം നേടുവാൻ സാധിച്ചാൽ മാത്രമേ ഭാരതം സ്വതന്ത്രമാകൂ എന്ന സത്യം നാം ഗ്രഹിക്കണം.

വേദപുസ്തകവും ഭഗവത്ഗീതയും നമുക്ക് നല്കുന്ന സന്ദേശം തിന്മക്കെതിരെ പോരാടി നന്മയെ ജയിപ്പിക്കണമെന്നാണ് യുദ്ധത്തിനിറങ്ങാൻ മടിച്ചു നിന്ന അർജ്ജുനനോട് യുദ്ധത്തിനിറങ്ങി തിന്മയുടെ പ്രവാചകന്മാരെയും യോദ്ധാക്കളെയും നശിപ്പിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ശ്രീകൃഷ്ണൻ ഉത്ബോധനം നല്കുന്ന ഭാഗം ആരെയും ഹൃദയപരിവർത്തനത്തിന് പ്രേരിപ്പിക്കും. സംശയമില്ല.

വൈദികപാരമ്പര്യത്തിലധിഷ്ഠിതമായ ഹൈന്ദവമതവും ആദർശങ്ങൾക്കും മൂല്യങ്ങൾക്കും വേണ്ടി നിലകൊണ്ട ഭാരതീയ സംസ്കാരവും വേദങ്ങളുടെയും വേദാന്തങ്ങളുടെയും തണലിൽ വളർന്ന് ലോകത്തെ പ്രകാശമാനമാക്കിയ ആർഷഭാരതത്തിന്റെ മഹത്തായ പാരമ്പര്യവും അനുസ്മരിച്ചുകൊണ്ട് തിന്മക്കെതിരെ പോരാടി നന്മയെ വിജയിപ്പിക്കണമെന്ന വേദപുസ്തകത്തിലെയും ഭഗവത്ഗീതയിലേയും സന്ദേശത്തിൽ നിന്നും ആവേശമുൾക്കൊണ്ടുകൊണ്ട് നമുക്ക് ഒരു പുതിയ സമരത്തിന് തയ്യാറെടുക്കാം.

ആ സമരത്തിൽ കൂടി മാത്രമേ രാജ്യം രക്ഷപെടുകയുള്ളൂ. നീതിനിഷേധിക്കപ്പെടുമ്പോൾ പൗരവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോൾ ജനം ഉണർത്തെഴുന്നേൽക്കും. സമരത്തിന് സ്വയം തയ്യാറായി മുന്നോട്ടു വരും. അത്തരം ഒരു സാഹചര്യം ഇന്ന് ഇന്ത്യയിൽ വന്നു കഴിഞ്ഞു. വിപ്ലവത്തിന് സമയമായിരിക്കുന്നു. കോഴ, ചതി, കാപട്യം, കരിഞ്ചന്ത, മദ്യം, മായം, കൊള്ള, നഗ്നനൃത്തം, നീലച്ചിത്രം, സ്വവർഗ്ഗരതി മുതലായ സാമൂഹ്യതിന്മകൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന കോടിക്കണക്കിന് ജനങ്ങൾ ഈ സമരത്തിന്റെ മുന്നണിപ്പടയാളികളായി മാറും.

സാർ ചക്രവർത്തിമാരുടെ നൂറ്റാണ്ടുകൾ നിലനിന്ന ദുർഭരണത്തിൽ കഴിഞ്ഞിരുന്ന റഷ്യയിലെ സാധാരണ ജനങ്ങളെ സമരസന്നദ്ധരാക്കാനും വിജയം വരിക്കാനും ലെനിന് സാധിച്ചു. പട്ടിണിയും പരിവട്ടവുമായി നൂറ്റാണ്ടുകൾ കഴിഞ്ഞുകൂടിയ ചൈനയിലെ ചിയാങ്ങ് ഷെയ്ക്കിന്റെ ദുർഭരണ

www.malankaralibrary.com

ത്തിന് എതിരെ സമഗ്രമായ ഒരു വിപ്ലവം നടത്തി വിജയിപ്പിക്കുവാൻ മാവോ സെതൂങ്ങിന് സാധിച്ചു. ഫ്രാൻസിലെ രാജാക്കന്മാരുടെ ദുർഭരണത്തിനെതിരെ ജനങ്ങളെ സംഘടിപ്പിച്ച് സമരം ചെയ്യുവാനും വിജയിപ്പിക്കുവാനും റൂസ്സോ, വോൾട്ടയർ, മോണ്ടസ്സ്യേ എന്നീ പ്രതിഭാശാലികൾക്കു സാധിച്ചു.

റഷ്യയിലും, ചൈനയിലും, ഫ്രാൻസിലും എല്ലാം അക്കാലത്ത് നിലനിന്ന സ്ഥിതിവിശേഷമാണ് ഇന്ന് ഭാരതത്തിൽ നിലനിൽക്കുന്നത്. വിപ്ലവത്തിന് സമയമായിരിക്കുന്നു.

ഭാരതത്തിന്റെ വിവിധഭാഗങ്ങളിൽ നടന്ന നക്സലൈറ്റുകളുടെ ആക്രമണവും ജനകീയ വിചാരണകളും നിയമദൃഷ്ട്യാ ശരിയായിരുന്നില്ലെങ്കിലും അനീതിക്കെതിരെയുള്ള നീക്കമായിട്ടാണ് അതിനെ കാണേണ്ടത്. ഉദ്യോഗസ്ഥവൃന്ദവും നിയമപാലകരും ഭരണാധികാരികളും കൂടി മറ്റുള്ളവരുടെ നീതിനിഷേധിക്കുകയും അവരെ ക്രൂശിക്കുകയും ചെയ്യുമ്പോൾ സ്വയരക്ഷയ്ക്കുവേണ്ടി സംഘടിച്ച് ജനകീയ വിചാരണ നടത്തിയാൽ അതിലെന്താണ് തെറ്റ്? ഇന്ന് പരസ്യമായ ജനകീയവിചാരണയിലൂടെ മാത്രമേ പ്രശ്നം പരിഹരിക്കുകയുള്ളൂ എന്ന നിലപാട് വന്നു ചേർന്നിരിക്കുന്നു. ജനകീയ വിചാരണ എന്ന ആശയം നക്സലൈറ്റുകളുടെയല്ല, ആ നിർദ്ദേശം ആദ്യം വച്ചത് സ്വാതന്ത്ര്യസമര സേനാനിയായിരുന്ന ശ്രീമതി ആനിമസ്ക്രീനായിരുന്നു. തിരുവിതാംകൂറിന് ഉത്തരവാദ ഭരണം ലഭിച്ചപ്പോൾ തിരുവനന്തപുരത്ത് പേട്ടയിൽ ചേർന്ന മഹാസമ്മേളനത്തിൽ ആനിമസ്ക്രീൻ നടത്തിയ പ്രസംഗത്തിലെ ഒരു ഭാഗം താഴെ ചേർക്കുന്നു.

“തിരുവിതാംകൂറിൽ നൂറ്റാണ്ടുകളായി നിലനിൽക്കുന്ന ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിന്റെ വേരറുക്കാതെ ഇവിടെ ഉത്തരവാദഭരണം യാഥാർത്ഥ്യമാവുകയില്ല. ഇവിടുത്തെ ദുഷിച്ച പബ്ലിക്ക് സർവ്വീസിനെ ആധാരമാക്കിയുള്ള ഉത്തരവാദഭരണം കുഷ്ഠരോഗിയുടെ തലയിൽ കിരീടം വച്ചപോലെയായിരിക്കും. അതിന് മുകളിൽ കെട്ടിപ്പടുക്കുന്ന യാതൊരു ഭരണകൂടവും ഉത്തരവാദഭരണമാവുകയില്ലെന്ന് തറപ്പിച്ചു പറയുവാൻ ആഗ്രഹിക്കുന്നു. ഉദ്യോഗസ്ഥരുടെ അഴിമതികളെപ്പറ്റി അന്വേഷണം നടത്താൻ ഒരു അന്വേഷണകമ്മറ്റിയെ ഏർപ്പെടുത്തണം. കുറ്റക്കാരായ ഉദ്യോഗസ്ഥന്മാരെ പരസ്യമായി ജനകീയ കോടതികളിൽ വിസ്തരിക്കുകയും കുറ്റം ചെയ്തവരെ ശിക്ഷിക്കുകയും വേണം. എല്ലാ അനീതികളും അവസാനിപ്പിച്ച് എല്ലാ ഡിപ്പാർട്ടുമെന്റുകളെയും പരിശുദ്ധമാക്കിയതിനുശേഷം മാത്രമേ ഏതെങ്കിലും ഒരു ഭരണകൂടം കെട്ടിപ്പെടുക്കാനാകൂ.”

ആനിമസ്ക്രീൻ ആണ് ജനകീയവിചാരണ എന്ന ആശയം ആദ്യമായി അവതരിപ്പിച്ചത്. കോഴിക്കോട് കുറെ ഡോക്ടർമാരെയും സാമൂഹ്യദ്രോഹികളെയും ജനകീയ വിചാരണ നടത്തുകയുണ്ടായി. അതിന്റെ ഫലം എന്തായിരുന്നു. തെറ്റു ചെയ്യുന്നവരെ ചോദ്യം ചെയ്യുമെന്ന ചിന്ത ജനങ്ങളിൽ വളർന്നു.

www.malankaralibrary.com

ഈ രാജ്യത്തിന്റെ സംസ്കാരവും പാരമ്പര്യവും ആദ്ധ്യാത്മികതയും നശിപ്പിച്ച രാഷട്രീയ നേതാക്കളും, അഴിമതിയിൽ മുങ്ങിക്കുളിച്ച ഉദ്യോഗസ്ഥ മേധാവികളും, ജനകീയ കോടതികളിൽ വിചാരണ ചെയ്യപ്പെടുക തന്നെ വേണം. നാം ആരംഭിക്കുന്ന സമരത്തിന്റെ പ്രധാനഘട്ടം ഈ ജനകീയ വിചാരണ ആയിരിക്കും.

സാമ്പത്തികമായി തകർന്നുകൊണ്ടിരിക്കുന്ന നമ്മുടെ രാജ്യത്തെ രക്ഷിക്കാനും ഇവിടുത്തെ എല്ലാ ജനങ്ങൾക്കും തുല്യനീതിയും അവസരസമത്വവും ലഭ്യമാക്കുന്നതിനും വേണ്ടി താഴെ കാണുന്ന അടിയന്തിര കാര്യങ്ങൾ നിർവ്വഹിക്കുവാൻ പ്രതിജ്ഞാബദ്ധരായി മുന്നോട്ടുവരണം. താഴെപറയുന്ന അടിയന്തിര കാര്യങ്ങൾ നടപ്പിലാക്കുവാൻ സർക്കാർ ശ്രമിക്കേണ്ടതാണ്. അതിന് ഒരു സമയബന്ധിത പരിപാടി സർക്കാർ രൂപം കൊടുക്കാത്ത പക്ഷം ഒരു ധാർമ്മികവിപ്ലവത്തിലൂടെ അവ നേടിയെടുക്കാൻ ശ്രമിക്കുന്നതാണ്.

സ്വാതന്ത്ര്യ സമരത്തിൽ ഏർപ്പെട്ടവർ ഒന്നും പ്രതീക്ഷിക്കാതെ എല്ലാം ത്യജിച്ചു കൊണ്ടാണ് പ്രവർത്തിച്ചത്. നമ്മുടെ എം.പിമാരും എം.എൽ.എ മാരും, ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത് മെമ്പർമാരും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വാങ്ങരുതാത്തതാണ്. സേവന സന്നദ്ധരായ സാമൂഹ്യ പ്രവർത്തകരാണ് ആ സ്ഥാനത്ത് വരേണ്ടത്. അവർക്കുള്ള ചിലവ് സാധാരണ പൗരന്റെ ജീവിത നിലവാരവുമായി ബന്ധപ്പെട്ടതായിരിക്കണം. ഉടനെ അത് നടപ്പിലാക്കുവാൻ ഉള്ള പ്രയാസം ഞങ്ങൾ മനസ്സിലാക്കുന്നു. അതിനാൽ ഇന്നത്തെ സാഹചര്യം മനസ്സിലാക്കി സ്വീകരിക്കേണ്ട കാരങ്ങൾ താഴെ ചേർക്കുന്നു.

1) മന്ത്രിമാരുടെയും, എം. എൽ.എ. മാരുടെയും, എം.പി.മാരുടെയും മറ്റിതര ജനപ്രതിനിധികളുടെയും ശമ്പളവും മറ്റാനുകൂല്യങ്ങളും മുപ്പത് ശതമാനമായി കുറവു ചെയ്യുക. അവരുടെ പെൻഷൻ പൂർണ്ണമായും റദ്ദു ചെയ്യുക.
2) പൊതുപ്രവർത്തകരുടെ സമ്പാദ്യത്തെപ്പറ്റി അന്വേഷിക്കുക. അനധികൃത സമ്പാദ്യം കണ്ടുകെട്ടുക.
3) സർവ്വീസിൽ നിന്ന് വിരമിച്ചവരുടെയും സർക്കാർ സർവ്വീസിൽ തുടരുന്നവരുടെയും സമ്പാദ്യത്തെപ്പറ്റി അന്വേഷിക്കുകയും അനധികൃത സമ്പാദ്യം കണ്ടുകെട്ടുകയും ചെയ്യുക.
4) ഇന്നത്തെ നികുതിഘടന പരിഷ്കരിക്കുകയും അഴിമതിക്ക് വഴിതെളിക്കുന്ന നികുതിഘടനയും നിയമവ്യവസ്ഥകളും റദ്ദുചെയ്യുകയും ചെയ്യുക. നിലവിലുള്ള നികുതി 50 ശതമാനമായി കുറവു ചെയ്യുക.
5) അഴിമിതി ചെയ്യുന്ന ഉദ്യോഗസ്ഥന്മാരെയും പൊതുപ്രവർത്തകരെയും പരസ്യമായി ജനകീയ വിചാരണ നടത്തുക. ഉദ്യോഗസ്ഥന്മാരെ സർവ്വീസിൽ നിന്നും പിരിച്ചു വിടുക.
6) സർക്കാരാഫീസുകളിൽ മന:പൂർവ്വം ഫയലുകൾ വച്ചു താമസിപ്പിക്കുന്നവരുടെമേൽ ശിക്ഷണ നടപടികൾ ഏർപ്പെടുത്തുക.

www.malankaralibrary.com

7) വിവിധകോർപ്പറേഷനുകൾ, ഡിപ്പാർട്ടുമെന്റുകൾ മുതലായവയുടെ പ്രവർത്തനങ്ങൾ സുതാര്യമാണോ എന്ന് പരിശോധിക്കുക.
8) ഉദ്യോഗസ്ഥന്മാരുടെ മിനിമം ശമ്പളം 12000 രൂപായും കൂടിയ ശമ്പളം 30000 രൂപായും ആയി നിജപ്പെടുത്തുക. (എല്ലാ അലവൻസുകളും ഉൾപ്പെടെ)
9) സഹകരണസംഘങ്ങളുടെ ഡയറക്ടർ ബോർഡിലേക്കുള്ള തെരഞ്ഞെടുപ്പ് രാഷ്ട്രീയവിമുക്തമാക്കുക. സജീവ രാഷ്ട്രീയ പ്രവർത്തകർ തിരഞ്ഞെടുപ്പിന് നിൽക്കുന്നതിനെ നിരോധിക്കുക.
10) ട്രേയ്ഡ് യൂണിയൻ നേതാക്കളായി രാഷ്ട്രീയ നേതാക്കളെ തിരഞ്ഞെടുക്കുവാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്യുക.
11) കോളേജുകളിലും സ്ക്കൂളുകളിലും രാഷ്ട്രീയ പ്രവർത്തനം പൂർണ്ണമായി നിരോധിക്കുക. അതേ സമയം സമകാലിന രാഷ്ട്രീയ പ്രശ്നങ്ങളെപ്പറ്റി സെമിനാറുകളും ഡിബേറ്റുകളും സംഘടിപ്പിച്ച് കുട്ടികളെ രാഷ്ട്രീയ പ്രശ്നങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക.
12) ഒരു കോടിയിൽ താഴെ മാത്രം മുതൽ മുടക്കുള്ള പാലം, റോഡ് മുതലായവയ്ക്ക് സ്മാരക ഫലകങ്ങൾ തയ്യാറാക്കുമ്പോൾ ഉദ്ഘാടകന്റെ പേരു മാത്രം രേഖപ്പെടുത്തുക.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം. സ്വാതന്ത്ര്യസമരകാലത്ത് നമ്മുടെ മുൻതലമുറ അനുഷ്ഠിച്ച ത്യാഗപൂർണ്ണമായ ജീവിതം നമുക്ക് മാതൃകയാക്കാം. യാതൊരു പ്രതിഫലവും ആഗ്രഹിക്കാതെ സ്വാതന്ത്ര്യ സമരത്തിലേർപ്പെട്ട് കാരാഗൃഹത്തിൽ കിടന്നവരും വെടിയുണ്ടയ്ക്കു മുൻപിൽ നിന്ന് നിർഭയം പൊരുതിയവരും തെളിച്ച പാതയിലൂടെ നമുക്ക് മുന്നേറാം.

രാഷ്ട്രീയ സ്വാതന്ത്ര്യ സമരങ്ങളുടെ ഒരു കാലഘട്ടമായിരുന്നു കഴിഞ്ഞ നൂറ്റാണ്ട്; ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങളിൽ സ്വാതന്ത്ര്യത്തിന്റെ വെന്നിക്കൊടി പാറിപ്പറന്ന കാലഘട്ടമായിരുന്നു. അതിന് നാം വലിയ വില കൊടുക്കേണ്ടി വന്നു. മനുഷ്യാവകാശ സംരക്ഷണത്തിനു വേണ്ടി പോരാടിയ മഹാത്മജിയും മാർട്ടിൻ ലൂതർ കിംഗും. അതുപോലെ അറിയപ്പെടുന്നവരും അറിയപ്പെടാത്തവരുമായ പതിനായിരങ്ങൾ സ്വാതന്ത്ര്യത്തിന്റെ ബലിവേദികളിൽ ജീവൻ ഹോമിക്കപ്പെടുകയുണ്ടായി.

ഏകാധിപതികളെയും സ്വാതന്ത്ര്യ ധ്വംസകരുടെയും മർദ്ദനമേറ്റ് തളർന്ന് വീണത് ജനകോടികളാണ്. ഹംഗറിയിലും പോളണ്ടിലും ചെക്കോസ്ലാവിക്യയിലും നാസിക്കിലും ജർമ്മനിയിലും ഉഗാണ്ടായിലും ചൈനയിലെ ടിയാൻ മെൻസക്വയറിലും തച്ചുടക്കപ്പെട്ട ജീവിതങ്ങൾ നിരവധിയാണ്.

എല്ലാ അടിമത്തങ്ങളിൽ നിന്നും എല്ലാവരെയും മോചിപ്പിക്കണം. അതിന് സന്നദ്ധരായിട്ടുള്ളവരുടെ സംഘടിത ശക്തിക്ക് രൂപം കൊടുക്കണം. അതിനായി നമുക്ക് ഒരു സന്നദ്ധ സേന രൂപീകരിക്കാം.

www.malankaralibrary.com

# 3. അച്യുതമേനോൻ മുതൽ ശിവരാമൻ വരെ

മുന്നണിയിൽ നിന്നും പാർട്ടികൾ മാറി എതിർ മുന്നണിയിൽ ചേരുക, രാഷ്ട്രീയ പാർട്ടികളിൽ നിന്നുംരാജിവെച്ച് മറ്റൊരു പാർട്ടിയിൽ ചേരുക ഇത് ഇന്ന് സർവ്വസാധാരണമായി തീർന്നിരിക്കുകയാണ്. ഒരു കൂട്ടർ ഈ കൂടുമാറ്റത്തെ പ്രോത്സാഹിപ്പിക്കുകയും ജനാധിപത്യത്തിന്റെ വിജയമായി വ്യാഖ്യാനിക്കുകയും ചെയ്യുമ്പോൾ മറ്റൊരു കൂട്ടർ ഈ കൂടുമാറ്റത്തെ വഞ്ചനയും അവസരവാദവുമായി വിലയിരുത്തുന്നു.

ഈ മാറ്റം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. സ്വാതന്ത്ര്യപ്രാപ്തി മുതൽ ഈ മാറ്റം ഇവിടെ നടന്നുകൊണ്ടിരുന്നു. തിരുവിതാംകൂറിൽ ഉത്തരവാദഭരണ പ്രക്ഷോഭണം നടത്തിയത് സ്റ്റേറ്റ് കോൺഗ്രസ്സായിരുന്നു. ആ പ്രക്ഷോഭണത്തെ സർവ്വശക്തിയുമുപയോഗിച്ച് എതിർക്കുവാൻ സർ സി. പി. പരിശ്രമിച്ചു. ഒരു വിഭാഗം ആളുകൾ സി.പി.യുടെ കൂട്ടത്തിൽചേർന്നു. തിരുവിതാംകൂർ ഇന്ത്യൻ യൂണിയനിൽ ചേരണമെന്ന ജനഹിതത്തെ മാനിക്കാതെ സർ സി.പി. കൊണ്ടു വന്ന അമേരിക്കൻ മോഡൽ ഭരണപരിഷ്ക്കാരത്തെ പിന്താങ്ങിയവരും ഇവിടെയുണ്ടായിരുന്നു. എ.എ.റഹിം,കല്യാണിക്കുട്ടിയമ്മ, ആർ ശങ്കർ തുടങ്ങിയവർ സി.പി.യുടെ പക്ഷത്ത് ഉറച്ചുനിന്നവരായിരുന്നു. അവർ റേഡിയോ പ്രഭാഷണം നടത്തി സി.പി.യുടെ കരങ്ങൾക്ക് ബലം നൽകാൻ ശ്രമിച്ചു. തിരുവിതാംകൂർ ഇന്ത്യൻ യൂണിയനിൽ ചേർന്നപ്പോൾ ഇവരെല്ലാം സ്റ്റേറ്റ് കോൺഗ്രസ്സിൽ ചേർന്നു. സി.പിപക്ഷക്കാരായ അവർ സ്റ്റേറ്റ് കോൺഗ്രസ്സിൽ ചേർന്നുവെന്നുമാത്രമല്ല, ഉത്തരവാദഭരണ പ്രക്ഷോഭണത്തിൽപങ്കെടുത്ത് ത്യാഗങ്ങൾ അനുഭവിക്കുകയും കാരാഗ്രഹവാസം അനുഭവിക്കുകയും ചെയ്തവരെ കോൺഗ്രസ്സിൽ നിന്ന് പുറംതള്ളുകയും പാർലമെന്റ് നിയമസഭാസീറ്റുകൾ പിടിച്ചു വാങ്ങുകയും ചെയ്തു. അവർ അധികം താമസിയാതെ ഡെമോക്രാറ്റിക്ക് കോൺഗ്രസ്സ് പാർട്ടി രൂപീകരിച്ച് വർഗ്ഗീയത ഇളക്കിവിടുകയും ചെയ്തു. ഏതാനും നാൾ കഴിഞ്ഞപ്പോൾ ആ പാർട്ടി പിരിച്ചുവിട്ട് അതിലെ അംഗങ്ങൾ കോൺഗ്രസ്സിൽ വീണ്ടും പ്രവേശിച്ചു. കോൺഗ്രസ്സിലെ സ്ഥാനമാനങ്ങൾ മുഴുവൻ അവർ കൈക്കലാക്കി. നിയമസഭാ, ലോകസഭാ തിരഞ്ഞെടുപ്പുകളിൽ അവർ കോൺ.സ്ഥാനാർത്ഥികളായി. അപ്പോൾ സംഘടനയ്ക്കു വേണ്ടി ത്യാഗപൂർവ്വം സേവനം അനുഷ്ഠിച്ചവർ നിസ്സഹായരായി നോക്കി നിൽക്കേണ്ടി വന്നു. കാലുമാറിവരുന്നവരെ സ്വീകരിച്ച് സ്വീകരിച്ച് ഇവിടെ കോൺഗ്രസ്സ് തകർന്നടിയുകയും ചെയ്തു.

www.malankaralibrary.com

വ്യക്തിഗതനേട്ടങ്ങൾ ലക്ഷ്യമാക്കിയുള്ള പ്രവർത്തനമാണ് പിന്നീട് ഇവിടെ നടന്നത്. മുഖ്യമന്ത്രിയായിരുന്നപട്ടംതാണുപിള്ളയെ ഗവർണ്ണറായി നിയമിച്ചപ്പോൾ പാർട്ടിക്കാരോടോ സഹപ്രവർത്തകരോടോ ഒന്ന് ആലോചിക്കുക പോലും ചെയ്യാതെ പട്ടം ഗവർണ്ണർ സ്ഥാനം ഏറ്റെടുത്തു. സ്വന്തം കാര്യത്തിനുമാത്രം പ്രാധാന്യം നൽകിയുള്ള പ്രവർത്തനത്തിന് രാഷ്ട്രീയക്കാർ കൂട്ടത്തോടെ നീക്കം ആരംഭിച്ചത് ഇവിടം മുതലാണ്.

1967-ലാണ് കേരളത്തിൽ സപ്തകക്ഷി മുന്നണി അധികാരമേറ്റെടുത്തത്. ആ മുന്നണിയിൽ കുറുമുന്നണി രൂപീകരിച്ച്, കുറുമുന്നണി വലതുമുന്നണിയുമായി കൂട്ടുചേർന്ന് സപ്തകക്ഷിമുന്നണിയെ തകർത്തു. കുറുമുന്നണിക്ക് നേതൃത്വം നൽകിയ സി.പി.ഐ. നേതാവ് സ.അച്യുതമേനോന്റെ നേതൃത്വത്തിൽ പുതിയമന്ത്രിസഭ രൂപീകരിച്ചു. സ്വന്തമായി നിന്നാൽ ഒരു സീറ്റുപോലും നേടാൻ സാധിക്കാത്ത സി.പി.ഐ. യു.ഡി.എഫിന്റെ ചിലവിലാണ് പിന്നീട് ജീവിച്ചതെന്നു പറയാം. പിന്നീടു നടന്ന ഉപതിരഞ്ഞെടുപ്പിലും പൊതുതിരഞ്ഞെടുപ്പിലും അച്യുതമേനോനെയും സി.പി.ഐ. സ്ഥാനാർത്ഥികളെയും വിജയിപ്പിക്കേണ്ട ചുമതല യു.ഡി.എഫും.വിശിഷ്യ കോൺഗ്രസ്സും ഏറ്റെടുത്തു. 1959-ലെ വിമോചനസമരകാലത്ത് അച്യുതമേനോൻ അറുകുലമോനോൻ എന്നായിരുന്നു മുദ്രാവാക്യം വിളിച്ചിരുന്നത്. അന്നത്തെ ഭീകര ഭരണത്തിനും വെടിവെയ്പുകൾക്കും പ്രധാന ഉത്തരവാദിയും അച്യുതമേനോനായിരുന്നു. അതെല്ലാം വിസ്മരിച്ച് അച്യുതമേനോന് ഒരുപുണ്യവേഷം നൽകി ആദരിക്കാൻ യു.ഡി.എഫിനെ സജ്ജമാക്കിയത് സി.പി.ഐ. നേതാക്കളുടെ തന്ത്രമായിരുന്നു. അന്ന് അഖിലേന്ത്യാതലത്തിൽ നടന്ന നക്സൽ ആക്രമണങ്ങളെ സി.പി.ഐ. പിന്തുണക്കുകയായിരുന്നു. അധികാരത്തിൽ കയറിപ്പറ്റാനുള്ള വ്യഗ്രതയിൽ അതെല്ലാം വിസ്മരിക്കാൻ കോൺഗ്രസ്സും യു.ഡി.എഫും. തയ്യാറായി.

ഇടതു കമ്മ്യൂണിസ്റ്റ്, പാർട്ടിയിലെ തീവ്രവാദിയായിരുന്നല്ലോ എം.വി.രാഘവൻ. മാർക്സിസ്റ്റ് പാർട്ടിയിൽ നിന്നും അദ്ദേഹത്തെ പുറത്താക്കി. രാഘവൻ ഉടനെ ഒരു പാർട്ടിയുണ്ടാക്കി. ആ പാർട്ടി യു.ഡി.എഫിലെ ഘടകകക്ഷിയായി. ഒറ്റക്കു നിന്നു മത്സരിച്ചാൽ ഒരു സീറ്റുപോലും കിട്ടുകയില്ലെന്ന് ഉറപ്പായിരുന്നു. എന്നിട്ടും മാർക്സിസ്റ്റ് പാർട്ടിയിൽ നിന്നും പുറത്താക്കിയെന്ന ഏക കാരണത്താൽ എം.വി.രാഘവനെ യു.ഡി.എഫ്. സ്ഥാനാർത്ഥിയാക്കി, എം.എൽ.എ.യാക്കി, മന്ത്രിയാക്കി. എന്ത് തത്വത്തിന്റെ പേരിലാണ് ഈ നടപടികൾ? എൽ.ഡിഎഫിൽ നിന്നും പുറത്താക്കുന്നവരെ യു.ഡി.എഫ് സംരക്ഷിക്കുമെന്ന ചിന്ത കൂടുതൽ അവസരവാദികളെ സൃഷ്ടിച്ചുവെന്നു പറയാം.

1957-ലെ മന്ത്രിസഭയിൽ അംഗമായിരുന്ന കെ.ആർ.ഗൗരിയമ്മയെയും മാർക്സിസ്റ്റ് പാർട്ടിയിൽ നിന്നും പുറത്താക്കി. എം.വി.രാഘവനെപോലെ ഗൗരിയും ഒരു രാഷ്ട്രീയ പാർട്ടി രൂപീകരിച്ച് യു.ഡി.എഫിൽ ഇടംനേടി.

www.malankaralibrary.com

എം.എൽ.എ.ആയി. മന്ത്രിയായി. അച്യുതമേനോന്റെയും എം.വി.രാഘവന്റെയും കെ.ആർ.ഗൗരിയുടെയും കാലുമാറ്റങ്ങൾ കൊണ്ട് ഉണ്ടായ നേട്ടം മനസ്സിലാക്കിയ അബ്ദുള്ളകുട്ടിയും മാർക്സിസ്റ്റ് പാർട്ടി വിട്ട്, യു.ഡി.എഫിൽ ചേക്കേറി. മാർക്സിസ്റ്റ് പാർട്ടിയിൽ നിന്നുകൊണ്ട് 10 വർഷക്കാലം എം. പി.യായി പ്രവർത്തിച്ച അബ്ദുള്ളക്കുട്ടി എൽ.ഡി.എഫിന്റെ ഗ്രാഫ് താഴുന്നത് മനസ്സിലാക്കിയാണ് പാർട്ടി വിട്ടത്. യു.ഡി.എഫിൽ ചേക്കേറിയത്. അബ്ദുള്ളക്കുട്ടിക്ക് അത് നേട്ടമായി. അദ്ദേഹത്തെ കോൺഗ്രസ്സ് സ്ഥാനാർത്ഥിയാക്കി മത്സരിപ്പിച്ച് എം.എൽ.എ. ആക്കി.അധികാരം കിട്ടിയാൽ മന്ത്രിയും ആക്കും. അബ്ദുള്ളക്കുട്ടിക്ക് സ്ഥാനാർത്ഥിത്വം ലഭിച്ചപ്പോൾ ജീവിതകാലം മുഴുവൻ കോൺഗ്രസ്സിനുവേണ്ടി പ്രവർത്തിച്ച ത്യാഗമതികളായ നേതാക്കൾ നിസ്സഹായരായി നോക്കിനിൽക്കുകയാണുണ്ടായത്.

മാർക്സിസ്റ്റ് പാർട്ടിയിൽ ചേർന്ന് അതിന്റെ എല്ലാസുഖങ്ങളുംഅനുഭവിച്ചിയാളാണല്ലോ ഡോ.കെ.എസ്.മനോജ്., മാർക്സിസ്റ്റ് പാർട്ടിയിൽ നിന്നാൽ ഇനി രക്ഷയില്ലെന്ന് മനസ്സിലാക്കിയ ഡോ.മനോജും പാർട്ടിവിട്ടു. അബ്ദുള്ളക്കുട്ടിയും മനോജും ഈശ്വരവിശ്വാസത്തിന്റെപേരിലാണ് പാർട്ടിവിട്ടത്. മാർക്സിസ്റ്റ് പാർട്ടിയുടെ എം.പി. ആയിരുന്നപ്പോൾ മെത്രാന്മാരെ പാർട്ടി നേതാക്കൾ നികൃഷ്ടജീവിയെന്ന് വിളിച്ചപ്പോഴും സഭയെ ദ്രോഹിച്ചപ്പോഴും മനോജിന്റെ ഈശ്വരവിശ്വാസവും ക്രൈസ്തവ മതസ്നേഹവും എവിടെ പോയി? ഇക്കഴിഞ്ഞ ലോകസഭാ തിരഞ്ഞെടുപ്പിൽ മനോജ് എം.പി.ആയി തിരഞ്ഞെടുക്കപ്പെട്ടിരുന്നുവെങ്കിൽ ഈശ്വരവിശ്വാസവും മതസ്നേഹവും അഞ്ചുവർഷത്തേക്കുകൂടി അദ്ദേഹം ഫ്രീസറിൽ വയ്ക്കുമായിരുന്നില്ലേ? മനോജും കോൺഗ്രസ്സിൽ കേറാനുള്ള ശ്രമമാണ് നടത്തുന്നത്.

പാലാ മുൻസിപ്പൽ കൗൺസിലറായ ചെറിയാൻകാപ്പനും ഇടതുപക്ഷനയങ്ങളോടുള്ള വിയോജിപ്പുകൊണ്ട് യു.ഡി.എഫ്. ഘടകകക്ഷിയായ കേരളാ കോൺഗ്രസ്സ് എം.-ൽചേർന്നിരിക്കുന്നു! നാളെ കൗൺസിലറാകാൻ പറ്റിയ മാർഗ്ഗം ഇതാണെന്ന് കാപ്പനും തിരിച്ചറിഞ്ഞിരിക്കുന്നു.കെ.എം.മാണിയുടെ അയൽക്കാരനായ കാപ്പൻ, മാണിസാറിന്റെ വ്യക്തിമാഹാത്മ്യത്തിൽ ആകൃഷ്ടനായിട്ടാണ് ഈ നടപടി സ്വീകരിച്ചത്. മാണിസാറിന്റെ വ്യക്തിമാഹാത്മ്യം മനസ്സിലാക്കാൻ ഇത്രയും നാൾ കാത്തിരിക്കേണ്ടിവന്നതിൽ അത്ഭുതപ്പെടേണ്ട.

ഇതാ അവസാനം ഒരു വാർത്ത കൂടി കിട്ടിയിരിക്കുന്നു. മുൻ എം.പി. ശിവരാമനും മാർക്സിസ്റ്റ് പാർട്ടിയിൽ നിന്നും രാജിവെച്ച് കോൺഗ്രസ്സിൽ ചേരുന്നു. നിയമസഭാ തിരഞ്ഞെടുപ്പുകളും മറ്റും അടുത്തുവരുന്ന ഈ സമയത്ത് ഇനിയും ഒട്ടേറെപ്പേർ ഇടതുപക്ഷമുന്നണിവിടുമെന്ന് പ്രതീക്ഷിക്കാം, സ്വന്തം താല്പര്യസംരക്ഷണത്തിന് ഏതു നടപടിയും സ്വീകരിക്കാൻ രാഷ്ട്രീയക്കാർ തയ്യാറാകും. അതാണവരുടെ രാഷ്ട്രീയ ലൈൻ. ഇതിൽ അത്ഭുതപ്പെട്ടിട്ട് കാര്യമില്ല.

www.malankaralibrary.com

നാളെ എന്തുസംഭവിക്കുമെന്ന് പ്രവചിക്കുക സാദ്ധ്യമല്ലല്ലോ. കമ്യൂണിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോയിൽ നിന്നും തരംതാഴ്ത്തിയ - വെട്ടിനിരത്തൽ വീരനായ കേരളാ മുഖ്യമന്ത്രി അച്ചുതാനന്ദനെ നാളെ മാർക്സിസ്റ്റ് പാർട്ടിയിൽ നിന്നും പുറത്താക്കിയാൽ യു.ഡി.എഫ്. അടുത്ത തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാക്കും. എം.എൽ.എ.ആക്കും. വേണ്ടി വന്നാൽ മുഖ്യമന്ത്രിയാക്കുംഈ സ്ഥാനമാനങ്ങൾ ലഭിക്കുമെന്നുറപ്പായാൽ രക്തസാക്ഷി പരിവേഷമണിഞ്ഞ് യു.ഡി.എഫ്-ൽ കുടിയേറും. ഇനിപിണറായി വിജയനെയാണ് പാർട്ടി പുറത്താക്കുന്നതെങ്കിൽ അദ്ദേഹത്തെയും യു.ഡി.എഫ്. രക്തസാക്ഷിയായി സ്വീകരിച്ച് എം.എൽ.എ.-യോ, മന്ത്രിയോ ആക്കും.

യു.ഡി.എഫ്. ബാനറിൽ മത്സരിച്ച് ജയിച്ച എം.വി.രാഘവന്റെയും കെ.ആർ.ഗൗരിയമ്മയുടെയും ചിലപ്പോഴത്തെ പ്രസ്താവന കേട്ടാൽ യു.ഡി.എഫ്. എന്നാൽ തങ്ങളാണെന്ന് തോന്നിപ്പോകും. തലയിൽ കയറിയിരുന്ന് ചെവികടിച്ചു പറിക്കുന്നരീതി. കാലുമാറിവരുന്നവരെ സ്വീകരിക്കുന്നതുവഴി ആദർശപ്രേരിതരായി യു.ഡി.എഫ്. കക്ഷികളിൽ ദീർഘകാലമായി പ്രവർത്തിക്കുന്നവർ നിരാശരായി കഴിയേണ്ടിവരും.

മുന്നണിയും പാർട്ടിയും വിട്ട് പുതിയ മുന്നണിയിലും പാർട്ടിയിലും ചേക്കേറുന്നവരെ ചുരുങ്ങിയത് പത്ത് വർഷത്തേക്കെങ്കിലും ജനപ്രതിനിധി സഭകളിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പുകളിൽ സ്ഥാനാർത്ഥിത്വം നൽകുകയില്ലെന്ന് എല്ലാ രാഷ്ട്രീയ കക്ഷികളും ഒരു പൊതുധാരണയിൽ എത്തണം. അവരെ സംഘടനാപ്രവർത്തനത്തിന്റെ ചുമതലയേൽപ്പിക്കണം. അല്ലെങ്കിൽ അച്ചടക്കത്തോടുകൂടി പാർട്ടി പ്രവർത്തനം നടത്തുന്നവർ എക്കാലവും അധികാര വലയത്തിന് പുറത്ത് നിൽക്കേണ്ടിവരും. അത് ജനാധിപത്യത്തിന്റെ കടയ്ക്കൽ കോടാലിവയ്ക്കുന്നതിന് തുല്യമായിരിക്കും. ആർക്കും കയറിയിറങ്ങാനുള്ള ഒരു പാർട്ടിയല്ല തങ്ങളുടേതെന്ന് ഉറക്കെ പറയാനുള്ള തന്റേടം ഓരോ രാഷ്ട്രീയകക്ഷി നേതാക്കൾക്കുമുണ്ടാകണം. തങ്ങളുടെ ഭാവിയ്ക്ക് സുരക്ഷിതത്വം നൽകാനുള്ള വ്യഗ്രതയിൽ ആരെയും തഴയാനും സ്വീകരിക്കുവാനുമുള്ള രാഷ്ട്രീയ പാർട്ടികളുടെ നിലപാട് അപഹാസ്യമാണ്.

## മുന്നണി സംവിധാനം

തിരഞ്ഞെടുപ്പുകളെ മാത്രം മുന്നിൽ കണ്ടുകൊണ്ട് രാഷ്ട്രീയ പാർട്ടികൾ മുന്നണിയുണ്ടാക്കുന്നത് ജനാധിപത്യത്തിന്റെ കടയ്ക്കൽ കോടാലി വയ്ക്കുന്നതിന് തുല്യമാണ്. മുന്നണിയിൽ നിന്നില്ലെങ്കിൽ ഒരു സീറ്റ് പോലും കിട്ടുകയില്ലാത്ത ചില പാർട്ടികൾ മുന്നണിക്കകത്തുകയറി മറ്റുപാർട്ടികളെ ഭീഷണിപ്പെടുത്തുന്നത് സ്ഥിരം പരിപാടിയായി തീർന്നിരിക്കുകയാണ്. ഇത്തരം പാർട്ടികളെ ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ അകറ്റി നിർത്തുവാൻ രാഷ്ട്രീയ കക്ഷികൾ തയ്യാറാകണം.

www.malankaralibrary.com

# 4. തെറ്റുതിരുത്തൽ രേഖയും മതവിശ്വാസവും

സി.പി.എം.-ന്റെ തെറ്റുതിരുത്തൽ രേഖയോടുള്ള പ്രതിഷേധം ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. സി.പി.എമ്മിൽ നിന്നും ഇറങ്ങിപ്പോരാൻ പലർക്കും തെറ്റുതിരുത്തൽ രേഖസഹായകരമായി. ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന ആചാരാനുഷ്ഠാനങ്ങളും മതവിശ്വാസവും വിലക്കുന്ന തെറ്റുതിരുത്തൽ രേഖയിൽ ആരും ആകുലപ്പെടുകയോ അത്ഭുതപ്പെടുകയോവേണ്ട. കമ്മ്യൂണിസമെന്നാൽ നിരീശ്വരത്വം ആണ്. ആ സത്യം തിരിച്ചറിയാത്തവരാണ് തെറ്റ് തിരുത്തൽ രേഖയെ വിമർശിക്കുന്നത്.

കമ്മ്യൂണിസ്റ്റ് പാർട്ടി നിരീശ്വരവാദത്തിൽ അധിഷ്ഠിതമായ ഒരു പാർട്ടിയാണ്. ആ പാർട്ടിയിൽ മതത്തിനും ഈശ്വരവിശ്വാസത്തിനും ഒരു സ്ഥാനവുമില്ല. മതത്തിനും ഈശ്വരവിശ്വാസത്തിനും സ്ഥാനം നൽകിയാൽ ആ പാർട്ടി കമ്മ്യൂണിസ്റ്റ് പാർട്ടിയാവുകയില്ല. അങ്ങനെയുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിയോട് തെറ്റുതിരുത്തൽ രേഖമാറ്റണമെന്ന് പറയാൻ ആർക്കാണ് അവകാശമുള്ളത്? കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ മതത്തിനും ഈശ്വരവിശ്വാസത്തിനും സ്ഥാനം നൽകി ആ പാർട്ടിയെ നന്നാക്കിയെടുക്കാനുള്ള ചിലരുടെ പുറപ്പാട് കണ്ടാൽ അത്ഭുതം തോന്നും. പാർട്ടിയിൽ മതത്തിനും ഈശ്വരവിശ്വാസത്തിനും സ്ഥാനമില്ലെന്ന വസ്തുത എന്നത്തെയും പോലെ ഇന്നും അവർ തുറന്നു പറയുന്നു. ഈശ്വരനെയും മതത്തെയും തൽക്കാലം ഫ്രീസറിൽ വച്ചിട്ട് സ്വന്തം നേട്ടങ്ങൾക്കു വേണ്ടി - വ്യക്തിഗത നേട്ടങ്ങൾക്കുവേണ്ടി കമ്മ്യൂണിസ്റ്റ് പാർട്ടി വച്ചുനീട്ടിയ എം.എൽ.എ. സ്ഥാനവും എം.പി. സ്ഥാനവും കൗൺസിലർ സ്ഥാനവും സ്വീകരിച്ചവർ ഇന്ന് തിരുത്തൽ രേഖയുടെ പേരിൽ ബഹളമുണ്ടാക്കുന്നത് അവർ ഈശ്വരവിശ്വാസികളോ മതവിശ്വാസികളോ ആയിട്ടല്ല, തനി അവസരവാദികളായിട്ടാണ് എന്ന സത്യം ആരും വിസ്മരിക്കരുത്.

മതവിശ്വാസത്തിന് കമ്മ്യൂണിസ്റ്റുകൾ എതിരല്ലെന്ന് പറയുന്നത് ഒരു കളിപ്പിക്കൽ തന്ത്രം മാത്രമാണ്. അത് എല്ലാവർക്കുമറിയാം. കമ്മ്യൂണിസ്റ്റ് കൂടാരത്തിൽ പ്രവേശിച്ച് ആവോളം നേട്ടങ്ങൾ കൊയ്തവർ ഇന്ന് തെറ്റുതിരുത്തൽ രേഖയുടെ പേരിൽ ബഹളം വയ്ക്കുന്നത് ഒരു ആദർശത്തിന്റെയും പേരിലല്ല.

## കമ്മ്യൂണിസം നിരീശ്വരത്വം

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആചാരശ്രേഷ്ഠനും പാർട്ടിയുടെ സ്ഥാപകനുമായ കാറൽമാർക്സ് നിരീശ്വരസിദ്ധാന്തവും സാമ്പത്തിക സിദ്ധാന്തവും തമ്മിലുള്ള ബന്ധത്തെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു. "രണ്ടുകാരണ

www.malankaralibrary.com

ങ്ങളാൽ മനുഷ്യ പ്രകൃതി മാറിപ്പോയി. ഒരു കാരണം സ്വകാര്യ സ്വത്ത്. രണ്ടാമത്തേത് മതബോധം. സ്വകാര്യസ്വത്തുടമ മനുഷ്യനെ വ്യവസായോടമസ്ഥന്റെയും മതബോധം മനുഷ്യനെ ദൈവത്തിന്റെയും അടിമയാക്കി. ആയതിനാൽ സ്വകാര്യസ്വത്തുടമയേയും ഈശ്വരബോധത്തെയും തച്ചുടയ്ക്കുക. അപ്പോൾ മനുഷ്യൻ സ്വതന്ത്രനാകും. അവനൊരു ദൈവമാകും. ആ പുസ്തകത്തിൽ 15-ാം പേജിൽ മാർക്സ് ഇപ്രകാരം എഴുതിയിരിക്കുന്നു. "നിങ്ങൾ സർവ്വശക്തിയുമുപയോഗിച്ച് ഈശ്വരനെന്ന ആശയത്തെ ഉന്മൂലനം ചെയ്യണം"

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രൂപവൽക്കരണത്തിന് മാർക്സിനെ സഹായിച്ച ഏംഗൽസ് കടുത്ത നിരീശ്വരവാദിയാണ്. "ഈ വിശ്വത്തിന്റെ അസ്തിത്വത്തിൽ ഒരു സൃഷ്ടാവിനോ നിയന്താവിനോ ഒരു സ്ഥാനവുമില്ല" എന്നാണ് ഏംഗൽസ് പ്രഖ്യാപിച്ചിട്ടുള്ളത്. മാർക്സും ഏംഗൽസും ലെനിനും മതബോധത്തെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ള ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടി ഒരു പുസ്തകം രചിച്ചിട്ടുണ്ട്. ആ പുസ്തകത്തിന്റെ ഒന്നാം പേജിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "യൂറോപ്പിലെ തൊഴിലാളി പാർട്ടികളിൽ നിരീശ്വരത്വത്തിന് സർവ്വസമ്മതമായ ഒരു നിലവന്നിരിക്കുന്നു."

മോസ്ക്കോവിലെ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫീസിൽ നിന്നും അച്ചടിച്ചിറക്കിയ "വി.ഐ.ലെനിൻ, മാർക്സ്, ഏംഗൽസ് മാർക്സിസം" എന്ന പുസ്തകത്തിൽ ലെനിന്റെ പ്രസ്താവന ഇപ്രകാരം ചേർത്തിരിക്കുന്നു. മാർക്സിസത്തിന്റെ തത്വപരമായ അടിസ്ഥാനം മാർക്സും ഏംഗൽസും ആവർത്തിച്ചുപ്രസ്താവിച്ചിട്ടുള്ളതുപോലെ, ഡൈലക്ടിക്കൽ മെറ്റീരിയലിസം - വർഗ്ഗ വൈരുദ്ധ്യാധിഷ്ഠിത പദാർത്ഥവാദം ആകുന്നു ഈ പദാർത്ഥവാദമാകട്ടെ പരിഛേദം നിരീശ്വരത്വപരവും വിട്ടുവീഴ്ചയില്ലാത്തവിധം സർവ്വമതവിരുദ്ധവുമാണ്." (പേജ് 273) "മാർക്സിസം മെറ്റീരിയലിസം - പദാർത്ഥവാദം അഥവാ ഭൗതീകവാദം ആകുന്നു ആ നിലയിൽ അത് മതത്തിനെതിരായി സന്ധിയില്ലാ സമരം നടത്തും."

മതം എന്ന ഗ്രന്ഥത്തിൽ ലെനിൻ ഇപ്രകാരം എഴുതിയിരിക്കുന്നു. തത്വത്തിലും പ്രയോഗത്തിലും മാർക്സിസത്തിന്റെയും സ്ഥിതിസമത്വവാദത്തിന്റെയും സ്വഭാവികവും അഭേദ്യവുമായ ഒരു ഘടകമാണ് നിരീശ്വരത്വം "(Religion By Lenin)

നിരീശ്വരത്വം മാർക്സിസത്തിന്റെ ആവശ്യാവശ്യകമായ ഒരു ഭാഗമാണ്. ആയതിനാൽ മാർക്സിസ്റ്റ് കക്ഷി നിരീശ്വരത്ഥ പ്രചരണം ഏറ്റെടുത്തേ മതിയാകൂ (Religion P.7) തൊഴിലാളികളെ മതബോധത്തിൽ നിന്ന് നിശ്ശേഷം അടർത്തിയെടുക്കാൻ വിപ്ലവാനന്തരമുണ്ടാകുന്ന കമ്മ്യൂണിസ്റ്റ് സാമൂഹ്യവ്യവസ്ഥിതിക്കേ സാധിക്കൂ (Religion Pae 9)

സാംസ്ക്കാരിക വിപ്ലവത്തിനുള്ള പരിപാടിയിൽ മതബോധത്തോടുള്ള എതിർപ്പ് ഏറ്റവും പ്രധാനപ്പെട്ടതാണ്. മതത്തോടുള്ള ഈ സമരം ക്രമീകൃ

www.malankaralibrary.com

തവും അനസ്യൂതവുമായിരിക്കട്ടെ. (Ref. Answer to Communisim ) ലെനിനു ശേഷം അധികാരമേറ്റെടുത്ത സ്റ്റാലിനും അതേ നിലപാടു തന്നെയാണ് നിരീശ്വരത്വത്തെപ്പറ്റിയുള്ളത്. അതിന് നിരവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുവാൻ സാധിക്കും.

ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവായിരുന്ന സ.ജി.അധികാരി മീററ്റ് കൊലക്കേസിൽ കോടതിയിൽ കൊടുത്ത മൊഴിയാണ് താഴെ പറയുന്നത്. 'മാർക്സിസ്റ്റ് അനുയായികളും ഭൗതീകവാദികളും എന്ന നിലയിൽ ഞങ്ങൾ മതത്തിന്റെ കഠിനവിരോധികളും ദൈവത്തെ നിഷേധിക്കുന്നവരുമാണ്.പ്രചരണങ്ങൾക്കൊണ്ടു മാത്രം മതത്തെ ഉന്മൂലനം ചെയ്യാൻ സാധിക്കുകയില്ലെന്ന് ഞങ്ങൾക്കറിയാം.വർഗ്ഗസമരത്തിന്റെ അടിസ്ഥാനത്തിൻമേൽ ആയിരിക്കണം മതത്തോടുള്ള പോരാട്ടമെന്ന് " ലെനിൻ പറഞ്ഞിട്ടുണ്ട്.

കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി 1954-ൽ പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "കമ്മ്യൂണിസ്റ്റ് തത്വശാസ്ത്രത്തിൽ വിശ്വസിക്കുന്ന ഒരാൾക്ക് മതപരമായ ചിന്താഗതിയുള്ളവർക്ക് കമ്മ്യൂണിസത്തിൽ വിശ്വസിക്കുക സാധ്യമല്ല. ആശയപരമായി മതത്തിന്റെ ആത്മീയ തത്വശാസ്ത്രത്തോടും അതിന്റെ നാമരൂപഭേദങ്ങളോടും കമ്മ്യൂണിസ്റ്റ് പാർട്ടി സന്ധിയില്ലാ സമരം നടത്തും."

മേൽപ്പറഞ്ഞ കാര്യങ്ങളിൽ നിന്നും കമ്മ്യൂണിസം നിരീശ്വരത്വം ആണെന്ന് നമുക്ക് മനസ്സിലാക്കാം. അതിന്റെയടിസ്ഥാനത്തിലാണ് തെറ്റുതിരുത്തൽ രേഖ മാർക്സിസ്റ്റുകൾ തയ്യാറാക്കിയിരിക്കുന്നത്. തെറ്റുതിരുത്തൽ രേഖമാറ്റി അവരെ നന്നാക്കാൻ ശ്രമിക്കുന്നതിൽ യാതൊരു അർത്ഥവുമില്ല. . ചില ഭക്തസംഘടനകൾ പോലും മാർക്സിസ് പാർട്ടിയുടെ തെറ്റ് തിരുത്തൽ രേഖ ഇന്ത്യൻ ഭരണഘടനയ്ക്ക് എതിരാണെന്നും തെറ്റ് തിരുത്തൽ രേഖ പിൻവലിക്കണമെന്നും പറയുന്നു.

തെറ്റുതിരുത്തൽ രേഖ പിൻവലിക്കുകയല്ല. അവർ നിരീശ്വരത്വ പ്രചാരകരാണെന്ന സത്യം ജനത്തെ ബോധ്യപ്പെടുത്തുകയാണ് ചെയ്യേണ്ടത്.

## തത്വശാസ്ത്രം

തങ്ങളുടെ തത്വശാസ്ത്രം മാർക്സിസമാണെങ്കിലും പ്രവർത്തന പരിപാടിയിൽ നിരീശ്വരത്വ പ്രചാരണമില്ല എന്നു പറയുന്ന ചില കമ്മ്യൂണിസ്റ്റുകാരുണ്ട്. ഗ്രിഗോറി സിനോഫ്യു എന്ന കമ്മ്യൂണിസ്റ്റു നേതാവിന്റെ വാക്കുകൾ ശ്രദ്ധിക്കുക "മതപ്രശ്നങ്ങളിൽ നിഷ്പക്ഷത പാലിക്കുവാൻ നമ്മുടെ പാർട്ടിക്ക് സാധിക്കുകയല്ല. മാർക്സ് പറഞ്ഞതാണ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കും പറയാനുള്ളത്. നിശ്ചയമായും മതവിരുദ്ധമായ പ്രചാരവേല - നമ്മെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമാണ്.

www.malankaralibrary.com

# 5. സുകുമാർ അഴീക്കോടിനെപ്പറ്റി

"നട്ടെല്ല് എന്ന ഗുണം" എന്ന ശീർഷകത്തിൽ ആരംഭിച്ച് നാലുലക്കങ്ങളിലായി വിവിധ ശീർഷകങ്ങളിൽ ദീപികയിൽ പ്രസിദ്ധീകരിച്ച കെ. എം.ചുമ്മാരിന്റെ ലേഖനം വായിച്ചു. രാഷ്ട്രീയക്കാരനും സാഹിത്യകാരനും വിദ്യാഭ്യാസ പ്രമുഖനുമായ പ്രൊഫ.സുകുമാർ എഴുതിയ വിവിധകാലഘട്ടങ്ങളിലെ ലേഖനങ്ങളെ താരതമ്യം ചെയ്ത് പണ്ട് പറഞ്ഞതല്ല ഇപ്പോൾ പറഞ്ഞതെന്ന് ചുമ്മാർ സ്ഥാപിച്ചിരിക്കുകയാണ്. പണ്ട് എഴുതിയ ലേഖനങ്ങൾ ഒന്നുകൂടി പ്രസിദ്ധീകരിക്കാൻ ചുമ്മാർ, പ്രൊഫ. അഴീക്കോടിനെ വെല്ലുവിളിക്കുകയും ചെയ്തിരിക്കുന്നു. അഴീക്കോടിന്റെ ലേഖനങ്ങളിൽ വന്ന സ്ഥായിയായ മാറ്റങ്ങളെ വിമർശിച്ചുകൊണ്ട് ചുമ്മാർ എഴുതിയ ലേഖനപരമ്പരയിലെ അവസാനഭാഗത്ത് ഇങ്ങനെ എഴുതിയിരിക്കുന്നു. "പാർലമെന്റ് മെമ്പറാകാനാഗ്രഹിച്ചു. സംസ്കൃതപ്രസംഗം കേട്ടുപേടിച്ച വോട്ടർമാർ മലയാളത്തിൽ പ്രസംഗിച്ച ഒരു സാഹിത്യകാരന് വോട്ടുചെയ്തതുകൊണ്ട് ആ ആഗ്രഹം നടന്നില്ല. വൈസ് ചാൻസലറാകണമെന്നാഗ്രഹിച്ചു കരുണാകരൻ സമ്മതിച്ചില്ല അതോടെഅധഃപതിച്ചുമൃഗമായി കമ്മ്യൂണിസ്റ്റായി, ഇന്ത്യൻ കമ്മ്യൂണിസ്റ്റായി, കേരളകമ്മ്യൂണിസ്റ്റായി, എന്നിട്ടും ഒരു മുണ്ടശ്ശേരിയാകാൻ കഴിഞ്ഞില്ല. അവസാനം മഹാത്മാഗാന്ധിയായേക്കാമെന്ന് വച്ചു. നാട്ടുകാരെ മുഴുവൻ പരിഹസിച്ചും പുലഭ്യം പറഞ്ഞും നടക്കുന്നു. (അതായിരുന്നല്ലോ മഹാത്മാഗാന്ധിയുടെ തൊഴിൽ) എങ്ങിനെയുണ്ട് നട്ടെല്ല് എന്ന ഗുണം? പ്രൊഫ. അഴീക്കോടിനെ വ്യക്തിപരമായി പരിഹസിച്ചുകൊണ്ട് എഴുതിയ ഈ ലേഖനത്തിന്റെ മാന്യതയെപ്പറ്റി വിലയിരുത്തുവാൻ ഞാൻ മുതിരുന്നില്ല.

പ്രൊഫ.അഴീക്കോടിനെപ്പറ്റി പരിഹാസപൂർവ്വം വിമർശിച്ചെഴുതിയ ചുമ്മാർ, ഏഴെട്ടുമാസം മുൻപ് പാലായിൽ നിന്നും പുറപ്പെടുന്ന ഒരു വാരികയിൽ അഴീക്കോടിനെപ്പറ്റി എഴുതിയ ഒരു ഭാഗം താഴെ ചേർക്കുന്നു. "സുകുമാർ അഴീക്കോടാണ് വിമോചനസമരത്തിന്റെ ആദ്യ വെടിപൊട്ടിച്ചത്. മെത്രാന്മാരുടെ ഇടയലേഖനങ്ങൾ പിന്നാലെയാണ് വന്നത്. ഒരു ചെറിയ വൃത്തം വിശ്വാസികളെ മാത്രമാണ് മെത്രാന്മാരുടെ ആഹ്വാനം ആവേശം കൊള്ളിച്ചത്. അതേസമയം കേരളത്തിലെ സമുന്നത സാംസ്ക്കാരിക ശബ്ദമായ മാതൃഭൂമിയിലൂടെ അഴീക്കോട് മുഴക്കിയ കമ്മ്യൂണിസ്റ്റ് വിരുദ്ധ സമരാഹ്വാനം കേരളക്കരയിലെ സാംസ്ക്കാരിക പ്രവർത്തകരെയും ബുദ്ധിജീവികളെയും വ്യാപകമായ വൃത്തത്തിൽ ഇളക്കിമറിച്ചു. അതിന്റെ ആഘാതത്തിലാണ് 1959

www.malankaralibrary.com

ജൂലൈ 31-ന് ഇ.എം.എസ്സിന്റെ മന്ത്രിസഭ മറിഞ്ഞുവീണത്."

ഏതാനും മാസം മുമ്പ് പ്രൊഫ.സുകുമാർ അഴീക്കോടിനെ വിമോചനസമരത്തിന്റെ തലതൊട്ടപ്പനായി വാഴിച്ച് പാടിപുകഴ്ത്തിയ കെ.എം.ചുമ്മാരാണ് ദീപികയിലൂടെ പ്രൊഫ.അഴീക്കോടിനെപരിഹസിച്ചെഴുതിയത്. സുകുമാർ അഴിക്കോടിനെ പാടിപുകഴ്ത്തിയപ്പോൾ കേരളത്തിലെ കത്തോലിക്കാ മെത്രാന്മാരെ തരംതാഴ്ത്തിക്കെട്ടുവാനും ദീപിക പത്രത്തെ തമസ്ക്കരിക്കാനുമാണ് ശ്രീ ചുമ്മാർ തയ്യാറായത്. സുകുമാർ അഴിക്കോടിന്റെയാണോ ചുമ്മാരിന്റെയാണോ ലേഖനങ്ങളിൽ സ്ഥായിയായ വ്യത്യാസം വന്നുകൊണ്ടിരിക്കുന്നത്? വായനക്കാർ ചിന്തിക്കട്ടെ. ഓരോ പ്രസിദ്ധീകരണത്തിലും ഓരോ രീതിയിൽ ചുമ്മാർ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങൾ ഓന്തിന്റെ നിറം മാറുന്നതിന് തുല്യമാണ്.

സുകുമാർ അഴീക്കോടിനെപാടിപുകഴ്ത്തിയപ്പോൾ ചുമ്മാർ എന്തെല്ലാം അസത്യങ്ങളാണ് എഴുതികൂട്ടിയത്. 1957 സെപ്റ്റംബർ 22-ാം തീയതി മാതൃഭൂമിയിൽ സുകുമാർ അഴീക്കോട് ആണ് (ആദ്യ ഇടയലേഖനം) ലേഖനം എഴുതിയത്. വിമോചനസമരത്തിന്റെ ആദ്യവെടിപൊട്ടിക്കലായിരുന്നു ആ ലേഖനമെന്ന് ചുമ്മാർ പറഞ്ഞിരിക്കുന്നു. കൂട്ടത്തിൽ മെത്രാന്മാരുടെ ഇടയലേഖനം പിന്നീടാണ് വന്നതെന്നും അത് ചെറിയവൃത്തം വിശ്വാസികളുടെ ഇടയിൽ മാത്രമാണ് ആവേശം കൊള്ളിച്ചതെന്നും സമുന്നത സാംസ്ക്കാരിക ശബ്ദമായ മാതൃഭൂമിയിൽ കൂടി അഴീക്കോടിന്റെ ലേഖനം വന്നപ്പോൾ ജനം ഇളകിവശായിയെന്നും അതിന്റെ ആഘാതത്തിലാണ് കമ്മ്യൂണിസ്റ്റ് മന്ത്രിസഭ തകർന്നതെന്നുമാണ് ചുമ്മാറിന്റെ "കള്ള" കണ്ടുപിടുത്തം. സെപ്റ്റംബർ 22-ന് സുകുമാർ അഴീക്കോട് മാതൃഭൂമിയിൽ "ഇടയലേഖനം" എഴുതുന്നതിന് മുമ്പ് മെയ് 28-ാം തീയതി കേരളത്തിലെ കത്തോലിക്കാ മെത്രാന്മാർ പുറപ്പെടുവിച്ച ഇടയലേഖനത്തെപ്പറ്റി ചുമ്മാർ അറിഞ്ഞമട്ടുപോലുമില്ല ദീപിക 8 മുഖപ്രസംഗങ്ങൾ എഴുതിയകാര്യവും ചുമ്മാർ തമസ്ക്കരിച്ചിരിക്കുന്നു.അഴീക്കോടിനെ വിമോചനസമരത്തിന്റെ തലതൊട്ടപ്പനായി വാഴിക്കാൻ നടത്തിയ ശ്രമത്തിനിടയിൽ മെത്രാന്മാരുടെ ഇടയലേഖനവും ദീപികയുടെ സേവനവും തമസ്ക്കരിക്കേണ്ടത് ചുമ്മാറിന് ആവശ്യമായി വന്നു. ഓരോ പ്രസിദ്ധീകരണത്തിലും ഓരോ വിധത്തിൽ എഴുതുന്ന ചുമ്മാർ ആണോ അഴീക്കോടാണോ നട്ടെല്ലിന്റെ ഉടമസ്ഥർ എന്ന് നാം ചോദിക്കാൻ ബാദ്ധ്യസ്ഥരായിരിക്കുന്നു.

സുകുമാർ അഴിക്കോട് ഒരു കാലത്ത് കോൺഗ്രസ്സുകാരനായിരുന്നു. പിന്നീട് അദ്ദേഹം "കമ്മ്യൂണിസ്റ്റ് ബുദ്ധിജീവി"യായി. കോൺഗ്രസ്സുകാരനായിരിക്കുമ്പോൾ എഴുതിയ ലേഖനങ്ങളും പ്രസംഗങ്ങളും കമ്മ്യൂണിസ്റ്റുകാരനായിരുന്നപ്പോൾ എഴുതിയലേഖനങ്ങളും പ്രസംഗങ്ങളും ഒന്നായിരിക്കുകയില്ല. കോൺഗ്രസ്സുകാരനായിരുന്നപ്പോഴത്തെ പോലെ തന്നെ കമ്മ്യൂണി

www.malankaralibrary.com

സ്സുകാരനായിരിക്കുമ്പോഴും എഴുതാനും പ്രസംഗിക്കുവാനും സാധിക്കുമോ? ആശയപരമായ വ്യത്യാസം പ്രസംഗത്തിലും എഴുത്തിലും ഉണ്ടാകുകയില്ലേ. അതുകൊണ്ട് ലേഖനങ്ങളിലും പ്രസംഗങ്ങളിലും വന്ന വ്യത്യാസം ഉയർത്തിക്കാട്ടി വ്യക്തിതേജോവധം ചെയ്യുന്നത് ശരിയല്ല.

ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചതിനു ശേഷവും തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിനെ എതിർക്കുകയും സ്റ്റേറ്റ് കോൺഗ്രസ്സിനെ ആറടിമണ്ണിൽ കുഴിച്ചിടുമെന്ന് പ്രഖ്യാപിക്കുകയും സർ സി.പി.യുടെ അമേരിക്കൽ മോഡൽ ഭരണപരിഷ്ക്കാരത്തെ പിന്തുണച്ചുകൊണ്ട് റേഡിയോ പ്രഭാഷണം നടത്തുകയും ചെയ്തവർ ആറുമാസം തികയുന്നതിന് മുമ്പ് കോൺഗ്രസ്സ് ടിക്കറ്റിൽ മത്സരിച്ച് എം.എൽ.എ.യും, എം.പി.യും സംസ്ഥാന മന്ത്രിയും ആയിട്ടുണ്ട്. അവർ 1947 സെപ്റ്റംബർ 4-ന് മുമ്പും അതിനു ശേഷവും പറഞ്ഞ കാര്യങ്ങൾ വ്യത്യസ്തമല്ലേ. അവരുടെ വ്യത്യസ്ത അഭിപ്രായ പ്രകടനങ്ങളുടെ നേരെ ചുമ്മാർ കണ്ണടച്ചതെന്തുകൊണ്ട്?

1957-ലെ കമ്മ്യൂണിസ്റ്റ് സർക്കാർ കൊണ്ടുവന്ന വിദ്യാഭ്യാസബില്ലിനെ ആദ്യം അനുകൂലിച്ച് പ്രസ്താവന പുറപ്പെടുവിച്ചവർ ഏതാനും നാളുകൾക്കു ശേഷം വിമോചന സമരസാരഥികളായ വസ്തുതയും നമുക്ക് അജ്ഞാതമല്ല. അവരുടെ പ്രസംഗങ്ങളിലും ലേഖനങ്ങളിലും വന്ന വ്യത്യാസത്തെപ്പറ്റി താരതമ്യപഠനം നടത്താൻ ചുമ്മാർ എന്തുകൊണ്ട് തയ്യാറായില്ല?

1950-ലെ പനമ്പിള്ളി പദ്ധതിയിലും 1957-ലെ മുണ്ടശ്ശേരി പദ്ധതിയിലും അദ്ധ്യാപക നിയമനത്തെസംബന്ധിച്ചും പിരിക്കുന്ന ഫീസ് സർക്കാരിൽ കെട്ടിവയ്ക്കുന്നതിനെപ്പറ്റിയും ഉള്ള വ്യവസ്ഥകൾ ആയിരുന്നല്ലോ, പ്രതിഷേധാർഹമായിരുന്നത്. 1950-ലെ പനമ്പിള്ളി പദ്ധതിയെ ചുമ്മാർ അനുകൂലിച്ചു. ഇന്നും ആ പദ്ധതിയെ വാനോളം പാടി പുകഴ്ത്തുന്നു. അതേസമയം മുണ്ടശ്ശേരി പദ്ധതിയെ ചുമ്മാർ എതിർത്തു. 1972-ലെ സർവ്വലാശാലാനിയമത്തെ കോൺഗ്രസ്സുകാരനായ ചുമ്മാർ അനുകൂലിച്ചു. ഇപ്പോഴത്തെ മന്ത്രിയുടെ സ്വാശ്രയനിയമത്തെ ചുമ്മാർ എതിർക്കുന്നു. രാഷ്ട്രീയത്തിന്റെ പേരിലുള്ള കെ.എം.ചുമ്മാറിന്റെ ഈ മാറ്റം ജനം ശ്രദ്ധിക്കുന്നില്ലെന്ന് ചുമ്മാർ വിചാരിക്കരുത്.

എം.എ.ബേബിയുടെ സ്വാശ്രയനിയമത്തെ എതിർത്തുകൊണ്ട് ഇടയലേഖനത്തിന്റെ ഇടിമുഴക്കം എന്ന ലേഖനപരമ്പര ഒരു വാരികയിലൂടെ പ്രസിദ്ധീകരിച്ച് മെത്രാന്മാരെ പാടിപുകഴ്ത്തിയ കെ.എം.ചുമ്മാർ 1950-ലും, 1972-ലും മെത്രാന്മാർ പ്രസിദ്ധീകരിച്ച ഇടയലേഖനങ്ങളെ തമസ്ക്കരിച്ചു. സുകുമാർ അഴീക്കോടാണോ കെ.എം.ചുമ്മാർ ആണോ അവസരവാദ നയം സ്വീകരിക്കുന്നത്.

സൂയസ് കനാൽ ദേശസാൽക്കരിച്ചതിനെ തുടർന്ന് നമ്മുടെ പ്രതിരോധ മന്ത്രിയായിരുന്ന വി.കെ.കൃഷ്ണമേനോൻ ബ്രിട്ടീഷ് ഫ്രഞ്ചു ഇസ്രായേൽ രാജ്യ

www.malankaralibrary.com

ങ്ങൾക്കെതിരായി ഐക്യരാഷ്ട്രസഭയിൽ നടത്തിയ പ്രസംഗത്തിൽ നാം അഭിമാനം കൊള്ളുന്നില്ലേ ഏതാനും വർഷങ്ങൾക്കകം റഷ്യ, ഹംഗറിയിലും ചെക്കോസ്ലോവാക്യയിലും നടത്തിയ കൂട്ടക്കൊലയെപ്പറ്റി കൃഷ്ണമേനോൻ എതിർത്ത് സംസാരിച്ചില്ല, എന്ന സത്യം വിസ്മരിക്കരുത്. അതിനൊക്കെ അതിന്റേതായ ന്യായങ്ങൾ കാണും.

വിമോചനസമരത്തിന് നേതൃത്വം നൽകിയ എ.കെ.ആന്റണിഇന്ന് വിമോചനസമരത്തെ തള്ളപ്പറയുന്നു. 1980-ലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിൽ അംഗമായി ചേർന്നു. ഇന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയെ തള്ളിപ്പറയുന്നു. ഇതേപ്പറ്റി കെ.എം.ചുമ്മാർ എന്തുകൊണ്ട് മൗനം അവലംബിക്കുന്നു? കോൺഗ്രസ്സുകാരന് എന്തും ചെയ്യാമെന്നാണോ ചുമ്മാരിന്റെ നിലപാട്.

കോൺഗ്രസ്സുകാരനും പിന്നീട് കമ്മ്യൂണിസ്റ്റ് അനുഭാവിയുമായ സുകുമാർ അഴീക്കോട്, രണ്ടുകാലഘട്ടങ്ങളിൽ നടത്തിയ പ്രസംഗത്തിലും എഴുതിയ ലേഖനത്തിലും ആശയങ്ങളിൽ വ്യത്യാസം കാണും. അതേ സമയം കോൺഗ്രസ്സുകാരനായിരുന്നുകൊണ്ട് ഓരോ പ്രസിദ്ധീകരണങ്ങളിലും ഒരേ കാര്യത്തെപ്പറ്റി ഭിന്നാഭിപ്രായത്തിൽ സംസാരിക്കുന്ന കെ.എം. ചുമ്മാർ ആണോ സുകുമാർ അഴീക്കോടാണോ ഇക്കാര്യത്തിൽ മാന്യൻ എന്ന് വായനക്കാർ ചിന്തിക്കട്ടെ. ഒരു കത്തോലിക്കാ വാരികയിൽ രണ്ടുവർഷത്തിനിടയിൽ ശ്രീ.കെ.എം.ചുമ്മാർ എഴുതിയ കാര്യങ്ങളിലെ വൈരുദ്ധ്യങ്ങൾ ആദ്യം മനസ്സിലാക്കട്ടെ. അതിനു ശേഷം സുകുമാർ അഴീക്കോടിനെ ക്രോസ് വിസ്താരം ചെയ്താൽ മതി. പ്രൊഫ അഴീക്കോടിനോട് പല കാര്യങ്ങളിലും ഈ ലേഖകന് അഭിപ്രായവ്യത്യാസമുണ്ട്. അഭിപ്രായവ്യത്യാസം നിലനിർത്തിക്കൊണ്ടാണ് ഈ കുറിപ്പ് എഴുതുന്നത്.

# 6. പ്രതിഫലം ഇച്ഛിക്കാത്തവർ

## സ്വയം വിലയിരുത്തുക

സുകുമാർ അഴീക്കോടിന്റെ ലേഖനങ്ങളിൽ സ്ഥായിയായ വ്യത്യാസം ഉണ്ടെന്ന് സമർത്ഥിക്കുകയാണ് കെ.എം. ചുമ്മാർ ചെയ്തിരിക്കുന്നത്. എന്നാൽ ഒരേ കാര്യത്തെപ്പറ്റി പല പ്രസിദ്ധീകരണങ്ങളിൽ പലവിധത്തിൽ എഴുതുന്ന ചുമ്മാർ, താൻ എഴുതുന്നതും പറയുന്നതും ശരിയാണോ, അവസരവാദപരമാണോ എന്ന് ഒരു ആത്മപരിശോധന നടത്തുന്നതുകൊള്ളാം. 1950-ലെ പനമ്പള്ളി പദ്ധതിയേയും 1972 സർവ്വകലാശാല ബില്ലിനെയും അനുകൂലിച്ച ചുമ്മാർ സ്വാശ്രയനിയമത്തെ എതിർക്കുന്നു. ഇന്ന് മെത്രാന്മാരുടെ ഇടയലേഖനത്തെ പാടിപ്പുകഴ്ത്തുന്നു. 1950-ലും 1972-ലും മെത്രാന്മാർ പുറപ്പെടുവിച്ച ഇടയലേഖനങ്ങൾ കണ്ടില്ലെന്ന് നടിക്കുന്നു.

www.malankaralibrary.com

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലും ദേശീയ നവോത്ഥാന ശ്രമങ്ങളിലും പങ്കെടുത്തവർ ഒന്നും പ്രതിഫലമായി പ്രതീക്ഷിക്കാതെയാണ് പ്രവർത്തിച്ചത്. കാരാഗ്രഹവാസവും മർദ്ദനവും മരണവും മാത്രമാണവർ പ്രതീക്ഷിച്ചത്. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തവരുടെ ദുരിതങ്ങൾ നേരിട്ടു മനസ്സിലാക്കിയ സർക്കാർ അവർക്ക് താമ്രപത്രം നൽകി ആദരിച്ചു. സ്വാതന്ത്ര്യ സമരസേനാനികൾക്ക് പെൻഷൻ അനുവദിക്കുകയും ചെയ്തു. നിരവധി സ്വാതന്ത്ര്യ സമരസേനാനികൾ താമ്രപത്രവും പെൻഷനും വാങ്ങുവാൻ തയ്യാറായില്ല. ഇതൊന്നും പ്രതീക്ഷിച്ചല്ല സ്വാതന്ത്ര്യ സമരത്തിന്റെ തീച്ചൂളയിൽ കൂടി കടന്നു പോയതെന്ന് അവർ പറഞ്ഞു. ഇന്ത്യയിലെ ഭാവി തലമുറയ്ക്ക് നന്മ–സ്വാതന്ത്ര്യം കൈവരണമെന്ന് മാത്രമേ അവർ ആഗ്രഹിച്ചുള്ളൂ. ഒരു നേരത്തെ ഭക്ഷണത്തിന് വകയില്ലാത്തവരും അന്തിയുറങ്ങാൻ പാർപ്പിടമില്ലാത്തവരും മരുന്നു വാങ്ങുവാൻ പണമില്ലാത്തവരുമായ സ്വാതന്ത്ര്യസമരസേനാനികളാണ് അവർക്കുള്ള പെൻഷൻപോലും വേണ്ടന്ന് പറഞ്ഞത്. അവർ സ്വാതന്ത്ര്യ സമരത്തിൽ ഏർപ്പെട്ടപ്പോഴും ഉറച്ചു നിന്ന് പോരാടിയപ്പോഴും അവരുടെ ഹൃദയശുദ്ധി എത്ര പവിത്രമായിരുന്നു എന്നുള്ള വസ്തുത നാം മനസ്സിലാക്കണം.

അതേസമയം സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കാത്തവരിൽ പലരും കള്ളരേഖകൾ ഉണ്ടാക്കി, താമ്രപത്രവും പെൻഷനും കൈക്കലാക്കുവാൻ ശ്രമിച്ചിട്ടുമുണ്ട്.

നമ്മുടെ ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 63 വർഷങ്ങൾ പിന്നിട്ടു കഴിഞ്ഞിരിക്കുന്നു. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തവർ ഇന്ന് വളരെ കുറച്ചാളുകൾ മാത്രമേയുള്ളൂ. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തവരിൽ പലരും പിന്നീട് ഭരണരംഗത്ത് ഇടം കണ്ടെത്തി സ്വാതന്ത്ര്യ സമര കാലത്ത് അവർ ഉയർത്തിപ്പിടിച്ച പല കാര്യങ്ങളും ചവുട്ടിമെതിച്ചവർ ധാരാളമാണ്. ഈ തിന്മ കണ്ട് സഹിക്ക വയ്യാതെ പലരും രാഷ്ട്രീയത്തിൽ നിന്നും പിന്മാറി. ആ പിന്മാറ്റം പല അവസരവാദികളുടെയും അധികാരരംഗത്തേക്കുള്ള കടന്നുകയറ്റത്തിന് വഴി തെളിച്ചു. സ്വാർത്ഥതയും അവസരവാദവുമായി പൊതുപ്രവർത്തനത്തിലേയ്ക്ക് കടന്നു വന്നവർ പിൻതലമുറയ്ക്ക് ദുർസാക്ഷ്യമാണ് നൽകിയത്. പിൽക്കാലത്ത് രാഷ്ട്രീയ പ്രവർത്തകർ, പൊതുവെ സ്വാർത്ഥരും സങ്കുചിത മനസ്കരും വ്യക്തിഗത നേട്ടങ്ങൾ മാത്രം കാംക്ഷിക്കുന്നവരുമായി തീർന്നു. ഭൗതിക നേട്ടം, പ്രശസ്തി, അധികാരം, സ്വാധീനം, സമ്പത്ത് എന്നിവയ്ക്കു പിന്നാലെ ഭ്രാന്തമായ പരക്കം പാച്ചിലാണ് അവർ നടത്തികൊണ്ടിരിക്കുന്നത്. അതിനവരെ പ്രേരിപ്പിച്ചതിൽ ഒരു ഘടകം അധികാരത്തിലേറിയവരുടെ തെറ്റായ സാക്ഷ്യമാണ് എന്ന് പറയേണ്ടിയിരിക്കുന്നു.

ഒരമ്മയുടെ സ്നേഹം മറ്റൊന്നും പ്രതീക്ഷിച്ചു കൊണ്ടായിരുന്നല്ലല്ലോ.

www.malankaralibrary.com

ആ സ്നേഹത്തിന്റെ പിന്നിലെ അന്തമറ്റ ത്യാഗങ്ങളും ക്ലേശങ്ങളുമാണ്, മക്കളുടെ പിൽക്കാല ജീവിതത്തിന്റെ ശക്തി. തങ്ങളുടെ മക്കളെ പോർക്കളത്തിലേയ്ക്കും ജയിലറകളിലേക്കും പറഞ്ഞു വിട്ടിട്ടുള്ള അമ്മമാർ എന്തിനുവേണ്ടിയാണ് ആ ത്യാഗത്തിന് തയ്യാറായത്. തങ്ങൾക്ക് ഒരിക്കലും കാണാനൊക്കാത്ത തലമുറകളുടെ ഉൽക്കർഷത്തിനു വേണ്ടി മാത്രമായിരുന്നു.

മിക്ക സ്വാതന്ത്ര്യ സമരസേനാനികളും ആ അമ്മയെപ്പോലെയായിരുന്നു. തങ്ങൾക്ക് സ്വാതന്ത്ര്യവും മറ്റും ലഭിക്കുമെന്ന പ്രതീക്ഷയിലല്ലായിരുന്നു അവർ സമരത്തിൽ പങ്കെടുത്തത്. വരുന്ന തലമുറകൾക്കു വേണ്ടിയാണ് അവർ ആ ത്യാഗസമരം നടത്തിയത്. സ്വാതന്ത്ര്യം കിട്ടിയ നാളുകളിൽ അതിന്റെ വില മനസ്സിലാക്കി പ്രവർത്തിച്ച നേതാക്കളുണ്ടായിരുന്നു. അവർ ഭരണ രംഗത്ത് ഒരു മാതൃകയായിരുന്നു. തനിക്ക് വച്ചു നീട്ടിയ ഉന്നത ഉദ്യോഗങ്ങൾ തിരസ്ക്കരിച്ചു കൊണ്ടും നിലവിലുണ്ടായിരുന്ന ഉന്നത ഉദ്യോഗങ്ങൾ ഉപേക്ഷച്ചു കൊണ്ടും സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തവരായിരുന്നു ആനി മസ്ക്രീനും അക്കമ്മാ ചെറിയാനുമെല്ലാം. സ്വാതന്ത്ര്യാനന്തരം ശ്രീമതി അക്കാമ്മാ ചെറിയാന് മന്ത്രി പദം വാഗ്ദാനം ചെയ്തപ്പോൾ എന്നെക്കാൾ കുടുതൽ കഷ്ടപ്പെട്ട ആനിമസ്ക്രീന് മന്ത്രി സ്ഥാനം കൊടുക്കണമെന്ന് പറഞ്ഞത് അക്കാമ്മാ ചെറിയാൻ ആണ്. ഇ. ജോൺ ഫിലിപ്പോസ് മന്ത്രിക്കെതിരെ അഴിമതിയാരോപണം ഉന്നയിച്ചപ്പോൾ മന്ത്രിസ്ഥാനം രാജി വച്ച് അന്വേഷണം ആവശ്യപ്പെട്ട പാരമ്പര്യം ഇവിടുത്തെ പൊതുപ്രവർത്തകർക്കുണ്ടായിരുന്നു. അതു പോലെ തന്നെ അവർ സത്യത്തിന് എന്നും സാക്ഷ്യം വഹിക്കുകയും ചെയ്തിരുന്നു. മന്ത്രിയായിരുന്ന എ.ജെ ജോൺ നയമസഭയിൽ ഉന്നയിച്ച ചോദ്യത്തിന് ഉത്തരം നൽകിയപ്പോൾ സഭയിൽ ബഹളം ഉണ്ടായി. അപ്പോൾ പ്രതിപക്ഷനേതാവായ കമ്മ്യൂണിസ്റ്റുകാരനായ എം. എൻ. ഗോവിന്ദൻ നായർ എഴുന്നേറ്റു പറഞ്ഞു ശ്രീ. എ.ജെ ജോൺ സാറാണിതു പറഞ്ഞത്. അദ്ദേഹം കള്ളം പറയുകയില്ല. അതു കൊണ്ട് അദ്ദേഹത്തിന്റെ വാക്കുകൾ വിശ്വസിക്കണം. ഇത്ര മാത്രം സത്യസന്ധരായ നേതാക്കൾ നമുക്കുണ്ടായിരുന്നു. ഇന്ന് അതെല്ലാം മാറിയിരിക്കുന്നു.

എന്നാൽ ഇന്നത്തെ സ്ഥിതിയെന്താണ്? കൈക്കൂലി, വ്യജരേഖചമക്കൽ, കുറ്റകരമായ ഗൂഡാലോചനകൾക്കെല്ലാം രാഷ്ട്രീയ നേതാക്കൾ വിധേയരായിയിരിക്കുകയാണ്. ഏതൊക്കെ കക്ഷികൾ രാജ്യം ഭരിച്ചിട്ടുണ്ടോ ആ കക്ഷികളുടെയെല്ലാം നേതാക്കന്മാരുടെ പേരിൽ മേൽ പറഞ്ഞ ആരോപണങ്ങൾ ഉണ്ടായിട്ടുണ്ട്. കൂടുതൽ സൗകര്യം ലഭിച്ചവർ കൂടുതൽ കട്ടു എന്നു മാത്രം.

ദണ്ഡൻ എ. ഐ.സി.സിയുടെ ട്രഷററായിരുന്ന കാലത്ത് ഇന്ത്യയിൽ മൂന്നു പൊതു തിരഞ്ഞെടുപ്പുകൾ നടന്നു. തെരഞ്ഞെടുപ്പ് ഫണ്ട് മുഴുവൻ

www.malankaralibrary.com

കൈകാര്യം ചെയ്തത് അദ്ദേഹമായിരുന്നു. എ. ഐ.സി.സി പ്രസിഡന്റു പദവിയും അദ്ദേഹം വഹിച്ചിട്ടുണ്ട്. അദ്ദേഹം മരിക്കുമ്പോൾ 172 രൂപാ മാത്ര മായിരുന്നു ബാങ്ക് ബാലൻസ്. കേരളത്തിലേക്കു തന്നെ നോക്കൂ. എം. എൽ. എ , മന്ത്രി, ലോക സഭാഗം എന്നീ നിലകളിൽ പ്രവർത്തിച്ചയാളാണ് മത്തായി മാഞ്ഞൂരാൻ. അദ്ദേഹം മരിക്കുമ്പോൾ അദ്ദേഹത്തിന്റെ പേരിലുള്ള ബാങ്ക് ബാലൻസ് 17 രൂപാ മാത്രമായിരുന്നു. എന്നാൽ സുഖറാം, തുടങ്ങിയ മുൻ മന്ത്രിമാരുടെ വീടുകളിൽ നിന്നു ചാക്കിൽ കെട്ടി വച്ചിരിക്കുന്ന 3000 കോടി രൂപയാണ് കണ്ടെടുത്തത്. ബീഹാർ മുഖ്യമന്ത്രിയായിരുന്ന ലാലു പ്രസാദ് യാദവിന്റെ പേരിൽ കാലിത്തീറ്റ കുംഭകോണ കേസിൽ 900 കോടി രൂപ യുടെ വെട്ടിപ്പ് നടന്നുവെന്നാണ് ആരോപണം ഉണ്ടായത് നരസിംഹറാവു, സതീഷ് ശർമ്മ, അധ്വാനി, ഖുറാന, ഭൂട്ടാസിംഗ്, ഷീലാകാൾ, പികെ തുംഗൻ, വി.സി ശുക്ല, ജയലളിത, സിന്ധ്യാ, ദേവിലാൽ, ശിവശങ്കർ, ആരിഫ്, ശരദ് ദയാൽ, കമൽ നാഥ്, തുടങ്ങിയ വിവിധ രാഷ്ട്രീയ കക്ഷി നേതാക്കളുടെ പേരിൽ കോടിക്കണക്കിന് രൂപയുടെ വെട്ടിപ്പുകൾ നടന്നുവെന്നാണ് ആക്ഷേപം ഉയർന്നത്. യഥാർത്ഥ രാജ്യ സ്നേഹികൾ എല്ലാം ത്യജിച്ച് സ്വത ന്ത്ര്യസമരത്തിലേർപ്പെട്ടവർ ഇന്ന് ദുഃഖിക്കുകയാണ്.

ആ ദുഃഖത്തിന്റെ ഹൃദയവേദനയുടെ ഫലമായിട്ടാണ് സ്വാതന്ത്ര്യസ മരസേനാനി നാനാറായ് ഖന്ന എന്ന എൺപത്തി മൂന്നുകാരനായ മഹാരാ ഷ്ട്രക്കാരൻ ഈ രാജ്യത്ത് ജീവിതം വേണ്ടെന്ന് എഴുതി വച്ചിട്ട് ആത്മഹത്യ ചെയ്തത്. അദ്ദേഹം ആത്മഹത്യ ചെയ്തത് ശരിയല്ലായിരിക്കാം. എങ്കിലും അദ്ദേഹത്തിന്റെ ഹൃദയവേദന മനസ്സിലാക്കുവാൻ ഇന്നത്തെ ഭരണാധികാ രികൾക്കും രാഷട്രീയ പ്രവർത്തകർക്കും കഴിയണം. ഒരു പഞ്ചായത്തു മെമ്പർ പോലും ആകാൻ അദ്ദേഹം ആഗ്രഹിച്ചില്ല. അധികാരത്തിന്റെ അക ത്തളങ്ങളിൽ പ്രവേശിക്കാൻ ശ്രമിച്ചുമില്ല്ല. കോടിക്കണക്കിന് രുപാ സമ്പാദി ക്കാനോ ബംഗ്ലാവുകൾ തീർക്കാനോ, തോട്ടങ്ങൾ വാങ്ങിക്കൂട്ടാനോ, ആഗ്ര ഹിക്കാതെ എല്ലാം രാഷ്ട്രത്തിനു വേണ്ടി ത്യജിച്ച ഖന്നയെ പോലുള്ളവരുടെ ഹൃദയ വേദന മനസ്സിലാക്കുവാൻ ഭാരത മക്കൾക്കു കഴിയണം.

ഓരോ ഭാരതീയനും ഇന്നനുഭവിക്കുന്ന അപരിഹാര്യമായ നിസ്സ ഹായവസ്ഥയുടെ നിലവിളിയാണ് ഖന്നയുടെ ആത്മഹത്യയിലൂടെ നാം കേൾക്കുന്നത്. അദ്ദേഹത്തിന്റെ ആത്മഹത്യ അതിഭീകരമായ ഒരു നിരാശ യുടെ ഫലമായിരുന്നു. "രാജ്യത്തിന്റെ ദയനീയ സ്ഥിതിക്ക് സാക്ഷിയാകാൻ തന്നെ കൊണ്ടാവില്ലെന്ന് എഴുതി വച്ച ഖന്നയുടെ വാക്കുകൾ ഓരോ ഭാര തീയന്റെയും മനസാക്ഷിയുടെ മുൻപിൽ മുഴങ്ങി കേൾക്കുക തന്നെ വേണം.

തികച്ചും മൂല്യങ്ങളിൽ അടിയുറച്ച് നിന്ന് എല്ലാ കഷ്ടനഷ്ടങ്ങളും സഹിക്കാൻ തയ്യാറായ രണ്ടു മനുഷ്യസ്നേഹികളുടെ കഥ "വരിക വരിക സഹജരെ" എന്ന പാലാ കെ.എം. മാത്യുവിന്റെ ഗ്രന്ഥത്തിൽ ചേർത്തിട്ടു

www.malankaralibrary.com

ണ്ട്. തന്റെ സഹോദരൻ പ്രൊ. കെ. എം. ചാണ്ടി പ.റഞ്ഞ വാക്കുകളാണ് ആ ഗ്രന്ഥത്തിലെ പ്രതിപാദ്യം. അത് താഴെ ചേർക്കട്ടെ.

"മൂവാറ്റുപുഴയിലെ ഒരു ഗ്രാമത്തിലെ ഇടത്തരം ജന്മിയായിരുന്നു രാമൻ ഇളയത്. അങ്ങേർക്ക് ഒരു ഭ്രാന്തുകയറി; സ്വാതന്ത്ര്യഭ്രാന്ത്. വൈക്കം ക്ഷേത്രവഴിയിലൂടെ ഈഴവ പുലയാദി അധസ്ഥിതജാതിക്കാർക്കു വഴിനടക്കാൻ സ്വാതന്ത്ര്യമില്ലാത്തതിനെതിരായി 1924-ൽ വൈക്കം സത്യാഗ്രഹമാരംഭിച്ചു. തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരും കണ്ണിൽ കണ്ടുപോയാൽ ദോഷമുള്ളവരുമായ ഇവർക്കു സ്വാതന്ത്ര്യം നേടണം. ഇതിനാണ് തന്റെ സത്യാഗ്രഹം. തന്റെ മഹേശ്വരനായ ഗാന്ധിജിയുടെ ആശീർവാദവും ഇതിനുണ്ടെന്ന് ഇളയത് അറിഞ്ഞു. ഒരു ദിവസം രാവിലെ പുത്രകളത്രാദികളുടെ കണ്ണീർ കണ്ട് സ്വന്തം കണ്ണുതുടച്ചു കൊണ്ട് രാമൻ ഇളയത് വീടുവിട്ട് വൈക്കത്തിനു പുറപ്പെട്ടു. അന്നത്തെ രീതിക്ക് ഒരു രണ്ടാംമുണ്ടു പുതച്ച് കൗപീനത്തിനുമുകളിലുടുത്ത ഒറ്റമുണ്ടു മടക്കിക്കുത്തി, കാൽനടയായി വൈക്കത്തേക്ക് നടന്നു. അക്കാലത്ത് വാഹനങ്ങളൊന്നുമില്ല. 99-ലെ വെള്ളപ്പൊക്കകാലമാണ്. കുണ്ടും കുഴിയും ചപ്പും ചവറും ചവുട്ടി സ്ഥലത്തെത്തിയപ്പോൾ വൈക്കം ക്ഷേത്രറോഡ് വെള്ളത്തിനടിയിൽ. സത്യാഗ്രഹാശ്രമത്തിൽ നിന്ന് രണ്ടു മൂന്നു സമരഭടന്മാരുടെ കൂടെ സാവധാനം നടന്ന് ക്ഷേത്രത്തിനടുത്ത് റോഡിൽ കഴുത്തോളം വെള്ളത്തിൽ നിന്ന് ഇളയത് സത്യാഗ്രഹം തുടങ്ങി. മരണമെങ്കിൽ മരണം- അതാണല്ലോ അന്നത്തെ മുദ്രാവാക്യം. മണിക്കൂറുകൾ കഴിഞ്ഞിട്ടും ഈ മനുഷ്യന്റെ കൂടെ ഉള്ളവരും മാറുന്ന മട്ടില്ല. നടന്നോ വള്ളത്തിലോ ആയി ചില സവർണ്ണമേധാവികൾ അയച്ച മൂന്നുനാലു ഗുണ്ടകൾ അവിടെയെത്തി ഇളയതിന്റെ കണ്ണുകളിൽ ബലാൽക്കാരമായി ചുണ്ണാമ്പെഴുതി....... പിന്നീട് ജീവിതാന്ത്യം വരെ ഈ സവർണ്ണസമരസേനാനി അന്ധനായിട്ടാണ് നടന്നത്.

"സമരവുമായി വീടും കൂടും വിട്ടിറങ്ങിയ ഇളയതിന്റെ ഭൂസ്വത്ത് മുഴുവൻ ക്രമേണ നഷ്ടപ്പെട്ടു. സമരം മാത്രമല്ല കാരണം. അക്കാലത്ത് അധസ്ഥിത സമുദായങ്ങൾക്കു വേണ്ടി ഒരു സ്ക്കൂളുണ്ടാക്കി. അയ്യങ്കാളിയെ കൊണ്ട് ഉദ്ഘാടനം ചെയ്യിച്ചു. അഭൂതപൂർവ്വമായ ഒരു മഹാവിപ്ലവമായിരുന്നു അത്. ഇങ്ങനെ കുടുംബം വഴിയാധാരമായി. പിന്നീട് നാടുവിട്ട് ആചാര്യ വിനോബാഭാവെ നിലമ്പൂരിൽ ദാനം നൽകിയ ഒരു ചെറിയ കീറ് ഭൂമിയിലാണ് പരമദാരിദ്ര്യത്തിൽ ആ കുടുംബം ജീവിച്ചത്.

"സമരനേതാവായ കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് ഒരു ദിവസം തൃശൂർ തേക്കിൻകാട് മൈതാനത്തുകൂടി നടന്നു പോകുകയായിരുന്നു. ഒരു ജഡം വഴിയിൽ കിടക്കുന്നതു കണ്ട് അദ്ദേഹം സൂക്ഷിച്ചു നോക്കി. രാമൻ ഇളയത്! സ്വന്തം കണ്ണുകളെ വിശ്വസിക്കാൻ കഴിയുന്നില്ല. നമ്പൂതിരിപ്പാടിന്റെ നേതൃത്ത്വത്തിൽ മൃതദേഹം സംസ്കരിച്ചു."

www.malankaralibrary.com

രാമൻ ഇളയതിനെപ്പോലുള്ളവരുടെ കൈകളിലായിരുന്നു രാജ്യഭരണം ലഭിക്കേണ്ടിയിരുന്നത്. അതു നടന്നില്ല. അദ്ദേഹത്തെപ്പോലുള്ളവരെയെല്ലാം അഗണ്യ കോടിയിലേക്കു തള്ളി അധികാരം കൈയിലൊതുക്കുവാൻ ചില അവസരവാദികൾക്കു സാധിച്ചു.

ടി.കെ മാധവന്റെ കഥ കൂടി ചാണ്ടി സാറിന്റെ വാക്കുകളിലൂടെ കേൾക്കുക. "അയിത്തോച്ചാടനത്തിനും ഹരിജനോദ്ധാരണത്തിനും സ്വാതന്ത്ര്യത്തിനുമായി ജീവിതം മുഴുവൻ ഹോമിച്ച ദേശീയ നേതാവാണ് ടി.കെ. മാധവൻ. സത്യാഗ്രഹസമരം, മദ്യവർജ്ജന പ്രസ്ഥാനം എസ്.എൻ.ഡി.പി, ദേശാഭിമാനിപത്രം, സ്വാതന്ത്ര്യ സമരം എന്നിങ്ങനെ എന്തെല്ലാം നയിച്ച മഹാരഥനാണ് ഈ ഗാന്ധിശിഷ്യൻ. സാമാന്യം നല്ല ധനശേഷിയുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ അന്ത്യം എങ്ങിനെയായിരുന്നുവെന്നോ? ചികിത്സിക്കാൻ വശമില്ല. വമ്പിച്ച കടബാദ്ധ്യത, വീട്ടാൻ നിവൃത്തിയില്ല. പാഴ് തടിയായ പാലമരത്തിന്റെ പലക കൊണ്ട് മറച്ച ഒരു വീട്ടിൽ കിടന്നാണ് അദ്ദേഹം മരിച്ചത്."

രാമൻ ഇളയതും ടി.കെ മാധവനും പോലുള്ളവരായിരിക്കണം നമ്മേ നയിക്കേണ്ടത്. അങ്ങനെയൊന്ന് ഇനി ഉണ്ടാകുമോ? അതിനു വേണ്ടി ത്യാഗം അനുഭവിക്കാൻ സമരം നയിക്കാൻ ഞാനും നിങ്ങളും തയ്യാറാകുമോ?

## ക്രൈസ്തവരുടെ രാഷ്ട്രീയ പാർട്ടികളിലെ പങ്കാളിത്തം

സാമൂഹ്യ പരിഷ്ക്കരണ സംരഭങ്ങളിലും ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ മുൻ നിരയിലും നിന്ന് പ്രവർത്തിച്ചവരിൽ ഏറിയ പങ്കും ക്രൈസ്തവരാണ്. രാഷ്ട്രീയ പാർട്ടികളിലെ അവരുടെ പ്രവർത്തനങ്ങൾ ഇന്നും വേണ്ട പോലെ വിലയിരുത്തപ്പെട്ടിട്ടില്ല. ദേശീയ സ്വാതന്ത്ര്യ സമരത്തിന് നേതൃത്വം നൽകിയ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലും, വിവിധ സോഷ്യലിസ്റ്റ് കക്ഷികളിലും എന്തിന് കമ്യൂണിസ്റ്റ് പാർട്ടിയിലും ഉന്നതമായ നേതൃത്വം വഹിച്ചവരാണ് ക്രൈസ്തവർ. രാഷ്ട്രീയ പാർട്ടികളിലെ വർഗ്ഗീയത ക്രൈസ്തവ സംഭാവനകളെ താഴ്ത്തിക്കെട്ടുകയാണ്. തിരുവിതാംകൂറിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ സമുന്നതനായ ടി. വി. തോമസിനെ മുഖ്യമന്ത്രിയാക്കാതിരുന്നതിന്റെ പിന്നിലെ കളികളും നമുക്കറിയാമല്ലോ. ടി.വി ജന്മശതാബ്ധി ആഘോഷങ്ങളുടെ ദുർഗതിയും ചിന്താർഹമാണ്.

www.malankaralibrary.com

# 7. മാവോയിസ്റ്റുകൾ രാജ്യം ഭരിക്കും!

അൻപതു വർഷത്തിനകം ഭാരതത്തിന്റെ ഭരണം പിടിച്ചെടുക്കുമെന്ന് മാവോയിസ്റ്റുകളുടെ ഒരു സമുന്നത നേതാവ് ഏതാനും നാളുകൾക്ക് മുൻപ് പ്രസ്താവിക്കുകയുണ്ടായി. ആ പ്രസ്താവനയെ പരിഹാസപൂർവ്വം വീക്ഷിച്ചവരായിരിക്കും കൂടുതൽ ആളുകളും. ആ അഭിപ്രായം ചിലപ്പോൾ യാഥാർത്ഥ്യമായിത്തീരുമെന്ന് വിചാരിച്ചവരും കാണും.

കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിലേറിയാൽ അന്ന് താൻ ജീവൻ അവസാനിപ്പിക്കുമെന്ന് ഒരു സമുന്നത സാംസ്കാരിക നേതാവ് എഴുപത് വർഷം മുൻപ് പ്രസ്താവിക്കുകയുണ്ടായി. ഒരിക്കലും കമ്മ്യൂണിസ്റ്റുകൾ കേരളത്തിൽ അധികാരത്തിൽ വരികയില്ലെന്ന വിശ്വാസത്തിലാണ് അങ്ങനെ പ്രഖ്യാപിച്ചത്. അദ്ദേഹത്തിന്റെ മരണശേഷമാണെങ്കിലും കമ്മ്യൂണിസ്റ്റുകൾ പലപ്രാവശ്യം ഇവിടെ അധികാരത്തിലേറി. ഇന്നത്തെ ഈ രാഷ്ട്രീയാന്തരീക്ഷം നിലനിൽക്കുകയാണെങ്കിൽ ജനതകളിൽ അസംതൃപ്തിയും അരക്ഷിതബോധവും വളർന്നുകൊണ്ടിരിക്കുകയാണെങ്കിൽ അവരെ സംഘടിപ്പിച്ച് സമരംചെയ്ത് ഇന്ത്യയുടെ ഭരണം മാവോയിസ്റ്റുകൾ പിടിച്ചെടുത്തുവെന്നും വരാം. സംശയിക്കേണ്ട.

തിരുവിതാംകൂറിൽ ഉത്തരവാദ ഭരണപ്രക്ഷോഭണം നടത്തിയത് സ്റ്റേറ്റ് കോൺഗ്രസ്സായിരുന്നു. എല്ലാംമറന്ന് സർവ്വസ്വവും വലിച്ചെറിഞ്ഞ് കാരാഗൃഹത്തിൽ അടക്കപ്പെട്ട് നിർദ്ദയമർദ്ദനങ്ങൾ ഏറ്റുവാങ്ങി ഉത്തരവാദഭരണപ്രക്ഷോഭണത്തിൽ ഏർപ്പെട്ടവർ നിരവധിയായിരുന്നു. ദിവാൻ സർ സി.പി.യുടെ പിൻപിൽ അണിനിരന്ന് ഉത്തരവാദ ഭരണപ്രക്ഷോഭണത്തെ അടിച്ചമർത്താൻ ശ്രമിച്ചവരും ധാരാളമുണ്ടായിരുന്നു. സ്വാതന്ത്ര്യം കിട്ടിയതിനുശേഷം ആദ്യം നടന്ന തിരഞ്ഞെടുപ്പിൽ ഉത്തരവാദഭരണപ്രക്ഷോഭണത്തെ എതിർത്തവർ സ്റ്റേറ്റ് കോൺഗ്രസ്സ് സ്ഥാനാർത്ഥികളായി രംഗത്തുവന്നു. ഉത്തരവാദഭരണ പ്രക്ഷോഭണത്തിൽ പങ്കെടുത്ത് യാതനകൾ അനുഭവിച്ചവർ കോൺഗ്രസ്സിന് പുറത്തും, തുടർന്നങ്ങോട്ടു തിരുവിതാംകൂറിന്റെയും തിരുക്കൊച്ചിയുടെയും രാഷ്ട്രീയ ചരിത്രം അവസരവാദികളുടെയും സ്വാർത്ഥമതികളുടെയും വർഗീയ ഭ്രാന്തന്മാരുടെയും കോലാഹലങ്ങളുടെ ചരിത്രമായി മാറി. ജനസേവനം മറന്ന് അധികാരത്തിനുവേണ്ടി വടംവലി നടത്തുന്നവർ ഭരണം ഏറ്റെടുത്തപ്പോൾ ജനങ്ങൾ അസംതൃപ്തരായിത്തീർന്നു. അസംതൃപ്തരായവർ കമ്മ്യൂണിസ്റ്റ് പാർട്ടിയെ അധികാരത്തിൽ (1957) ഏറ്റിയെന്നു പറയാം. കേരളത്തിലെ സാഹിത്യരംഗവും കലാവേദിയുമൊക്കെ ഏറെക്കുറെ കമ്മ്യൂണിസ്റ്റ്മയമാകുകയും ചെയ്തു. കമ്മ്യൂണിസ്റ്റ്

www.malankaralibrary.com

ഇതരരുടെയിടയിലും ബുദ്ധിജീവികൾ ഉണ്ടായിരുന്നു. പക്ഷെ, അവരെ സംഘടിപ്പിക്കുവാൻ ആരും ശ്രമിച്ചില്ല. ജനവികാരങ്ങൾ മനസ്സിലാക്കുവാൻ ശ്രമിച്ചുമില്ല. സ്വന്തം കാര്യം നേടുവാൻ മാത്രം അവർ ശ്രമിച്ചു. കേരളം ചുവന്നതെങ്ങനെയെന്ന ഫാ. വടക്കന്റെ ഗ്രന്ഥത്തിൽ ഇവിടെ കമ്മ്യൂണിസ്റ്റ് പാർട്ടി വളരാനുള്ള സാഹചര്യത്തെപ്പറ്റി താഴെപറയുന്നവിധം 1959-ൽ വിശകലനം ചെയ്യുകയുണ്ടായി " താഴെക്കിടയിലുള്ള കമ്മ്യൂണിസ്റ്റ് പ്രവർത്തകർ ലക്ഷ്യത്തിലുള്ള ആവേശത്താലും പ്രവർത്തനത്തിലുള്ള ശുഭാപ്തി വിശ്വാസത്താലും വലിയ ത്യാഗശാലികളായിത്തീർന്നിരുന്നു. പട്ടണികിടന്ന് പ്രവർത്തിക്കാൻ അവർക്കൊരു മടിയുമില്ല. പാർട്ടിക്കുവേണ്ടി വിയർത്തൊലിച്ചു വേല ചെയ്യുന്നതിൽ അവർ അഭിമാനിക്കുന്നു. മേലെക്കിടയിലുള്ള നേതാക്കൾ വലിയ സുഖപ്രിയരായി തീർന്നിട്ടുണ്ടെങ്കിലും ഇടിവണ്ടിയെ നേരിട്ട അവരുടെ വിരോജ്ജ്വലമായ ഭൂതകാലത്യാഗത്തിന്റെ സ്മരണ സാധാരണക്കാരെ ഇന്നും ആകർഷിച്ചുകൊണ്ടിരിക്കുന്നു. മറ്റു രാഷ്ട്രീയ പാർട്ടികളിൽ ത്യാഗശീലരായ പ്രവർത്തകർ ഉണ്ടെങ്കിലും അവരേറെക്കുറെ സമുദായത്തിലെ മദ്ധ്യവർത്തികളാണ്. താഴോട്ട് താഴോട്ട് ഇറങ്ങി ചെല്ലുന്തോറും ഇവരുടെ എണ്ണം കുറഞ്ഞു കുറഞ്ഞുവരുന്നു. തന്മൂലം ഇല്ലാത്തവന്റെ സാമൂഹിക സമരം കമ്മ്യൂണിസ്റ്റ് പാർട്ടിക്കേ നടത്താനൊക്കൂ എന്നാണ് മൊത്തത്തിൽ ഉണ്ടായിട്ടുള്ള ഒരു ധാരണ. ഈ ധാരണമൂലം തെരഞ്ഞെടുപ്പുകാലത്ത് കമ്മ്യൂണിസ്റ്റ് പാർട്ടിയെ വിജയിപ്പിക്കാൻ നിർദ്ധനർ കാണിച്ച വ്യഗ്രതയും ശുഷ്കാന്തിയും വിസ്മയാവഹമായിരുന്നു.

നിർദ്ധനരും തൊഴിലാളികളും സാധാരണ ജനങ്ങളും പൊതുവിൽ വലിയ പ്രതീക്ഷയോടെയായിരുന്നു കമ്മ്യൂണിസ്റ്റ് ഭരണത്തെ കാത്തിരുന്നത്. മാനമായി ജീവിക്കാൻ ഉതകുന്ന ഒരു സാമൂഹിക നിലവാരം തങ്ങൾക്ക് കൈവരണമെങ്കിൽ കമ്മ്യൂണിസം വന്നേ മതിയാകൂ എന്നായിരുന്നു ഇവരുടെ വെപ്പ്. മതവിദ്വേഷത്തിന്റെ പേരിലോ ഏകാധിപത്യ പ്രവണതയുടെ പേരിലോ ഉള്ള ഒരു അഭിനിവേശം അല്ലായിരുന്നു അത്, പിന്നെയോ സാമ്പത്തിക സുസ്ഥിതിക്കും സാമൂഹിക ഭദ്രതയ്ക്കും വേണ്ടി ഉഴറുന്ന ഇല്ലാത്ത (HAVENOTS) വരുടെ ഒരു പ്രതീക്ഷയായിരുന്നു. എന്തുകൊണ്ട് ഇങ്ങനെയൊരു പ്രതീക്ഷയുണ്ടായി? കമ്മ്യൂണിസ്റ്റ് പാർട്ടി ഭരിച്ചാലേ നാട്ടിലെ പട്ടിണിയും ദുരിതവും തീരൂ എന്ന് സാധുക്കളുടെ അവബോധത്തിൽ അള്ളിപ്പിടിക്കാനുള്ള സാഹചര്യമെന്തായിരുന്നു?

പ്രധാനകാരണമിതാണ്. കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള പാവങ്ങളുടെ സാമൂഹിക സാമ്പത്തിക സമരം സജീവമായും പ്രക്ഷോഭണാത്മകമായും മുന്നോട്ടു നയിക്കുന്നതിൽ കമ്മ്യൂണിസ്റ്റ് നേതാക്കൾ മുൻനിരയിൽ വന്നുനിന്നു. കർഷകന്റെയും തൊഴിലാളികളുടെയും നെടുനിശ്വാസം കമ്മ്യൂണിസ്റ്റ് കണ്ഠങ്ങളിലൂടെ ഉച്ചത്തിൽ പുറത്തുവന്നു. പോലീസിന്റെയും ജന്മിമുതലാളി വർഗ്ഗത്തിന്റെയും മർദ്ദനങ്ങൾക്ക് വിധേയരായി കമ്മ്യൂണിസ്റ്റ് നേതാക്കൾ കാരാഗൃഹങ്ങളിലേക്ക് പോകുന്നത് നാട്ടുകാർ കണ്ടു. തന്മൂലം കമ്മ്യൂ

www.malankaralibrary.com

ണിസത്തിന്റെ തത്വസംഹിതയെ വെറുക്കുന്ന തൊഴിലാളികളും കർഷകരും കൂടി കമ്മ്യൂണിസ്റ്റുകളുടെ സാമൂഹിക ഹൃദയത്തെ സ്തുതിക്കാൻ തുടങ്ങി.

ഇന്ത്യയിൽ ചില സംസ്ഥാനങ്ങളിലെങ്കിലും കമ്മ്യൂണിസ്റ്റ് പാർട്ടിശക്തമായിക്കൊണ്ടിരുന്നു. കേരളത്തിൽ ഭരണകക്ഷിയും. കമ്മ്യൂണിസ്റ്റ്കാരെ അധികാരത്തിലേറ്റാൻ ശ്രമിച്ചവർക്ക് യാതൊരുപ്രത്യാശയുമില്ലാത്ത നിലയിലേക്കാണ് കമ്മ്യൂണിസ്റ്റ്കാർ ഭരണം നടത്തിയത്. അത് നക്സലൈറ്റിന്റെ വളർച്ചയ്ക്ക് സഹായകരമായി. ഷെക്സ്പിയറുടെ മാക്ക്ബത്തിലെ ബാങ്കോയുടെ പ്രേതത്തെപ്പോലെ ഒരു നിരന്തര ഭീഷണിയായി തീർന്നിട്ടുണ്ട് ഇന്ത്യയിൽ നക്സലൈറ്റുകൾ. ഈ ഭീകര പ്രസ്ഥാനം ഇത്ര വേഗം പടർന്ന് പന്തലിക്കുമെന്ന് ആരംഭത്തിൽ ആരും തന്നെ കരുതിയില്ല. ഒരു വശത്ത് രണ്ടു കമ്മ്യൂണിസ്റ്റുകളുടെ ആദർശവാദവും മറുവശത്ത് പോലീസ് പ്രവർത്തനവും കൂടി ആകുമ്പോൾ അനുയായികളില്ലാതെ ഈ പ്രസ്ഥാനം തകർന്നടിഞ്ഞു കൊള്ളുമെന്ന് പലരും വ്യാമോഹിച്ചു. തുടക്കത്തിൽ പശ്ചിമബംഗാളിലും ആന്ധ്രയിലും കേരളത്തിലുമായി ഒതുങ്ങി നിന്ന നക്സലിസം ഇന്ന് ഇന്ത്യയുടെ മണ്ണിൽ പലഭാഗത്തും അതിന്റെ വേരുകൾ ഓടിച്ചിട്ടുണ്ട്. പശ്ചിമ ബംഗളിലെ ഡാർജിലിംഗ് ജില്ലയിലെ നക്സൽ ബാരിയെന്ന സ്ഥലത്ത് ഒരു സംഘം കർഷക തൊഴിലാളികൾ കമ്മ്യൂണിസ്റ്റ് തീവ്രവാദികളായ കനു സന്യാലിന്റെയും ജഗൽ സന്താളിന്റെയും നേതൃത്വത്തിൽ ഭൂവുടമകൾക്കെതിരായി ആയുധമെടുത്തതോടെയാണ് നക്സൽ ബാരി പ്രസ്ഥാനം ജന്മം കൊണ്ടത്. മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ അന്ന് ബംഗാളിൽ ഭരിച്ചിരുന്ന ഗവൺമെന്റ് അന്ന് വിപ്ലവകാരികളെ അടിച്ചമർത്തി. ഇതിന്റെ ഫലമായി ബംഗാളിൽ തൽക്കാലം ഈ പ്രസ്ഥാനം തിരോധാനം ചെയ്തെങ്കിലും ഇന്ത്യയുടെ ഇതര ഭാഗങ്ങളിൽ അത് തലപൊക്കി.

സവർണ്ണമേധാവിത്വത്തിനെതിരേ ഗിരിജൻ മലവർഗ്ഗക്കാരെ ഇളക്കിവിട്ടു കൊണ്ടാണ് നക്സലൈറ്റുകൾ ആന്ധ്രയിലെ ശ്രീ കാകുളത്ത് ചോരയുടെ തത്വശാസ്ത്രം വേരോടിച്ചത്. കുറച്ചു കാലത്തേക്ക് ഒരു സമാന്തര സർക്കാരും കുറേ ജനകീയ കോടതികളും അവിടെ പ്രവർത്തിച്ചു. അങ്ങനെ ശ്രീകാകുളം ഇന്ത്യയിലെ "യെനാൻ" (ചൈനയിൽ കമ്മ്യൂണിസ്റ്റ് വിപ്ലവം പൊട്ടിപ്പുറപ്പെട്ട സ്ഥലം) ആയി തീർന്നു. ഇതിനെ ഒരു പരിധി വരെ നേരിടാൻ ആന്ധ്രാ ഗവൺമെന്റിന് സാധിച്ചെങ്കിലും രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിൽ ശ്രീകാകുളങ്ങൾ രൂപം കൊണ്ടു. അധികം താമസിയാതെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലേയ്ക്ക് നക്സലൈറ്റുകൾ പ്രവർത്തനം വ്യാപിപ്പിച്ചു. കേരളത്തിൽ പുൽപ്പള്ളിയിലും കുറ്റിയാടിയിലും തുടങ്ങി നഗരൂരും കിളിമാനൂരും വരെ അവർ ചോരയുടെ സിദ്ധാന്തം പ്രായോഗികമാക്കി.

ബീഹാറിൽ - പൂർണ്ണിയ, ജംഷഡ്പൂർ, റാഞ്ചി, ബറൗണി, ധൻബാദ്, തുടങ്ങിയ സ്ഥലങ്ങളിൽ നക്സലിസം വ്യാപിച്ചു. യു. പി. ആസ്സാം, കാശ്മീർ തുടങ്ങിയ അതിർത്തി ദേശസംസ്ഥാനങ്ങളിൽ ചൈനീസ് സഹായത്തോ

www.malankaralibrary.com

ടെയും മദ്ധ്യപ്രദേശ്, ഒറീസ്സാ, തമിഴ്നാട് എന്നീ മദ്ധ്യദേശ സംസ്ഥാനങ്ങളിലും നക്സലൈറ്റുകൾ ശക്തി പ്രാപിച്ചു. നക്സലൈറ്റുകൾ 'വിപ്ലവം തോക്കിന്റെ കുഴലിൽ നിന്ന് തുടങ്ങുന്നു എന്ന മാവോയിസ്റ്റ് തത്വത്തിൽ അന്ധമായി വിശ്വസിക്കുന്നു. വിപ്ലവത്തിന് വ്യാവസായ തൊഴിലാളികളെയല്ല കർഷക തൊഴിലാളികളെയാണ് നക്സലൈറ്റുകൾ ആശ്രയിക്കുന്നത്.

നക്സലൈറ്റുകളുടെ ഭീകര പ്രവർത്തനങ്ങൾ ഒരു വശത്ത് വ്യാപിച്ചപ്പോൾ ഇന്ത്യയൊട്ടാകെ തീവ്രവാദികൾ ആക്രമണം അഴിച്ചു വിടുകയുണ്ടായി. ദീപനാളം വാരികയിൽ ശ്രീ. റ്റി. സി. മാത്യു രാജ്യത്തിന്റെ നാലിലൊരു ഭാഗം മാവോയിസ്റ്റ് ഭീഷണിയിൽ എന്ന് സമർത്ഥിച്ചു കൊണ്ട് എഴുതിയ ലേഖനത്തിലെ ഒരു ഭാഗം ഉദ്ധരിക്കാം.

"ആഭ്യന്തര രംഗത്തു ഭീകരാക്രമണങ്ങൾ ഒട്ടൊന്നു നിയന്ത്രണ വിധേയമായി എന്നു തോന്നിയ സമയത്താണ് മാവോയിസ്റ്റ് നക്സൽ തീവ്രവാദം ഇപ്പോൾ ഭീഷണിയാകുന്നത്. 16 സംസ്ഥാനങ്ങളിലായി 195 ജില്ലകൾ നക്സൽ തീവ്രവാദത്തിനു വേരുറപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നാണു വിലയിരുത്തൽ. രാജ്യത്തെ ഭൂവിസ്തൃതിയുടെ ഏതാണ്ടു നാലിലൊന്നു വരും ഇത്.

ബംഗാൾ, ഒറീസ, ജാർഖണ്ഡ്, ഛത്തീസ്ഗഡ്, ബീഹാർ, ആന്ധ്രാ പ്രദേശ്, മഹാരാഷ്ട്രാ സംസ്ഥാനങ്ങളിലാണ് മാവോയിസ്റ്റ് ഗറില്ലകൾ കൂടുതൽ ശക്തം. ഛത്തീസ്ഗഡ്, ജാർഖണ്ഡ്, ഒറീസ്, ബംഗാൾ സംസ്ഥാനങ്ങളിൽ ചില സ്ഥലങ്ങൾ തങ്ങളുടെ നിയന്ത്രണത്തിലാക്കാനും അവർക്കു കഴിഞ്ഞിട്ടുണ്ട്. പ്രധാനമായും ആദിവാസികളാണ് ഇപ്പോൾ മാവോയിസ്റ്റ് പ്രസ്ഥാനങ്ങളുടെ കാതൽ.

1960 കളിൽ ചാരുമജുംദാർ, കനു സന്യാൽ തുടങ്ങിയവരുടെ നേതൃത്വത്തിൽ സി. പി. എമ്മിലെ തീവ്രവാദികൾ വേറെ ഗ്രൂപ്പായി മാറി, നക്സൽ സംഘടന ഉണ്ടാക്കുമ്പോൾ കർഷകരായിരുന്നു അടിത്തറ. മാവോയുടെ, ഗ്രാമങ്ങളിൽ നിന്ന് വിപ്ലവം തുടങ്ങാനുള്ള ആഹ്വാനമായിരുന്നു അടിസ്ഥാനം. ഗ്രാമങ്ങൾ തോക്കിൻ കുഴലിലൂടെ വിപ്ലവം കൊണ്ടു വരിക, വിമുക്തമാക്കപ്പെട്ട ഗ്രാമങ്ങൾ ചേർന്നു നഗരങ്ങളെ വളഞ്ഞ് വിപ്ലവം പൂർത്തീകരിക്കുക. ഇതായിരുന്നു നക്സൽ ബാരിയിൽ പരീക്ഷിച്ച തന്ത്രം. വടക്കൻ ബംഗാളിലെ നക്സൽ ബാരി ഗ്രാമത്തിൽ കർഷകരുടെ ഈ സായുധ കലാപം 52 ദിവസം കൊണ്ട് അവസാനിച്ചു.

എങ്കിലും പ്രസ്ഥാനം തുടർന്നു. കേരളത്തിലും ആന്ധ്രാപ്രദേശിലുമൊക്കെ ഒറ്റപ്പെട്ട നക്സൽ ആക്രമണങ്ങൾ ഉണ്ടായി.

1969-ലാണ് തീവ്ര ഇടതുപക്ഷക്കാരെല്ലാം ചേർന്ന് സി.പി.ഐ (എം. എൽ) രൂപീകരിച്ചത്. 1972-ൽ ചാരു മജുംദാർ അറസ്റ്റ് ചെയ്യപ്പെട്ട് ജയിലിൽ മരിച്ചു. ബംഗാളിലെ നക്സൽ പ്രസ്ഥാനത്തെ 1972-77 കാലത്തു പോലീസ് ഒട്ടു മുക്കാലും ഉന്മൂലനം ചെയ്തു. കേരളത്തിലും നക്സൽ പ്രസ്ഥാനത്തിന്റെ ഭൂരിപക്ഷം പ്രവർത്തകരെയും വധിക്കാനോ പിടികൂടാനോ ആയി.

www.malankaralibrary.com

1975-77 ലെ അടിയന്തരാവസ്ഥയും നക്സലുകളെ ദുർബലരാക്കി.

അടിയന്തരാവസ്ഥയ്ക്കു ശേഷമുള്ള വർഷങ്ങളിൽ മൂന്നു ഡസനി ലേറെ വിഭാഗങ്ങളായി നക്സലുകൾ പിരിഞ്ഞു. പല തവണ ഐക്യ നീക്കങ്ങൾ നടന്നിട്ടും യോജിപ്പുണ്ടായില്ല. ആന്ധ്രാപ്രദേശിൽ കൊണ്ടപ്പള്ളി സീതാരാമയ്യ നയിച്ച പീപ്പിൾസ് വാർഗ്രൂപ്പും ബീഹാറിൽ വിനോദ് മിശ്ര നയിച്ച ഇന്ത്യൻ പീപ്പിൾസ് ഫ്രണ്ടുമാണ് 1980-കളിൽ ഏറ്റവും ശ്രദ്ധേയാ മായ ഗ്രൂപ്പുകൾ പീപ്പിൾസ് ഫ്രണ്ട് 1989-ൽ ബീഹാറിലെ ആറാം ലോക സഭാ സീറ്റിൽ നിന്നു വിജയിക്കുകയും ചെയ്തു. 1992-ൽ പീപ്പിൾസ് ഫ്രണ്ട് സി. പി. ഐ. (എം. എൽ) ലിബറേഷൻ എന്ന പേരിലേക്കു മാറി.

1990 കളിൽ പീപ്പിൾസ് വാർഗ്രൂപ്പും സി. പി. ഐ (എം. എൽ.) ലിബ റേഷനും മാവോയിസ്റ്റ് കോ- ഓർഡിനേഷൻ സെന്ററും തമ്മിലുള്ള പോരാ ട്ടങ്ങളായിരുന്നു ശ്രദ്ധേയം. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കിയതിനെ തുടർന്ന് രാജ്യത്തുണ്ടായ ജാതീയ ചേരി തിരിവാണ് നക്സൽ പ്രസ്ഥാന ങ്ങളെ പരസ്പര ഉന്മൂലനത്തിലേക്കു നയിച്ചത്.

2004-ൽ പീപ്പിൾസ് വാർ ഗ്രൂപ്പും മാവോയിസ്റ്റ് കോ- ഓർഡിനേഷൻ സെന്ററും ലയിച്ചതോടെയാണ് ഇപ്പോഴത്തെ മാവോയിസ്റ്റ് ആക്രമണങ്ങളുടെ കാലം തുടങ്ങുന്നത്. കൂടുതൽ നവീന ആയുധങ്ങളും വാർത്താവിനിമയ ഉപാധികളുമൊക്കെ വിദേശ സഹായത്തോടെ കിട്ടി. തുടർന്നുള്ള വർഷങ്ങൾ രാജ്യത്തു മാവോയിസ്റ്റ് ആക്രമണങ്ങളുടെ എണ്ണവും അവ വഴിയുള്ള മര ണവും വർധിക്കുന്നതിനു സാക്ഷ്യം വഹിച്ചു.

ഒടുവിൽ എത്തി നില്ക്കുന്ന ജമ്മു- കാഷ്മീരിനേക്കാൾ വലിയ വെല്ലു വിളിയാണു മാവോയിസ്റ്റുകളുടേത് എന്ന അവസ്ഥയിലാണ്. 2009-ൽ കാശ്മീ രിൽ 133 പേരാണ് ഭീകരാക്രമണങ്ങളിൽ കൊല്ലപ്പെട്ടത്. മാവോയിസ്റ്റ് ആക്ര മണങ്ങളിൽ രാജ്യത്താകമാനം ആ വർഷം കൊല്ലപ്പെട്ടതാകട്ടെ 908 പേരും. 2010-ൽ മാർച്ച് 29 വരെ കാഷ്മീരിൽ 29 പേർ കൊല്ലപ്പെട്ടപ്പോൾ രാജ്യത്തു മാവോയിസ്റ്റുകൾ കൊന്നത് 132 പേരെ.

രാജ്യത്തെ മാവോയിസ്റ്റ് പ്രസ്ഥാനത്തെ ഇപ്പോൾ നയിക്കുന്നത് ഒരു എട്ടംഗ പോളിറ്റ് ബ്യൂറോയാണ്. 14 പേർ ഉണ്ടായിരുന്നതിൽ അഞ്ചു പേരെ പോലീസ് വധിക്കുകയോ അറസ്റ്റ് ചെയ്യുകയോ ചെയ്ത സാഹചര്യത്തി ലാണു നേതൃത്വം ഇവരിലേക്കു ചുരുങ്ങിയത്.

ആന്ധ്രാപ്രദേശിലെ കരിംനഗറിൽ നിന്നുള്ള അറുപതുകാരനായ മുപ്പല ലക്ഷ്മണ റാവു എന്ന ഗണപതിയാണ് ഇപ്പോൾ പി. ബി. യെ നയിക്കുന്നത്. പീപ്പിൾസ് വാർ ഗ്രൂപ്പിലൂടെ മാവോയിസ്റ്റായതാണു ഗണപതി. മറ്റൊരു ജന റൽ സെക്രട്ടറിയായ കിഷൻജി അഥവാ മല്ലോജുല കോടേശ്വര റാവു മാവോസ്റ്റ് കോ- ഓർഡിനേഷൻ സെന്ററിലൂടെ വന്നയാളും. കിഷൻജിയും ആന്ധ്രാക്കാ രനാണ്. ശാസ്ത്രബിരുദധാരിയും മുൻ അധ്യാപകനുമാണ് ഗണപതി.

www.malankaralibrary.com

ഇവർ കഴിഞ്ഞാൽ പാർട്ടി നേതൃത്ത്വത്തിലെ പ്രധാനി കിഷൻദാ എന്ന പ്രശാന്ത് ബോസ് ആണ്.

പാർട്ടിയിലെ ഏറ്റവും മികച്ച സൈദ്ധാന്തികനായിരുന്ന കോബഡ് ഗണ്ഡി കഴിഞ്ഞ വർഷം അറസ്റ്റിലായി. മുംബൈയിൽ വളർന്ന്, ഡൂൺ സ്ക്കൂളിലും ഇംഗ്ലണ്ടിലും പഠിച്ച ഗണ്ഡി പാർട്ടി പോളിറ്റ് ബ്യൂറോ അംഗമായിരുന്നു."

ഗ്രാമങ്ങളിലെ സായുധ വിപ്ലവത്തിലൂടെ അവിടങ്ങളും പിന്നീട് അവ ഉപയോഗിച്ചു നഗരങ്ങളെ വളഞ്ഞു പിടിച്ച് ആക്രമിച്ച് മാവോയിസ്റ്റ് രാഷ്ട്രം സ്ഥാപിക്കുകയെന്നതാണ് നക്സലൈറ്റുകളുടെ ലക്ഷ്യം. അതിനുള്ള ശ്രമം ഇന്ന് വ്യാപകമായി നടക്കുന്നുണ്ട്.

കേരളത്തിൽ 1800 അംഗങ്ങൾ മാവോയിസ്റ്റ് സംഘടനക്കുണ്ടെന്നാണ് അറിയുന്നത്. ഒരു പക്ഷേ അതിൽ കൂടുതലും ഉണ്ടാകാൻ സാദ്ധ്യതയുണ്ട്.

നക്സലൈറ്റുകൾ പല ഗ്രൂപ്പുകളായി പിരിഞ്ഞു എങ്കിലും അവരുടെ സംഘടിത ശക്തി വർദ്ധിച്ചു കൊണ്ടിരുന്നു. 2004 – സെപ്റ്റംബർ 21-ന് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാവോയിസ്റ്റ്) എന്ന സംഘടന രൂപീകരിച്ചതോടെ കൂടുതൽ ക്രമീകൃതമായ അക്രമ പ്രവർത്തനങ്ങളിലേയ്ക്ക് കടന്നു സി. പി. എം. (എം. എൽ.), പീപ്പിൾസ് വാർ, മാവോയിസ്റ്റ് കമ്മ്യൂണിസ്റ്റ് സെന്റർ ഓഫ് ഇന്ത്യ (എം. സി. സി.) എന്നീ പാർട്ടികളാണ് 2004-ൽ ലയിച്ചത്. സംയുക്ത പ്രസ്ഥാനത്തിന് ഒരു കേന്ദ്രകമ്മറ്റി രൂപീകരിക്കുകയും ചെയ്തു. ഇന്ത്യാ ഗവൺമെന്റിനെ പുറത്താക്കുക എന്നതാണ് തങ്ങളുടെ അത്യന്തിക ലക്ഷ്യമെന്ന് മാവോയിസ്റ്റുകൾ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

രാജ്യത്തെ 28 സംസ്ഥാനങ്ങളിൽ ഇരുപതിലും മാവോയിസ്റ്റു ഘടകങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നാണ് പോലീസിന്റെ കണ്ടെത്തൽ. എങ്കിലും ജാർഖണ്ഡ്, ആന്ധ്രാപ്രദേശ്, ബീഹാർ, സംസ്ഥാനങ്ങളിലെ വനപ്രദേശങ്ങളിലും ഛത്തീസ്ഗഢ്, മഹാരാഷ്ട്ര, പശ്ചിമബാംഗാൾ, ഒറീസാ സംസ്ഥാനങ്ങളിലെ ഗിരിവർഗ്ഗ മേഖലകളിലുമാണ് മാവോയിസ്റ്റുകളുടെ പ്രവർത്തനം സജീവം. ഈ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഒരു വിപ്ലവ മേഖല സൃഷ്ടിക്കാനും അവിടെ ശക്തിയാർജ്ജിച്ച് രാജ്യത്തിന്റെ ഇതര മേഖലകളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുവാനുമാണ് മാവോയിസ്റ്റുകൾ ലക്ഷ്യമിടുന്നത്.

മാവോയിസ്റ്റ് കോ- ഓർഡിനേഷൻ കമ്മറ്റിയുടെ സായുധ വിഭാഗമായിരുന്ന പീപ്പിൾസ് ലിബറേഷൻ ഗറില്ലാ ആർമിയും പീപ്പിൾസ് വാർ ഗ്രൂപ്പിന്റെ സായുധ വിഭാഗമായിരുന്ന പീപ്പിൾസ് ഗറില്ലാ ആർമിയുമൊക്കെ ഇങ്ങനെ ഒരു കൊടിക്കീഴിലായി. പീപ്പിൾസ് ലിബറേഷൻ ഗറില്ലാ ആർമി എന്നാണ് സംയോജിക്കപ്പെട്ട സായുധ വിഭാഗത്തിന്റെ പേര്. ഇന്റലിജൻസ് വിഭാഗങ്ങളുടെ നിഗമനമനുസരിച്ച് ഇതിൽ പതിനായിരത്തോളം അംഗങ്ങളുണ്ട്. അത്യാധുനിക ആയുധങ്ങളും വെടിക്കോപ്പുകളും ഇവരുടെ പക്കലുണ്ട്. മാവോ

www.malankaralibrary.com

യിസ്റ്റു പ്രസ്ഥാനത്തിൽ മൊത്തം ഇരുപതിനായിരത്തോളം അംഗങ്ങളും അയ്യായിരത്തോളം അനുഭാവികളുമുണ്ടെന്നാണ് കണക്കാക്കുന്നത്.

നിയന്ത്രണം കൈയ്യാളുന്നതിനും ആളുകളെ ഭയപ്പെടുത്തുന്നതിനുമായി മാവോയിസ്റ്റുകൾ തങ്ങളുടെ സ്വാധീന മേഖലകളിൽ ചുങ്കം പിരിക്കുകയും ബിസിനസ്സുകാരെ കൊള്ളയടിക്കുകയും, പോലീസുകാരും സർക്കാർ ഉദ്യോഗസ്ഥരുമടക്കം വർഗ ശത്രുക്കളെന്ന് അവർ മുദ്ര കുത്തുന്നവരെ തട്ടിക്കൊണ്ടു പോവുകയും കൊല്ലുകയുമൊക്കെ ചെയ്യുന്നുണ്ട്. സർക്കാരിൽ നിന്നു ജനങ്ങൾക്കു നൽകുന്ന സഹായങ്ങൾ അവരിലെത്താതെ ജനങ്ങളുടെ അകൽച്ച കൂട്ടാനും ശ്രമിക്കുന്നു. തങ്ങളുടെ സ്വാധീന മേഖലകളിൽ ഓരോ കുടുംബത്തിലും നിന്ന് ഓരോരുത്തരെയെങ്കിലും മാവോയിസ്റ്റ് സംഘടനയിൽ ചേർക്കുന്നു. എതിർപ്പു പ്രകടിപ്പിക്കുന്നവരെ അക്രമത്തിലൂടെ നിശബ്ദരാക്കും.

സർക്കാരിന് എത്തിപ്പെടാൻ വയ്യാത്ത പ്രദേശങ്ങളിൽ ജനകീയ വിചാരണ നടത്തിയും തർക്കങ്ങളിൽ വിധി പറഞ്ഞും കോടതിയുടെയും സർക്കാരിന്റെയും റോൾ അവർ തന്നെ ഏറ്റെടുക്കുന്നു.

കൊള്ളയിലൂടെയും ഭീഷണിപ്പെടുത്തലിലൂടെയും തട്ടിക്കൊണ്ടു പോകലിലൂടെയുമൊക്കെ ലഭിക്കുന്ന പണമാണ് മാവോയിസ്റ്റുകളുടെ വരുമാനമാർഗം. തങ്ങളുടെ നിയന്ത്രണത്തിലുള്ള വനമേഖലകളിൽ കഞ്ചാവും കറുപ്പുമൊക്കെ കൃഷി ചെയ്തും ഇവർ പണമുണ്ടാക്കുന്നതായി പോലീസ് പറയുന്നു. ചില അയൽരാജ്യങ്ങളിൽ നിന്നുള്ള സാമ്പത്തിക സഹായവും ലഭിക്കുന്നുണ്ട്. നേപ്പാളിലെ മാവോയിസ്റ്റ് പാർട്ടിയുമായി അടുത്ത ബന്ധമാണ് ഇന്ത്യയിലെ മാവോയിസ്റ്റ് പാർട്ടി പുലർത്തുന്നത്.

മാവോയിസ്റ്റ് പ്രശ്നത്തെ ഒരു ക്രമസമാധാന പ്രശ്നമായിട്ടാണ് ഇത്രനാളും സർക്കാരുകൾ കൈകാര്യം ചെയ്തിരുന്നത്. ജനാധിപത്യ സംവിധാനം അട്ടിമറിക്കപ്പെടാതിരിക്കാൻ പോലീസിനു വേണ്ടത്ര ആയുധങ്ങളും പരിശീലനവും നൽകി സായുധ പോരാട്ടങ്ങളെ അടിച്ചമർത്തണമെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. എന്നാൽ, ഒരു രാഷ്ട്രീയ പരിഹാരം കൂടി ആവശ്യപ്പെടുന്ന സങ്കീർണമായ അവസ്ഥയിലേക്ക് മാവോയിസ്റ്റ് പ്രശ്നം വളർന്നിട്ടുണ്ടെന്നാണ് വിവിധ സംസ്ഥാനങ്ങളിൽ അടുത്ത നാളുകളിലുണ്ടായ അക്രമങ്ങൾ നൽകുന്ന സൂചന."

മാവോയിസ്റ്റുകളുടെ നീക്കം രാജ്യത്തിന് ആപത്താണ് എന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ അവരെ പോലീസിനെയും പട്ടാളത്തെയും ഉപയോഗിച്ച് തകർക്കാമെന്ന് വ്യാമോഹിക്കുന്നത് മൗഢ്യമായിരിക്കും. എന്തുകൊണ്ടാണ് പതിനായിരങ്ങൾ മാവോയിസ്റ്റ് അനുഭാവികളായി മാറിക്കൊണ്ടിരിക്കുന്നത്. അതിനുള്ള കാരണങ്ങൾ കണ്ടെത്തി അവയ്ക്ക് പരിഹാരം കാണാനാണ് ശ്രമിക്കേണ്ടത്. രാജ്യം വൻ പുരോഗതി കൈവരിച്ചെങ്കിലും വികസനം എത്താത്ത പ്രദേശങ്ങൾ ധാരാളമുണ്ട്. അവിടെ

www.malankaralibrary.com

ഭരണകർത്താക്കളും രാഷ്ട്രീയക്കാരും കൂടി ജനങ്ങളെ ചൂഷണം ചെയ്യുന്നു. സർക്കാരിന്റെ പല വികസന പദ്ധതികളും എത്തി നോക്കാത്ത സ്ഥലങ്ങളുണ്ട്. റോഡുകളോ, പാലങ്ങളോ, കുടിവെള്ളമോ, ചികിത്സാ സൗകര്യങ്ങളോ, വിദ്യാഭ്യാസ സൗകര്യങ്ങളോ ഇല്ലാത്ത സ്ഥലങ്ങൾ നിരവധിയാണ്. അവിടെയൊക്കെ വികസന പ്രവർത്തനങ്ങൾ നടന്നതായി സർക്കാരിന്റെ ഫയലിൽ കാണും. പക്ഷെ ഒന്നും നടന്നിട്ടില്ല. നീതി നിഷേധിക്കപ്പെട്ടവരെ സംഘടിപ്പിക്കുവാനും അവരെ കൊണ്ട് ആയുധമെടുത്ത് പോരാട്ടം നടത്താനും എളുപ്പമാണ്. അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങളുടെ ഉയർത്തെഴുന്നേൽപ്പാണ് നാം എവിടെയും കാണുന്നത്.

അധികാരി വർഗ്ഗവും സമ്പന്നന്മാരും അവരുടെ പ്രവർത്തന ശൈലി മാറ്റാത്ത പക്ഷം മാവോയിസ്റ്റുകൾ ഇവിടെ അനുദിനം ശക്തിപ്പെട്ടു കൊണ്ടിരിക്കും. രാജ്യത്ത് നടമാടുന്ന അഴിമതിയും സ്വജനപക്ഷപാതവും തുടരുകയാണെങ്കിൽ മാവോയിസ്റ്റുകൾ ഈ സന്ദർഭം ശരിക്കും ഉപയോഗിച്ച് അൻപതു വർഷത്തിനു മുൻപ് തന്നെ ഭാരതം പിടിച്ചെടുക്കും. അത് സംഭവിക്കാതിരിക്കെണമെങ്കിൽ രാജ്യത്തിന്റെ ഭരണം ജനക്ഷേമകരമായ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കണം.

ഈ അവസരത്തിൽ മാവോയിസ്റ്റ് നേതാക്കളുടെ ചില അനുകരണീയ മാതൃകകൾ കൂടി ഇവിടുത്തെ നേതാക്കന്മാർ മനസ്സിലാക്കിയിരിക്കണം. കനു സന്യാൽ ആയിരുന്നല്ലോ അവരുടെ നേതാവ്. സ്വന്തമായി യാതൊന്നും നേടാനാഗ്രഹിക്കാതെ അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങൾക്കു വേണ്ടി ജീവിതം സമർപ്പിക്കുകയായിരുന്നു അദ്ദേഹം ചെയ്തത്. അവസാന കാലത്ത് അദ്ദേഹം നിത്യരോഗിയായിത്തീർന്നു. സാമ്പത്തികമായി ഞെരുങ്ങുകയും ചെയ്തു. കനു സന്യാലിന്റെ അന്ത്യകാലത്ത് അദ്ദേഹത്തിനു വേണ്ട സഹായം നൽകുവാൻ സംസ്ഥാന സർക്കാർ തയ്യാറായി. ഒരു മാനുഷിക പരിഗണന എന്ന നിലയിൽ ആയിരുന്നു ആ നടപടി. പക്ഷെ കനുസന്യാൽ ആ സഹായങ്ങൾ എല്ലാം തിരസ്ക്കരിച്ചു. എന്റെ നാട്ടിലെ പാവങ്ങൾക്ക് ലഭിക്കാത്ത ഒരു സഹായവും എനിക്കു വേണ്ട എന്ന് അദ്ദേഹം ഉറക്കെ പറഞ്ഞു. മരണത്തിലും അദ്ദേഹം പാവങ്ങളുടെ ഒപ്പം നിന്നു. അത് അനേകായിരം മാവോയിസ്റ്റുകളുടെ സ്നേഹാദരവുകൾ ഏറ്റു വാങ്ങുന്നതിനിടനൽകി. സ്വാതന്ത്ര്യ സമരത്തിൽ ഏർപ്പെട്ടവരും ഏർപ്പെട്ടെന്ന് വ്യാജ പ്രസ്താവന നടത്തി സ്വാതന്ത്ര്യ സമര പെൻഷനു വേണ്ടി ഓടി നടക്കുന്നവരുടെയുമിടയിലാണ് കനു സന്യാൽ എല്ലാ സഹായങ്ങളും തിരസ്ക്കരിച്ചതെന്ന കാര്യം നാം വിസ്മരിക്കരുത്.

സ്വയം ത്യജിക്കാനും മറ്റുള്ളവർക്കു വേണ്ടി ജീവിതം ഉഴിഞ്ഞു വയ്ക്കുവാനും തയ്യാറായിട്ടുള്ളവർ എവിടെയാണോ കൂടുതലായിട്ടുള്ളത്, അവരായിരിക്കും അന്തിമമായി വിജയിക്കുന്നതെന്ന സത്യം വിസ്മരിക്കരുത്.

www.malankaralibrary.com

# 8. വിസ്മരിക്കപ്പെടുന്ന വ്യക്തികളും സംഭവങ്ങളും

ലോക ചരിത്രഗതിയെ തിരിച്ചുവിട്ട പലമഹാത്മാക്കൾക്കും ജന്മം നൽകിയ ഒരു നാടാണ് കേരളം. ചരിത്രം തിരുത്തിക്കുറിച്ച ആ മഹാത്മാക്കളെ വേണ്ട വിധം ആദരിക്കാനോ അവരുടെ മഹത്തായ സേവനങ്ങളെ ഇന്നത്തെ തലമുറയുടെ മുൻപിൽ അവതരിപ്പിക്കുവാനോ വേണ്ടത്ര ശ്രമം നാം നടത്തിയിട്ടില്ല. അവ യഥാസമയം ജനങ്ങളുടെ മുൻപിൽ അവതരിപ്പിക്കാൻ ശ്രമിക്കാതിരുന്നതിന്റെ ഫലമായി അങ്ങനെയുള്ള മഹാന്മാരുടെ പ്രവർത്തനങ്ങളെ തെറ്റായി (മനപൂർവ്വം) വ്യാഖ്യാനിക്കാൻ ചിലർ തയ്യാറായി മുന്നോട്ടുവന്നു. അങ്ങനെയുള്ള വ്യാഖ്യാനങ്ങളിലെ തെറ്റുകൾ ചൂണ്ടികാണിക്കുവാൻ ആരും തയ്യാറാവുകയുമില്ല. ഇതിലൊക്കെ നമുക്ക് എന്തു കാര്യം എന്ന ചിന്ത പലരെയും വലയം ചെയ്തു. ചരിത്രത്തിന്റെ തെറ്റായ ഒഴുക്കിന് അത് ഇടം നൽകി. അർഹിക്കുന്നവർ അവഗണിക്കപ്പെട്ടു. അനർഹർ അർഹിക്കാത്ത പദവികൾ ഗൂഢസംഘത്തിന്റെ പ്രവർത്തനഫലമായി നേടിയെടുത്തു. നമ്മൾ ഓരോരുത്തരുടെയും കുറ്റകരമായ അനാസ്ഥയാണ് ഈ നിലകൈവരുന്നതിനിട നൽകിയത്.

തച്ചിൽ മാത്തുത്തരകൻ, ഷെവ. ഇലഞ്ഞിക്കൽ കുഞ്ഞിത്തൊമ്മൻ ഫാ. വടക്കൻ, ബി. വെല്ലിംഗ്ടൺ തുടങ്ങിയവർ ചരിത്രകാരന്മാരുടെ തെറ്റായ വ്യാഖ്യാനങ്ങളുടെ ഫലമായി തെറ്റിദ്ധരിക്കപ്പെട്ടവരാണ്. തെറ്റായ ചരിത്രരേഖകളുടെ ചുരുളഴിച്ച് അവരുടെ മേൽ സത്യത്തിന്റെ പ്രഭ പരത്തണമെന്ന് ആർക്കും ആഗ്രഹവുമില്ല.

തച്ചിൽ മാത്തുത്തരകൻ തിരുവിതാംകൂർ സർക്കാരിന് 18 ലക്ഷം രൂപാ കടം കൊടുത്തു സഹായിച്ചയാളാണ് അതെല്ലാം കള്ളക്കണക്കെഴുതി വേലുത്തമ്പി എഴുതിതള്ളി തരകനെ ജയിലിലടച്ചു. ചെവി രണ്ടും ഛേദിച്ചു. അദ്ദേഹത്തിനെതിരായി പാഠപുസ്തകങ്ങളിൽ പോലും തെറ്റായ കാര്യങ്ങൾ ചേർത്തിരിക്കുന്നു. എന്നിട്ടും ഈ സമുദായത്തിന് അതിൽ ദുഃഖമില്ല. മാത്തുത്തരകന്റെ യഥാർത്ഥചിത്രം ജനങ്ങളിൽ എത്തിക്കാൻ നാമാരും ശ്രമിച്ചിട്ടില്ല. ശ്രമിക്കുന്നുമില്ല.

മനുഷ്യാവകാശ സംരക്ഷണ പോരാട്ടത്തിൽ തിരുവിതാംകൂറിനെയും തിരുവിതാംകൂർ നിയമസഭയേയും സമരവേദിയാക്കിമാറ്റിയ അത്ഭുത പ്രതിഭാസമാണ് ഷെവ. ഇലഞ്ഞിക്കൽ തര്യതു കുഞ്ഞിത്തൊമ്മൻ ഈഴവർക്കും പുലയർക്കും മുസ്ലീംമിനും ക്രൈസ്തവനും സർക്കാർ സർവ്വീസിൽ പ്രവേശനം

www.malankaralibrary.com

സിദ്ധിപ്പാൻ അടച്ചിട്ട ഉരുക്കു വാതിൽ തകർത്തു പൊളിക്കാൻ കുഞ്ഞിത്തൊമ്മൻ നൽകിയ സേവനം ഒരിക്കലും വിസ്മരിക്കാൻ സാദ്ധ്യമല്ല. അതിനുവേണ്ടി നടത്തിയ പൗരസമത്വ വാദപ്രക്ഷോഭണത്തിന്റെ സകല ചിലവും വഹിച്ചത് കുഞ്ഞിത്തൊമ്മനായിരുന്നു. തന്റെ തോട്ടങ്ങൾ വിറ്റ പണമാണ് അതിന് വിനയോഗിച്ചത്. തിരുകൊച്ചി നിയമസഭയിൽ ഒരു കോൺഗ്രസ്സ് എം. എൽ.എ ജനന നിയന്ത്രണ ബില്ല് അവതരിപ്പിച്ചപ്പോഴും പനമ്പള്ളി ഗോവിന്ദമേനോൻ വിദ്യാഭ്യാസ പദ്ധതിയുമായി രംഗത്തു വന്നപ്പോഴും കോൺഗ്രസ്സ് പാർട്ടിയുടെ എതിർപ്പ് ലംഘിച്ച് സമുദായ താല്പര്യ സംരക്ഷണത്തിനായി ഉറച്ചു നിന്ന ഒരു സമുദായ സ്നേഹിയാണ്. ആ കുഞ്ഞിത്തൊമ്മനെ മനഃപൂർവ്വം തേജോവധം ചെയ്യാനുള്ള ശ്രമത്തിലാണ് ചില കോൺഗ്രസുകാർ ഇന്നും. തച്ചിൽ മാത്തുത്തരകനും ഷെവ. കുഞ്ഞിത്തൊമ്മനും എതിരായി കത്തോലിക്കാ പ്രസിദ്ധീകരണങ്ങളിൽ വരെ ലേഖനങ്ങൾ വന്നുകൊണ്ടിരിക്കുന്നു.

കേരളത്തിലെ കിഴക്കൻ മലയോരങ്ങളിലും മലബാറിലെ സ്വകാര്യ വനപ്രദേശങ്ങളിലും കുടിയേറിയ ഏതാണ്ട് 35 ലക്ഷം ജനങ്ങളെ കുടിയിറക്കിവിടാനാണ് 1960-ലെ ഐക്യമുന്നണി സർക്കാർ ശ്രമിച്ചത്. വിമോചന സമരത്തിനുശേഷം അധികാരമേറ്റെടുത്ത ഗവണ്മെന്റ് ഇത്ര ക്രൂരമായ നിലപാട് സ്വീകരിക്കുമെന്ന് ആരും പ്രതീക്ഷിച്ചതല്ല. അമരാവതിയിൽ ആരംഭിച്ച ഹീനമായ കർഷക ദ്രോഹനടപടികൾ -കൊട്ടിയൂർ മേൽച്ചാർത്തിലൂടെ കടന്ന് ചുരളി കീരിത്തോട്ടിൽ എത്തിനിന്നു. ഗൂഢല്ലൂരും ഷിമോഗയിലും എല്ലാം കൂടിയിറക്കു നടന്നു. അവിടെയെല്ലാം ഓടിയെത്തി കർഷകരെ സംഘടിപ്പിച്ചത് ഫാ. വടക്കനും ബി. വെല്ലിംഗ്ടണും മാത്രമായിരുന്നു. മേൽ ചാർത്തുകൾ റദ്ദാക്കിക്കാനും കുടിയിരുത്തിയവരെ അവിടെത്തന്നെ കുടിയിരുത്തുവാനും ഫാ. വടക്കനും ബി. വെല്ലിംഗ്ടനും സാധിച്ചു. യഥാർത്ഥത്തിൽ മലയോരകർഷകരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകിയത് ആ നേതാക്കളാണ്. അവർ അതിന് നേതൃത്വം നൽകിയപ്പോൾ കത്തോലിക്കാ എം. എൽ.എമാരും നേതാക്കന്മാരും സംഘടിതമായി അവരെ എതിർക്കുകയാണുണ്ടായത്. അവരെ ഏറ്റം കൊള്ളരുതാത്താവരായി ചിത്രീകരിക്കാൻ വ്യാപകമായ ശ്രമം നടന്നു. ഇന്നും സംഘടിതശക്തി ആ നിലയിൽ പ്രവർത്തിക്കുന്നു. പല പ്രസിദ്ധീകരണങ്ങളും ആ നില ഇന്നും തുടരുന്നു.

ആധുനിക മലബാറിന്റെ സൃഷ്ടാവാണ് മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി. അദ്ദേഹത്തിന്റെ ജന്മശതാബ്ദി വർഷമാണിത്. ജാതിക്കും മതത്തിനും വർഗ്ഗത്തിനും അതീതമായി മലബാറിലെ ജനത മാർ വള്ളോപ്പള്ളി തിരുമേനിയുടെ സേവനങ്ങളെ വിലയിരുത്തേണ്ട സന്ദർഭമാണിത്. അക്കാര്യത്തിലും മലബാറിലെ ജനത കുറ്റകരമായ അനാസ്ഥ കാട്ടിയിരിക്കുന്നു.

തിരുവിതാംകൂറിലെ സാമൂഹ്യപരിഷ്കർത്താവെന്ന നിലയിൽ ചാവറ കുര്യാക്കോസ് ഏലിയാസച്ചനും, ബഹുഭാഷാപണ്ഡിതനും ജാതൈക്യസംഘത്തിന്റെ ഉപജ്ഞാതാവും ആയ നിധീരിക്കൽ മാണിക്കത്തനാരും ഷെവ.

www.malankaralibrary.com

ഐ.സി. ചാക്കോയും ഡോ. പി.ജെ. തോമസും സിറിയക് നിധീരിയും ജോൺ നിധീരിയും സി. അന്തപ്പായിയും ബാരിസ്റ്റർ ജോർജ്ജു ജോസഫും എം. എം. വർക്കിയുമെല്ലാം ഓരോദിവസം ചെല്ലുന്തോറും വിസ്മൃതിയിലായിക്കൊണ്ടിരിക്കുന്നു. അവരുടെ പട്ടിക നീട്ടിക്കൊണ്ട് പോയിട്ട് കാര്യമില്ലല്ലോ.

## കമ്മ്യൂണിസ്റ്റ്കാരുടെ മാതൃക

അറിയപ്പെടുന്നവരും അറിയപ്പെടാത്തവരുമായ അനേകരുടെ ചരിത്രം എടുത്തു കാണിക്കുവാൻ സാധിക്കും. ഇവരുടെയൊക്കെ മഹിമാവിശേഷം ജനശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമിക്കാത്തത് കുറ്റകരമായ ഒരു അനാസ്ഥയാണ്. ഈ നാട്ടിലുടനീളം സഞ്ചരിക്കുമ്പോൾ കമ്യൂണിസ്റ്റ്കാരുടെ പ്രവർത്തനശൈലി എന്താണെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഏതെങ്കിലും ഒരു കമ്യൂണിസ്റ്റ്കാരന്റെ ചരമദിനമാണെങ്കിൽ പ്രധാന സ്ഥലങ്ങളിൽ അദ്ദേഹത്തിന്റെ ഫോട്ടോ വച്ച് പുഷ്പചക്രം സമർപ്പിച്ച് ഒരു അനുസ്മരണ പ്രസംഗം നടത്തി ഇൻക്വിലാബ് വിളിച്ച് കമ്മ്യൂണിസ്റ്റുകാർ പിരിഞ്ഞുപോകും അവർ അവരുടെ നേതാക്കളെ തലമുറകളുടെ മുൻപിൽ അവതരിപ്പിക്കുവാൻ പ്രത്യേകം താല്പര്യം കാണിക്കുന്നു. മറ്റുള്ളവർക്ക് അങ്ങനെയൊരു പ്രവർത്തനശൈലിയില്ല. ഇത് നിർഭാഗ്യകരമാണ്.

## പുന്നപ്രവയലാറും വിമോചന സമരവും

വ്യക്തികളുടെ കാര്യം മാത്രമല്ല സംഭവങ്ങൾക്കും ഇതു തന്നെയാണ് ഗതി. പുന്നപ്ര വയാലാർ സമരവം വിമോചന സമരവും മാത്രമെടുക്കാം നാല്പതുകളുടെ മദ്ധ്യത്തിലാണല്ലോ പുന്നപ്രവയലാർ സമരം നടന്നത്. കമ്മ്യൂണിസ്റ്റുകളാണ് പുന്നപ്ര വയലാർ സമരത്തിന് പിന്നൽ നിന്നത്. അതിനെ കോൺഗ്രസ്സുകാർ എതിർക്കുകയും ചെയ്തു. എന്നാൽ പുന്നപ്ര വയലാർ സമരം രക്തസാക്ഷിദിനമായി ആചരിച്ചുകൊണ്ട് വിപുലമായ പരിപാടികൾ വർഷംതോറും നടത്തുന്നു. എന്നാൽ ആ ദിനം വഞ്ചനാദിനമായാചരിച്ചുകൊണ്ട് കോൺഗ്രസ്സുകാരും കുറേനാൾ നടന്നു. കമ്മ്യൂണിസ്റ്റുകാർ ഇന്നും വിശദീകരണയോഗങ്ങൾ നടത്തി പുന്നപ്രവയലാർ സമരം ശരിയായിരുന്നുവെന്ന് സ്ഥാപിച്ചുകൊണ്ട് പ്രചരണം നടത്തുന്നു. അവരുടെ അണികളെ ആ ചിന്താഗതിയിൽ പിടിച്ചു നിർത്തുവാൻ അവർക്ക് സാധിക്കുന്നു. വഞ്ചനാദിനം ആഘോഷിച്ചവർ കിതച്ച് കിതച്ച് ആചരണം നടത്തി. കമ്മ്യൂണിസ്റ്റണികളിൽ ഒരു പോറൽപോലും ഏൽപ്പിക്കുവാൻ ആർക്കും സാധിച്ചില്ല. അതേ സമയം വിമോചന സമരത്തിന്റെ കാര്യം എടുക്കാം. വിമോചന സമരം ഒരു ബഹുജനമുന്നേറ്റമായിരുന്നു. രാജ്യത്തെ ക്രമസമാധാന നിലയുടെ തകർച്ച, വിദ്യാർത്ഥി മർദ്ദനം, സ്വകാര്യ വിദ്യാലയങ്ങളോടുള്ള സർക്കാർ സമീപനം സെൽഭരണം തുടങ്ങിയ വിവിധ കാരണങ്ങളാണ് വിമോചനസമരത്തിന് കളമൊരുക്കിയത്. വിമോചന സമരം വിജയിച്ചു. ഒന്നു

www.malankaralibrary.com

രണ്ടു വർഷം വിമോചനസമരം വിജയിച്ചതിന്റെ ആഘോഷം നടത്തി, പിന്നെ ആ മഹാസംഭവം ജനങ്ങൾ വിസ്മരിച്ചു. വിമോചന സമരത്തിന് നേതൃത്വം നൽകിയ രാഷ്ട്രീയ നേതാക്കൾ, തങ്ങൾക്ക് അധികാരത്തിലേറാനുള്ള ഒരു ചവിട്ടു പടിയായി മാത്രം വിമോചനസമരത്തെ കണ്ടു. വിമോചന സമരം വിജയിച്ചിട്ട് 51 വർഷം കഴിഞ്ഞു. ഈ 51 വർഷവും കമ്മ്യൂണിസ്റ്റുകാർ ലേഖനങ്ങളിലുടെയും പ്രസ്താവനകളിലൂടെയും വിമോചന സമരത്തെ എതിർത്ത് പ്രചരണം നടത്തി. വിമോചനസമരത്തിനുശേഷം ജനിച്ച പുതു തലമുറ കമ്മ്യൂണിസ്റ്റുകളുടെ പ്രചരണത്തിൽ കുടുങ്ങി. തിരഞ്ഞെടുക്കപ്പെട്ട ഗവണ്മെന്റിനെ പിരിച്ചുവിട്ടത് ശരിയായില്ലെന്ന കമ്മ്യൂണിസ്റ്റുകളുടെ പ്രചരണം യുവതലമുറ ഒരു പരിധിവരെ സ്വീകരിച്ചു. വിമോചന സമരത്തിന് നേതൃത്വം നൽകിയ പല നേതാക്കളും പിന്നെ വിമോചന സമരത്തെ തള്ളിപ്പറയുകയും ചെയ്തു.

സ്വാശ്രയ നിയമത്തിനെതിരെയുള്ള സമരപ്രഖ്യാപനം അങ്കമാലിയിലെ കല്ലറയിൽ വച്ചാണ് കേരളാ കാത്തലിക് ഫെഡറേഷൻ പ്രസിഡന്റ് എന്ന നിലയിൽ ഈ ലേഖകൻ നടത്തിയത്. അപ്പോഴാണ് വാർത്താ മാധ്യമങ്ങൾ വിമോചന സമരത്തിനെതിരായ പ്രചരണം നടത്തിയത്. ജനങ്ങൾ മുഴുവൻ തെറ്റിദ്ധരിപ്പിക്കപ്പെട്ടു. വിമോചന സമരത്തിന്റെ കനകജൂബിലിയാഘോഷിച്ചപ്പോഴും അതിന്റെ പ്രത്യാഘാതങ്ങൾ കാണപ്പെട്ടു. അതേസമയം വിമോചനസമരം അന്നും ഇന്നും വർഷംതോറും നടത്തുകയും വിമോചന സമരത്തിന്റ ചരിത്രപശ്ചാത്തലം ജനങ്ങളിൽ പുതിയ തലമുറക്ക് കൈമാറുകയും ചെയ്തിരുന്നുവെങ്കിൽ പുതിയ തലമുറ സത്യം ഗ്രഹിക്കുമായിരുന്നു.

വ്യക്തികളുടെയായാലും സംഭവങ്ങളുടെയായാലും അനുസ്മരണങ്ങളും ചർച്ചകളും നടത്തേണ്ടതാണ്. അതിന് വ്യക്തിപരമായ ഒരു കർമ്മ പരിപാടി ആസൂത്രണം ചെയ്യുകയും വേണം

ഈ സാഹചര്യത്തിൽ ആധുനിക ഇറ്റലിയുടെ രൂപീകരണത്തിൽ മുഖ്യ പങ്കുവഹിച്ച ഗ്യാരിബാൾഡിയുടെ വാക്കുകൾ ഏറെ ശ്രദ്ധേയമാണ്. അദ്ദേഹം തന്റെ അന്ത്യകാലത്ത് പറഞ്ഞു. "എന്നൊടൊത്ത് ഈ പ്രക്ഷോഭണങ്ങളിൽ പങ്കെടുത്തവരുടെ സ്മരണ നിലനിർത്താൻ ഒരു കല്ലുപോലും എടുത്തുവയ്ക്കുവാൻ സാധിച്ചില്ലെന്ന ദുഃഖം എന്നെ വേട്ടയാടുന്നു."

ഗ്യാരിബാൾഡിയുടെ ഈ ദുഃഖം നമ്മുടെ ഓരോരുത്തരുടെയും ദുഃഖമായി മാറണം. ലോക ചരിത്രഗതിയെ തിരിച്ചു വിട്ട വ്യക്തികളെയും സംഭവങ്ങളെയും പുതിയ തലമുറക്ക് പരിചയപ്പെടുത്തുകയെന്ന മഹത്തായ യജ്ഞത്തിന് ഒരു രൂപരേഖ തയ്യാറാക്കണം.

## 2011-ശതാബ്ദികളും ജൂബിലികളും

2011-ലേക്ക് ഒരു രൂപരേഖ ഞാൻ സമർപ്പിക്കുകയാണ്. ഇത് ഒരു താല്ക്കാലിക രൂപരേഖയാണ്. കൂടുതൽ കൂട്ടിച്ചേർക്കലുകൾ സംസ്ഥാനത

www.malankaralibrary.com

ലത്തിലും രൂപതാതലത്തിലും പ്രാദേശിക തലത്തിലും ഉൾപ്പെടുത്തി പ്രവർത്തിക്കുന്നത് സമുചിതമായിരിക്കും.

**സി. അന്തപ്പായി:** മരണം 2011 മേയ് 30-ചരമകനകജൂബിലി
ജനനം ജനു. 2 (2011-2012) 150-ാം ജന്മവാർഷികം

മാർപാപ്പായുടെ കേരള സന്ദർശനം 2011 ഫെബ്രുവരി7 - രജതജൂബിലി

**കെ.ജെ. ജേക്കബ്ബ് കൈതക്കരി:** ഫെബ്രുവരി 12-ജന്മശതാബ്ദി

**പാറേമ്മാക്കൽ തോമ്മാക്കത്തനാർ:** മാർച്ച് 20. തോമ്മാക്കത്തനാരുടെ ഭൗതീകാവശിഷ്ടങ്ങൾ കേരളത്തിലെ എല്ലാ സീറോ-മലബാർ വൈദീക മേലദ്ധ്യക്ഷന്മാരുടെയും സാന്നിദ്ധ്യത്തിൽ രാമപുരത്ത് പഴയപള്ളിയുടെ ഭിത്തിയിൽ പുനഃസംസ്കരിച്ചതിന്റെ പ്ലാറ്റിനം ജൂബിലി. തോമ്മാക്കത്തനാരുടെ 275-ാം ജന്മവാർഷികം.

**മാർ കരിയാറ്റി യൗസേപ്പ് മെത്രാപ്പോലീത്താ** : 2011 ഏപ്രിൽ 12 കേരളത്തിലെ സീറോ-മലബാർ വൈദിക മേലദ്ധ്യക്ഷന്മാരുടെ സാന്നിദ്ധ്യത്തിൽ അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ മാർ കരിയാറ്റിയുടെ ഭൗതീകാവശിഷ്ടങ്ങൾ ഗോവയിൽ നിന്ന് കൊണ്ടുവന്ന് ആലങ്ങാട് പുനസംസ്കരിച്ചതിന്റെ കനകജൂബിലി 2011 ഏപ്രിൽ മാർ കരിയാറ്റിയുടെ മെത്രാഭിഷേക വർഷം 2011 സെപ്റ്റംബർ 10 മാർ കരിയാറ്റിയുടെ 225-ാം ചരമവാർഷികം.

| | |
|---|---|
| **പാറയിൽ ഷെവ. അവിരാത്തരകൻ:** | 2011- തരകന്റെ 175-ാംജന്മദിന വാർഷികം. |
| **പുത്തൻപറമ്പിൽ തൊമ്മച്ചൻ** : | 08-07-2011- 175-ാം ജന്മദിന വാർഷികം. |
| **നിധീരിക്കൽ മാണിക്കത്തനാർ** : | ജാത്യൈക്യസംഘം രൂപീകരിച്ചതിന്റെ 124-ാം വാർഷികം 2011 ജൂൺ 25 |
| **ഷെവി. സി.ജെ. വർക്കി** : | 2011 മാർച്ച് 20 - 120-ാം ജന്മവാർഷികം. |
| **ബാരിസ്റ്റർ ജോർജ്ജ് ജോസഫ്** : | 05-03-2011- 73-ാം ചരമവാർഷികം |
| **സി. ആർ. ഇയ്യുണ്ണി** : | 1510-2011 - 120-ാം ജന്മവാർഷികം |
| **മോൺ. തോമസ് മൂത്തേടൻ** : | 19-03-2011 ജന്മശതാബ്ദി |
| **എം.ഒ. ജോസഫ് നെടുംകുന്നം** : | 26-06-2011 ജന്മശതാബ്ദി |
| **കെ.സി. ചാണ്ടി (അഡ്വ.)** : | 01-03-2011 -01-03-2012 ജന്മശതാബ്ദി |
| **മാത്യു മണിയങ്ങാടൻ എം.പി.** : | 12-02-2011 - 12-02-2012 ജന്മശതാബ്ദി |
| **സിറിയക് കണ്ടത്തിൽ** : | 24-09-2011 ചരമകനകജൂബിലി തുടക്കം |
| **ആർച്ച് ബിഷപ് ജോസഫ് അട്ടിപ്പേറ്റി:** | 25-06-2011 117-ാം ജന്മവാർഷികം |
| **ജെ.സി. പെരുമന** : | 10-07-2011 ചരമ രജതജൂബിലി |
| **മാർ സെബാസ്റ്റ്യൻ വയലിൽ** : | 21-11-2011 ചരമരജതജൂബിലി |

www.malankaralibrary.com

| | | |
|---|---|---|
| **എം.എം. വർക്കി** | : | 30-11-2011 ചരമ രജതജൂബിലി |
| **ഷെവ. ഐ.സി. ചാക്കോ** | : | 12-12-2011 ജനനത്തിന്റെ 136-ാം വാർഷികം |
| **ഫിലിപ്പോസ് മാരേട്ട് ജഡ്ജി** | : | 12-12-2011 ചരമത്തിന്റെ കനകജൂബിലി |

## പ്രധാന സംഭവങ്ങൾ

കമ്മ്യൂണിസ്റ്റുകാർ പുന്നപ്രവയലാർ സമരവാർഷികം ആഘോഷിക്കുന്നതിനെപ്പറ്റിയും വിമോചനസമരത്തിനെതിരായി നടത്തിയ പ്രചരണങ്ങളെപ്പറ്റിയും വിമോചനസമരവാർഷികങ്ങൾ നടത്താതിരുന്നതിന്റെ അപകടങ്ങളെപ്പറ്റിയും നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. തിരുവിതാംകൂറിൽ നടന്ന സാമൂഹ്യപരിവർത്തനത്തിനുള്ള സംരംഭങ്ങൾക്ക് മുഖ്യനേതൃത്വം നൽകിയത് ക്രൈസ്തവരാണ്. എന്നാൽ ക്രൈസ്തവസംഭാവനകൾ പലതും ആർക്കും അറിയാൻ പാടില്ലാത്തവിധം തമസ്കരിക്കപ്പെട്ടിരിക്കുകയാണ്. ഇതിന്റെ അപകടം മനസ്സിലാക്കുവാൻ നമുക്ക് സാധിച്ചിട്ടില്ല.

ക്രിസ്ത്യാനികൾക്ക് എതിരായി തയ്യാറാക്കിയ കുണ്ടറവിളംബരത്തിന്റെ ജൂബിലിയാഘോഷിക്കണമെന്ന് കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾവരെ വാദിക്കുകയാണല്ലോ. കുണ്ടറവിളംബരത്തിന്റെ ഉള്ളടക്കംപോലും മനസ്സിലാക്കാതെയാണ് ഈ നീക്കം. നമ്മുടെ ചരിത്രപരമായ അജ്ഞതയാണ് ഇവിടെ ചൂഷണം ചെയ്യപ്പെടുന്നത്. ഇവിടെ ക്രൈസ്തവർ നടത്തിയ വിവിധ മണ്ഡലങ്ങളിലെ സേവനങ്ങളുടെ ചരിത്രം വരും തലമുറയെ ബോദ്ധ്യപ്പെടുത്താൻ നാം ശ്രമിക്കണം. ഇവിടെ അഖിലേന്ത്യാ തലത്തിലും സംസ്ഥാനതലത്തിലും നടന്ന ജനകീയ പ്രക്ഷോഭണങ്ങളിൽ ക്രൈസ്തവ പങ്കാളിത്തം എന്തായിരുന്നുവെന്ന് പഠനം നടത്തണം.

വിദേശാധിപത്യത്തിനെതിരായി ദേശീയതലത്തിലുള്ള പ്രക്ഷോഭണത്തിന് നേതൃത്വം നല്കിയവരിൽ പ്രധാനികൾ ക്രൈസ്തവരായിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണല്ലോ സ്വാതന്ത്ര്യസമരത്തിന് നേതൃത്വം നല്കിയത്. 1920-ൽ മഹാത്മജി നാഷണൽ കോൺഗ്രസ്സിന്റെ നേതൃത്വം ഏറ്റെടുക്കുന്നതുവരെ ഏതാണ്ട് 14 വർഷക്കാലം കോൺഗ്രസ്സ് നേതൃത്വം ക്രൈസ്തവരുടെ കൈകളിലായിരുന്നു. തിരുവിതാംകൂറിൽ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ പ്രവർത്തകരിൽ ഭൂരിപക്ഷവും ക്രൈസ്തവരായിരുന്നു. ഹോംറൂൾമൂവ്മെന്റ്, തിയോസഫിക്കൽ സൊസൈറ്റി തുടങ്ങിയ പ്രസ്ഥാനങ്ങളുടെ നേതൃത്വവും ക്രൈസ്തവർ ആണ് വഹിച്ചിരുന്നത്.

സ്വാതന്ത്ര്യസമരത്തിലും സ്റ്റേറ്റ് കോൺഗ്രസ്സ് പ്രക്ഷോഭണത്തിലും ഏർപ്പെട്ടവരെ അതിൽനിന്നും പിന്തിരിപ്പിക്കുവാൻ അധികാരികൾ ശ്രമിച്ചു. ആ പ്രലോഭനത്തിൽ പലരും വീണു. എന്നാൽ ഒരു ക്രൈസ്തവ നേതാവുപോലും ഭീഷണിയുടെയോ പ്രലോഭനങ്ങളുടെയോ പിന്നാലെ പോയിട്ടില്ലെന്നുള്ളത് നമുക്ക് അഭിമാനകരമാണ്. പക്ഷെ ഈ സത്യം ഇന്ന് എത്രപേർക്ക

www.malankaralibrary.com

റിയാം. എല്ലാ പുരോഗമന പ്രസ്ഥാനങ്ങൾക്കും എതിരായിരുന്നു ക്രൈസ്തവർ എന്ന പ്രചരണം വ്യാപകമായി നടക്കുമ്പോൾ സത്യം ഗ്രഹിക്കാനും വരുംതലമുറയെ സത്യം ഗ്രഹിപ്പിക്കുവാനും നാം ശ്രമിക്കേണ്ടതാണ്. തിരുവിതാംകൂറിൽ നടന്ന ജനകീയപ്രക്ഷോഭണങ്ങളുടെ ചരിത്രം എഴുതിയവർ ക്രൈസ്തവ പങ്കാളിത്തം മനഃപൂർവ്വം വിട്ടുകളയുകയാണ്.

## മലയാളി മെമ്മോറിയൽ പ്രക്ഷോഭണം (1891)

10038 പേർ ഒപ്പിട്ട നിവേദനം അഭിപ്രായവ്യത്യാസത്തെത്തുടർന്ന് മഹാരാജാവിന് സമർപ്പിക്കാതെ ആറുമാസം കാത്തിരുന്നു. നിധീരിക്കൽ മാണിക്കത്തനാരാണ് അഭിപ്രായവ്യത്യാസങ്ങൾ ഇല്ലാതാക്കി നിവേദനം സമർപ്പിക്കാനുള്ള പശ്ചാത്തലമൊരുക്കിയത്. സിറിയക് നിധീരി ആ നിവേദക സംഘത്തിലെ അംഗമായിരുന്നു. ഈ വസ്തുത ഇന്ന് എത്രപേർക്കറിയാം. ചരിത്രത്തിൽ എവിടെയങ്കിലും ഇത് പരാമർശിക്കപ്പെട്ടിട്ടുണ്ടോ.

## പൗരസമത്വവാദ പ്രക്ഷോഭണം (1918–1922)

സർക്കാർ സർവ്വീസിൽ പ്രവേശനം നിഷേധിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് പ്രവേശനം ലഭിക്കുന്നതിനായി നടത്തിയ സമരത്തിന്റെ ജനറൽ സെക്രട്ടറി ജോൺ നിധീരിയായിരുന്നു. ഷെവ. കുഞ്ഞിത്തൊമ്മൻ ആയിരുന്നു ആ പ്രക്ഷോഭണത്തിന്റെ സാമ്പത്തികഭാരം വഹിച്ചത്. ജേക്കബ്ബ് കുര്യൻ ആയിരുന്നു മറ്റൊരു സമര നേതാവ്. ഇക്കാര്യം ഇന്ന് ആർക്കറിയാം?

## കാത്തലിക് ക്ലെയിംസും കാത്തലിക് ഗ്രീവൻസസും

കാത്തലിക് ക്ലെയിംസും കാത്തലിക് ഗ്രീവൻസസും എന്താണെന്നും അന്നത്തെ സാമൂഹ്യ പശ്ചാത്തലം എന്തായിരുന്നുവെന്നും ഈ പ്രക്ഷോഭണങ്ങൾക്ക് ശ്രീ. എം.എം. വർക്കി നൽകിയ സംഭാവനകൾ എന്തായിരുന്നുവെന്നും ക്രൈസ്തവർ എങ്കിലും മനസ്സിലാക്കേണ്ടതല്ലേ.

## നിവർത്തനപ്രക്ഷോഭണം (1933–1936)

നിവർത്തന പ്രക്ഷോഭണത്തിന് ആധാരമായ ചരിത്രപ്രസിദ്ധമായ 1932-ലെ നിവേദനത്തിന്റെ പ്രത്യേകത എന്താണ്? അന്നുവരെ കേരളത്തിലെ ഓരോ സമുദായവും അവരവരുടെ പ്രശ്നങ്ങൾ മാത്രം ഉൾക്കൊള്ളിച്ച് നിവേദനം നടത്തിയപ്പോൾ മറ്റെല്ലാ ജനവിഭാഗങ്ങളുടെയും താല്പര്യങ്ങൾ ഉൾപ്പെടുത്തി ആദ്യമായി നിവേദനം സമർപ്പിച്ചത് ക്രൈസ്തവ സമുദായമാണ്.

**നിവർത്തനപ്രക്ഷോഭണത്തിന്റെ ചരിത്രം, സർ സി.പി.യുടെ വിദ്യാഭ്യാസ നയത്തിനെതിരായി നടന്ന പ്രക്ഷോഭണം, കാളാശ്ശേരി തിരുമേനിയുടെ ഇടയലേഖനങ്ങൾ ഉയർത്തിവിട്ട ചിന്താഗതികൾ- രണ്ടരലക്ഷം**

www.malankaralibrary.com

**പേർ ഒപ്പിട്ട് നല്കിയ ഭീമഹർജി-പനമ്പള്ളി പദ്ധതിയോട് നാം പ്രകടിപ്പിച്ച നിലപാട്-കേരളത്തിലെ കുടിയേറ്റ കർഷകരുടെ പ്രശ്നങ്ങൾ-കൊട്ടിയൂർ മേൽച്ചാർത്ത്-തുടങ്ങിയുള്ള സംഭവപരമ്പരകൾ തലമുറയ്ക്ക് കൈമാറുവാനുള്ള ശ്രമം തുടരണം.**

**സഭാതലത്തിലുള്ള പ്രശ്നങ്ങളും നാം ചർച്ച ചെയ്യപ്പെടണം. ഉദയംപേരൂർ സൂനഹദോസ്-കൂനൻകുരിശ് സത്യം-മാർകരിയാറ്റിയുടെ റോമാ യാത്ര-പുനരൈക്യപ്രസ്ഥാനം-അങ്കമാലി പടിയോല തുടങ്ങിയ കാര്യങ്ങളും നാം ചർച്ചചെയ്യപ്പെടണം.**

ചരിത്രത്തിൽ മറഞ്ഞുകിടക്കുന്നതും മനഃപൂർവ്വം മറച്ചുവച്ചിരിക്കുന്നതുമായ കാര്യങ്ങൾ വെളിച്ചത്തുകൊണ്ടുവരുവാൻ ഒരു കർമ്മപരിപാടി നാം വർഷം തോറും തയ്യാറാക്കി നടപ്പിൽ വരുത്തണം. അതിനുള്ള ഒരു രൂപരേഖയുടെ ഒരു കരടുരൂപമായി ഈ ലേഖനം കണക്കാക്കിയാൽ മതി. വിസ്മരിക്കപ്പെടുന്ന വ്യക്തികളെയും സംഭവങ്ങളെയും ശരിയായി വിലയിരുത്താത്തപക്ഷം നാം ഭാവി തലമുറയോട് കുറ്റകരമായ അനാസ്ഥ കാണിച്ചുവെന്ന് പറയേണ്ടിവരും.

## നമ്മുടെ പാരമ്പര്യം

ജാതി മത വർഗ്ഗ വിദ്യാഭ്യാസമില്ലാതെ എല്ലാവരും ഒരുമയോടെ ജീവിച്ചിരുന്ന ഒരു നാടാണ് ഭാരതം. ആ ഐക്യത്തിന് പ്രധാന പങ്കുവഹിച്ചത് വിവിധ നാട്ടുരാജ്യങ്ങളിലെ ഭരണകർത്താക്കളായിരുന്നു. 1931 നവംബർ 26-ാം തീയതി തിരുവിതാംകൂർ മഹാരാജാവിന് കത്തോലിക്കാ കോൺഗ്രസ്സു സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ഇപ്രകാരം പറഞ്ഞിരുന്നു. "ഏതാനും മാസങ്ങൾക്ക് മുൻപ് തന്റെ മുസ്ലീങ്ങളായ പ്രജകളുടെ ഉപയോഗത്തിനായി പൊതു ഖജനാവിൽ നിന്നും പണം ചെലവാക്കി തന്റെ തലസ്ഥാന നഗരത്തിൽ രമണീയമായ ഒരു മുസ്ലീം ദേവാലയം കപ്പൂർത്തല മഹാരാജാവ് പണി കഴിപ്പിച്ച് അതിന്റെ ഉദ്ഘാടനം വളരെ ആഘോഷത്തോടെ നടത്തുകയുണ്ടായി. കപ്പൂർത്തല മഹാരാജാവിന്റെ ക്ഷണമനുസരിച്ച് ഈ ദേവാലയത്തിന്റെ ഉദ്ഘാടന കർമ്മം നിർവഹിച്ചത് ഭവൽപുരത്തിലെ നവാബായിരുന്നു. ഈ മഹീയ സന്ദർഭത്തിൽ മഹാരാജാവ് കുറെ കൂടി മനഹീയങ്ങളായ അഭിപ്രായങ്ങളാണ് പുറപ്പെടുവിക്കുകയുണ്ടായത്. മഹാരാജാവ് തദവസരത്തിൽ ചെയ്ത ശ്രദ്ധാർഹവും പ്രശംസനീയവുമായ പ്രസംഗത്തിന്റെ ചുരുക്കം ഇപ്രകാരമായിരുന്നു. 'ഈ തലസ്ഥാന നഗരിയിൽ ഹിന്ദുക്കൾക്കായി എന്റെ പൂർവ്വികന്മാർ ഒരു വലിയ ക്ഷേത്രം പണി കഴിപ്പിച്ചിട്ടുണ്ട്. ഏതാനും കാലത്തിന് മുൻപ് എന്റെ സിക്കു പ്രജകൾക്കു വേണ്ടി ഞാൻ തന്നെ ഒരു ഗുരുദ്വാരം പണി കഴിപ്പിക്കുകയുണ്ടായി. ഇപ്പോൾ എന്റെ മുസ്ലീം പ്രജകൾക്കായി ഒരു ദേവാലയം പണികഴിപ്പിരിക്കുന്നു. ഈ ദേവാലയ പണിക്കു വേണ്ടി ഞാൻ നാലു ലക്ഷം രൂപ ചിലവാക്കിയിട്ടുണ്ട്. ഇതിന്റെ മേൽനോട്ട ചിലവിനായി പ്രതിവർഷം 3000 രൂപയും അനുവദിച്ചിട്ടുണ്ട്. ദേവാലയത്തിന്റെ പ്രതിവർഷ അറ്റകുറ്റപ്പണികൾ ഗവൺമെന്റ് ചെലവിൽ നടത്തിക്കൊടുക്കുന്നതിനും ഞാൻ ആജ്ഞാപിച്ചിട്ടുണ്ട്.' മൊറോക്കോയിലുള്ള ഒരു ദേവാലയത്തിന്റെ മാതൃകയനുസരിച്ചാണ് ഈ ദേവാലയം നിർമ്മിച്ചിട്ടുള്ളത്. ഇതിന്റെ പണി നടത്തിക്കുന്നതിന് ഫ്രഞ്ചുകാരനായ ഒരുശില്പ ശാസ്ത്രവിദഗ്ദനെ മഹാരാജാവ് പ്രത്യേകം ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ഇതാണ് നമ്മുടെ പാരമ്പര്യം. എന്നാൽ ഇന്ന് എന്താണ് സംഭവിയ്ക്കുന്നത്. നാം പഠന വിധേയമാക്കാണം.

www.malankaralibrary.com

# 9. ജ്യോതി ബാസുവിന് സ്മാരകം!

"ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യാക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു. സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെ അഖണ്ഡതയ്ക്കും ജനങ്ങളുടെ ഐശ്വര്യത്തിനും ക്ഷേമത്തിനും വേണ്ടി പ്രയത്നിക്കും."

ഓരോ ഭാരതീയനും ദിനം പ്രതി എടുക്കേണ്ട പ്രതിജ്ഞയാണിത്. പ്രതിജ്ഞ ഏറ്റുചെല്ലിയില്ലെങ്കിലും, അതിന്റെ അർത്ഥവ്യാപ്തി മനസ്സിലാക്കി പ്രവർത്തിക്കുവാൻ നാം കടപ്പെട്ടവരാണ്. നമ്മുടെ വിദ്യാലയങ്ങളിൽ എല്ലാ കുട്ടികളും രാവിലെ അസംബ്ലിയിൽ ഈ പ്രതിജ്ഞ ചൊല്ലിയതിനുശേഷമാണ് പഠനമാരംഭിക്കുക.

നാമെല്ലാം ഇന്ത്യാക്കാരാണ്. ഇന്ത്യയിലുള്ള എല്ലാവരും എന്റെ സഹോദരി സഹോദരന്മാരാണ്. നമ്മുടെ രാജ്യത്തിന്റെ അഖണ്ഡതക്കും ജനങ്ങളുടെ ഐശ്വര്യത്തിനും വേണ്ടി പ്രവർത്തിക്കുവാൻ നാം കടപ്പെട്ടവരാണ്. സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷമാണല്ലോ നാം ഈ പ്രതിജ്ഞ ചൊല്ലിത്തുടങ്ങിയത്. ഒരു കാലത്ത് നാം കേരളീയരെന്നും പഞ്ചാബിയെന്നും മാറാഠി എന്നും ബംഗാളിയെന്നും ഒക്കെയായിരുന്നു പറഞ്ഞിരുന്നത്. 600 -ഓളം നാട്ടുരാജ്യങ്ങളായിരുന്നു അന്ന് ഭാരതത്തിൽ ഉണ്ടായിരുന്നത്. എങ്കിലും അന്നും നാം ഭാരതിയരാണെന്ന് പറയുകയും എഴുതുകയും ചെയ്തവർ ഇവിടെയുണ്ടായിരുന്നു. 200 വർഷം മുൻപ് പാറേമ്മാക്കൽ തോമ്മാക്കത്തനാർ രചിച്ച വർത്തമാനപുസ്തകത്തിൽ അക്കാര്യം വ്യക്തമാക്കുകയും ചെയ്തിരുന്നു. ഗർവ്വിഷ്ഠന്മാരായ വിദേശികൾ മാർ കരിയാറ്റി മല്പാനോടും മറ്റും വീരപാണ്ഡിദേശത്തു വച്ച് ബഹുമാനം കാണിക്കാത്തതിന് അവിടെയുണ്ടായിരുന്ന നാടൻ ക്രിസ്ത്യാനികൾക്ക് വിഷമം ഉണ്ടായതിനെപ്പറ്റി തോമ്മാകത്തനാർ വർത്തമാന പുസ്തകത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു" ഇത് എന്തുകൊണ്ട്? പക്ഷെ മുൻപിൽ ഞങ്ങളുമായിട്ട് അവർക്കുള്ള കണ്ടറിവു കൊണ്ടോ ഞങ്ങൾ ഏതാനും മനോഗുണം അവർക്കു ചെയ്തതുകൊണ്ടോ ഒന്നുമല്ല. പിന്നെയോ നാമെല്ലാവരും ഒരു ജാതി അതായത് ഇന്ത്യാക്കാര് ആകകൊണ്ട് വർഗ്ഗത്തിനടുത്ത ഈ സ്നേഹം അവരുടെ ഹൃദയങ്ങളെ ഇള

www.malankaralibrary.com

ക്കിയതു കൊണ്ടത്രേ" ഇന്നത്തെ ഭാരതീയർക്കുപോലും ഭാവിക്കാൻ കഴിയാത്ത ഒരു സ്വരാജ്യസ്നേഹമാണ് നാം ഈ കൃതിയിൽ കാണുന്നത്.

ഭാരതം ഇന്ന് പല സംസ്ഥാനങ്ങളായി വിഭജിക്കപ്പെട്ടിരിക്കുകയാണ്. എങ്കിലും എല്ലാ സംസ്ഥാനങ്ങളിലെയും ജനങ്ങൾ നമ്മുടെ സഹോദരി. സഹോദരന്മാരാണ്. അവരുടെ ഐശ്വര്യത്തിനും ക്ഷേമത്തിനും വേണ്ടി പ്രവർത്തിക്കുവാൻ നാം കടപ്പെട്ടവരാണ്. ഓരോ ഭാരതിയന്റെയും ദുഃഖത്തിലും സന്തോഷത്തിലും പങ്കുചേരാൻ നമുക്ക് കഴിയണം. ഏതെങ്കിലും ഒരു സംസ്ഥാനത്തെ ജനങ്ങൾ ദുരിതമനുഭവിക്കുന്നുണ്ടെങ്കിൽ, അവരെ സഹായിക്കുവാൻ നാമെല്ലാം പരിശ്രമിക്കണം.

ഇന്ന് ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളും തമ്മിൽ പ്രകടമായ അന്തരം ഉണ്ട്. ചില സംസ്ഥാനങ്ങളിലെ ചില ജില്ലകളും ഗ്രാമങ്ങളും കടുത്ത സാമ്പത്തിക ദുരിതത്തിലാണ്. അതിന്റെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ നാം ഇന്ന് പൂർണ്ണമായും മനസ്സിലാക്കുന്നില്ല. ഇന്ത്യയിലെ 150-ൽപരം ജില്ലകൾ മാവോയിസ്റ്റുകളുടെ പിടിയിലായിട്ടുണ്ടെങ്കിൽ അതിന്റെ പ്രധാന ഉത്തരവാദികൾ ആ സംസ്ഥാനങ്ങളിലെ ഭരണകൂടങ്ങളാണ്. കേരളവും ബംഗാളും നാം പ്രത്യേകമായി പഠന വിധേയമാക്കേണ്ടതാണ്. രാഷ്ട്രീയസ്ഥിരതയില്ലാത്ത സംസ്ഥാനമാണ് കേരളമെങ്കിലും ഇവിടുത്തെ പുരോഗതി അസുയാവഹമാണ്. കഴിഞ്ഞ കാൽ നൂറ്റാണ്ടുകാലം കമ്മ്യൂണിസ്റ്റ് പാർട്ടി ഭരിച്ച ബംഗാളിന്റെ സ്ഥിതി അതിദയനീയമാണ്. കേരളവും കേരളജനതയും ഇന്ന് തലയുയർത്തി നിൽക്കുന്നുവെങ്കിൽ കേരളിയർ ഇന്ന് ബംഗാളിനോട് ആണ് കടപ്പെട്ടിരിക്കുന്നത്. കേരളത്തിൽ ഇന്ന് ഒരു തൊഴിലാളിക്ക് 350 രൂപ മുതൽ 500 രൂപ വരെ കൂലി ലഭിക്കുന്നുണ്ട്. അതേസമയം ബംഗാളിൽ 60 രൂപാ പോലും ലഭിക്കുന്നില്ല. തൊഴിലവസരവും ഇല്ല. അതുകൊണ്ട് കേരളീയർ ഒരു കാലത്ത് തൊഴിലന്വേഷിച്ച് ഗൾഫ് നാടുകളിലേക്കും, അമേരിക്കാ, ക്യാനഡ, യൂറോപ്പ് തുടങ്ങിയ രാജ്യങ്ങളിലേക്കും പുറപ്പെട്ടതുപോലെ ബംഗാളികൾ കേരളത്തിലേക്ക് തൊഴിലന്വേഷിച്ചു പുറപ്പെടുകയാണ്. ബംഗാൾ ഒറീസാ, ബീഹാർ, തുടങ്ങിയ സംസ്ഥാനങ്ങളിലെ പാവപ്പെട്ട യുവാക്കൾക്ക് കേരളം ഇന്ന് ഗൾഫ് രാജ്യം ആയിത്തീർന്നിരിക്കുന്നു. പതിനായിരക്കണക്കിനാളുകൾ ആണ് ഇന്ന് കേരളത്തിൽ തൊഴിലന്വേഷിച്ച് വന്നുകൊണ്ടിരിക്കുന്നത്. കേരളത്തിലെ കൃഷിയിടങ്ങൾ ഇന്ന് പച്ചപിടിച്ചു നിൽക്കുന്നത് അന്യസംസ്ഥാനങ്ങളിലെ യുവാക്കളുടെ വരവുകൊണ്ടാണ്. യഥാർത്ഥത്തിൽ കേരളത്തിലെ കൃഷിക്കാർ ഇന്ന് ബംഗാൾ ഒറീസാ, ബീഹാർ തുടങ്ങിയ സ്ഥലങ്ങളിലെ യുവാക്കളെ ആശ്രയിക്കേണ്ടി വന്നിരിക്കുന്നു. അതിനു കാരണം ആ സംസ്ഥാനങ്ങളിലെ ഭരണദോഷം ഒന്നുമാത്രമാണ്. കാൽ നൂറ്റാണ്ടുകാലം ബംഗാളിനെ ഭരിച്ച ജ്യോതി ബസുവിന്റെ ഭരണവൈകല്യം ഒന്നുകൊണ്ടു മാത്രമാണ് ബംഗാളിൽ നിന്നും ആയിരങ്ങളെ കേരളത്തിലേക്ക്

www.malankaralibrary.com

ആകർഷിച്ചുകൊണ്ടിരിക്കുന്നത്. ഈ സ്ഥിതി വിലയിരുത്തുമ്പോൾ നാം കേരളീയർ ജ്യോതി ബസുവിനോട് വളരെ കടപ്പെട്ടിരിക്കുന്നു. ആ നിലയ്ക്ക് കേരളത്തിൽ എല്ലാ ഗ്രാമങ്ങളിലും ജ്യോതി ബസുവിന് സ്മാരകങ്ങൾ ഉണ്ടാക്കേണ്ടതാണ്. ബംഗാളിനെ ഈ നിലയിൽ എത്തിച്ച് നമ്മെ സഹായിച്ച ജോതിബസുവിനോട് നാം കടപ്പെട്ടവരായിരിക്കണം!

ഇതൊരു യാഥാർത്ഥ്യമാണെങ്കിലും നാം ജ്യോതിബസുവിന് സ്മാരകം ഏർപ്പെടുത്താൻ ശ്രമിക്കാത്തത് നാം എടുത്ത പതിജ്ഞയുടെ ചൈതന്യം കണക്കിലെടുത്താണ്. ബംഗാളും കേരളത്തെപ്പോലെ ഉയരണം ഇവിടുത്തെ ജനങ്ങളും ബംഗാളികളും ഒരേ രീതിയിൽ വളരണം. ഭാരതജനതയുടെ മൊത്തം ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രവർത്തിക്കേണ്ട ധാർമ്മിക ഉത്തരവാദിത്വം നാം ഏറ്റെടുക്കണം. കേരളത്തിലെ തൊഴിൽ ക്ഷാമത്തിന് പരിഹാരം ഉണ്ടാക്കാൻ ജ്യോതി ബസുവിന്റെ ഭരണം ആണ് ഇടം നൻകിയത്. അതുകൊണ്ട് നമുക്ക് ആഹ്ളാദിക്കാൻ അവകാശമില്ല. കഴിഞ്ഞ 3 ദശവർഷകാലത്തെ ഇടതു മുന്നണി ഭരണത്തിന്ശേഷം ബംഗാളിൽ രൂക്ഷമായി തുടരുന്ന ദാരിദ്രവും അനുദിനം ശക്തി പ്രാപിച്ചുകൊണ്ടിരിക്കുന്ന മാവോയിസ്റ്റ് വിപ്ലവ പ്രസ്ഥാനവും ബംഗാളിനെ തകർത്തുകൊണ്ടിരിക്കുകയാണ്. അവയിൽ നിന്നും മുതലെടുക്കാൻ അല്ല കേരളം ശ്രമിക്കേണ്ടത്. എങ്കിലും ബംഗാളിന്റെ ദയനീയസ്ഥിതിയെപ്പറ്റി നാം പഠിക്കേണ്ടതാണ്. രാജ്യ നന്മയെകരുതി. ശ്രീ. കെ.എം. റോയി 2010 മാർച്ച് 22-ലെ മംഗളം ദിനപത്രത്തിൽ തുറന്ന മനസ്സോടെ എന്ന പംക്തിയിൽ എഴുതിയ ലേഖനത്തിലെ ഒരു ഭാഗം ഉദ്ധരിക്കാം.

"ബംഗാളിലെ നഗരങ്ങളിലുള്ള ജീവിതം സജീവവും സംഭവബഹുലവുമാണ്. പക്ഷേ ഗ്രാമങ്ങളുടെ സ്ഥിതി ദയനീയമാണ്. മിഡ്നാപ്പൂർ ജില്ലയിലും പുരുലിയ ജില്ലകളിലുമെല്ലാം ദാരിദ്ര്യം കൊടുകുത്തി വാഴുകയാണ്. ഏറ്റവും കൂടുതൽ രാഷ്ട്രീയ അഴിമതി നടന്നിട്ടുള്ള ബീഹാറിലെ ചില ഭാഗങ്ങളിലേതിനേക്കാൾ ദയനീയമാണിവിടത്തെ സ്ഥിതി. തല മുട്ടോളം, കുനിച്ചുമാത്രം അകത്തേക്കു കയറാവുന്ന ചെറ്റക്കുടിലുകൾ. പലതും നിലം പൊത്തി വീഴാവുന്ന സ്ഥിതിയിൽ.

കീറിപ്പറിഞ്ഞ വസ്ത്രങ്ങളുടുത്ത സ്ത്രീ പുരുഷന്മാർ ചേരിക്കരികിലെ അഴുക്കുചാലിൽ പാത്രങ്ങൾ കഴുകുകയും കുടിവെള്ളം കിട്ടാത്തതുകൊണ്ടോ ആ അഴുക്കുചാലിലെ വെള്ളമെടുത്ത് വല്ലപ്പോഴുമുള്ള പാചകം നടത്തുകയും ചെയ്യുന്ന വീട്ടമ്മമാർ. അതിനിടയ്ക്ക് കാൽക്കണ്ണയോളം മാത്രം വെള്ളമുള്ള പാടത്തിന്റെ വരമ്പിൽ ഒരു ചൂണ്ടയും പിടിച്ചു കൊറ്റിയെപോലെ തപസിരിക്കുന്ന പടുകിഴവന്മാർ മണിക്കൂറുകളിരുന്നാൽ ചൂണ്ടയിൽ കൊളുത്തുന്നത് ഒരു പള്ളത്തിയായിരിക്കും. പാടത്തിന്റെ വരമ്പിൽ ചൂണ്ടയും പിടിച്ചു തപസു ചെയ്തിരുന്ന വൃദ്ധന്മാരുടെ ചിത്രം കേരളത്തിൽ എന്നന്നേക്കുമായി

www.malankaralibrary.com

മാഞ്ഞുപോയിട്ട് അമ്പതുവർഷമെങ്കിലും കഴിഞ്ഞിരിക്കുന്നു.

നാല്പതു വർഷം മുൻപ് ആദ്യത്തെ ഇടതുപക്ഷ മുന്നണി ഭരണകാലത്തു ഉത്തരബംഗാളിൽ ആദ്യം സായുധ വിപ്ലവത്തിന്റെ കൊടികളുയർത്തിയ നക്സ്ബാഡി (നക്സൽബാരിയല്ല. ബാഡിയെന്നാൽ ഗ്രാമമെന്നർത്ഥം) യിൽ ഇന്നു ചെന്നാലും ഒരു മാറ്റവുമുണ്ടായില്ല. ഏതാനും നാൾ മുമ്പ് ഞാനവിടെ ചെന്നപ്പോൾ അതേ ദാരിദ്ര്യത്തിന്റെ കാണപ്പെട്ട രൂപമായ ഗ്രാമം തന്നെ വിപ്ലവ ചരിത്രത്തിലെ കണ്ണാടിക്കൂട്ടിൽ ഒരു കാഴ്ചവസ്തുവായി സൂക്ഷിക്കാനെങ്കിലും കേരളത്തിലെ ഒരു ഏഴാംകിട ഗ്രാമത്തിന്റെ നിലവാരത്തിലേക്കെങ്കിലും നക്സൽ ബാഡിയെ ഇടതുപക്ഷ സർക്കാർ ഉയർത്തേണ്ടതായിരുന്നു.

അടുത്ത കാലത്ത് അന്തരിച്ചപ്പോൾ ഏറെ പ്രകീർത്തിക്കപ്പെട്ട സി.പി.ഐ. മുൻ മുഖ്യമന്ത്രി ജ്യോതിബാസുവിനെ യഥാർത്ഥത്തിൽ വിലയിരുത്തേണ്ടത് ഈ പശ്ചാത്തലത്തിലാണ്. കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ പഠിച്ച വിദ്യാസമ്പന്നൻ, കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം ഹൃദിസ്ഥമാക്കിയ നേതാവ്, വലിയ രാഷ്ട്രീയ തന്ത്രജ്ഞൻ ഇതെല്ലാമായിരുന്നു ബാസു. ഒരേ മാനിഫെസ്റ്റോയും ഓരേ മുന്നണിയുമായി രണ്ടര പതിറ്റാണ്ടിലധികം അദ്ദേഹം തുടർച്ചയായി ഭരിച്ചിട്ടും ബംഗാൾ എത്തിയിരിക്കുന്നത് ഈ ദയനീയാവസ്ഥയിലാണ്.

ഉദ്യോഗസ്ഥവർഗവും ഭൂജന്മിമാരും നിയമപാലകരും പ്രാദേശിക ഭരണനേതാക്കളും ചേർന്നുള്ള കൂട്ടുകെട്ടാണ് നിരക്ഷരരായ ഗ്രാമീണരുടെ എല്ലാ അവകാശങ്ങളും ചവിട്ടുമെതിച്ചുകൊണ്ട് ആധിപത്യം സ്ഥാപിച്ചിരിക്കുന്നത്. ഇതിലൂടെ പാർട്ടിയെ ചോദ്യംചെയ്യപ്പെടാനാവാത്ത ശക്തിയായി ആ മേഖലകളിൽ വളരുന്നതിന് മുഖ്യമന്ത്രി ജ്യോതിബാസു കൂട്ടുനിന്നു. ഭീതിയുടെ നിഴലിൽ ജീവിച്ച ഗ്രാമീണർക്കു എതിർക്കാൻ ഒരു മാർഗവുമില്ലായിരുന്നു. അവർക്കുവേണ്ടി തിരഞ്ഞെടുപ്പുകളിൽ സി.പി. എം. പ്രവർത്തകരാണ് കൂട്ടത്തോടെ വോട്ടു ചെയ്തുകൊണ്ടിരുന്നത്. എന്ന് മാത്രമല്ല ബംഗാളിൽ എന്നും കോൺഗ്രസ്സിനെ പിളർത്തി ബാസുവന്റെ രാഷ്ട്രീയ തന്ത്രം വിജയിക്കുകയും ചെയ്തു....

പക്ഷേ ബംഗാളിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ആ അത്യന്തിക കർത്തവ്യം ഇന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം അവിടെ ജ്യോതിബാസു അടക്കമുള്ള കമ്മ്യൂണിസ്റ്റു നേതാക്കൾക്ക് എക്കാലവും ഒരേയൊരു മുദ്രാവാക്യമേ ജനങ്ങളുടെ മുന്നിൽ ഉയർത്താനുണ്ടായിരുന്നുള്ളൂ. അതു സാമ്രാജ്യത്വത്തിനും കൊളോണിയലിസത്തിനും ആഗോളവൽക്കരണത്തിനും എതിരെ നിരന്തര സമരം നടത്തുക എന്ന മുദ്രാവാക്യം. വിദ്യാഭ്യാസമില്ലാത്തവർക്കും പട്ടിണി കിടക്കുന്നവർക്കും മനസിലാകുന്ന കാര്യമല്ലല്ലോ സാമ്രാജ്യത്വവും കൊളോണിയലിസവും ആഗോള

www.malankaralibrary.com

വൽക്കരണവും മറ്റും. അതുകൊണ്ടുതന്നെ ജന്മിത്വവും ക്രൂരമായ സാമൂഹ്യ ചൂഷണവും അതിന്റെ എല്ലാ ഭീകര രൂപങ്ങളോടുകൂടി ബംഗാളിൽ ഏറെ ഭാഗത്തും നിലനിന്നു. ഇന്നും നിലനിൽക്കുന്നു.

കമ്മ്യൂണിസ്റ്റ് പാർട്ടിയും മറ്റിതരരും ജ്യോതിബാസുവിന്റെ നേട്ടങ്ങളെയാണ് പെരുപ്പിച്ചു കാട്ടുന്നത്. യഥാർത്ഥത്തിൽ ബംഗാളിലെ ജനങ്ങൾക്ക് യാതൊരു നേട്ടവും ബാസുവിന്റെ ഭരണകാലത്ത് ഉണ്ടായിട്ടില്ല. ഒരു പക്ഷെ കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കൾക്കും പ്രാദേശിക നേതാക്കൾക്കും വ്യക്തിപരമായി കുറെ നേട്ടങ്ങൾ ഉണ്ടാക്കാൻ സാധിച്ചിരിക്കാം.

"ബംഗാളിന്റെ ദുഃഖം" എന്ന ശിർഷകത്തിൽ സജി സിറിയക് ദീപികയുടെ വീക്ഷണം പേജിൽ എഴുതിയ ലേഖനത്തിലെ ഒരു ഭാഗം ഉദ്ധരിക്കട്ടെ.

"ബാലറ്റു പേപ്പറിലൂടെ ലോകത്തിൽ ആദ്യമായി അധികാരത്തിലേറിയ കമ്മ്യൂണിസ്റ്റ് സർക്കാർ എന്നൊരു മേനിപറച്ചിൽ 1957-ൽ കേരളത്തിൽ ഭരണത്തിൽ വന്ന ഇ.എം.എസ് മന്ത്രിസഭയെപ്പറ്റി നടത്താറുള്ളതുപോലുള്ള ചില വിശേഷണങ്ങൾ ബംഗാളിലെ ഇടതുസർക്കാരിന് ജ്യോതിബാസവും സംഭാവന ചെയ്തിട്ടുണ്ട്. നീണ്ട 23 വർഷം ബംഗാൾ ഭരിച്ച ബാസു രാജ്യത്ത് ഏറ്റവും കൂടുതൽ കാലം അധികാരത്തിലിരുന്ന മുഖ്യമന്ത്രി എന്ന ബഹുമതി സ്വന്തമാക്കി. മുപ്പത്തിമൂന്നു വർഷമായി ബംഗാൾ ഭരിക്കുന്ന ഇടതുമുന്നണി സർക്കാർ ജനാധിപത്യമാർഗ്ഗത്തിലൂടെ ലോകത്ത് ഏറ്റവും ദീർഘകാലം അധികാരത്തിലിരുന്ന കമ്മ്യൂണിസ്റ്റ് ഭരണകൂടം എന്നൊരു വിശേഷണവും നേടിയിട്ടുണ്ട്.

ഈ റിക്കാർഡുകൾക്കപ്പുറത്ത് തുടർച്ചയായ മാർക്സിസ്റ്റ് ഭരണം ബംഗാളിനും ബംഗാളികൾക്കും സമ്മാനിച്ചതെന്താണ്? സംസാരിക്കുന്ന കണക്കുകൾ അതിനുത്തരം പറയും. ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ ഇന്ത്യയിലെ ആദ്യത്തെ ആസ്ഥാനം കൽക്കട്ടയായിരുന്നു. ഇന്ത്യ സ്വാതന്ത്ര്യം നേടുമ്പോൾ രാജ്യത്തെ ഏറ്റവും പ്രമുഖ വ്യവസായ നഗരവും അതുതന്നെയായിരുന്നു. അറുപതുകളിൽ ഇന്ത്യയിലെ മികച്ച സംസ്ഥാനങ്ങളിലൊന്നായിരുന്നു ബംഗാൾ പ്രതിശീർഷ ജിഡിപി. (മൊത്തം ആഭ്യന്തര ഉത്പാദനം) കണക്കു പ്രകാരം രാജ്യത്ത് 18-ാം സ്ഥാനത്താണ്. വ്യവസായ അന്തരീക്ഷം. ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ, സാമൂഹിക അടിസ്ഥാന സൗകര്യങ്ങൾ എന്നവയിലെല്ലാം ബംഗാൾ വളരെയധികം പിന്നോക്കം പോയി.

പ്രഫ. ബിബേക് ദേബ്റോയി, ലവീഷ് ഭണ്ഡാരി എന്നീ സാമ്പത്തിക വിദഗ്ധർ സുദീർഘമായ ഇടതുഭരണത്തിൽ ബംഗാളിനുണ്ടായ മാറ്റങ്ങളെപ്പറ്റി പഠനം നടത്തുകയുണ്ടായി. കമ്മ്യൂണിസ്റ്റ് ഭരണത്തിന്റെ നേട്ടങ്ങളെപ്പറ്റി ആവേശം കൊള്ളുന്നവരുടെ വായടപ്പിക്കുന്നതായിരുന്നു അവരുടെ കണ്ടെത്തലുകൾ. ഇപ്പോഴും ബംഗാളിലെ 27.9 % വീടുകളിൽ മാത്രമാണ് ശുദ്ധജലം എത്തുന്നത്. വൈദ്യുതിയുള്ള വീടുകൾ 52.5% മാത്രം ടിവിയുള്ള

www.malankaralibrary.com

വീടുകൾ 35.6% സ്വന്തമായി വാഹനമുള്ള വീടുകളാകട്ടെ വെറും 8.9%.

ഇന്ത്യയിലെ മൊത്തം കണക്കെടുത്താൽ 45.6% കുടുംബങ്ങൾക്ക് സ്വന്തമായി കൃഷിഭൂമിയുണ്ട്. ബംഗാളിൽ ഇത് 34.7% മാത്രമാണ്. ഇന്ത്യയിലെ കുടുംബങ്ങളിൽ 10.1% സമ്പന്ന വിഭാഗത്തിൽ ഉൾപ്പെടുന്നതാണ്. ബംഗാളിൽ അവർ 5.6% മാത്രം. രാജ്യത്ത് 54% കുടുംബങ്ങൾ ഇടത്തരം വിഭാഗത്തിൽ പെടുമ്പോൾ ബംഗാളിൽ 41 ശതമാനമാണ്. അതേ സമയം പാവപ്പെട്ട കുടുംബങ്ങളിലെ കണക്കിൽ ബംഗാൾ വളരെ മുന്നിലാണ്. ഇന്ത്യയിൽ 35.9% കുടുംബങ്ങൾ മാത്രം പാവപ്പെട്ടവർ എന്ന വിഭാഗത്തിൽ പെടുമ്പോൾ ബംഗാളിൽ 53.4 ശതമാനമാണത്. ഒരു കാലത്ത് ഇന്ത്യയുടെ ബൗദ്ധിക കേന്ദ്രം എന്നറിയപ്പെട്ടിരുന്ന ബംഗാളിൽ ഇന്നു സ്കൂൾ പഠനം പൂർത്തിയാകാതെ പുറത്തുപോകുന്നവർ 78.03% വരും.

സംസ്ഥാനവും ജനങ്ങളും കൂടുതൽ ദരിദ്രരായി എന്നാണ് ഇതിനർത്ഥം. ഇതിൽ അത്ഭുതപ്പെടാനൊന്നുമില്ല. ഇന്ത്യൻ ഭരണഘടന വാഗ്ദാനം ചെയ്യുന്നതുപോലൊരു ക്ഷേമരാഷ്ട്ര സങ്കല്പം കമ്മ്യൂണിസ്റ്റ് തത്വശാസ്ത്രത്തിലില്ല. വർഗ്ഗസമരമാണ് അതിന്റെ അജൻഡ പഴയ സോവ്യറ്റ് യൂണിയനിലാകട്ടെ പൂർവ്വയുറോപ്പിലാകട്ടെ കമ്മ്യൂണിസ്റ്റ് ഭരണം നിലവിൽ വന്ന ഒരു രാജ്യത്തും ജനങ്ങളുടെ ജീവിതനിലവാരത്തിൽ ജനാധിപത്യരാജ്യങ്ങളിലേതുപോലെ വലിയ കുതുച്ചു ചാട്ടമുണ്ടായിട്ടില്ല. ദാരിദ്ര്യത്തിന്റെ ചുറ്റുവട്ടങ്ങളിലാണ് കമ്മ്യൂണിസം വളരുന്നത്. അത് നിലനിൽക്കുന്നതാണ് പാർട്ടിക്കു ഗുണകരം.”

ബംഗാളി യുവാക്കളുടെ കേരളത്തിലേക്കുള്ള ഒഴുക്കിനെപ്പറ്റി ദീപനാളം വാരികയിൽ പി.സി. സിറിയക് ഐ. എ.എസ് ജ്യോതിബസു എന്തു ചെയ്തു. ബംഗാളിനുവേണ്ടി എന്ന ശീർഷകത്തിൽ എഴുതിയ ലേഖനത്തിലെ ഒരു ഭാഗംകൂടി ഉദ്ധരിക്കട്ടെ.

“പശ്ചിമ ബംഗാളിന്റെ അഭിമാനസ്തംഭമായിരുന്ന കൊൽക്കത്ത യൂണിവേഴ്സിറ്റിയും, ഉന്നതശീർഷകരായ അനേകരെ വാർത്തെടുത്ത പ്രസിഡൻസി കോളേജും കൊൽക്കത്ത മെഡിക്കൽ കോളേജുമെല്ലാം അധഃപതനത്തിലേക്കു കൂപ്പുകുത്തിയത് അദ്ദേഹത്തെ ഒട്ടും അലോസരപ്പെടുത്തിയില്ല. ബുദ്ധിശക്തിയിലും ദേശസ്നേഹത്തിലും ചോരത്തിളപ്പിലും ഒന്നാം നിരയിൽ നിന്ന ബംഗാളി യുവത്വം, അവർക്ക് പ്രചോദനവും ആവേശവും നൽകാൻ വഴികാട്ടികളില്ലാതെ നാടുവിട്ട് മറ്റു സ്ഥലങ്ങളിലേക്ക് കൂട്ടം കൂട്ടമായി ചേക്കേറിയതും ജ്യോതിബസു അറിഞ്ഞില്ല.

തൊഴിൽ തേടി കേരളത്തിലെത്തുന്ന ബംഗാളി യുവാക്കളുടെ കാര്യം നമുക്കറിയാം. ഇവിടെ നമ്മുടെ ചെറുപ്പക്കാർ ഏറ്റെടുക്കാൻ മടിക്കുന്ന, കായികാധ്വാനം ഏറെയുള്ള പല പണികളും ചെയ്യാൻ വേണ്ടി ഇത്രയധികം ദൂരം യാത്ര ചെയ്ത് അവർ എത്തുന്നുണ്ടെങ്കിൽ ബംഗാളിൽ അവർ നേരി

www.malankaralibrary.com

ടുന്ന രൂക്ഷമായ തൊഴിലില്ലായ്മയെപ്പറ്റിയും ദാരിദ്ര്യത്തെപ്പറ്റിയും മറ്റൊന്നും പറയേണ്ടതില്ലല്ലോ.

ഇങ്ങനെ എല്ലാവിധത്തിലും കെടുകാര്യസ്ഥതയുടെയും അലംഭാവത്തിന്റെയും അലസതയുടെയും ലക്ഷ്യബോധമില്ലായ്മയുടെയും മകുടോദാഹരണമായി വിളങ്ങിയ ഒരു സംസ്ഥാന ഭരണകൂടത്തിന്റെ തലവന് രാജ്യത്തിന്റെ പ്രാധന മന്ത്രിയാകാൻ എങ്ങനെ ക്ഷണം കിട്ടി? ഡൽഹിയിലെ 'കിങ്മേക്കർ' മാരുടെ ക്ഷണം സ്വീകരിച്ച് പ്രധാനമന്ത്രി പദം അലങ്കരിക്കാൻ ജ്യോതിബസുവിന് കഴിയാതെ പോയത്, പ്രകാശ് കാരാട്ടിന്റെ 'ചരിത്രപരമായ വിഡ്ഢിത്തം ഒന്നുകൊണ്ടു മാത്രമായിരുന്നു. ഒരു പക്ഷേ ലഭിച്ച അവസരങ്ങൾ വേണ്ടവിധത്തിൽ വിനിയോഗിച്ച് തന്റെ സംസ്ഥാനത്തോട് നീതികാട്ടാൻ കഴിയാതെ പോയ ബസുവിന് രാജ്യത്തിന്റെ പ്രധാന മന്ത്രിയായി ഞെളിഞ്ഞിരിക്കാൻ ഭാഗ്യം കിട്ടാതെ പോയത് കാവ്യനീതിയല്ലേ? ജാതിയും ഉപജാതിയും പ്രാദേശികത്വവും അരങ്ങു വാഴുന്ന ഡൽഹി ദർബാറിൽ, ബംഗാളിലെ ഇടതുപക്ഷ രാഷ്ട്രീയം മാത്രം പയറ്റി പരിചയമുള്ള ബസുവിന് ശ്വാസം മുട്ടലുണ്ടാകുമായിരുന്നു എന്നത് മറ്റൊരു വസ്തുത."

കേരളത്തിലെ കാർഷിക മേഖല ഇന്ന് പിടിച്ചു നിൽക്കുന്നത് ബംഗാളിൽ നിന്നും ഒറീസായിൽ നിന്നും ബീഹാറിൽ നിന്നും വരുന്ന തൊഴിലില്ലാത്ത യുവാക്കളുടെ പ്രവർത്തനഫലമായിട്ടാണ്. അതിന് നാം പ്രധാനമായി ജ്യോതിബസുവിനോട് കടപ്പെട്ടിരിക്കുന്നു. എങ്കിലും നാം അതിൽ ആഹ്ളാദിക്കുന്നില്ല. അതിനുകാരണം 'ഇന്ത്യ എന്റെ രാജ്യമാണ് എല്ലാ ഇന്ത്യാക്കാരും എന്റെ സഹോദരി സഹോദരന്മാരാണ്. അവർ കഷ്ടതകൾ അനുഭവിക്കുമ്പോൾ നമുക്കെങ്ങനെ ആനന്ദിക്കാൻ ആകും. അവരുടെ ഉയർച്ചയാവണം നമ്മുടെ ലക്ഷ്യം. അതുകൊണ്ട് ജ്യോതി ബസുവിന് നന്ദി പ്രകാശിപ്പിച്ചു അദ്ദേഹത്തിന് സ്മാരകം ഉണ്ടാക്കാൻ നാം ശ്രമിക്കേണ്ട. ബംഗാളിലെയും ഒറീസയിലെയും ബീഹാറിലെയും എല്ലാ ജനങ്ങളും നമ്മേപ്പോലെയെങ്കിലും സുഖമായി ജീവിക്കുമ്പോൾ മാത്രമേ നമുക്ക് സന്തോഷിക്കുവാൻ അവകാശമുള്ളൂ. ബംഗാളികളുടെയും ഉയർത്തെഴുന്നേൽപ്പായിരിക്കണം നമ്മുടെ ലക്ഷ്യം.

### ബംഗാളും കേരളവും-അന്നും ഇന്നും

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം കാൽനൂറ്റാണ്ടുകാലം കേരളത്തിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾ തൊഴിൽതേടി കൽക്കത്തയിലും സമീപപ്രദേശങ്ങളിലും എത്തിയിരുന്നു. എന്നാൽ ഇന്ന് ആ നിലമാറി. കേരളത്തിൽനിന്നും ആരും തൊഴിൽ അന്വേഷിച്ച് ബംഗാളിലേക്ക് പോകുന്നില്ല. അതേസമയം പതിനായിരക്കണക്കിന് യുവജനങ്ങൾ ബംഗാളിൽനിന്നും കേരളത്തിലേക്ക് ഒരു തൊഴിലിനുവേണ്ടി വന്നുകൊണ്ടിരിക്കുന്നു.

www.malankaralibrary.com

# 10. ആര്യൻ കാണാതെപോയ അടവുനയങ്ങൾ

2008 ജൂൺ 12-ാം തീയതിയിലെ ദീപിക പത്രത്തിൽ "അടവുനയം പഴയനയം തന്നെ" എന്ന ശീർഷകത്തിൽ ആര്യൻ എഴുതിയ ലേഖനം വായിച്ചു. കമ്മ്യൂണിസ്റ്റുകാരുടെ അടവുനയത്തെപ്പറ്റിയാണല്ലോ ആ ലേഖനത്തിൽ പറഞ്ഞിരിക്കുന്നത്. കത്തോലിക്കരെ കൈയ്യിലെടുക്കാൻ വേണ്ടി 1958-ൽ ഉണ്ടാക്കിയ അഖിലകേരള കത്തോലിക്കാലീഗും ഇന്നത്തെ രാഷ്ട്രീയസംഭവവികാസങ്ങളുമാണ് അതിലെ പ്രതിപാദ്യം. എന്നാൽ 1958-നുമുൻപും 1960-ന് ശേഷവും നടത്തിയ നിരവധി അടവുനയങ്ങളെ ആര്യൻ തന്ത്രപൂർവ്വം വിസ്മരിച്ചിരിക്കുന്നു. വിട്ടുപോയ ആ അടവുനയങ്ങളെപ്പറ്റിയാണ് ഈ ലേഖനത്തിൽ പ്രതിപാദിക്കുക.

ആര്യന്റെ ലേഖനത്തിലെ ഒരു ഭാഗം ഉദ്ധരിക്കട്ടെ. "സഭാസംഘടനകളിലൂടെയും, സണ്ടേസ്കൂൾ അദ്ധ്യാപനരംഗത്തിലൂടെയും സമൂഹത്തിൽ സ്ഥാനം ഉറപ്പിച്ചശേഷം എത്ര വേഗത്തിലാണ് ചിലർ മറുകണ്ടം ചാടി അടവുനയക്കാരുടെ താളത്തിനൊത്ത് തുള്ളുന്നത്. ഒരു എം.പി.യോ എം.എൽ.എ.യോ ആകാൻ വേണ്ടി ചെറിയ ഒരു അധികാരക്കസേരക്കുവേണ്ടി എന്തും ത്യജിക്കാൻ തയ്യാറായി മുന്നോട്ടുവന്ന് തന്നെ കൈപിടിച്ചുവളർത്തിയ സമൂഹത്തെ വഞ്ചിക്കുന്നവരും ഒറ്റിക്കൊടുക്കുന്നവരും പ്രയോഗിക്കുന്നത് അടവുനയം തന്നെയാണ്." ഇതിൽ സഭാസംഘടനകളിലൂടെയെന്ന് പറഞ്ഞിരിക്കുന്നത് പി.സി. തോമസ് എം.പി.യെയും സൺഡേ സ്കൂൾ അദ്ധ്യാപകൻ എന്നുപറഞ്ഞിരിക്കുന്നത് മന്ത്രി മോൻസു ജോസഫിനെയുമാണ്. സംശയമില്ല. ചെറുപ്പം മുതൽ പതിനഞ്ചു വർഷക്കാലത്തോളം സണ്ടേസ്കൂൾ അദ്ധ്യാപകനായി മോൻസ് ജോസഫ് സേവനം അനുഷ്ഠിച്ചത് സമുദായത്തിൽ സ്ഥാനം ഉറപ്പിച്ച് മറുകണ്ടം ചാടാനായിരുന്നുവെന്ന ആര്യന്റെ നിഗമനം വളരെ വേദനാജനകമാണ്. ദുഃഖകരമാണ്. അദ്ദേഹത്തിന്റെ മനസാക്ഷിയുടെ മേൽ നടത്തിയ കഠാരപ്രയോഗമാണ്. തോമസിന്റെയും മോൻസ് ജോസഫിന്റെയും ആത്മാർത്ഥതയെ അളക്കാൻ ആര്യൻ എടുത്ത അളവുകോൽ മറ്റുചിലർക്കു വേണ്ടി പാദസേവ നടത്തുന്നതിനുള്ള നീക്കത്തിന്റെ ഭാഗമാണ്. ഇന്നത്തെ അവരുടെ നിലപാടുകൾ ശരിയോ തെറ്റോ എന്ന് ഞാൻ വിലയിരുത്തുന്നില്ല. ദീർഘനാൾ മതാദ്ധ്യാപനരംഗത്ത് പ്രവർത്തിച്ച ഒരു വ്യക്തിയുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുന്നത് ക്രൈസ്തവീക്കമല്ല. ഒരു സമുദായപ്രവർത്തകനോടുള്ള ഏറ്റം വലിയ ക്രൂരതയാണ് ആര്യൻ ചെയ്തിരിക്കുന്നത്.

www.malankaralibrary.com

ഈ അടവുനയത്തിന്റെ ചരിത്രത്തിലേക്ക് ഒന്ന് കടന്നുചെല്ലാം. കമ്മ്യൂണിസ്റ്റുകാരേപ്പോലെ സമുദായത്തെ ഭിന്നിപ്പിക്കാൻ കോൺഗ്രസ്സുകാർ നടത്തിയ അടവുനയത്തെ വിസ്മരിക്കുന്നത് ഒരിക്കലും ശരിയല്ല. 1945-46-ൽ സർ സി.പി.യുടെ പ്രൈമറി വിദ്യാലയദേശസാൽക്കരണപദ്ധതിയെ എതിർത്തു പരാജയപ്പെടുത്തിയത് കത്തോലിക്കാ കോൺഗ്രസ്സ് നിയമിച്ച കമ്മറ്റിയാണ്. ആ കമ്മറ്റിയിൽ സജീവമായി പ്രവർത്തിച്ച് സമുദായത്തിന്റെ വിശ്വാസം ആർജിച്ച പല നേതാക്കന്മാരും കത്തോലിക്കായൂത്ത് ലീഗ് ആരംഭിച്ച് കത്തോലിക്കാ കോൺഗ്രസ്സിനെ പിരിച്ചുവിടണമെന്ന് വാദിക്കുകയുണ്ടായി. തുടർന്ന് പനമ്പള്ളി കൊണ്ടുവന്ന വിദ്യാഭ്യാസപദ്ധതിയെ ക്രൈസ്തവ എം.എൽ.എ.മാർ മുഴുവൻ പിന്താങ്ങിയത് മറ്റൊരു അടവുനയമായിരുന്നു. ഇതു രണ്ടും ആയിരുന്നു കോൺഗ്രസ്സിനുവേണ്ടി നടത്തിയ ആദ്യത്തെ രണ്ടു അടവുനയങ്ങൾ. ആ അടവുനയത്തിൽ ഉൾപ്പെടാതെ ഉറച്ചുനിന്നത് ഷെവ. ഇലഞ്ഞിക്കൽ തര്യതുകുഞ്ഞിത്തൊമ്മൻ മാത്രമായിരുന്നു.

1957-ലെ കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ ഭരണകാലത്ത് കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിച്ച അഖിലകേരള കത്തോലിക്കാ ലീഗിനെപ്പറ്റി ആര്യൻ വിശദീകരിച്ചതുകൊണ്ട് ഞാൻ ഒന്നും പറയുന്നില്ല. 1960-ൽ അധികാരമേറ്റെടുത്ത ഐക്യമുന്നണി ഗവൺമെന്റ് കേരളത്തിലെ കിഴക്കൻ മലയോരങ്ങളിലും മലബാറിലെ സ്വകാര്യവനപ്രദേശങ്ങളിലും അധിവസിക്കുന്ന 25 ലക്ഷം കർഷകരെ കുടിയിറക്കാൻ തീരുമാനിക്കുകയും അതിൽ 2200 കുടുംബങ്ങളെ കുടിയിറക്കുകയും ചെയ്തപ്പോഴാണ് ഐക്യമുന്നണിക്കുവേണ്ടി അടവുനയവുമായി ക്രൈസ്തവ എം.എൽ.എ.മാർ രംഗത്തെത്തിയത്. വിമോചനസമരത്തിൽ പങ്കെടുത്ത് മർദ്ദനമേറ്റവരും കാരാഗ്രഹത്തിലടക്കപ്പെട്ടവരുമായ അനേകം കർഷകർ കുടിയിറക്കിനെതിരായി നീങ്ങിയപ്പോൾ - ആ സമരത്തിന് വൈദികരും സമുദായനേതാക്കളും നേതൃത്വം നൽകിയപ്പോൾ ഐക്യമുന്നണി ഗവൺമെന്റ് 14 കത്തോലിക്കാ എം.എൽ.എ.മാരെ രംഗത്തിറക്കി. ക്രൈസ്തവർ സർക്കാർ പക്ഷത്താണെന്ന് സ്ഥാപിക്കാൻ എടുത്ത അടവുനയമാണ് ഏറ്റംഭീകരമായ അടവുനയം. ആ അടവുനയത്തിനെതിരെ ദീപിക പത്രം ഉറച്ചനിലപാട് എടുത്തു എന്നത് അഭിമാനപൂർവ്വം സ്മരിക്കുന്നു. 1967-ലെ ഇ.എം.എസ്സ്. മന്ത്രിസഭയ്ക്കുശേഷം അച്യുതമേനോൻ മുഖ്യമന്ത്രിയായി ചാർജെടുത്തപ്പോഴാണ് മറ്റൊരു അടവുനയം സ്വീകരിച്ചത്. വലത് ഇടതു കമ്മ്യൂണിസ്റ്റുകളിൽ വലതു കമ്മ്യൂണിസ്റ്റുകളെ നല്ലവരായി ചിത്രീകരിച്ചുകൊണ്ടാണ് അടവുനയം അരങ്ങേറിയത്. 1959-ൽ അച്യുതമേനോൻ അറുകുലമേനോൻ എന്ന് ജനങ്ങളെക്കൊണ്ട് വിളിപ്പിച്ച ദീപിക മറ്റൊരു അടവുനയത്തിലൂടെ അച്യുതമേനോന് സിന്ദാബാദ് വിളിപ്പിച്ചു. ആ മുന്നണി സംവിധാനത്തിൽ അച്യുതമേനോൻ സിന്ദാബാദ്, ഇങ്കിലാബ് സിന്ദാബാദ് എന്നീ മുദ്രാവാക്യങ്ങൾ കത്തോലിക്കാ

www.malankaralibrary.com

യുവാക്കളെക്കൊണ്ട് വിളിപ്പിച്ചു. അതും ഒരു അടവുനയമായിരിക്കും. അഖിലേന്ത്യാതലത്തിൽ നടന്ന നക്സലൈറ്റ് വിപ്ലവത്തെ പിന്താങ്ങിയ ഇന്ത്യയിലെ ഏകരാഷ്ട്രീയസംഘടനയായിരുന്നു സി.പി.ഐ. എന്ന സത്യം ഒരു അടവുനയത്തിലൂടെ നാം മറച്ചുവച്ചു. 1967-ലെ മന്ത്രിസഭയിൽ കുടുംബാസൂത്രണം വകുപ്പ് മന്ത്രി ബി. വെല്ലിംഗ്ടൺ കൈകാര്യം ചെയ്തപ്പോൾ വെല്ലിംഗ്ടണെ അടവുനയത്തിലൂടെ നാം എതിർത്തു. ഏതാനും നാൾ കഴിഞ്ഞ് കെ.എം. ജോർജ് ആ വകുപ്പ് കൈകാര്യം ചെയ്തപ്പോൾ മറ്റൊരു അടവുനയത്തിലൂടെ അതിൽ തെറ്റില്ലന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തി.

പിന്നീടുനടന്ന വലിയ ഒരു അടവുനയം ആര്യൻ കണ്ടില്ലെന്നു വച്ചു. മനപൂർവ്വമോ വിസ്മരിച്ചതോ? 1964-ലാണല്ലോ കേരളാകോൺഗ്രസ്സ് രൂപം കൊള്ളുന്നത്. അന്ന് വൈദികമേലദ്ധ്യക്ഷന്മാർക്ക് പലർക്കും കേരളാ കോൺഗ്രസ്സ് രൂപീകരണത്തോട് താല്പര്യമില്ലായിരുന്നു. 1972-ലാണല്ലോ എ.കെ. ആന്റണിയുടെ നേതൃത്വത്തിൽ കേരളായൂണിവേഴ്സിറ്റി ബിൽ കൊണ്ടുവന്നത്. ഭാഗ്യത്തിന് കേരളാ കോൺഗ്രസ്സ് അന്ന് പ്രതിപക്ഷത്തായിരുന്നു. സമരത്തിന്റെ മുൻപന്തിയിലേക്ക് അവർ ചാടിവീണു. കോൺഗ്രസ്സുകാരെല്ലാം മെത്രാന്മാർക്ക് എതിരായിരുന്നു. ഈ സന്ദർഭം ശരിക്കുപയോഗപ്പെടുത്തി കേരളാ കോൺഗ്രസ്സ് മെത്രാന്മാരുടെയും സമുദായത്തിന്റെയും വിശ്വാസം ആർജിച്ചു. ആ വിശ്വാസത്തെ ചൂഷണം ചെയ്തുകൊണ്ട് കേരള കോൺഗ്രസ്സ് ഇടതുപക്ഷമുന്നണിയിലേക്ക് 1980-ൽ ചാടിക്കയറി. കമ്മ്യൂണിസ്റ്റ് കൂട്ടുകെട്ടിനെ ന്യായീകരിച്ചുകൊണ്ട് ശ്രീ. കെ.എം. മാണി പറഞ്ഞു "കമ്മ്യൂണിസ്റ്റുകാരുമായി കൂട്ടുകൂടിയോയെന്നല്ല അന്ത്യവിധിനാളിൽ ചോദിക്കുന്നത്. വസ്ത്രമില്ലാത്തവന് വസ്ത്രം നൽകിയോ ഭക്ഷണത്തിന് വകയില്ലാത്തവന് ഭക്ഷണം നൽകിയോ കിടപ്പാടമില്ലാത്തവന് കിടപ്പാടം നൽകിയോ എന്നൊക്കെയായിരിക്കും ചോദിക്കുന്നത്? സഭയിൽ ആർജിച്ച വിശ്വാസം ചതിവിൽ കൊണ്ടുപോയി മാർക്സിസ്റ്റ് പാർട്ടിയുടെ മുൻപിൽ അടിയറവച്ചു ഈ അടവുനയത്തെ ദീപിക പിന്താങ്ങി. അങ്ങനെ ഏറ്റം ഭയങ്കരമായ ഒരു അടവുനയത്തിന് രൂപം കൊടുത്തത് ആര്യൻ മാത്രം കണ്ടില്ല, നിർഭാഗ്യം.

ആ അടവുനയത്തിന്റെ ഭീകരത എന്തായിരുന്നു? 1957-ലെ ഇ.എം.എസ്. സർക്കാരിന്റെ ദുർഭരണത്തിനേക്കാൾ ക്രൂരമായിരുന്നു 1980-ലെ കമ്മ്യൂണിസ്റ്റ് സർക്കാർ. 1957-ൽ അധികാരമേറ്റെടുത്ത കമ്മ്യൂണിസ്റ്റ് സർക്കാർ 2060-ൽ പരം ക്രിമിനൽ പുള്ളികളുടെ പേരിലുള്ള കേസുകൾ പിൻവലിച്ച് അവരെ ജയിൽ തുറന്നുവിട്ടു. 1967-ൽ അതുപോലെ തന്നെ ജയിൽ തുറന്നുവിടാൻ ശ്രമിച്ചു. അതിനെ ഫാ. വടക്കൻ എതിർത്തു, നടന്നില്ല.

1980-ൽ നായനാർ മന്ത്രിസഭ, കെ.എം.മാണിയെ മന്ത്രിസഭയിൽ ഇരുത്തിക്കൊണ്ട് ഭരണം ആരംഭിച്ചു. 1957-ലെ മന്ത്രിസഭ ചെയ്തതുപോലെ

www.malankaralibrary.com

തന്നെ ഇടതുമുന്നണിയുടെ ഗവൺമെന്റ് അധികാരത്തിൽ വന്നതിലുള്ള ആഹ്ളാദസൂചകമായി തടവുകാരുടെ ശിക്ഷ ഇളവുചെയ്യുകയും സ്ഥിരം കുറ്റവാളികൾക്കും ജീവപര്യന്തം തടവുകാർക്കും ഈ തീരുമാനം ബാധക മാക്കുകയും ചെയ്തു. ജയിൽ പുള്ളികൾ നാട്ടിൽ സ്വൈര്യവിഹാരം തുടർന്നു. നായനാർ മന്ത്രിസഭയിൽ അംഗങ്ങളായ എ.കെ. ആന്റണിയോ കെ.എം.മാണിയോ അതിനെ എതിർത്തില്ല. എതിർക്കാതിരുന്നത് ഒരു അട വുനയമായി ആര്യൻ വ്യാഖ്യാനിച്ചുകൊള്ളുമെന്ന് ആന്റണിയും മാണിയും ധരിച്ചിരിക്കാം. 1980 ജനുവരി 26-ാം തീയതിയാണ് നായനാർ മന്ത്രിസഭ അധി കാരമേറ്റെടുത്തത്. ജനുവരി 23-ാം തീയതി ഫലപ്രഖ്യാപനത്തെ തുടർന്ന് നടത്തിയ മാർക്സിസ്റ്റ് ഗുണ്ടകളുടെ വിളയാട്ടം പലസ്ഥലങ്ങളിലും ഭീതി യുടേതായ അന്തരീക്ഷം സൃഷ്ടിച്ചു. 25-ാം തീയതി വട്ടിയൂർക്കാവ് രവിയെ തിരുവനന്തപുരത്തുവച്ച് മാർക്സിസ്റ്റുകൾ മർദ്ദിക്കാൻ തുടങ്ങിയതോടെ മാർക്സിസ്റ്റ് പാർട്ടി അക്രമപ്രവർത്തനം ഉൽഘാടനം ചെയ്തു. അധികാര മേറ്റെടുത്ത് 6-ാം ദിവസം മാർക്സിസ്റ്റുകാരായ ഒരു സംഘമാളുകൾ (ഫെ ബ്രുവരി 1) അരിമ്പൂരിനടുത്ത് മൂന്നുവീടുകൾ തല്ലിത്തകർത്ത് ഒരു ഭീകരാ വസ്ഥ സൃഷ്ടിച്ചു. ക്രമസമാധാനനില തകർക്കുവാനുള്ള ബോധപൂർവ്വമായ ശ്രമമാണ് പിന്നീട് നടന്നത്.

ഗവൺമെന്റ് അധികാരമേറ്റെടുത്ത് രണ്ടു മാസം കഴിയുന്നതിന് മുൻപു തന്നെ മാർക്സിസ്റ്റ് പാർട്ടി പ്രവർത്തകർ, ആർ.എസ്സ്.എസ്സ്., നക്സലൈറ്റ് തുടങ്ങിയ രാഷ്ട്രീയസംഘടനകളിലെ പ്രവർത്തകരുമായി ഏറ്റുമുട്ടി. 12 ആളുകൾ മരിക്കുകയും 120-ൽപരം ആളുകൾക്ക് തൽഫലമായി പരി ക്കേൽക്കുകയും ചെയ്തു. തലശ്ശേരി തളിക്കുളം ഭാഗങ്ങളിൽ നടന്ന ഏറ്റു മുട്ടലുകളും കൂട്ടിയ്ക്കൽ നടന്ന കൊലപാതകവും ഏങ്ങണ്ടിയൂർ മാർക്സിസ്റ്റ്, ആർ.എസ്.എസ്. സംഘടനത്തിന്റെ ഫലമായി നടന്ന മൂന്നുപേരുടെ മര ണവും 100-ൽപരം ആളുകൾ സംഘടിതമായി ആലപ്പുഴയിൽ ഒരു വീട്ടിൽ കയറി നടത്തിയ കൊലപാതകങ്ങളും ഔദ്യോഗിക ജോലിനോക്കിക്കൊണ്ടി രുന്ന പത്തനംതിട്ട എസ്.ഐ. ശ്രീ.വി.റ്റി ജേക്കബ് കുത്തേറ്റ് മരിക്കാനിട യായ സംഭവവും ജനങ്ങളിൽ ഭീതിവർദ്ധിപ്പിച്ചു. നീണ്ടകരയിലും ശക്തികു ളങ്ങരയിലും നടന്ന തീവയ്ക്കൽ, കൽപ്പറ്റയിൽ പോലീസ് കാവൽ നിന്ന വീട്ടിൽ നക്സലൈറ്റുകൾ കയറി നടത്തിയ കൊല, മേപ്പാടിയിലും വില ങ്ങാട്ടും, പന്തളത്തും, പത്തനംതിട്ടയിലും, പാലക്കാട്ടും നടന്ന കൊലപാത കങ്ങൾ, തലശ്ശേരിയിൽ തുടർച്ചയായി നടന്ന സംഘട്ടനങ്ങൾ, മരണങ്ങൾ ഇവയെല്ലാം ഞെട്ടിപ്പിക്കുന്ന സംഭവ പരമ്പരകളായിരുന്നു. കൊട്ടാരക്കരയിൽ അഭിഭാഷകനെ കൊലപ്പെടുത്തിയതും പെരുന്തൽമണ്ണിൽ ഡോക്ടറുടെ വീടിന് നേർക്കു നടന്ന ആക്രമണങ്ങളും കാർഷിക വ്യവസായവ്യാപാര മേഖലകളിലും പൗരജീവിതത്തിന്റെ എല്ലാ മേഘലകളിലും വർഗ്ഗ

www.malankaralibrary.com

സമരത്തിന്റെ രീതിയിൽ നടക്കുന്ന സംഘട്ടനങ്ങളും കൊലകളും വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾ അല്ലാത്തവർ കയറി നടത്തിയ ആക്രമണങ്ങളും എല്ലാ ജനങ്ങളുടെ സുരക്ഷിതബോധത്തെ നശിപ്പിക്കുകയുണ്ടായി.

കൊള്ളയും കൊലയും പോലെ തന്നെ ആരാധനാലയങ്ങളുടെ നേരെയുള്ള ആക്രമണങ്ങളും ആരംഭിച്ചു. ഗവൺമെന്റ് അധികാരമേറ്റെടുത്ത് 30-ാം ദിവസം കൂമ്പൻപാറപള്ളി ആക്രമിച്ചു. അതേതുടർന്ന് നൂറു കണക്കിന് ആരാധനാലയങ്ങൾ ആക്രമണത്തിന് വിധേയമായി. ഈ അനിഷ്ടസംഭവങ്ങൾ അടിച്ചമർത്തുവാൻ ശ്രമിക്കേണ്ട മുഖ്യമന്ത്രി ഈശ്വരനെന്തിനാ പോലീസ് കാവൽ എന്ന് ചോദിച്ച് പുച്ഛിച്ചു സംസാരിക്കുകയും ഇന്ത്യയുടെ ഇതരഭാഗങ്ങളെയപേക്ഷിച്ച് കേരളത്തിലെ ക്രമസമാധാനനില ഭദ്രമാണന്ന് സ്ഥാപിക്കുവാൻ ശ്രമിക്കുകയുമാണ് ചെയ്തത്.

മാർക്സിസ്റ്റ് പാർട്ടിയിലെ - സി.ഐ.ടി.യു.വിലെ വിഘടനപ്രവർത്തകരുടെ അക്രമം സഹിക്കവയ്യാതായപ്പോൾ തിരുവമ്പാടിയിലെ കർഷകർ കക്ഷിരാഷ്ട്രീയത്തിനതീതമായി ഭരണപ്രതിപക്ഷകക്ഷി വിത്യാസമില്ലാതെ ഒന്നിച്ചണിനിരക്കുകയുണ്ടായി. അവിടുത്തെ കർഷകർ നിരോധനാജ്ഞ പോലും ലംഘിച്ച് അറസ്റ്റ് വരിച്ചു. ആ ഐതിഹാസികമായ സമരത്തിൽ അവർ വിജയം നേടി. വിലങ്ങാട്ടെ കർഷകജനതകൾ തൃശൂരിലെ വ്യാപാരിവ്യവസായസമിതിക്കും തിരുവാമ്പാടി കർഷകർ നടത്തിയ പ്രക്ഷോഭം ഒരു മാതൃകയായി. ഈ ഗുരുതരമായ സാഹചര്യത്തിലും അതിനോട് യാതൊരുവിധ എതിർപ്പും പ്രകടിപ്പിക്കാതെ ഭരണത്തിന്റെ സുഖം അനുഭവിച്ച് അധികാരത്തിലിരുന്ന ആന്റണിയും കെ.എം. മാണിയും നടത്തിയ ഈ അടവുനയത്തെ ആര്യൻ വിസ്മരിച്ചിരിക്കുന്നു. ഭരണത്തിന്റെ സുഖം അനുഭവിക്കാൻ ആന്റണിയും മാണിയും സ്വീകരിച്ച അടവുനയത്തെ കണ്ടില്ലെന്ന് നടിക്കേണ്ടത് ആര്യന്റെ അടവുനയവുമായിരിക്കാം.

1980-ലെ നായനാർ-ആന്റണി-കെ.എം.മാണി മന്ത്രിസഭ വിദ്യാഭ്യാസരംഗത്ത് കൈകടത്താൻ ശ്രമിച്ചില്ല. മറ്റെല്ലാ കാര്യങ്ങളിലും 1957-ലെ സർക്കാരിന്റെ ഭീകരദുർഭരണത്തേക്കാൾ ഒട്ടും പിന്നിലായിരുന്നില്ല, 1980-ലെ സർക്കാരിന്റെ ഭരണം. 1957-ലെ മന്ത്രിസഭ 28 മാസവും 1980-ലെ മന്ത്രിസഭ 21 മാസവുമാണ് ഭരിച്ചത്. ഈ കാലഘട്ടത്തിനിടയിൽ നടന്ന കൊലപാതകങ്ങളും മറ്റിതരക്രൂരതകളും കണക്കിലെടുത്താൽ 1957-നേതിനേക്കാൾ ഭീകരമായിരുന്നു 1980-ലെ സർക്കാരിന്റെ പ്രവർത്തനങ്ങൾ എന്ന് മനസ്സിലാക്കാം.

1957-ലെ ഗവൺമെന്റ് 28 മാസക്കാലത്തെ ഭരണകാലത്ത് നടന്ന അതിനിഷ്ഠൂരമായ പ്രവർത്തനങ്ങളിലെ ഒരു സംക്ഷിപ്തവിവരണം താഴെ ചേർക്കുന്നു. ഏഴു വെടിവയ്പ്പ് നടത്തി 19 പേർ കൊല്ലപ്പെട്ടു. 2060-ൽ പരം ക്രിമിനൽ പുള്ളികളെ കേസുകൾ പിൻവലിച്ച് ജയിൽ തുറന്നുവിട്ടു. 523

www.malankaralibrary.com

കൊലപാതകങ്ങളും 3913 ഭവനഭേദനങ്ങളും നടന്നു. രാഷ്ട്രീയ പകമൂലം 196 പേരെ കൊലപ്പെടുത്തി. രാഷ്ട്രീയ വധശ്രമങ്ങളും കയ്യേറ്റങ്ങളും 193 ആണ്. 326 പ്രാവശ്യം ലാത്തിചാർജ് നടത്തി. കമ്മ്യൂണിസ്റ്റുകാരെ അണിനിരത്തി സർക്കാർ കമ്മറ്റികളുണ്ടാക്കി. വിമോചന സമരകാലത്ത് നടന്ന അറസ്റ്റുകളും വനിതകളോടു കാണിച്ച ക്രൂരതകളും ധാരാളം ഉണ്ട്.

എന്നാൽ 21 മാസക്കാലം ഭരിച്ച നായനാർ-മാണി-ആന്റണി മന്ത്രിസഭയുടെ കാലത്ത് നടന്ന അതിക്രമങ്ങൾ കൂടി ചൂണ്ടിക്കാണിക്കട്ടെ. രാഷ്ട്രീയ കൊല 118, രാഷ്ട്രീയ സംഘട്ടനങ്ങൾ 681, രാഷ്ട്രീയേതരകൊല 496, രാഷ്ട്രീയേതര സംഘട്ടനങ്ങൾ 1236, ദേവാലയാക്രമണങ്ങൾ 732, മുഖംമൂടി അക്രമം 51, വെടിവയ്പ് 6, ബോംബ് സ്ഫോടനങ്ങൾ 94, ലോക്കപ്പ് മരണം 9, 144 പ്രഖ്യാപിച്ച പ്രദേശങ്ങൾ 36, ഭവനഭേദനങ്ങളും മോഷണവും 3147, പ്രമുഖകൊള്ളയും കവർച്ചയും 98.

ഈ കണക്കുകൾ വച്ച് നോക്കുമ്പോൾ 1957-ലെ കമ്മ്യൂണിസ്റ്റ് ഭരണകാലത്തേതിനേക്കാൾ ക്രമസമാധാനനില തകർന്ന 1980-ലെ നായനാർ ആന്റണി-മാണി മന്ത്രിസഭയുടെ കാലത്താണന്ന് ആരും സമ്മതിക്കും. പക്ഷെ മാണിയെ കുറ്റപ്പെടുത്താൻ ആരം തയ്യാറാകാതിരുന്നത് ആര്യൻ സൂചിപ്പിച്ചതുപോലെ ഒരു അടവുനയത്തിന്റെ ഭാഗമായിട്ടായിരിക്കാം.

നമ്മുടെ രാജ്യത്ത് പ്രൈവറ്റ് വിദ്യാലയങ്ങളുടെ സുവർണ്ണകാലം പി. ജെ. ജോസഫ് വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്തപ്പോഴാണ്. പി.ഡി. സി. കോളേജിൽ നിന്നും മാറ്റിയത്. പ്ലസ് ടു ഏർപ്പെടുത്തിയത് ചോദിച്ച സ്കൂളുകളിലെല്ലാം പ്ലസ് ടു കോഴ്സ് ആരംഭിച്ചത് എല്ലാം പി.ജെ. ജോസഫിന്റെ നേട്ടങ്ങളായിരുന്നു. ഡി.വൈ.എഫ്.ഐ.യുടെയും സി.പി.എം.ന്റെയും കടുത്ത എതിർപ്പുകളെ നേരിട്ടുകൊണ്ട് ഉറച്ചനിലപാട് എടുത്ത പി.ജെ. ജോസഫിനെപ്പറ്റി ഒരു നല്ലവാക്കുപറയുവാൻ ആരും തയ്യാറാകാതിരുന്നത് ഒരു അടവുനയത്തിന്റെ ഭാഗമായിരുന്നിരിക്കാം. ഈ നന്മകൾ ചെയ്ത പി. ജെ. ജോസഫ് രാജിവയ്ക്കണമെന്ന് നിരന്തരം ആവശ്യപ്പെട്ടതും മറ്റൊരു അടവുനയമായി ആര്യൻ കാണുമായിരിക്കുമല്ലോ.

ഇപ്പോഴത്തെ മന്ത്രിസഭ കൊണ്ടുവന്ന സ്വാശ്രയനിയമത്തെ കെ.എം. മാണിയുൾപ്പെടെയുള്ള എല്ലാ എം.എൽ.എമാരും പിന്താങ്ങി. ന്യൂനപക്ഷാവകാശ ധ്വംസനപരിപാടിയെ കെ.എം.മാണി അനുകൂലിച്ചപ്പോൾ ആര്യൻ ഒരക്ഷരം ഉരിയാടാതിരുന്നത് ഒരു അടവുനയത്തിന്റെ ഭാഗമായിരുന്നു.

മോൻസ് ജോസഫ് പൊതുമരാമത്ത് വകുപ്പു മന്ത്രിയായപ്പോഴാണല്ലോ 15 വർഷക്കാലം മതാദ്ധ്യാപകനായി പ്രവർത്തിച്ചതിനെ ആര്യൻ അടവുനയമായി കണക്കാക്കിയത്. ഈ അടവുനയം എന്ന വിശേഷണം ആരെയൊക്കെ ദ്രോഹിക്കാനും ആരെയൊക്കെ നശിപ്പിക്കാനുമാണന്ന വിവരം ജനങ്ങൾക്കറിയാം.

www.malankaralibrary.com

## ദ്വിജൻ

ദീപികയിൽ ഒരു ദ്വിജനെയും കാണാം. ആരെയും വിമർശിച്ച് നശിപ്പിക്കുക എന്ന ലക്ഷ്യമാണ് ആര്യനെപ്പോലെ ദ്വിജനും ഉള്ളത് എന്ന് പറയാതിരിക്കുവാൻ സാദ്ധ്യമല്ല. കേരളത്തിലെ ഒരു പ്രധാനസംഭവമാണല്ലോ പ്രഥമ കമ്മ്യൂണിസ്റ്റു സർക്കാരിനെതിരെ നടന്ന വിമോചനസമരം. ആ സമരം തന്നെ ഒരു വിവാദമായിമാറ്റുവാൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് സാധിച്ചു. സമരത്തിൽ പങ്കെടുത്തവരെത്തന്നെ വിമോചനസമരത്തിന്റെ എതിർവാക്താക്കളാക്കുവാൻ ഉള്ള ശ്രമമാണ് പിന്നീട് നടന്നത്. ഈ സാഹചര്യത്തിലാണ് വിമോചനസമരത്തിന്റെ കനക ജൂബിലിയെന്ന ആശയം ഞാൻ സമൂഹത്തിന്റെ മുൻപിൽ അവതരിപ്പിച്ചത്. വിമോചനസമരത്തിൽ പങ്കെടുത്തവരിൽ 70 ശതമാനത്തിലധികം ആളുകളും ഇന്ന് മരണമടഞ്ഞു. 65 വയസ്സിൽ താഴെയുള്ള ആർക്കും വിമോചനസമരത്തിന്റെ കാരണങ്ങളെപ്പറ്റി അറിയാനും പാടില്ല. ഈ സാഹചര്യത്തിൽ കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ ദുർഭരണത്തെയും വിമോചനസമരത്തിലേക്ക് നയിച്ചകാരണങ്ങളെയും പറ്റി ഇന്നത്തെ തലമുറയെ ബോദ്ധ്യപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് കനക ജൂബിലി വിവിധഭാഗങ്ങളിൽ നടത്തണമെന്ന് തീരുമാനിച്ചത്. അത് ചെയ്യാത്തപക്ഷം വിമോചനസമരം തെറ്റായിരുന്നുവെന്ന് ഭാവി ചരിത്രകാരന്മാർ രേഖപ്പെടുത്തും.

ഈ സാഹചര്യത്തിൽ വിമോചനസമരത്തിന്റെ കനകജൂബിലി എന്ന ശീർഷകത്തിൽ ഞാൻ ഒരു ലഘുലേഖ പ്രസിദ്ധീകരിച്ചു. അതിന്റെ 700-ൽപരം കോപ്പികൾ മത-സമുദായ-സാമൂഹ്യ രാഷ്ട്രീയ നേതാക്കൾക്ക് അയച്ചുകൊടുത്തു. നല്ല പ്രതികരണമുണ്ടായെങ്കിലും പ്രായോഗികതലത്തിൽ നടപടികൾ ഉണ്ടായില്ല. അന്ന് പിണറായി - ബേബി ശക്തികൾ കത്തിക്കാളുന്ന സമയമായിരുന്നു. എങ്കിലും വിമോചനസമരത്തിന്റെ കനകജൂബിലിയാഘോഷം കോട്ടയത്ത് വച്ച് ഞാൻ മുൻകൈയെടുത്ത് പ്രമുഖ സാമൂഹ്യ പ്രവർത്തകൻ എംവി. ദേവനെക്കൊണ്ട് ഉൽഘാടനം ചെയ്യിച്ചു. ഏറെ താമസിയാതെ നടന്ന പാർലമെന്റ് തിരഞ്ഞെടുപ്പിൽ യു.ഡി.എഫ്. വൻ വിജയം കരസ്ഥമാക്കി. അപ്പോൾ വിമോചനസമര കനക ജൂബിലിയാഘോഷിക്കുന്നതിന് പലർക്കും ഉന്മേഷം ലഭിച്ചു.

വിമോചനസമരത്തിന് കളമൊരുക്കിയത് അഖിലകേരള കത്തോലിക്കാകോൺഗ്രസ്സായിരുന്നു. അതേ കാരണത്താൽ തന്നെ കനകജൂബിലിയാഘോഷത്തിന് നേതൃത്വം നൽകേണ്ടത് കത്തോലിക്കാകോൺഗ്രസ്സായിരുന്നു. ഈ നിർദ്ദേശം കത്തോലിക്കാ കോൺഗ്രസ്സ് വർക്കിംഗ് കമ്മറ്റിയിൽ ഉന്നയിച്ചെങ്കിലും ഭാരവാഹികൾ വേണ്ടത്ര ശ്രദ്ധ കാണിച്ചില്ല. മറ്റു പ്രസ്ഥാനങ്ങൾ വിളിച്ചു ചേർത്ത ജൂബിലിയാഘോഷപരിപാടികളിൽ പ്രസംഗിക്കുവാൻ ക്ഷണിച്ചില്ലെന്ന പരാതിയുമായി ഭാരവാഹികൾ നടന്നതായി കേട്ടു. ഒരു യോഗം പോലും നടത്താൻ ശ്രമിച്ചില്ല. കത്തോലിക്കാകോൺഗ്രസ്സിന്റെ

www.malankaralibrary.com

ചങ്ങനാശ്ശേരി പാലാ രൂപതാസംഘങ്ങൾ ജൂബിലി ഗംഭീരമായി ആഘോഷിച്ചു. അങ്കമാലി, കാഞ്ഞിരപ്പള്ളി, കണ്ണൂർ, ആലപ്പുഴ മേഖലകളിൽ വൻയോഗങ്ങൾ നടത്തി ജൂബിലിയാഘോഷിച്ചു. അതിലെല്ലാം പങ്കെടുക്കുവാൻ എനിക്കു സാധിച്ചു. പ്രാദേശികമായി പലസ്ഥലങ്ങളിലും ജൂബിലിയാഘോഷങ്ങൾ നടന്നിട്ടുണ്ട്.

കേരളത്തിനുപുറത്തും ഭാരതത്തിന് പുറത്തും മലയാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ വിമോചനസമര കനകജൂബിലിയാഘോഷങ്ങൾ നടത്താനുള്ള ക്രമീകരണങ്ങൾ നടത്തിയിരുന്നു. അപ്പോഴാണ് ദ്വിജൻ രംഗപ്രവേശം ചെയ്യുന്നത്.

ദ്വിജൻ എഴുതി "ബി.ജെ.പി.ക്കുവേണ്ടി വോട്ടുപിടിച്ച സമുദായനേതാവ് വിമോചനസമരകനകജൂബിലിയാഘോഷവുമായി വന്നിരിക്കുന്നുവെന്ന്."

പി.സി. തോമസിനെ ബി.ജെ.പി.ക്കാരനായി ചിത്രീകരിക്കുക, എന്നെ സമുദായ ദ്രോഹിയായി അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ദ്വിജൻ എന്ന കരിസ്മാറ്റിക്കാരൻ ദീപികയിൽ കൂടി എഴുതിയതുകൊണ്ട് എന്തു നേട്ടമുണ്ടായി? എന്റെ ശ്രമഫലമായിട്ടാണ് കുറെയേറെ പരിപാടികൾ നടന്നതെന്ന് ആരും സമ്മതിക്കും. ഞാൻ എന്റെ സമുദായത്തിനുവേണ്ടി ചെയ്ത എല്ലാ കാര്യങ്ങളെയും വിസ്മരിച്ച് എന്നെ ബി.ജെ.പി.ക്ക് വോട്ടുപിടിച്ചവനാണെന്ന് പറഞ്ഞ് അവതരിപ്പിച്ചതിന്റെ ലക്ഷ്യം എന്തെന്ന് ദ്വിജൻ ചിന്തിക്കണം.

ആര്യന്റെയും ദ്വിജന്റെയും അവതരണങ്ങൾ നല്ലതാണ്. കുറെപ്പേരെ ദ്രോഹിക്കാനും കുറെപ്പേരുടെ വെറുപ്പ് സമ്പാദിക്കുവാനും മാത്രമെ ആര്യൻ -ദ്വിജൻമാരുടെ എഴുത്തുകൊണ്ട് സാധിച്ചിട്ടുള്ളു. ഒരൊറ്റ സ്നേഹിതനെയെങ്കിലും സമ്പാദിക്കുവാൻ അവർക്ക് സാധിച്ചിട്ടുണ്ടോ?

ആര്യനും ദ്വിജനും ഒരാളെ എതിർക്കുമ്പോൾ വിഭിന്ന ആശയക്കാർ ചിരിക്കുമായിരിക്കും. അവരും ആര്യൻ-ദ്വിജൻമാരുടെ കുത്തേറ്റിട്ടുള്ളവരായിരിക്കും. അവർക്കും അതിന്റെ പേരിൽ സന്തോഷമുണ്ടാകുകയില്ലെന്നുള്ളതാണ് സത്യം.

## തകർന്നടിയുന്ന വിദ്യാഭ്യാസം

ഭാരതത്തിൽ വിദ്യാഭ്യാസരംഗത്ത് ഏറ്റം മുന്നണിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. നാം അതിൽ അഭിമാനം കൊള്ളുന്നു. വിദ്യാഭ്യാസത്തിൽ മുന്നണിയിൽ നിൽക്കുന്ന ഈ സംസ്ഥാനത്ത് അഴിമതി കൊടികുത്തി വാഴുന്നു. കൊല്ലും കൊലയും രാഷ്ട്രീയ കൊലപാതകങ്ങളും വർദ്ധിക്കുന്നു. വിഘടനവാദം ശക്തിപ്പെടുന്നു. തീവ്രവാദം ജനങ്ങളെ ഭയവിഹ്വലരാക്കുന്നു. വർഗീയ സംഘട്ടനങ്ങൾ തുടർക്കഥയാകുന്നു. ഈ തിന്മകളുടെ അതിപ്രസരമാണോ ഇവിടുത്തെ വിദ്യാഭ്യാസത്തിന്റെ നേട്ടം.

വേദങ്ങളും ഉപനിഷത്തുക്കളും വിദ്യാഭ്യാസ രംഗത്തു നിന്നും പുറം തള്ളപ്പെട്ടതിന്റെ ഫലമാണ് കേരളത്തിൽ പ്രകടമായി കാണുന്ന അസ്വസ്ഥതയ്ക്ക് കാരണം.

www.malankaralibrary.com

# 11. അടിയന്തരാവസ്ഥ

1947 ആഗസ്റ്റ് 15-ാം തീയതി ഭാരതം സ്വതന്ത്രയായി അന്നും അതിനടുത്ത കാലത്തും സ്വാതന്ത്രമായ പല രാജ്യങ്ങളും ജനാധിപത്യ പാത വെടിഞ്ഞ് ഏകാധിപത്യത്തിലേയ്ക്കും പട്ടാള ഭരണത്തിലേയ്ക്കും വഴുതുകയുണ്ടായി. അന്നൊക്കെ ഇന്ത്യയിൽ ജനാധിപത്യം ഭദ്രമായി നില നിർത്തുവാനും ലോക രാഷ്ട്രങ്ങളുടെ മുഴുവൻ പ്രശംസ പിടിച്ചു പറ്റുവാനും നമുക്ക് സാധിച്ചു. 1971-ലെ തിരഞ്ഞെടുപ്പിൽ വ്യാപകമായി നടന്ന കള്ളത്തരങ്ങൾക്കെതിരെ പ്രതിപക്ഷങ്ങൾ പ്രക്ഷോഭണങ്ങൾ സംഘടിപ്പിക്കുകയും നിയമപരമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ആ തെരഞ്ഞെടുപ്പിൽ റായ്ബറേലിയിൽ നിന്നുമുള്ള ഇന്ദിരാഗാന്ധിയുടെ വിജയം അസാധുവാക്കി കൊണ്ട് അലഹബാദ് കോടതി 1975 ജൂൺ 12-ന് വിധി പ്രസ്താവിച്ചു. തുടർന്നുണ്ടായ പ്രക്ഷോഭണങ്ങൾ വൻ തോതിൽ ജനപിന്തുണ ആർജ്ജിച്ചു അതിനെ നേരിടുന്നതിനു വേണ്ടിയാണ് 1975 ജൂൺ 25-ന് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത്. ഇന്ത്യൻ ഭരണഘടനയിലെ 352-ം വകുപ്പു പ്രകാരം പ്രഖ്യാപിക്കപ്പെട്ട അടിയന്തിരാവസ്ഥക്കാലത്ത് ഇന്ദിരാഗാന്ധിയുടെ സ്വേച്ഛാധിപത്യമാണ് നടന്നത്. ഈ സ്വേച്ഛാധിപത്യ ഭരണത്തിന് പിന്തുണ നല്കുന്നതിന് കോൺഗ്രസ്സ് പാർട്ടിയും കോൺഗ്രസ്സ് നേതാക്കളും കൂട്ടു നിന്നു. പൗരാവകാശങ്ങൾ മുഴുവൻ നിഷേധിച്ചും തിരഞ്ഞെടുപ്പുകൾ മുഴുവൻ നിരോധിച്ചും നാടാകെ ഉയർന്നു വന്ന പ്രക്ഷോഭത്തെ അടിച്ചമർത്താമെന്നാണ് ഇന്ദിര വിചാരിച്ചത്.

പത്ര സ്വാതന്ത്ര്യവും അഭിപ്രായ സ്വാതന്ത്ര്യവും നിഷേധിച്ചു. പത്രങ്ങളുടെ മേലുള്ള സെൻഷർഷിപ്പ് ജനാധിപത്യ വ്യവസ്ഥിതിയെ തന്നെ തകരാറിലാക്കി. അഖിലേന്ത്യാ തലം തൊട്ട് വാർഡു കമ്മറ്റി നേതാക്കൾ വരെ പോലീസ് സ്റ്റേഷനിൽ കയറി ഭരണം നിയന്ത്രിച്ചു. ഉദ്യോഗസ്ഥന്മാർ ഭയപ്പെട്ടു. അടിയന്തിരാവസ്ഥയെ എതിർക്കുന്നവരെയും എതിർക്കുമെന്ന് പ്രതീക്ഷിച്ചവരെയും അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. എ.കെ.ജി, ജയപ്രകാശ് നാരായണൻ, മൊറാർജ്ജിദേശായി, ചരൺസിംഗ്, വാജ്പേയ്, അഡ്വാനി അടക്കമുള്ള പ്രമുഖ പ്രതിപക്ഷ നേതാക്കളെയെല്ലാം അറസ്റ്റു ചെയ്ത് തടവിലാക്കി. കമ്മ്യൂണിസ്റ്റുകാരും, ആർ. എസ്സ്. എസ്സ്കാരും അടിയന്തരാവസ്ഥക്കെതിരെ ജനങ്ങൾക്കിടയിൽ ശക്തമായ പ്രചരണം നടത്തി. ഏകദേശം ഒരു ലക്ഷത്തി നാല്പതിനായിരം ആളുകളെ രേഖകൾ പോലുമില്ലാതെ അടിയന്തിരാവസ്ഥക്കാലത്ത് ജയിലിലടച്ചു.

www.malankaralibrary.com

ഈ അടിയന്തിരാവസ്ഥയെ എതിർക്കുവാൻ മനുഷ്യാവകാശ പ്രവർത്തകർ എന്ന് പ്രഘോഷിക്കുന്ന ആരെയും കണ്ടില്ല. അതേ സമയം അച്ചടക്കം, തൊഴിൽ രംഗത്തെ ശാന്തത മുതലായ നേട്ടങ്ങൾ ഉയർത്തി കാണിച്ച് അതിനെ പിന്താങ്ങിയവർ നിരവധിയായിരുന്നു. ഹംഗറിയിലും ചെക്കോസ്ലോവാക്യയിലും മറ്റും കമ്മ്യൂണിസ്റ്റുകൾ നടത്തിയ ഭീകരതകളോട് തുലനം ചെയ്യുന്നതായിരുന്നു ഇന്ത്യയിലെ സ്ഥിതി.

അധികം നാൾ ഈ നില തുടരുവാൻ സാദ്ധ്യമല്ലന്ന് ഇന്ദിരാഗാന്ധിക്കു മനസ്സിലായി. അടിയന്തരാവാസ്ഥയ്ക്ക് എതിരായി നടന്ന പ്രക്ഷോഭണത്തെ അടിച്ചമർത്താമെന്ന വ്യാമോഹം ഇന്ദിരയ്ക്ക് നഷ്ടപ്പെട്ടു. ഉടൻ തന്നെ തിരഞ്ഞെടുപ്പ് നടത്തിയാൽ കോൺഗ്രസ്സ് ജയിക്കുമെന്ന ഇന്റലിജൻസ് ഡിപ്പാർട്ടുമെന്റിന്റെ റിപ്പോർട്ട് ഇന്ദിരാ വിശ്വസിച്ചു. 1977 ജൂൺ 21-ന് അടിയന്തിരാവസ്ഥ പിൻവലിച്ചു. തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു. തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് അതിദയനീയമായി പരാജയപ്പെട്ടു. ഇന്ദിരാഗാന്ധി റായ്ബറേലി സീറ്റിലും സഞ്ജയ് ഗാന്ധി അമേഠി സീറ്റിലും പരാജയപ്പെട്ടു. ഇന്ത്യയിലെ ജനങ്ങൾ ജനാധിപത്യത്തെ സംരക്ഷിച്ചു.

തുടർന്നു വന്ന ജനതാ ഗവൺമെന്റിന് അടിയന്തരാവസ്ഥ കാലത്തെ അതിക്രമങ്ങൾ പൂർണ്ണമായും വെളിച്ചത്തു കൊണ്ടുവരുവാൻ സാധിച്ചില്ല. അടിയന്തരാവസ്ഥ കാലത്തെ ദുർചെയ്തികളെ പറ്റി അന്വേഷിക്കുവാൻ നിയുക്തമായ ഷാ കമ്മീഷന്റെ പ്രവർത്തനങ്ങളും വിജയകരമായിരുന്നില്ല. എന്നാൽ വ്യക്തികളും ചില സംഘടനകളും നടത്തിയ വ്യക്തിപരമായ അന്വേഷണങ്ങളും പഠനങ്ങളും അവർ രചിച്ച ഗ്രന്ഥങ്ങളും അടിയന്തരാവസ്ഥക്കാലത്തെ ഭീകരതവെളിപ്പെടുത്തുന്നതായിരുന്നു. യാതൊരു മാനദണ്ഡവുമില്ലാതെ രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകരെ തടങ്കലിട്ടതായി തെളിഞ്ഞു. തടവിലാക്കപ്പെട്ടവരുടെയും കൊല്ലപ്പെട്ടവരുടെയും വിവരങ്ങൾ കുടുംബങ്ങളെ അറിയിക്കുന്നതിനു പോലും സർക്കാർ തയ്യാറായില്ല. കേരളത്തിലെ കക്കയം ക്യാമ്പ് ഇതിനൊരു ഉദാഹരണമാണ്. ഇതേപ്പറ്റി അരക്ഷിതമാവുന്ന ഇന്ത്യ എന്ന ഗ്രന്ഥത്തിൽ (പേജ് 15) ഇപ്രകാരം എഴുതിയിരിക്കുന്നു. "കക്കയം ക്യാമ്പു പോലെ പരപീഡനത്തിൽ വിദഗ്ദ്ധരും അഹ്ളാദിക്കുന്നവരുമായ പോലീസുകാരുടെ വിഹാര മേഖലയായി സാമൂഹിക ജീവിതം അധഃപതിച്ചു സർക്കാർ സംവിധാനങ്ങൾ പ്രത്യേകിച്ച് മാധ്യമങ്ങൾ കേവലം കുഴലൂത്ത് സംഘങ്ങളായി തരം താഴ്ന്നു. കോൺഗ്രസ്സിനും ഇന്ദിരയ്ക്കും അനുകൂലമായി ചരിത്രം തിരുത്തിയെഴുതാനും അത് ഒരു പേടകത്തിലിറക്കി കുഴിച്ചിടാനുമൊക്കെയുള്ളതു പോലുള്ള അസംബന്ധങ്ങളായിരുന്നു അന്നത്തെ മുഖ്യകാരണങ്ങൾ. ജനസംഖ്യയാണ് ഇന്ത്യയുടെ പുരോഗതിയ്ക്ക് തടസ്സം എന്ന വിദഗ്ദ്ധരുടെ കണ്ടെത്തൽ അംഗീകരിച്ചു കൊണ്ട്, കുടുംബാസൂത്രണം ബലപ്രയോഗത്തിലൂടെ നടത്തിയെടുക്കുന്നതിന് വേണ്ടി ആയിരക്കണക്കിന് പുരുഷന്മാരെയും സ്ത്രീക

www.malankaralibrary.com

ളെയും നിർബന്ധിതമായി വന്ധ്യകരണം നടത്തുകയുണ്ടായി. വൈദഗ്ദ്ധ്യവും ബുദ്ധിജീവിതവും മനുഷ്യരുടെ കേവലമായ നിലനിൽപ്പിനു പോലും അപട കടകരമായി തീരുന്ന വിചിത്രമായ ഒരു ചരിത്ര സന്ധിയായി പിന്നീട് ഈ നട പടി വിലയിരത്തപ്പെട്ടു. നഗരങ്ങൾ മോടിപിടിപ്പിക്കുന്നതിന്റെ ഭാഗമായി ദില്ലി തുർക്ക് മാൻ ഗേറ്റിലും ജുമാമസ്ജിദ് പ്രദേശത്തുമടക്കം പലയിടത്തും ചേരിക ളിലും തെരുവോരങ്ങളിലും താമസിക്കുന്ന ഏറ്റവും ദരിദ്രരായ ജനതയെ തുടച്ചു നീക്കുന്ന പ്രവർത്തനങ്ങളും സർക്കാർ കൈക്കൊണ്ടു."

ഇന്ത്യയിൽ ഒരു ന്യൂനപക്ഷമാണ് ക്രൈസ്തവരെങ്കിലും ഈ രാജ്യ ത്തിന്റെ സാമൂഹ്യപുരോഗതിയിൽ ഗണ്യമായ സംഭാവനയാണ് അവർ നൽകി യിട്ടുള്ളത്. മനുഷ്യാവകാശം ധ്വംസിച്ചു കൊണ്ട് ഇന്ത്യയിൽ അതിഭീകര മായ ഭരണം അടിയന്തിരാവസ്ഥ കാലത്ത് നടന്നപ്പോൾ അതിനെതിരായി ശക്തമായ സമരം നടത്തുവാൻ ക്രൈസ്തവർ മുന്നോട്ടു വരുമെന്ന് ഈ ലേഖകൻ വിചാരിച്ചു. പക്ഷെ അതുണ്ടായില്ല. അടിയന്തരാവസ്ഥയ്ക്കെതിരെ ജയപ്രകാശിന്റെ നേതൃത്വത്തിൽ നടന്ന പ്രക്ഷോഭണങ്ങളിലും ക്രൈസ്ത വസമൂഹം കാര്യമായ പങ്കുവഹിച്ചില്ല. ഇവിടത്തെ കോൺഗ്രസ്സുകാരായ ക്രൈസ്തവർ അടിയന്തിരാവസ്ഥയെ പൂർണ്ണമായും പിന്താങ്ങുകയുണ്ടായി. അധികാരത്തിൽ പങ്കുചേർന്ന് നേട്ടങ്ങൾ കൊയ്യാനാണ് പലരും ശ്രമിച്ചത്.

കക്കയം ക്യാമ്പിൽ വച്ച് കൊല്ലപ്പെട്ട രാജന്റെ മാതാപിതാക്കളുടെ ഹൃദ യവേദന മനസ്സിലാക്കാൻ സാധിക്കാത്ത ഒരു സമൂഹമായി നാം മാറി. എല്ലാ ജനകീയ പ്രക്ഷോഭണങ്ങളിലും മുൻപിൽ നിന്ന ക്രൈസ്തവ സമുദായ ത്തിന്റെ ഈ നിലപാട് ദുഃഖകരമായി എന്നു പറയാതെ നിവൃത്തിയില്ല.

പ്രമുഖവിദ്യാഭ്യാസ പ്രവർത്തകനായ മുൻ വൈസ് ചാൻസലർ വി. വി. ജോൺ, വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ സെക്രട്ടറിയായിരുന്ന ഡോ. എം.എം. തോമസ് (പിന്നീട് നാഗാലാൻഡ് ഗവർണ്ണർ) മാർത്തോമ്മാ മെത്രാപ്പോലീത്താ, റസ്സൽ ചന്ദ്രൻ മുതലായവരുടെ നേതൃത്വത്തിൽ അടി യന്തിരാവസ്ഥയ്ക്കെതിരെ നടന്ന പ്രക്ഷോഭണത്തിൽ പങ്കുചേരാനും ജയി ലിൽ അടയ്ക്കപ്പെട്ട രാഷ്ട്രീയ നേതാക്കളുടെ കുടുംബത്തെ സഹായിക്കു വാനും ഈ ലേഖകൻ ഉൾപ്പെടെയുള്ളവർ തയ്യാറായി. ജീവിതത്തിലെ ഏറ്റം സന്തോഷകരമായ ഒരു അനുഭവമായിരുന്നു അത്.

ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലും കമ്മ്യൂണിസ്റ്റു രാഷ്ട്രങ്ങളിലും മനുഷ്യാവകാശ സംരക്ഷണത്തിനായി കർദ്ദിനാളന്മാരും മെത്രാന്മാരും വൈദി കരും നല്കുന്ന നേതൃത്വത്തെ വലിയ പ്രാധാന്യം നല്കി നമ്മുടെ പ്രസി ദ്ധീകരണങ്ങൾ എഴുതുക സാധാരണമാണല്ലോ. എന്നാൽ ഭാരതത്തിൽ നടന്ന മനുഷ്യാവകാശ ധ്വംസനങ്ങളെ എന്തുകൊണ്ട് എതിർത്തില്ലയെന്ന ചോദ്യം നമ്മുടെ മുൻപിൽ ഇന്ന് ഉയർന്നു നില്ക്കുകയാണ്. അതിന് സമാ ധാനം പറയുവാൻ നാം ബാദ്ധ്യസ്ഥരാണ്.

www.malankaralibrary.com

# തൊടുപുഴ ന്യൂമാൻ കോളേജ് പ്രശ്നം

തൊടുപുഴ ന്യൂമാൻ കോളേജിലെ
പ്രൊഫസ്സർ ടി. ജെ. ജോസഫ് തയ്യാറാക്കിയ
വിവാദ ചോദ്യക്കടലാസും, തുടർ നടപടികളും
ഒട്ടേറെ ചർച്ചകൾക്ക് ഇടയാക്കുകയുണ്ടായല്ലോ.
പ്രൊഫസ്സർ ആന മണ്ടത്തരമാണ് കാണിച്ചതെന്ന്
പ്രസ്താവിച്ച വിദ്യാഭ്യാസ മന്ത്രി,
പ്രൊഫ. ടി ജെ. ജോസഫിനെ പിരിച്ചു വിട്ടതിനെ തുടർന്ന്,
മാനേജുമെന്റിനെതിരായ പ്രചരണം നടത്തുകയുണ്ടായി.
എന്നാൽ അതിന് മുൻപേ മാനേജ്മെന്റിനെ തള്ളി പറഞ്ഞത്
സീറോ- മലബാർ സഭയുടെ ഔദ്യോഗിക വക്താവ്
**ഫാ. പോൾ തേലക്കാട്ടും**
**അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡന്റ്**
**എം. ഡി. ജോസഫ് മണ്ണിപ്പറമ്പിലുമാണ്.**
പ്രൊഫ. ടി. ജെ. ജോസഫിനെതിരെ സ്വീകരിച്ച നടപടി
നിരുപാധികം പിൻവലിക്കണമെന്നു വരെ
എം. ഡി. ജോസഫ് പ്രസ്താവിച്ചു.
24 മണിക്കൂറിനകം എം.ഡി. ജോസഫ് തന്റെ നിലപാടിന്
പുതിയ വ്യാഖ്യാനം നൽകി രക്ഷപ്പെടുവാൻ ശ്രമിച്ചു.
അതിനു ശേഷം അദ്ദേഹത്തിന്റെ പ്രസ്താവനകൾ
പ്രത്യക്ഷപ്പെട്ടിട്ടില്ല.
ചൂടുവെള്ളത്തിൽ ചാടിയ പൂച്ച പച്ച വെള്ളം കണ്ടാലും
ഭയപ്പെടുമെന്നാണല്ലോ ചൊല്ല്.
ഈ സന്ദർഭത്തിൽ ഈ ലേഖകൻ
ഒരു ലഘു ലേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ചു.
ലഘുലേഖയിലെ മൂന്നു ലേഖനങ്ങളും **ജസ്റ്റീസ് കെ.ടി. തോമസിന്**
ഈ ലേഖകൻ നൽകിയ വിശദീകരണങ്ങളും
ഈ വിഷയത്തെ സംബന്ധിച്ച് കോളേജ് മാനേജുമെന്റിനു വേണ്ടി
**മോൺ തോമസ് മലേക്കുടി നൽകിയ** വിശദീകരണക്കുറിപ്പും
അടുത്ത താളുകളിൽ ചേർത്തിരിക്കുന്നു.

www.malankaralibrary.com

# 12. സാംസ്കാരിക നായകന്മാർ ഒളി വിൽ നിന്നും പുറത്തിറങ്ങി

ഏറെ നാളായി ഒളിവിൽ കഴിഞ്ഞിരുന്ന സാംസ്കാരിക നായകന്മാർ ഇപ്പോൾ പുറത്തിറങ്ങിയിരിക്കുന്നു. പി.എ. ആന്റണി യേശുവിനെ ആക്ഷേപിച്ചുകൊണ്ട് ആറാം തിരുമുറിവ് നാടകമെഴുതിയപ്പോഴും കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ ക്രിസ്തുവിന്റെ അന്ത്യപ്രലോഭനം പാഠ്യവിഷയമാക്കിയപ്പോഴും കേരളത്തിലെ ക്രൈസ്തവർ അതിനെതിരെ പ്രതിഷേധം രേഖപ്പെടുത്തി. അപ്പോൾ കേരളത്തിലെ സാംസ്കാരിക നായകന്മാർ ആവിഷ്ക്കാര സ്വാതന്ത്ര്യത്തെ തൊട്ടു കളിക്കരുതെന്ന് പറഞ്ഞ് ഉറഞ്ഞു തുള്ളി. ക്രൈസ്തവരുടെ മേൽ ഭീഷണി പ്രയോഗിച്ചു.

കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം കുട്ടികളെ പഠിപ്പിക്കുവാനും ദൈവനിന്ദ കുട്ടികളിൽ വളർത്താനും ഉതകുന്ന പാഠഭാഗങ്ങൾ, പാഠപുസ്തകത്തിൽ ചേർത്തപ്പോൾ അതിനെതിരെ ക്രൈസ്തവരും ഈശ്വരവിശ്വാസികളും അണിനിരന്നു. അപ്പോൾ എം.എ, ബേബിയേയും സർക്കാരിനെയും രക്ഷിക്കാൻ സാംസ്കാരിക നായകന്മാർ ഓടിയെത്തി. പ്രൊഫ. ടി.ജെ. ജോസഫ് വിവാദപരമായ ചോദ്യം തയ്യാറാക്കിയപ്പോഴും അതിന്റെ പേരിൽ അദ്ദേഹത്തിന്റെ കൈവെട്ടിയപ്പോഴും കേരളത്തിലെ സാംസ്കാരിക നായകന്മാർ ഒളിവിൽപോയി. ഞാൻ ഈ നാട്ടുകാരനല്ല എന്ന നിലപാടായിരുന്നു അവർക്ക്. പഴയ പാരമ്പര്യമനുസരിച്ച് ചോദ്യം ഇട്ടതിനെ ന്യായീകരിക്കുകയും കൈവെട്ടിയതിനെ എതിർക്കുകയും ചെയ്യേണ്ട സാംസ്കാരിക നായകന്മാർ ഇതേപ്പറ്റി ഒരക്ഷരംപോലും ഉരിയാടിയില്ല. ക്രൈസ്തവരുടെയും ബിഷപ്പുമാരുടെയും നേർക്ക് നടത്തുന്ന ആക്രോശങ്ങൾ മുസ്ലീം സമുദായത്തിന്റെ മുൻപിൽ ചിലവാകുകയില്ലെന്ന തിരിച്ചറിവ് അവർക്കുണ്ടായി. ഈ സാംസ്കാരിക നായകന്മാർ, ധൈര്യശാലികളല്ല, ഭീരുക്കളാണെന്നും അവസരവാദികളാണെന്നും ഇപ്പോൾ ബോദ്ധ്യമായി, ക്രൈസ്തവർക്കും മതമേലദ്ധ്യക്ഷന്മാർക്കും എതിരെ പ്രസ്താവനയിറക്കുന്ന സാംസ്കാരിക നായകന്മാർ, മുഹമ്മദ് നബിയെ ആക്ഷേപിച്ചാലുള്ള സ്ഥിതിയെപ്പറ്റി ഇപ്പോൾ ബോധവാന്മാരായി.

## പ്രൊഫ. ടി.ജെ. ജോസഫിന്റെ നിലപാട്

"പുസ്തകത്തിൽ നിന്നും എടുത്ത ഭാഗങ്ങൾ മാത്രമാണ് അപ്പാടെ ചോദ്യപേപ്പറിൽ ഉൾപ്പെടുത്തിയതെന്നുള്ള അദ്ധ്യാപകന്റെ വാദം ശരിയല്ല.

www.malankaralibrary.com

പുസ്തകത്തിൽ നിന്നും ചില ഭാഗങ്ങൾ എടുത്ത് അതിൽ മാറ്റങ്ങൾ വരുത്തി ഒരു സമുദായം ആക്ഷേപിക്കപ്പെടുവാൻ ഇടയാകുന്ന വിധത്തിലാണ് ചോദ്യ പേപ്പർ തയ്യാറാക്കിയത്. വിവാദചോദ്യത്തെ സംബന്ധിച്ച് പരീക്ഷ എഴുതിയ വിദ്യാർത്ഥി ഉത്തരക്കടലാസിൽത്തന്നെ ആക്ഷേപം ഉന്നയിച്ചിരുന്നു" എന്നു കോളേജ് മാനേജർ മോൺ തോമസ് മലേക്കുടിയുടെ പ്രസ്താവന ഗൗരവ മർഹിക്കുന്നതാണ്. ഇങ്ങനെയൊരു ചോദ്യം തയ്യാറാക്കാൻ പ്രൊഫ. ടി. ജെ. ജോസഫിനെ പ്രേരിപ്പിച്ച ഘടകമെന്താണ്? വിദ്യാഭ്യാസ മന്ത്രി എം. എ. ബേബിയെ സന്തോഷിപ്പിക്കുക എന്ന ലക്ഷ്യം മാത്രം.

എം.എ.ബേബി വിദ്യാഭ്യാസ മന്ത്രിപദം ഏറ്റെടുത്ത ശേഷം പാഠപുസ്തകങ്ങളിൽ മതനിന്ദ ഉൾപ്പെടുത്തിയും കമ്മ്യൂണിസ്റ്റ് പ്രത്യയ ശാസ്ത്രങ്ങൾ ഉൾപ്പെടുത്തിയും വിവാദങ്ങൾ സൃഷ്ടിക്കുകയുണ്ടായല്ലോ അതിനെല്ലാം സാംസ്കാരിക നായകന്മാർ കൂട്ടു നിൽക്കുകയും ചെയ്തു. ഈ നയത്തിൽ ആകൃഷ്ടനായിട്ടാണ് പ്രൊഫ. ടി.ജെ. ജോസഫ് ഇപ്രകാരം എഴുതിപിടിപ്പിച്ചത്. ക്രൈസ്തവർക്കും ക്രൈസ്തവ ബിഷപ്പുമാർക്കും എതിരെ എന്തെഴുതിയാലും കൈവെട്ടുകയില്ലെന്ന് എല്ലാവർക്കും അറിയാം. ആ നയം എല്ലായിടത്തും ചിലവാകുകയില്ലെന്ന് ഇപ്പോൾ മന്ത്രി ബേബിക്കും പ്രൊഫ. ടി.ജെ. ജോസഫിനും ബോദ്ധ്യമായി. നമ്മുടെ സാംസ്കാരിക നായകന്മാരുടെ അവസരവാദനയവും ജനങ്ങൾക്ക് ബോദ്ധ്യമായി

മുസ്ലിം സമുദായത്തെ പ്രകോപിതരാക്കിയ ഈ നടപടിയെ സാംസ്കാരിക നായകന്മാർ കണ്ടില്ലെന്നു നടിച്ചു. അവർ ഒന്നടങ്കം ഒളിവിൽ പോയി. താടിയുള്ള അച്ഛനെ പേടിയുണ്ട് എന്നു പറഞ്ഞതുപോലെ കൈവെട്ടിയപ്പോൾ അതിനെതിരെ ഒരക്ഷരം ഉരിയാടാതിരുന്ന സാംസ്കാരികനായകന്മാർ ഇപ്പോൾ മാനേജുമെന്റിനെ കുറ്റപ്പെടുത്തുവാൻ ഇറങ്ങിത്തിരിച്ചത് അവരുടെ തനിനിറം വ്യക്തമാക്കുന്നതാണ്.

ഇവിടുത്തെ സാംസ്കാരിക നായകന്മാരോട് ഒരഭ്യർത്ഥനയുണ്ട്. ഇനി ക്രൈസ്തവർക്കും അവരുടെ ബിഷപ്പുമാർക്കും എതിരായി മാത്രം പ്രസ്താവനയിറക്കിയാൽ മതി. കൈവെട്ടിയ കേസിൽ മൗനമവലംബിച്ചതുപോലെ. അല്ലെങ്കിൽ തടികേടാകും എന്ന തോന്നൽ മരണംവരെ നിലനിർത്തുക.

www.malankaralibrary.com

# 13. ഫാ. പോൾ തേലക്കാട്ടിന്റെ ഇരട്ടമുഖം

ഒരിടത്ത് ഒരു നല്ല കൃഷിക്കാരനുണ്ടായിരുന്നു. അദ്ദേഹം തന്റെ വയലിൽ നെൽകൃഷി ചെയ്തു. നെല്ല് തഴച്ച് വളർന്നു. എന്നാൽ അതിനെ തകർക്കത്തക്കവിധത്തിൽ ധാരാളം കളകളും വളർന്നു. നിരവധി തൊഴിലാളികളെ വയലിൽ ഇറക്കി കളപറിപ്പിക്കുവാൻ തുടങ്ങി. ശരിയായി കള പറിപ്പിക്കണമെങ്കിൽ നൂറു കണക്കിനാളുകളുടെ പണി വേണ്ടി വരുമെന്ന് മനസ്സിലായി. വയലിന്റെ വരമ്പത്തുകൂടി നടന്നു വന്ന ഒരു യാത്രക്കാരൻ ഈ കളകൾ കണ്ടിട്ട് പറഞ്ഞു. ഇത് മുഴുവൻ തൊഴിലാളികളെക്കൊണ്ട് പറിപ്പിച്ചാൽ ഈ കൃഷികൊണ്ട് ഭീമമായ നഷ്ടമേ വരുകയുള്ളൂ. അതിന് ഞാൻ ഒരു വഴി പറഞ്ഞുതരാം. അടുത്ത വീട്ടിലെ ഒറോത ചേടത്തിയെ വിളിച്ചു കൊണ്ടു വരിക. അവർ ഒരു കരിനാക്ക് ഉള്ളവളാ. ഈ വയലിൽ എന്തു ഭയങ്കര കളകൾ എന്ന് വരമ്പിൽ നിർത്തി ഒന്നു പറയിപ്പിച്ചാൽ മതി. 24 മണിക്കൂറിനകം കളകൾ മുഴുവൻ കരിഞ്ഞുപൊയ്ക്കൊള്ളും, ഇത് കേട്ടയുടനെ ഒറോത ചേട്ടത്തിയെ അന്വേഷിച്ച് കൃഷിക്കാരൻ പുറപ്പെട്ടു. ഒറോത ചേടത്തി സന്തോഷപൂർവ്വം, അതിലേറെ അഭിമാനത്തോടെ ആ ജോലി ഏറ്റെടുത്തു.

കൃഷിക്കാരന്റെ ഔദ്യോഗിക വക്താവായി സ്ഥാനമേറ്റെടുത്തുകൊണ്ട് പിറ്റേന്നു രാവിലെ എട്ടുമണിക്ക് ഒറോതചേടത്തി വയലിന്റെ അടുക്കൽ വന്നു. വരമ്പിൽ നിന്നുകൊണ്ട് ചേടത്തി പറഞ്ഞു "ഒഹോ ഈ വയലിലെ കളകൾ എത്ര ഭയങ്കരമാണ് അതിനിടക്കുള്ള ഓരോ നെല്ല് അതിനെക്കാൾ ഭയങ്കരം." കൃഷിക്കാരൻ സന്തോഷിച്ചു. ചേടത്തിയെ സൽക്കരിച്ചു യാത്രയാക്കി. തന്റെ വയലിലെ കളകൾ കരിഞ്ഞതു കാണുവാനായിട്ട് കൃഷിക്കാരൻ പിറ്റേന്നു രാവിലെ പാടത്തെത്തി. എന്തൊരത്ഭുതം സകല കളകളും അതിനിടയിൽ നിന്ന നെല്ലുകളും ഒന്നു കൂടാതെ കരിഞ്ഞുപോയിരിക്കുന്നു. ചേടത്തിയുടെ കരിനാക്ക് ഫലിച്ചു. കൃഷിക്കാരൻ ആകെ തകർന്നു പോവുകയും ചെയ്തു.

ഒരു ചേടത്തിയെ ഔദ്യോഗിക വക്താവാക്കി വച്ചതിന്റെ ദുരന്തഫലമാണ് കർഷകൻ കണ്ടത്. ഇതേ ദുരന്തങ്ങൾ കൃഷിക്കാരനുമാത്രമല്ല സംഘടനകൾക്കും പ്രസ്ഥാനങ്ങൾക്കും സഭകൾക്കുതന്നെയും സംഭവിക്കുമെന്നതിൽ സംശയം വേണ്ട. സീറോ മലബാർ സഭയുടെ ഔദ്യോഗിക വക്താവായ ഫാ. പോൾ തേലക്കാടിന്റെ പല പ്രവർത്തികളും പ്രസ്താവനകളും ഒറോതചേടത്തിയുടെ കരിനാക്ക് പ്രയോഗം പോലെയാണ്. നല്ലതും

www.malankaralibrary.com

ചീത്തയുമെല്ലാം ഒറ്റയടിക്ക് നശിപ്പിക്കുവാൻ ഒരു പ്രസ്താവന മതി അദ്ദേഹത്തിന്. ഔദ്യോഗിക വക്താവിന്റെ ചില ഒറോതകളികളിലേയ്ക്ക് ഒന്ന് എത്തി നോക്കാം.

## 1. കത്തോലിക്കാ സാഹിത്യകാരസംഗമവും ഫാ. തേലക്കാട്ടിന്റെ പ്രബന്ധവും

കെ.സി.ബി.സിയുടെ മാധ്യമ കമ്മീഷന്റെ ആഭിമുഖ്യത്തിൽ പി.ഒ.സിയിൽ വച്ച് 1999-ൽ കത്തോലിക്കാ സാഹിത്യകാരസംഗമം നടന്നു. സാധാരണ കത്തോലിക്കാ സാഹിത്യകാരന്മാരുടെ സമ്മേളനത്തിൽ ഇരുപതോ ഇരുപത്തിയഞ്ചോ സാഹിത്യകാരന്മാർ മാത്രമാണ് പങ്കെടുക്കാറ്. എന്നാൽ അന്നത്തെ സമ്മേളനത്തിൽ സാധാരണ പങ്കെടുക്കുന്നവരെ കൂടാതെ നാല്പതിലധികം യുവതികളും പങ്കെടുത്തിരുന്നു. അവരെയും സാഹിത്യകാരികളാക്കി വളർത്താനുള്ള ശ്രമമാണ് നടക്കുന്നതെങ്കിൽ നല്ല കാര്യമെന്ന് ഓർത്ത് സന്തോഷിച്ചു. ക്രിസ്തുവിനെ അപമാനിക്കാനും കരിപൂശാനും ശ്രമിക്കുന്ന ഒരു വിശ്വസാഹിത്യകൃതിയെക്കുറിച്ചായിരുന്നു മുഖ്യ പ്രബന്ധം, സത്യദീപം പത്രാധിപർ പോൾ തേലക്കാട് അവതരിപ്പിച്ചത്. പോർട്ടുഗീസ് സാഹിത്യകാരനായ ജൂസ്സെ സരമാഗോയുടെ യേശുവിന്റെ സുവിശേഷം എന്ന നോവലിനെക്കുറിച്ച് വളരെ സുന്ദരമായി ഹാളിൽ ഇരിക്കുന്ന യുവതികളെ ഇക്കിളിപ്പെടുത്തുന്നതും അവരുടെ പ്രാകൃത വികാരങ്ങളെ ഇളക്കി മറിക്കുന്ന വിധത്തിലുള്ളതുമായ ആ പ്രബന്ധം അവതരിപ്പിക്കുന്നത് കേട്ടപ്പോൾ നിറുത്തുക എന്ന് പറയുവാൻ ഈ ലേഖകന് തോന്നി. ഞാൻ അങ്ങനെ ചെയ്താൽ ആ പ്രബന്ധത്തിൽ ആകൃഷ്ടരായിരിക്കുന്നവർ എന്നെ കയ്യേറ്റം ചെയ്തെങ്കിലോ എന്നു ഞാൻ ഭയന്നു. നോവലിനെ ആസ്പദമാക്കി ഫാ. തേലക്കാട് അവതരിപ്പിച്ച പ്രബന്ധം അതിനു തൊട്ടു പിന്നാലെയിറങ്ങിയ മലയാളം വാരികയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. അതിനെ ആസ്പദമാക്കി ഫാ. തേലക്കാട് അവതരിപ്പിച്ച നോവലിലെ ചില വിഷയങ്ങൾ താഴെ ചേർക്കുന്നു.

1. ക്രൈസ്തവ സഭയോടും ക്രിസ്തുവിനോടും അങ്ങേയറ്റത്തെ അനാദരവിന്റെ അവിശുദ്ധ വ്യാഖ്യാനങ്ങളാണ് ഈ നോവലിൽ ഉള്ളതെന്ന് പ്രബന്ധത്തിൽ എടുത്തു പറഞ്ഞതിനുശേഷം ആ അവിശുദ്ധ വ്യാഖ്യാനങ്ങൾ വിശദീകരിച്ചത് ഒറോതചേടത്തി “കളകൾക്കിടയിൽ ഒരു നെല്ലും” എന്നു പറഞ്ഞതുപോലെയായിരുന്നു.
2. ദൈവം തന്നെ വഞ്ചിച്ചുവെന്ന് കുരിശിൽക്കിടന്ന യേശു തിരിച്ചറിഞ്ഞു അദ്ദേഹം വിളിച്ചു പറഞ്ഞു. “മനുഷ്യരെ ദൈവത്തോട് ക്ഷമിക്കുക, കാരണം ഇദ്ദേഹം ചെയ്യുന്നതെന്തെന്ന് ഇദ്ദേഹം അറിയുന്നില്ല.
3. യേശുവിന്റെ ജനനം ജോസഫിന്റെ വസതിയിൽ ഏകാകിനിയായിരിക്കുന്ന മറിയത്തിന്റെ അടുക്കലേക്ക് വന്ന മാലാഖായെപ്പോലുള്ള ഒരു പിച്ചക്കാരനിൽ നിന്നായിരുന്നുവത്രേ.

www.malankaralibrary.com

4. യേശു ദൈവപുത്രനും മനുഷ്യപുത്രനുമായത് ജോസഫിന്റെ ബീജവും ദൈവത്തിന്റെ ബീജവും കൂട്ടിക്കലർത്തിയതുകൊണ്ടാണ്.
5. യേശുവിന് താഴെ ജോസഫിനും മറിയത്തിനും കൂടി ഒമ്പതു മക്കളുണ്ടായിരുന്നു.
6. യേശുവും ചെകുത്താനും കൂടി കെട്ടിപ്പുണർന്ന് നാല്പതുനാൾ കടലിനടിയിൽ മഞ്ഞു കട്ടകൾക്കിടയിൽ ഉപവസിച്ചു.
7. മണൽക്കാട്ടിൽ യേശുവിന് നാലുവർഷം അജപാലന പരിശീലനം നൽകുന്നത് ചെകുത്താനാണ്.
8. മനുഷ്യന്റെ സന്തോഷങ്ങൾക്കെല്ലാം പാപം എന്നു പേരിട്ടു. മഗ്ദലന മറിയം പാപത്തിന്റെ സന്തോഷമാർഗ്ഗം സ്വീകരിച്ചു.
9. ഒരിക്കൽ ഊരുചുറ്റി കാലിൽ മുറിവുമായി വന്ന യേശുവിന്റെ മുറിവ് സുഖപ്പെടുത്തിയ അവൾ യേശുവിന് മോഹത്തിന്റെ വ്രണം സമ്മാനിച്ചു.
10. സരമാഗോയുടെ നോവലിലെ ഇതുപോലുള്ള നിരവധി നുറുങ്ങ് ചിത്രങ്ങൾ അവതരിപ്പിച്ചതിനുശേഷം ഫ. തേലക്കാട് "ഒറോത ചേടത്തി" കളകളെപ്പറ്റിയും നെല്ലിനെപ്പറ്റിയും പറഞ്ഞതുപോലെ പറഞ്ഞു.
11. മനുഷ്യ സ്വാതന്ത്ര്യത്തെ മായയാക്കി എല്ലാം വിധി വിഹിതമെന്ന് സമർത്ഥിക്കുന്ന ഈ നോവൽ ഭീകരമായ ജീവിത നിഷേധത്തിന്റെയും ദൈവദൂഷണത്തിന്റേതുമാണ്.

ഭീകരമായ ജീവിതനിഷേധത്തിന്റെയും ദൈവദൂഷണത്തിന്റേതുമാണ് ഈ നോവലെങ്കിൽ പിന്നെ എന്തിനാണ് കത്തോലിക്കാ സാഹിത്യകാരന്മാരുടെ സമ്മേളനത്തിൽ ഇത് ചർച്ചാ വിഷയമാക്കുന്നത്?

പ്രബന്ധത്തെപ്പറ്റിയുള്ള ചർച്ചയിൽ പങ്കെടുത്തുകൊണ്ട് കെ.സി. കിടങ്ങൂർ ഉന്നയിച്ച ചോദ്യം വളരെ പ്രസക്തമാണ്. "കത്തോലിക്കാ സാഹിത്യകാരന്മാർ അനുകരിക്കേണ്ട മാതൃകയൊന്നും ഈ നോവലില്ല. ഇങ്ങനെ എഴുതരുത് എന്ന് ഓർമ്മിപ്പിക്കുവാനാണോ ഇതിവിടെ അവതരിപ്പിച്ചത്. വ്യഭിചാരം ചെയ്യരുതെന്ന് ഉപദേശിക്കാൻ വ്യഭിചാരം ചെയ്തു കാണിക്കണോ" കെ.സി.കിടങ്ങൂരിന്റെ ഈ ചോദ്യം സദസ്സിനെ പ്രകമ്പനം കൊള്ളിച്ചു. നമ്മുടെ ഉള്ളിലുള്ള അജ്ഞതയുടെ അന്ധകാരത്തിന് മേൽ അസത്യത്തിന്റെ അന്ധകാരം കൂടി വാരിക്കൂട്ടണമോയെന്ന് പ്രൊഫ. മാത്യു ഉലകംതറ ചോദിച്ചു. യേശുവിനെ നിന്ദിക്കുകയും അപകീർത്തിപ്പെടുത്തുകയും ചെയ്യുന്ന സാഹിത്യം ആ പേരിന് പോലും അർഹമല്ലന്നും അതൊക്കെ ചർച്ചാ വിഷയമാക്കുന്നതുപോലും ഉതപ്പുണ്ടാക്കുമെന്നതിൽക്കവിഞ്ഞ് യാതൊരു പ്രയോജനവും ചെയ്യുകയില്ലെന്നും പ്രൊഫ. ജോസഫ് മറ്റം ചൂണ്ടിക്കാട്ടി.

എന്നാൽ തേലക്കാട്ടിന്റെ നിലപാടിനെ സാധൂകരിക്കാൻ ആളുകൾ ഉണ്ടായിരുന്നു. വിമർശിച്ചവരെ തലനരച്ചവരുടെ ജല്പനങ്ങൾ എന്നാണ് തേലക്കാട്ടച്ചന്റെ ഒരു അനുകൂലി വിശേഷിപ്പിച്ചത്. അവരുടെ ഭാഗം ന്യായീകരിക്കാനാണ് തേലക്കാട്ടച്ചൻ മറുപടി പ്രസംഗത്തിൽ ശ്രമിച്ചത്.

www.malankaralibrary.com

സഭയുടെ ഔദ്യോഗിക വക്താവിന്റെ ഈ നിലപാട് സഭാപിതിക്കന്മാർ മനസ്സിലാക്കുകതന്നെവേണം.

## 2. കമ്യൂണിസ്റ്റുകാരുടെ നയം മാറ്റം - ഫാ. തേലക്കാട്ടിന്റെ കണ്ടെത്തലുകൾ.

2004-ലെ പൊതു തിരഞ്ഞെടുപ്പിനോടനുബന്ധിച്ചാണ് കമ്മ്യൂണിസ്റ്റ് -കത്തോലിക്കാ കൂട്ടുകെട്ടിനെപ്പറ്റി ചർച്ച പൊന്തിവന്നത്. ആ ചർച്ച നമ്മുടെ അഭിവന്ദ്യ പിതാക്കന്മാരിലും ചിന്താക്കുഴപ്പമുണ്ടാക്കിയെന്നുവേണം കരുതാൻ. ആ ചർച്ചകൾ മുഴുവൻ വഴിതെറ്റിച്ചത് സീറോ-മലബാർ സഭയുടെ ഔദ്യോഗിക വക്താവ് ഫാ. പോൾ തേലക്കാട്ടാണെന്ന് പറയാതിരിക്കാൻ വയ്യ. 2004-ലെ തിരഞ്ഞെടുപ്പിനുശേഷം കത്തോലിക്കാ സഭയും ഇടതുപക്ഷവും തമ്മിൽ അകൽച്ചയില്ലെന്ന് വരുത്തിതീർക്കാൻ കേരള കത്തോലിക്കരുടെ ഒദ്യോഗിക ജിഹ്വയെന്ന് എല്ലാവരും അംഗീകരിച്ച സത്യദീപത്തിന്റെ താളുകൾ ഫാ. പോൾ തേലക്കാട്ട് കൗശലപൂർവ്വം വിനയോഗിക്കുകയുണ്ടായി.

"അര നൂറ്റാണ്ടിന് മുമ്പുള്ള കത്തോലിക്കാസഭ- മാർക്സ്റ്റ് പാർട്ടി ബന്ധത്തിൽ മാറ്റം വന്നിട്ടുണ്ടെങ്കിലും മറ്റു മതേതര ജനാധിപത്യ പാർട്ടികളുമായുള്ളത്ര ബന്ധം കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി കത്തോലിക്കാസഭ പുലർത്തുന്നുണ്ടോയെന്ന കാര്യത്തിൽ ചോദ്യങ്ങൾ അവശേഷിക്കുന്നു " എന്ന മുഖപ്രസംഗത്തോടെ 2004-ൽ പുറത്തിറങ്ങിയ സത്യദീപം ഇംഗ്ലീഷ് പതിപ്പിൽ ആണ് വൈദികശ്രേഷ്ഠന്മാരുടെ അഭിപ്രായം ക്രോഡീകരിച്ച് പ്രസദ്ധീകരിച്ചത്. അവയിൽ പ്രധാന ഭാഗങ്ങൾ താഴെ ചേർക്കുന്നു.

1. കത്തോലിക്കാ സഭയോട് കമ്മ്യൂണിസ്റ്റുകൾ കൂടുതൽ അടുക്കുന്നു എന്ന കൽക്കത്താ ആർച്ച് ബിഷപ്പ് ഡോ. ഹെൻട്രി ഡിസൂസായുടെ അഭിപ്രായപ്പെട്ടു.
2. "കത്തോലിക്കാ സഭയുമായി കമ്മ്യൂണിസ്റ്റ് പാർട്ടി കൂടുതൽ അടുക്കുന്നുവെന്നത് ശരിയാണ്. മതമൗലികതയ്ക്ക് എതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ശൈലി അഭിനന്ദനാർഹമാണ്" എന്നാണ്. ആർച്ച് ബിഷപ്പ് ഡോ. ഡാനിയേൽ അച്ചാരുപാറമ്പിൽ അഭിപ്രായപ്പെട്ടത്.
3. സാമൂഹിക പ്രശ്നങ്ങളിൽ മാർക്സ്റ്റ്- കത്തോലിക്കാ വിഭാഗങ്ങൾ സ്വീകരിക്കുന്ന നിലപാടുകൾ സമാനങ്ങളാണെന്നും ധാർമ്മിക മൂല്യങ്ങൾ പുലർത്തുന്നതിൽ അവർ മുൻപന്തിയിലാണെന്നും അണികളുടെ അക്രമത്തെ അവർ പാർട്ടി തലത്തിൽ ന്യായീകരിക്കുമെങ്കിലും വ്യക്തിപരമായി അവർ ഉന്നതമൂല്യങ്ങൾ പുലർത്തുന്നവരാണെന്നുമുള്ള ആർച്ച് ബിഷപ്പ് ഡോ. സൂസൈ പാക്യം കമ്മ്യൂണിസ്റ്റുകൾക്ക് നൽകിയ സർട്ടിഫിക്കറ്റ്
4. കമ്മ്യൂണിസ്റ്റുകാരനായ ശ്രീ. എ.പി. വർക്കിയുടെ സ്മരണാർത്ഥം സ്ഥാപിച്ച

www.malankaralibrary.com

ആശുപത്രിയുടെ പുതിയ ബ്ലോക്ക് ഉദ്ഘാടനം ചെയ്തുകൊണ്ട് കർദ്ദിനാൾ തിരുമേനി ജീവകാരുണ്യ രംഗത്ത് കമ്മ്യൂണിസ്റ്റ് പാർട്ടി മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നും സഭയുടെ ലക്ഷ്യങ്ങളോട് യോജിച്ചു പോകുന്ന ഇത്തരം പരിശ്രമങ്ങളുമായി സഹകരിക്കുന്നതിൽ തെറ്റില്ലെന്നും നടത്തിയ പ്രഖ്യാപനം.

മേൽ പറഞ്ഞ വൈദിക മേലദ്ധ്യക്ഷന്മാരുടെ അഭിപ്രായങ്ങൾ അണിനിരത്തിക്കൊണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയും കത്തോലിക്കാ സഭയും തമ്മിൽ കാര്യമായ അകൽച്ചയില്ലെന്നും യോജിച്ചു പോകണമെന്നും ഫാ. തേലക്കാട്ട് തുടർന്ന് മലയാളം വാരികയിലൂടെ സമർത്ഥമായി സമുദായത്തെ ബോദ്ധ്യപ്പെടുത്തുകയാണ് ചെയ്തത്.

ഈ സന്ദർഭത്തിൽ മാർക്സ്റ്റ് നയങ്ങളിൽ കാതലായ മാറ്റം വന്നിട്ടില്ലെന്നും കൂട്ടായ ചർച്ചയിലൂടെ മാത്രമേ ഇത്തരം കാര്യങ്ങളിൽ അഭിപ്രായം പറയാനാവൂ എന്നും സഭയുടെ ഐക്യം ഇക്കാര്യത്തിൽ വ്യക്തമാക്കിയില്ലെങ്കിൽ അത് പ്രശ്നങ്ങൾക്ക് ഇടയാക്കുമെന്നും യാതൊരു മറവും തിരിവുമില്ലാതെ ആർച്ച് ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ അഭിപ്രായപ്പെട്ടതിന് വേണ്ടത്ര പരിഗണന നൽകാൻ ഫാ. തേലക്കാടിന്റെ സത്യദീപം തയ്യാറായതുമില്ല.

കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ മാറ്റങ്ങളും ദരിദ്രരോടുള്ള ആഭിമുഖ്യവും മതമൗലീക വാദത്തോടുള്ള ശക്തമായ എതിർപ്പുമാണ് ക്രിസ്ത്യാനികൾ മാർക്സ്റ്റ് പാർട്ടിയോട് ആഭിമുഖ്യം പുലർത്തുന്നതിനുള്ള കാരണങ്ങൾ എന്നും സത്യദീപം അതിന്റെ മുഖപ്രസംഗത്തിൽ എഴുതിയിട്ടുണ്ട്. ഈയടുത്ത കാലത്ത് കമ്മ്യൂണിസ്റ്റ് -കത്തോലിക്കാ സഭ ബന്ധങ്ങളെപ്പറ്റിയുള്ള മെത്രാന്മാരുടെ അഭിപ്രായങ്ങൾ അടങ്ങിയ പത്ര റിപ്പോർട്ടുകളും മറ്റും കാണുമ്പോൾ സാധാരണക്കാരായ കത്തോലിക്കർ കമ്മ്യൂണിസ്റ്റുകളോട് സഭ കൂടുതൽ അടുത്തു കഴിഞ്ഞിരിക്കുന്നുവെന്നും കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ വലിയ മാറ്റങ്ങൾ വന്നുകഴിഞ്ഞുവെന്നും നമുക്ക് ഉൾക്കൊള്ളാൻ കഴിയുന്ന ഒരു പാർട്ടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയെന്നും ചിന്തിച്ചിട്ടുണ്ടെങ്കിൽ അവരെ കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല. അതായിരുന്നു തേലക്കാട്ടച്ചന്റെ ലക്ഷ്യവും. അപ്പൻ ഇഛിച്ചതും ഡോ. കൽപ്പിച്ചതും ഒന്നുതന്നെ എന്നു പറഞ്ഞപോലെ.

കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ മാറ്റങ്ങളും മതമൗലീക വാദത്തോടുള്ള ശക്തമായ എതിർപ്പുമാണ് ക്രിസ്ത്യാനികളെ മാർക്സ്റ്റ് പാർട്ടിയോടു കൂട്ടുകൂടാൻ പ്രേരിപ്പിച്ചതെന്ന് കണ്ടെത്തിയ സത്യദീപം കമ്മ്യൂണിസ്റ്റുകളുടെ നയത്തിലുള്ള മാറ്റം ആകർഷകമായത് എന്നാണെന്നുകൂടി പറയണം.

അറുപതുകളിലാണ് സാമൂഹ്യ പ്രശ്നങ്ങളിൽ കമ്മ്യൂണിസ്റ്റുകാർ കത്തോലിക്കരോട് സഹകരിച്ചത്. അമരാവതി- കൊട്ടിയൂർ -ഗൂഡല്ലൂർ, ചുരളി കീരിത്തോട് കർഷക സമരങ്ങളിൽ. ആ സഹകരണം നടന്നിട്ട് 50 വർഷം ആകാൻ പോകുന്നു. ആ സഹകരണത്തിന് നേതൃത്വം നൽകിയ ഫാ. വട

www.malankaralibrary.com

ക്കനെ അന്ന് എല്ലാവരും കുറ്റക്കാരായി വിധിച്ചു. ഇന്ന് വെട്ടിനിരത്തലാണ് കമ്മ്യൂണിസ്റ്റുകളുടെ മുഖ്യതൊഴിൽ. പൊതുമുതൽ നശിപ്പിക്കുകയും രാജ്യത്ത് അരാജാകത്വം സൃഷ്ടിക്കുകയും ആണ് അവരുടെ മുഖ്യപരിപാടി. വിദ്യാർത്ഥി രജനി ആത്മഹത്യ ചെയ്തപ്പോൾ കത്തോലിക്കാ മെത്രാന്മാരുടെ നേരെയാണ് അവർ കയർത്തത്. അവരുടെ മുമ്പിൽ മെത്രാന്മാർ നികൃഷ്ട ജീവികളാണിന്നും. ഈ കമ്മ്യൂണിസ്റ്റുകളെ നമുക്കെങ്ങനെ പ്രശംസിക്കുവാൻ സാധിക്കും. അതിലെന്ത് ആത്മാർത്ഥതയാണുള്ളത്. ഒരു ദശകത്തിനുള്ളിൽ അവർ ചെയ്ത ഏതെങ്കിലും ഒരു നല്ല കാര്യം എടുത്തു കാണിക്കുവാൻ സത്യദീപത്തിന് സാധിക്കുമോ?

കാർഷിക പ്രശ്നങ്ങളിൽ കമ്മ്യൂണിസ്റ്റുകാരുമായി ഫാ, വടക്കൻ സഹകരിച്ചതുകൊണ്ടാണ് ചുരുളികീരിത്തോട്ടിൽനിന്നും കുടിയിറക്കിയവരെ അവിടെത്തന്നെ കുടിയിരുത്തുവാനും. കൊട്ടിയൂർ മേൽച്ചാർത്ത് റദ്ദാക്കാനും സാധിച്ചത്. കേരളത്തിലെ 35 ലക്ഷം മലയോര കർഷകരുടെ മണ്ണിലുള്ള അവകാശം സംരക്ഷിക്കാൻ സാധിച്ചത്.

മലനാടു ജില്ലയും മലപ്പുറം ജില്ലയും രൂപീകരിക്കാൻ ഒന്നിച്ചാണ് തീരുമാനമെടുത്തത്. മലപ്പുറം ജില്ലയോടൊപ്പം മലനാട് ജില്ല രൂപീകരിക്കാതിരുന്നത് ക്രൈസ്തവരെ ഒതുക്കാൻ വേണ്ടിയായിരുന്നു. മാർക്സ്റ്റുകൾ മതമൗലീകവാദത്തെ എതിർക്കുന്നവരാണെന്ന് പറയുന്നവർ അവരിലെ വർഗ്ഗീയത കണ്ടില്ലെന്ന് നടിക്കരുത്.

സാമൂഹ്യ പ്രശ്നങ്ങളിൽ കമ്മ്യൂണിസ്റ്റുകളുമായി സഹകരിക്കുകയും അതിൽ വിജയം വരിക്കുകയും ചെയ്ത ഫാ. വടക്കനെ നിശിതമായി വിമർശിച്ച സത്യദീപം അധികാരത്തിനുവേണ്ടി മാത്രം കമ്മ്യൂണിസ്റ്റുകളുമായി സഹകരിച്ച കെ.എം, മാണിയെ പിന്താങ്ങിയത് എന്തിന്? ഇത് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ വന്ന മാറ്റമോ നമ്മളിൽ വന്ന അവസരവാദപരമായ മാറ്റമോ?

ജാംബുവായാലും ഗജറൗളയിലും ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലും ഒറീസ്സായിലും ന്യൂനപക്ഷപീഢനം നടന്നപ്പോൾ ആദ്യം ഓടിയെത്തിയത് കമ്മ്യൂണിസ്റ്റുകളാണത്രെ. ഇന്ന് കമ്മ്യൂണിസ്റ്റുകളാണ് ന്യൂനപക്ഷാവകാശങ്ങൾക്കെതിരെ പോരാടുന്നത്. അവരാണ് മെത്രാന്മാരെ വഴിയിൽ കണ്ടുകൊള്ളാമെന്ന് ഭീഷണിപ്പെടുത്തുന്നത്. അവരാണ് വെട്ടി നിരത്തലിനുവേണ്ടി ഇന്നും വാദിക്കുന്നത്.

ഇടതു പക്ഷവും സഭയും തമ്മിൽ അകൽച്ചയില്ലെന്നും കമ്മ്യൂണിസ്റ്റുകളിൽ മാറ്റം കണ്ടുതുടങ്ങിയിരിക്കുന്നുവെന്നും തട്ടിവിടാൻ ഫാ. തേലക്കാട്ടും സത്യദീപവും കണ്ട സമയം ഉചിതം തന്നെ കമ്മ്യൂണിസ്റ്റ് പാർട്ടിയെ വെള്ള പൂശാൻ കണ്ടസമയം.!

www.malankaralibrary.com

## 3. ഫാ. തേലക്കാട്ടിന്റെ മലയാളം വാരികയിലെ ലേഖനം

മലയാളം വാരികയിലെ സ്ഥിരം ലേഖകനാണല്ലോ ഫാ. പോൾ തേലക്കാട്ട്. അദ്ദേഹം 2004 ജൂലൈ ലക്കത്തിൽ "അകൽച്ചയിൽനിന്നും അടുപ്പത്തിലേക്ക്" എന്ന ശീർഷകത്തിൽ ഒരു ലേഖനം എഴുതിയിരുന്നു. പ്രസ്തുത വാരികയുടെ പുറംചട്ടയിൽ അരിവാൾ ചുറ്റികയ്ക്കു പകരം അരിവാൾ കുരിശും അകത്ത് സുർജിത് സിംഗിന്റെയും മേജർ ആർച്ച് ബിഷപ്പിന്റെയും മറ്റും ചിത്രങ്ങളുമായിരുന്നു. ഈ ലേഖനത്തെപ്പറ്റി പ്രൊഫ. മാത്യു ഉലകംതറ 2004 ഒക്ടോബർ ലക്കത്തിൽ കുടുംബ ജ്യോതിസ് മാസികയിൽ എഴുതിയ ലേഖനത്തിലെ ഒരു ഭാഗം ഉദ്ധരിക്കട്ടെ." കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നയം മാറിയെന്നാണ് പുതിയ സമീപനത്തിന് കാരണമായി എല്ലാവരും പറയുന്നത്. നയം മാറിയതായി കമ്മ്യൂണിസ്റ്റുകാർ പറഞ്ഞിട്ടില്ല. അഥവാ മാറിയെങ്കിൽ തന്നെ വോട്ടുകിട്ടാനും ഭരണം പിടിച്ചെടുക്കാനുമുള്ള അടവു നയമാണോ മാറിയത്! അടിസ്ഥാന നയങ്ങളാണോ മാറിയത് എന്നും വ്യക്തമല്ല..... കമ്മ്യൂണിസ്റ്റ് പാർട്ടി നയം മാറ്റിയെന്ന് പ്രഖ്യാപിച്ചാൽത്തന്നെ വിശ്വാസ പ്രമാണങ്ങൾ മാറിയോ? ഡയലക്ടിക്കൽ മെറ്റിരിയലിസവും വർഗ്ഗസമര സിദ്ധാന്തവും രക്ത രൂക്ഷിത വിപ്ലവവും തൊഴിലാളി വർഗ്ഗ സർവ്വാധിപത്യ ലക്ഷ്യവുമൊക്കെ അവർ ഉപേക്ഷിച്ചോ? അതൊക്കെ ഉപേക്ഷിച്ചാൽ പിന്നെ ആ പാർട്ടിയുടെ പേര് കമ്മ്യൂണിസ്റ്റ് പാർട്ടി എന്നായിരിക്കുമോ?..... തലശ്ശേരിയിലും കണ്ണൂരും തുടുർന്നു പോന്ന തലവെട്ടൽ നയം ഒട്ടൊന്ന് ശമിച്ചത്, ആർ.എസ്സ്.എസ്സുകാർ തുല്യഅളവിൽ തിരിച്ചു വെട്ടിത്തുടങ്ങിയപ്പോഴല്ലേ?... സർവ്വ മതങ്ങളെയും സമൂലം ഇല്ലായ്മ ചെയ്യുന്ന മതേതരത്വമാണ് മാർക്സ്റ്റുകാരുടെ ഉള്ളിലുള്ളത്. ഇന്ത്യയിൽ അവർ മതേതരത്വം പ്രസംഗിക്കുന്നത് മാർക്സിയൻ തീവ്രവാദത്തിന്റെ മുന്നേറ്റത്തിന് മതതീവ്രവാദം തടസ്സമാകുന്നതു നിമിത്തമാണ്."

തത്ത്വശാസ്ത്ര പണ്ഡിതനായ തേലക്കാട്ടച്ചൻ വിമോചനദൈവശാസ്ത്രത്തിന്റെ ചുവടുപിടിച്ചാണ് ഈ ലേഖനങ്ങൾ എഴുതുന്നത്. സാമൂഹ്യഘടനയെ ശാസ്ത്രീയമായി അപഗ്രന്ഥിച്ചിട്ടുള്ളത് മാർക്സിസമാണെന്നും മാർക്സിസത്തിന്റെ വെളിച്ചത്തിൽ ബൈബിൾ പുനർവായന നടത്തണമെന്നും, പാവങ്ങളുടെ മോചനത്തിനായി മാർക്സ്റ്റുകാരോട് ചേർന്ന് സമരം ചെയ്യേണ്ടത് സഭയുടെ കടമയാണെന്നും വേണ്ടി വന്നാൽ ചാട്ടവാറേന്തിയ ക്രിസ്തുവിനെ മാതൃകയാക്കിക്കൊണ്ട് സായുധ വിപ്ലവം നടത്തുന്നതും അനുവദനീയമാണെന്നുള്ള ചിന്തകൾ വച്ചായിരിക്കാം ഫാ. പോൾ തേലക്കാട് ഈ വഴി ചിന്തിക്കുന്നത്. സഭയുടെ ഔദ്യോഗിക വക്താവെന്ന് കൂടെകൂടെ ആവർത്തിച്ചാവർത്തിച്ചു പറയുന്ന തേലക്കാട്ടച്ചൻ സഭയുടെ ഔദ്യോഗിക വക്താവെന്ന നിലയിലാണോ ഈ രചനകൾ നടത്തുന്നത് എന്ന് അഭിവന്ദ്യ പിതാക്കന്മാർ വിശദീകരിച്ചാൽ നന്നായിരുന്നു.

www.malankaralibrary.com

## 4. ഫാ. തേലക്കാട്ടിന്റെ മരുപ്പച്ചയിലെ ലേഖനം.

2007 നവംബർ ലക്കം മരുപ്പച്ച (ഒരു പെന്തക്കോസ്തു പ്രസിദ്ധീകരണം) യിൽ ഫാ. പോൾ തേലക്കാട്ട് "കമ്മ്യൂണിസ്റ്റുകാർ കറപ്പു ഉപേക്ഷിച്ചുവോ" എന്ന ശീർഷകത്തിൽ ഒരു ലേഖനം എഴുതുകയുണ്ടായി സഭയേയും കമ്മ്യൂണിസ്റ്റു പാർട്ടിയേയും ഒരേ സമയം വിമർശിക്കുകയും അനുകുലിക്കുയും ചെയ്യുന്നു എന്നു തോന്നുമാറാണ് ആ ലേഖനം എഴുതിയിരിക്കുന്നത്. സഭയ്ക്ക് തെറ്റുകൾ പറ്റിയിട്ടുണ്ട്. നന്മകൾ ചെയ്തിട്ടുണ്ട് എന്നിങ്ങനെ പറയുമ്പോൾ സഭയുടെ തെറ്റുകൾ അരക്കിട്ടുറപ്പിക്കുകയാണ് അദ്ദേഹത്തിന്റെ ലക്ഷ്യം എന്ന് മനസ്സിലാകും. ആ ലേഖനത്തെപ്പറ്റി കുടുംബജ്യോതിസ് മാസികയിൽ പ്രൊഫ. മാത്യു ഉലകംതറ എഴുതിയിരിക്കുന്ന ഒരു ഭാഗം ഉദ്ധരിക്കാം, " "വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സർഗ്ഗ പ്രവർത്തനങ്ങളിൽ ഒരു കല്ലുപോലും എടുത്തു വയ്ക്കാത്തവർ അവിടെ കല്ലെറിയുവാൻ വരുന്നത് ശരിയല്ലെന്നൊക്കെ സഭയെ താങ്ങിയും പാർട്ടിയെ കുറ്റപ്പെടുത്തിയും ചില വരികളൊക്കെ അതിലുണ്ട്. " വിദ്യാഭ്യാസ രംഗത്ത് വലിയ കച്ചവടമാർക്കറ്റുകൾ തുറക്കുവാൻ വരുന്ന ദുരാഗ്രഹികളുമുണ്ടാകും. "എന്ന വാക്യത്തിലൂടെ സഭയുടെ ഭാഗത്തുനിന്നും വന്നിരിക്കാവുന്ന വീഴ്ചകൾ ഏറ്റു പറയുവാനും അദ്ദേഹം വിശാല മനസ്കതയോടെ തയ്യാറായിരിക്കുന്നു" "എല്ലാവരും അങ്ങനെയാകണമെന്നില്ല." എന്നാണ് തുടർന്ന് വരുന്ന വാക്യം. എല്ലാ കമ്മ്യൂണിസ്റ്റുകാരും കല്ലെറിയുന്നവരാകണമെന്നില്ല. എല്ലാ സഭാവിദ്യാലയങ്ങളും കച്ചവടദുരാഗ്രഹമുള്ളവരാകണമെന്നില്ല. ഇത് പരസ്പരം സമ്മതിച്ചാൽ തുടർന്ന് സഹകരിച്ച് പ്രവർത്തിക്കാമല്ലോ. സഭയേയും കമ്മ്യൂണിസ്റ്റു പാർട്ടിയേയും കുറ്റപ്പെടുത്തിയും പ്രശംസിച്ചും എഴുതിയ ഈ ലേഖനം കമ്മ്യൂണിസ്റ്റ് പാർട്ടിയെ വെള്ളപൂശാനുള്ള നീക്കത്തിന്റെ ഭാഗം തന്നെയാണ്. സഭയും കമ്മ്യൂണിസ്റ്റ് പാർട്ടിയും തിന്മയും നന്മയും ചെയ്തിട്ടുണ്ടെന്ന് പ്രസ്താവിച്ച തേലക്കാട്ടച്ചൻ സഭയേയും മാർക്സിസ്റ്റ് പാർട്ടിയേയും ഒരേ നിലയിലാണ് കാണുന്നത്.

തേലക്കാട്ടച്ചന്റെ ലേഖനത്തിലെ ഒരു ഭാഗം കുടി ഉദ്ധരിക്കാം."വിമോചനസമരം എല്ലാവർക്കും ആവശ്യമാണ്. അത് പരസ്പരം ഏറ്റുമുട്ടി കൊച്ചാക്കുന്ന സംഘട്ടനങ്ങളിലൂടെയാകണമെന്നില്ല. പരസ്പരം സഹകരിച്ച് അഴിമതികളെ ഉച്ചാടനം ചെയ്ത് സമൂഹത്തിന്റെ നല്ല നാളേയ്ക്കു വേണ്ടിയുള്ള സാധനയാകാം. അതിന് പഴയമുറിവുകൾ നക്കി വലുതാക്കി വാക്കുകളുടെ മഴുത്തായയുമായി നിങ്ങേണ്ടതില്ല." തേലക്കാട്ടച്ചന്റെ ഈ ലേഖനോദ്ദേശം എന്താണ്? കമ്മ്യൂണിസ്റ്റുകാരേപ്പോലെ സഭയും തെറ്റുകൾ ചെയ്യുന്നുണ്ട് എന്ന് സൂചിപ്പിച്ച് കമ്മ്യൂണിസ്റ്റുകളെ വെള്ളപൂശുകയെന്നതുമാത്രം.

www.malankaralibrary.com

## 5. ഫാ. തേലക്കാട്ടച്ചൻ കരിസ്മാറ്റിക്കുകാരെപ്പറ്റി

കത്തോലിക്കരെ വിദ്യാഭ്യാസകച്ചവടക്കാരാണെന്ന് വിദ്യാഭ്യാസ മന്ത്രി എം.എ. ബേബിയും, ഡി.വൈ.എഫ്.ഐ. പ്രവർത്തകരും നിരന്തരം പറഞ്ഞുകൊണ്ടിരുന്ന സമയത്താണ് മൂരിങ്ങൂർ ഡിവൈൻ കേന്ദ്രത്തിൽ റെയ്ഡ് നടക്കുന്നത്. ആ സന്ദർഭം നോക്കി മലയാളം വാരികയിൽ ഫാ. പോൾ തേലക്കാട്ട് - അതേ സീറോ -മലബാർ സഭയുടെ ഔദ്യോഗിക വക്താവ് - കരിസ്മാറ്റിക്കുകളെപ്പറ്റി മലയാളം വാരികയിൽ എഴുതി. -"രോഗശാന്തി കച്ചവടം നടത്തി വിശ്വാസികളുടെ പോക്കറ്റടിക്കുന്നവർ" എന്ന്. സഭയെ മൊത്തത്തിൽ ആക്ഷേപിക്കുന്നതിനാണ് സഭയുടെ ഔദ്യോഗിക വക്താവ് ഈ രീതിയിൽ എഴുതിപ്പിടിപ്പിച്ചത്.

## 6. തേലക്കാട്ടച്ചൻ മാർപാപ്പായ്ക്കെതിരെ

സഭയിൽ ഛിദ്രവാസന വർദ്ധിപ്പിക്കുകയെന്നതാണോ തേലക്കാട്ടച്ചന്റെ മുഖ്യലക്ഷ്യം എന്നു തോന്നുമാറാണ് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ. 2006-ൽ മാർപാപ്പാ ബനഡിക്ട് 16-ാമൻ നടത്തിയ അർദ്ധ ഔദ്യോഗിക സ്വഭാവമുള്ള ഒരു പ്രഭാഷണമദ്ധ്യേ സുവിശേഷ പ്രചരണത്തിന്റെ ചരിത്ര പാശ്ചാത്തലം വിവരിക്കുകയുണ്ടായി. മാർത്തോമ്മാശ്ലീഹായുടെ ഭാരത പ്രേഷിതത്വത്തെക്കുറിച്ച് സാന്ദർഭികമായി പറഞ്ഞ ഒരു വാക്യശകലം എടുത്ത് ചില പത്രങ്ങൾ ദുർവ്യാഖ്യാനം നടത്തുകയുണ്ടായി. മാർത്തോമ്മാ കേരളത്തിൽ 'വന്നില്ലെന്ന് പറഞ്ഞതായിട്ടാണ് ചില പത്രങ്ങൾ വ്യാഖ്യാനിച്ചത്. തോമ്മാശ്ലീഹാ ഉത്തരേന്ത്യാ ഉൾപ്പെടുന്ന പാർത്ത്യാ രാജ്യത്താണ് ആദ്യം വന്നതെന്നും അവിടെനിന്നാണ് ക്രിസ്തുമതം തെക്കോട്ട് പ്രചരിച്ചതെന്നും ആണ് മാർപാപ്പാ പ്രസ്താവിച്ചത്. യാഥാർത്ഥ്യം എന്താണെന്ന് അന്വേഷിക്കാതെ ഫാ. തേലക്കാട്ടച്ചൻ പ്രസ്തുത പത്രക്കാരുടെ പക്ഷം പിടിച്ച് മാർപാപ്പായെ പരിഹസിച്ചുകൊണ്ട് " മാർപാപ്പാ പറഞ്ഞിട്ടില്ല ഞങ്ങൾ മാർത്തോമ്മാ ക്രിസ്ത്യാനികൾ ആയത് എന്ന് പത്രസമ്മേളനത്തിൽ തുറന്നടിച്ചു. മാത്രമല്ല തുടർന്നിറങ്ങിയ സത്യദീപം ഇംഗ്ലീഷ് പത്രത്തിന്റെ മുഖപ്രസംഗത്തിൽ, മാർപാപ്പാ പറയുന്നതെല്ലാം കണ്ണടച്ച് വിശ്വസിക്കുവാൻ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ കത്തോലിക്കർബാദ്ധ്യസ്ഥരല്ലെന്നും അതിനെ ചോദ്യം ചെയ്യാൻ തക്ക വൈജ്ഞാനിക വളർച്ച ആധുനിക തലമുറയിലെ വിശ്വാസികൾ നേടിക്കഴിഞ്ഞുവെന്നും എഴുതി പിടിപ്പിച്ചു. കത്തോലിക്കാ സഭയിലെ അച്ചടക്കം തകർക്കാൻ ഇതിലധികം എന്തു വേണം? ഇതുതന്നെയാണല്ലോ ഒരു ഔദ്യോഗിക വക്താവിന്റെ ചുമതല!

കഴിഞ്ഞ എട്ടു പത്തു വർഷമായി ഫാ. തേലക്കാട്ടിന്റെ പേര് വച്ച് സീറോ-മലബാർ സഭയുടെ ഔദ്യോഗിക വക്താവെന്ന നിലയിൽ എഴുതിയിട്ടുള്ള ലേഖനങ്ങൾ വായിച്ചാൽ ഈ സഭയെ ഏതു പാതാളക്കുഴിയിലേക്കാണ് ഔദ്യോഗിക വക്താവ് നയിച്ചു കൊണ്ടു പോകുന്നതെന്ന് ബോദ്ധ്യമാകും.

www.malankaralibrary.com

## 7. പ്രൊഫ. ജോസഫിന്റെ മേലുള്ള ശിക്ഷണ നടപടിയെപ്പറ്റി

ആദ്യം പറഞ്ഞ ഒറോത ചേടത്തി ഫാ.പോൾ തേലക്കാട്ടിലൂടെ വീണ്ടും പുനർജനിക്കുകയാണ്. ചോദ്യപേപ്പർ വിവാദത്തെ തുടർന്ന് പ്രൊഫ. ടി.ജെ. ജോസഫിനെ സർവ്വീസിൽ നിന്നും ഡിസ്മിസ് ചെയ്ത സംഭവത്തെപ്പറ്റി സീറോ-മലബാർ സഭാസിനഡിന്റെ ഔദ്യോഗിക വക്താവ് എന്ന നിലയിൽ ഫാ. പോൾ തേലക്കാട്ട് ഇടംവലം നോക്കാതെ ഒരു പ്രസ്താവന ഇറക്കിയിരിക്കുന്നു. കോളേജ് മാനേജ്മെന്റിന്റെ തീരുമാനം ശരായായ സന്ദേശം ആണ് നൽകിയതെന്നും ഈ തീരുമാനം കേരളത്തിലെ മതേതര സമൂഹത്തിന് വ്യക്തമായ സന്ദേശം നൽകുന്നതാണെന്നും ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒരു മതസമൂഹത്തെയും വ്രണപ്പെടുത്തുന്ന നടപടികൾ അനുവദിക്കില്ലെന്ന സന്ദേശം വ്യക്തമായി നൽകുന്നുവെന്നും ഇത് മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മാതൃകയാകേണ്ടതാണെന്നും പ്രസ്താവനയുടെ ആദ്യഭാഗത്ത് മനോഹരമായി രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് അദ്ദേഹത്തിന്റെ പ്രസ്താവന തുടരുന്നു. തീവ്രവാദികൾ പ്രൊഫ, ടി.ജെ. ജോസഫിന്റെ കൈവെട്ടിയത് പരിഗണിച്ച് അദ്ദേഹത്തിനുള്ള ശിക്ഷ ഇളവ് ചെയ്യാം എന്നു പറയുന്നവരുമുണ്ട്. അങ്ങനെ ചെയ്യുന്നത് ആ തീവ്രവാദികൾക്ക് തങ്ങളുടെ മതത്തെ വ്രണപ്പെടുത്തിയവരെ ശിക്ഷിക്കാനുള്ള അധികാരമുണ്ടെന്ന് പരോക്ഷമായി അംഗീകരിച്ച് കൊടുക്കലാവും. ആ കുറ്റകൃത്യം ചെയ്തവരെ സർക്കാർ നിയമത്തിന്റെ മുൻപിൽ കൊണ്ടുവന്ന് ശിക്ഷിക്കേണ്ടതാണ്..... എന്നാൽ മുസ്ലീം സമുദായത്തിനെതിരായി അദ്ദേഹം ചെയ്ത തെറ്റ് ശിക്ഷിക്കപ്പെടാതെ പോവുകയുമരുത് എന്ന് പറഞ്ഞ തേലക്കാട്ടച്ചൻ - സഭയുടെ വക്താവ് - തുടർന്നു പറയുകയാണ് "എന്നിരുന്നാലും അദ്ദേഹം ചെയ്ത കുറ്റത്തിന് അനുപാതികമായിരുന്നോ അദ്ദേഹത്തിന് കൊടുത്ത ശിക്ഷ എന്ന കാര്യത്തിൽ എനിക്ക് വ്യക്തിപരമായ സംശയമുണ്ട്. അങ്ങനെ ചിന്തിക്കുന്ന ആളുകളുമുണ്ട്." വയലിലെ കള നശിപ്പിക്കാമെന്ന് പറഞ്ഞ് വന്ന ഒറോത ചേടത്തി നെല്ലുകൂടി നശിപ്പിച്ചിട്ട് പോയതിന് തുല്യമല്ലേ ഈ പ്രസ്താവന. മാനേജുമെന്റിനെതിരെ ചിന്തിക്കുന്ന ധാരാളമാളുകൾ ഉണ്ട് എന്ന് സമൂഹത്തെ ബോദ്ധ്യപ്പെടുത്താനാണ് ഈ പ്രസ്താവന അദ്ദേഹം തയ്യാറാക്കി പ്രസിദ്ധീകരിച്ചത്. സഭയുടെ ഔദ്യോഗിക വക്താവിന്റെ നിലപാടും വ്യക്തിപരമായ നിലപാടും വിശദീകരിച്ച് ഒരു പ്രസ്താവന പുറപ്പെടുവിച്ചത് സഭാശത്രുക്കൾക്ക് ശക്തിപകരുന്നതിനുവേണ്ടി മാത്രമാണ്.

ഔദ്യോഗിക വക്താവ് എന്ന നിലയിലും വ്യക്തിപരമായ നിലയിലും ഒരേ വിഷയത്തെക്കുറിച്ച് ഭിന്നാഭിപ്രായം എഴുതുന്നത് വലിയ ഒരു തട്ടിപ്പിന്റെ ഭാഗം തന്നെയാണ്, സംശയമില്ല. സഭയുടെ ഔദ്യോഗിക വക്താവ് വ്യക്തിപരമായ നിലയിൽ പ്രസ്താവന പുറപ്പെടുവിക്കുന്നുവെങ്കിൽ അത് അദ്ദേഹം ധരിച്ച ളോഹ ഊരിവച്ച് നടത്തുന്നതായിരിക്കും ഉചിതം. കഴിഞ്ഞ അനേക

www.malankaralibrary.com

വർഷമായി ഒരു വൈദികനെന്ന നിലയിലും സീറോ-മലബാർ സഭയുടെ ഔദ്യോഗിക വക്താവെന്ന നിലയിലും വ്യക്തിപരമായ നിലയിലും പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളും എഴുതിയ ലേഖനങ്ങളും വസ്തുനിഷ്ഠമായി സീറോ-മലബാർ സിനഡ് വിലയിരുത്തണമെന്നും സഭക്ക് എന്നും അപമാനം സൃഷ്ടിച്ച ഇദ്ദേഹത്തെ ഈ സ്ഥാനത്തുനിന്നും നീക്കം ചെയ്യണമെന്നും വിനീതമായി അഭ്യർത്ഥിക്കുന്നു.

ന്യൂമാൻ കോളേജ് പ്രശ്നം സീറോ-മലബാർ സഭയുടെ പൊതു പ്രശ്നമല്ല, ന്യൂമാൻ കോളേജ് മാനേജുമെന്റിന്റെയും കോതമംഗലം രൂപതയുടെയും പ്രശ്നമാണ്. ആകാശത്തിൻ കീഴിലുള്ള എല്ലാ പ്രശ്നങ്ങളെപ്പറ്റിയും ചാടിക്കയറി അഭിപ്രായ പ്രകടനം നടത്തുവാനുള്ള ലൈസൻസ് സഭ അദ്ദേഹത്തിനു നൽകിയിട്ടുണ്ടോ- സീറോ-മലബാർ സഭയുടെ ഔദ്യോഗിക വക്താവെന്ന നിലയിൽ വായിൽ തോന്നുന്നതു പറയാനുള്ള അധികാരം അദ്ദേഹത്തിനില്ലെന്നുള്ള കാര്യവും അദ്ദേഹത്തെ അധികാരികൾ ബോദ്ധ്യപ്പെടുത്തണം.

ഏതു കാര്യത്തെപ്പറ്റിയും സ്വതന്ത്രമായി വ്യാഖ്യാനിക്കുവാനും വിശദീകരിക്കാനും ഉള്ള അവകാശവും ചുമതലയും ഔദ്യോഗിക വക്താവിനുണ്ടോ? സഭ കൂടി തീരുമാനിക്കുന്ന കാര്യങ്ങൾ സിനഡിന്റെ നിർദ്ദേശാനുസരണം സിനിഡു പറയുന്നതുപോലെ പറയുവാനുള്ള അവകാശം മാത്രമേ ഔദ്യോഗിക വക്താവിനുള്ളു. അടിയന്തര സന്ദർഭങ്ങളിൽ സിനഡിന്റെ അധികാരികളുടെ നിർദ്ദേശാനുസരണവും പ്രവർത്തിക്കാം. ഇതൊന്നും കൂടാതെ തനിക്കു തോന്നിയ പോലെ സഭയെ സമൂഹത്തിൽ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ പ്രസ്താവനകൾ പുറപ്പെടുവിക്കാനുള്ള അവകാശം ഔദ്യോഗിക വക്താവിനില്ലെന്ന കാര്യം അദ്ദേഹം ഓർമ്മിക്കുന്നത് നല്ലത്.

**കഴിഞ്ഞ ഒന്നരദശാബ്ദങ്ങൾക്കുള്ളിൽ കേരള സഭയിൽ ഉണ്ടായ ആശയകുഴപ്പങ്ങൾക്കും കലഹങ്ങൾക്കും മുഖ്യകാരണം അകത്ത് കത്തിയും പുറത്ത് പത്തിയും വച്ചുകൊണ്ടുള്ള സീറോ-മലബാർ സഭയുടെ ഔദ്യോഗിക വക്താവിന്റെ വികട പ്രസ്താവനകളാണ്. അതിന് ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് പ്രൊഫ. ടി.ജി. ജോസഫ് പ്രശ്നത്തിൽ സഭ ഏറ്റെടുത്ത നടപടി അധികമായി പോയിയെന്നും നിരുപാധികം പിൻവലിക്കണമെന്നുമുള്ള കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡന്റ് എം.ഡി. ജോസഫ് മണ്ണിപ്പറമ്പിലിന്റെ പ്രസ്താവന. സഭയുടെ ഔദ്യോഗിക വക്താവിന്റെ പ്രസ്താവനയുടെ ചുവടുപിടിച്ചാണ് താൻ ഇപ്രകാരം പറഞ്ഞതെന്ന് പ്രസിഡന്റ് തുറന്ന് സമ്മതിച്ചിട്ടുമുണ്ടല്ലോ.**

www.malankaralibrary.com

# 14. എ.കെ.സി.സി. പ്രസിഡന്റിന്റെ വികല പ്രസ്താവനയും അടപ്പൂരച്ചന്റെ "അനീതിയുടെ ഇടിത്തീയും

തൊടുപുഴ ന്യൂമാൻ കോളേജ് പ്രൊഫസർ റ്റി.ജെ. ജോസഫിനെ കോളേജ് മാനേജ്മെന്റ് പിരിച്ച് വിട്ടതിനെ ഒരു വിവാദമാക്കാനുള്ള ശ്രമം നടക്കുകയാണല്ലോ. ആ ശ്രമത്തിന് മുൻപിൽ നിന്നത് സീറോ -മലബാർ സഭയുടെ ഔദ്യോഗിക വക്താവ് ഫാ. പോൾ തേലക്കാട്ടും കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡന്റ് ശ്രീ. എം.ഡി. ജോസഫ് മണ്ണിപ്പറമ്പിലുമാണ്. ടി.ജെ. ജോസഫിനെ പിരിച്ചുവിട്ടത് അനീതിയാണെന്നും മാനേജ്മെന്റ് ജോസഫിനെ തിരിച്ചെടുക്കണമെന്നും ക്രൈസ്തവരും മറ്റിതര സമുദായാംഗങ്ങളും ഈ പിരിച്ചുവിടലിനെതിരാണെന്നും ജോസഫ് മാനസികമായും, ശാരീരികമായും വിഷമതയനുഭവിക്കുന്ന ഈ സാഹചര്യത്തിൽ മാനേജ്മെന്റ് ചെയ്തു നടപടി സഹിക്കാവതല്ലന്നും ആയിരുന്നു കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രസ്താവന. ഒരാഴ്ചയ്ക്കകം, രാഷ്ട്രീയശൈലിയിൽ എം.ഡി. ജോസഫ് പറഞ്ഞു മാനേജുമെന്റിന്റെ നടപടി ശരിയാണ്. ടി. ജെ.ജോസഫ് കുറ്റം ചെയ്തില്ല എന്ന വാദം തെറ്റ്. ഒരദ്ധ്യാപകനോ വിദ്യാർത്ഥിയോ തെറ്റ് ചെയ്തെന്ന് ബോദ്ധ്യപ്പെട്ടാൽ ശിക്ഷണ നടപടി എടുക്കാനുള്ള പൂർണ്ണ അവകാശം മാനേജുമെന്റിനാണ്. ശിക്ഷണ നടപടിയെടുത്തത് സമയവും സന്ദർഭവുമനുസരിച്ച് ചെയ്യുകയായിരുന്നു ഉചിതമെന്ന് മാത്രമേ താൻ പറഞ്ഞിട്ടുള്ളൂ. " ഇത്രയും പറഞ്ഞ കൂട്ടത്തിൽ ആദത്തോട് വിലക്കപ്പെട്ട കനി എന്തിന് തിന്നു എന്നു ചോദിച്ചപ്പോൾ ആദം പറഞ്ഞ ഉത്തരം പോലെ - എന്റെ കൂടെ പാർക്കാൻ നീ തന്ന സ്ത്രീ ആ വൃക്ഷത്തിന്റെ കനി എനിക്കു തന്നു. ഞാൻ അതു തിന്നു എന്നു പറഞ്ഞതുപോലെ - എം.ഡി. ജോസഫ് പറഞ്ഞു സീറോ-മലബാർ സഭാ വക്താവ് ഫാ. പോൾ തേലക്കാട്ട് പുറപ്പെടുവിച്ച പ്രസ്താവനയുടെ ചുവടുപിടിച്ചാണ് താൻ പ്രസ്താവിച്ചിട്ടുള്ളത്."

ഒരു സംഘടനയുടെ നേതാവിന്റെ പ്രസ്താവന എത്ര നിർഭാഗ്യകരമാണെന്ന് ചിന്തിക്കുക.

ഫാ. തേലക്കാടിന്റെ ഇരട്ടമുഖം എന്ന ലഘുലേഖ ഞാൻ തയ്യാറാക്കികഴിഞ്ഞപ്പോഴാണ് കത്തോലിക്കാ കോൺഗ്രസ്സു പ്രസിഡന്റിന്റെ തകിടം മറിച്ചിൽ കണ്ടത്. ആ ക്ഷീണം തീർക്കാൻവേണ്ടിയാണ് എറണാ

www.malankaralibrary.com

കുളത്തെ സത്യദീപം- മലയാളംവാരിക തുടങ്ങിയ പ്രസിദ്ധീകരണങ്ങളെ ചുറ്റിപ്പറ്റി പ്രവർത്തിക്കുന്ന കുബുദ്ധിജീവികളുടെ ലോബിയുടെ തലപ്പത്ത് പ്രവർത്തിക്കുന്ന ഫാ. അടപ്പൂർ അനീതിയുടെ ഇടിത്തീ എന്ന അത്യുഗ്രമായ ഒരു ധ്യാനപ്രസംഗം 16/09/2010-ലെ മാതൃഭൂമിയിൽ എഴുതിയത്. പ്രൊഫ. ടി.ജെ. ജോസഫ് പിരിച്ചു വിട്ട നടപടി അക്രൈസ്തവമായി പോയിയെന്ന് ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരെ ഉദ്ധരിച്ചും മറ്റും അദ്ദേഹം അതിൽ സമർത്ഥമായി വാദിക്കുന്നത്. ഫാ. തേലക്കാട്ടിനെ ന്യായീകരിക്കുവാനാണ്, ഫാ. അടപ്പൂർ ഈ ധ്യാനപ്രസംഗം പടച്ചുവിട്ടത്. ഇതിന് മുൻപും തേലക്കാട്ടിന് വേണ്ടി അടപ്പൂരച്ചൻ വേഷം കെട്ടിയിട്ടുള്ളതിന് തെളിവുകൾ ധാരാളമുണ്ട്. കമ്മ്യൂണിസം നല്ലതോ ചീത്തയോ എന്ന കാര്യത്തിൽ മാത്രമേ അടപ്പൂരും തേലക്കാട്ടും തമ്മിൽ അഭിപ്രായ വ്യത്യാസമുള്ളൂ.

ക്രൈസ്തവമായ പാപക്ഷമ, ജീവകാരുണ്യം എന്നിവയുടെ പേരിലാണ് അടപ്പൂരച്ചൻ പ്രൊഫ. ജോസഫിനും കുടുംബത്തിനും വേണ്ടി വാദിക്കുന്നത്. ഒരു വ്യക്തി മറ്റൊരു വ്യക്തിയോട് ചെയ്ത തെറ്റാണ് വിഷയമെങ്കിൽ ക്ഷമിക്കണമെന്നും കാരുണ്യം കാണിക്കണമെന്നുമുള്ള ധ്യാനപ്രസംഗത്തിന് പ്രസക്തിയുണ്ട്. ഇവിടെ ഒരു സ്ഥാപനത്തിന്റെ നിലനിൽപ് അപകടത്തിലാകുന്ന പ്രശ്നമാണ് ഉള്ളത്. സ്ഥാപനം തുടങ്ങി വച്ച ശിക്ഷണ നടപടി പൂർത്തിയാക്കണം. ആ ശിക്ഷണ നടപടി തക്കസമയത്ത് തുടങ്ങി വച്ചില്ലായിരുന്നുവെങ്കിൽ ജോസഫിന്റെ കൈക്കു പകരം പ്രിൻസിപ്പലിന്റെ തലയും കോളേജിന്റെ മേൽക്കൂരയും തകർക്കപ്പെടുമായിരുന്നില്ലെന്ന് ആർക്ക് പറയുവാൻ കഴിയും?1

പ്രൊഫ. ജോസഫിന് രക്ഷപ്പെടാൻ മൂന്നു വഴികൾ തുറന്നിട്ടുകൊണ്ടാണ് കോളേജ് മാനേജർ നടപടിക്രമം പൂർത്തിയാക്കിയത്.

1. വി. ആർ. എസ് എടുത്ത് പിരിയാം. പെൻഷൻ കൊണ്ട് കുടുംബം പുലർത്താം.
2. പറ്റിപ്പോയ അബദ്ധത്തിന് നിരുപാധികം മാപ്പു പറഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കാം.
3. തന്നെ അനർഹമായി ശിക്ഷിച്ചുവെന്ന കേസുമായി കോടതിയിൽ പോയി അനുകൂലവിധി സമ്പാദിക്കാം.

ഇതിനൊന്നും ജോസഫ് തയ്യാറാകാത്തത് എന്തുകൊണ്ട് എന്ന ചോദ്യത്തിന് സത്യദീപം ലോബി മറുപടി പറയണം.

പ്രൊഫ. ജോസഫ് യേശു ക്രിസ്തുവിന്റെ നാമത്തിൽ അപേക്ഷിച്ചിട്ടും മാനേജുമെന്റിന്റെ മനസ്സ് അലിഞ്ഞില്ലല്ലോ എന്ന് ഓർത്ത് അടപ്പൂരച്ചൻ ക്രൈസ്തവ അരൂപി വിലാപ കണ്ണീരൊഴുക്കുന്നു. യേശു ക്രിസ്തുവിന്റെ നാമത്തിൽ ക്ഷമിക്കണമെന്ന് ജോസഫ് ഇതുവരെ പറഞ്ഞിട്ടില്ല. തന്നെ തിരിച്ചെടുക്കണമെന്ന അപേക്ഷക്കാണ് യേശു ക്രിസ്തുവിന്റെ നാമം

www.malankaralibrary.com

ദുരുപയോഗിച്ചത്. താൻ തെറ്റൊന്നും ചെയ്തിട്ടില്ലെന്നാണ് ജോസഫിന്റെ ശാഠ്യം. എങ്കിൽ അത് കോടതി പറയട്ടെ.

ചോദ്യകടലാസ് തയ്യാറാക്കിയതിന്റെ പിന്നിലും തെറ്റ് സമ്മതിപ്പിക്കാത്തതിന്റെ പിന്നിലും എല്ലാം ഒരു ഇടതുപക്ഷ അദ്ധ്യാപക സംഘടനയുടെ കറുത്ത കൈകൾ ഉണ്ട്. ഇപ്പോൾ ജോസഫിനുവേണ്ടി സമരം ചെയ്യാൻ എസ്. എഫ്. ഐ. യും ഡി.വൈ.എഫ്. ഐ യും മറ്റും കച്ചമുറുക്കി കഴിഞ്ഞിരിക്കുന്നു.

തീവ്രവാദി മുസ്ലീം സംഘടനയായാലും സമാധാനവാദിയായ മുസ്ലീംമുകളായാലും അവരുടെയെല്ലാം മതവികാരങ്ങളെ ജോസഫിന്റെ ചോദ്യക്കടലാസ് വ്രണപ്പെടുത്തിയിട്ടുണ്ടെന്നും അതിനു നേരെ കണ്ണടച്ചുകൊണ്ട് ജോസഫിനോട് നിരുപാധികം കാരുണ്യം കാണിച്ചാൽ മുസ്ലീം വിഭാഗത്തിന്റെ അമർത്തപ്പെട്ട ഹൃദയവേദന ക്രൈസ്തവസ്ഥാപനത്തിന് നേരെ തിരിയാൻ ഇടയുണ്ടെന്നും ഊഹിക്കാൻ ഏത് മന്ദബുദ്ധിക്കും കഴിയും.

തേലക്കാട്ടച്ചൻ കമ്മ്യൂണിസം വളർത്താൻ വേണ്ടി പ്രൊഫ. റ്റി.ജെ. ജോസഫിന് കൂട്ടുനിൽക്കുന്നു. അടപ്പൂരച്ചൻ തേലക്കാട്ടിന്റെ സൗഹൃദം ഉറപ്പിക്കാൻ വേണ്ടി ധ്യാനപ്രസംഗം എഴുതുന്നു. അടപ്പൂരച്ചന് സത്യം അറിയാമെന്ന് മാതൃഭൂമി ലേഖനത്തിന്റെ 11-ാം ഖണ്ഡിക വായിച്ചാൽ മനസ്സിലാകും. മുസ്ലീം സമുദായാംഗങ്ങളെ അനുനയിപ്പിക്കാനാണ് മാനേജ്മെന്റ് ശ്രമിക്കുന്നതെന്ന് അദ്ദേഹം സമ്മതിക്കുന്നു. അതിന് മാനേജരെ അഭിനന്ദിക്കുന്നു. എന്നാൽ പ്രൊഫ. ജോസഫിന്റെ ഭാര്യയെയും മക്കളെയും സംരക്ഷിക്കാൻ വേണ്ടി മുസ്ലീം സമുദായത്തിന്റെ അസംതൃപ്തി അവഗണിക്കണമെന്നാണോ അച്ചൻ പറയുന്നത്. ഭാര്യയേയും മക്കളേയും സംരക്ഷിക്കാൻ വേണ്ടിയെങ്കിലും ഒരു മാപ്പപേക്ഷ നൽകാൻ പ്രൊഫ. ജോസഫിനെ ഉപദേശിച്ചുകൂടെ. ഇവിടെയാണ് അടപ്പൂരച്ചന്റെ ആത്മീയ പ്രഭാഷണം കമ്മ്യൂണിസ്റ്റ് കണ്ടുപിടുത്തത്തിന് പിന്തുണയായി തീരുന്നത്.

ഇതിനു മുൻപും അടപ്പൂരച്ചന്റെ കുരുട്ടുബുദ്ധി ഇതുപോലുള്ള വെട്ടിൽ വീണിട്ടുള്ളത് ഞാൻ ഓർക്കുന്നു. —ഇശോ സഭാംഗമായിരുന്ന ജെ.പള്ളത്തിനെ പുറത്താക്കി വഴിയാധാരമാക്കിയപ്പോൾ അച്ചന്റെ ജീവകാരുണ്യം ഉണർന്നു കണ്ടില്ല. അന്ന് അദ്ദേഹം സഭയുടെ കൂട്ടത്തിൽ നിൽക്കുകയാണ് ചെയ്തത്. ഇവിടെ അച്ചൻ സഭയെ കൈവിട്ട് സുഹൃത്തുക്കളെ പ്രീണിപ്പിക്കാൻ ശ്രമിക്കുന്നു. അടപ്പൂരച്ചന്റെ ധാർമ്മിക നിലപാടുകളെപ്പറ്റി പ്രത്യേക ചർച്ചവേണ്ടിവരുമെന്നാണ് തോന്നുന്നത്.

www.malankaralibrary.com

# 15. തോമസ് എന്ന പേരിനും വേണ്ടേ അർഹത?

തൊടുപുഴ ന്യൂമാൻ കോളേജ് പ്രശ്നത്തോടനുബന്ധിച്ച് ജസ്റ്റീസ് കെ.ടി. തോമസ് ഒക്ടോബർ 7-ാം തീയതിയിലെ മാതൃഭൂമി പത്രത്തിൽ എഴുതിയ ലേഖനം ഉപസംഹരിക്കുന്നതിങ്ങനെയാണ്. " ഒരു കാര്യം മാനേജ്മെന്റ് മറന്നതായി തോന്നുന്നു. കോളേജിന്റെ പേര് ന്യൂമാൻസ് കോളേജ് എന്നാണ്. ഭക്തി കീർത്തനങ്ങളിൽ പ്രധാനമായ, മഹാത്മജിപോലും പാടിയിട്ടുള്ള lead kindly light(കനിവിന്റെ ദീപമേ ഞങ്ങളെ നടത്തുക...) എന്നു തുടങ്ങുന്ന ഗാനത്തിന്റെ രചിയിതാവാണ് കർദ്ദിനാൾ ന്യൂമാൻ, കനിവ് (kindness) എന്ന വാക്കിന്റെ സൃഷ്ടാവായ ന്യൂമാന്റെ പേര് തുടർന്നും പേറിക്കൊണ്ടിരിക്കാനുള്ള ധാർമ്മികമായ അർഹത ഈ കോളേജിനുണ്ടോയെന്ന് മാനേജ്മെന്റ് പുനഃപരിശോധന നടത്തുന്നതു കൊള്ളാം."

ഈ വാക്കുകൾ എഴുതി കോളേജ് മാനേജ്മെന്റിനെ കുറ്റപ്പെടുത്തിയ ജസ്റ്റീസ് കെ.ടി തോമസിനോട് ഇതേ ചോദ്യം ഒരു ദശകങ്ങൾക്ക് മുൻപേ ചോദിക്കേണ്ടതായിരുന്നു. ആ ചോദ്യം ഞാൻ ഇപ്പോൾ ഒന്നു ചോദിക്കട്ടെ. "നമുക്കും അവിടുത്തോടുകൂടി പോയിമരിക്കാം എന്ന് ധീരപ്രഖ്യാപനം നടത്തിയ വി. തോമ്മാശ്ലീഹായുടെ പേര് തുടർന്നും പേറികൊണ്ടിരിക്കാനുള്ള ധാർമ്മികമായ അർഹത അങ്ങേക്കുണ്ടോയെന്ന് പുനഃപരിശോധന നടത്തുന്നതുകൊള്ളാം.

ക്രിസ്തു ശിഷ്യന്മാരിൽ ഏറ്റം ധീരനായിരുന്നു സെന്റ് തോമസ്. ക്രിസ്തുവിനുവേണ്ടി ജീവൻ ബലിയർപ്പിക്കുവാനും ക്രിസ്തുവിനോടുകൂടിപോയി മരിക്കാനും അദ്ദേഹം തയ്യാറായിരുന്നു. ക്രിസ്തുവിനെ ഏറ്റം സ്നേഹിച്ചിരുന്ന ലാസറിനെ ഉയർപ്പിക്കാനായി യൂദായിലേക്ക് ശിഷ്യരുമൊത്ത് പോകുവാനായി ഒരുമ്പെട്ടു. അപ്പോൾ ശിഷ്യന്മാർ ക്രിസ്തുവിനോട് പറഞ്ഞു. "ഗുരോ യൂദന്മാർ ഇപ്പോൾ തന്നെ നിന്നെ കല്ലെറിയുവാൻ ഉദ്യമിച്ചിരിക്കുന്നു അങ്ങനെയിരിക്കെ നീ വീണ്ടും അവിടേക്കു പോകുന്നുവോ." (ജോൺ 11.8) മരണഭീതിയും നൈരാശ്യവും ആ വാക്കുകളിൽ പ്രകാശിതമാണ്. അപ്പോൾ ധീരനായ തോമ്മാ തന്റെ കൂട്ടുകാരായ ശിഷ്യന്മാരോടു പറഞ്ഞു. "നമുക്കും അവനോടുകൂടി പോയി മരിക്കാം." (ജോൺ 11.18) ക്രിസ്തുവിനോടുകുടി പോയി യുദ്ധം ചെയ്യുവാനും വേണ്ടി വന്നാൽ രക്തസാക്ഷിത്വം വരിക്കാനും ആദ്യം തയ്യാറായതും വി. തോമ്മാ തന്നെയായിരുന്നു. അല്ലയോ ജസ്റ്റീസ് കെ.ടി. തോമസ്, തോമസ് എന്ന പേരിനും വേണ്ടേ അർഹത?

www.malankaralibrary.com

ഹൈക്കോടതി ജസ്റ്റിസ് പദവി അവസാനിച്ചതിനുശേഷം തോമസ് എന്ന പേരുകാരനായ അങ്ങ് ക്രൈസ്തവസഭയെയും ക്രിസ്തുവിന്റെ പ്രബോധനങ്ങളെയും തെറ്റയി വ്യാഖ്യാനിച്ചുകൊണ്ട് വിവിധ പ്രസദ്ധീകരണങ്ങളിൽ എഴുതിയ ലേഖനങ്ങളും നടത്തിയ പ്രസംഗങ്ങളും ആരെ പ്രീണിപ്പിക്കുവാൻ വേണ്ടിയാണ് ചെയ്തിട്ടുള്ളത്. അങ്ങ് ക്രിസ്തുവിനോടുകൂടെ പോയി മരിക്കുവാനല്ല, ക്രിസ്തുവിന്റെ പ്രബോധനങ്ങളെ തെറ്റായി വ്യാഖ്യാനിച്ച് യൂദാസിന്റെ ഭാഗം അഭിനയിക്കുവാനാണ് തയ്യാറായത്. അങ്ങയുടെ പ്രവർത്തികൾ കണ്ടാൽ അങ്ങേക്ക് കൂടുതൽ യോജിച്ചത് ക്രിസ്തുവിനെ ഒറ്റിക്കൊടുത്ത യൂദാസിന്റെ പേരായിരുന്നു അഭികാമ്യമെന്ന് പറഞ്ഞാൽ അങ്ങ് കോപിക്കുകയില്ലെന്ന് വിശ്വസിക്കുന്നു.

റോമാ സാമ്രാജ്യത്തിൽപെട്ടതായിരുന്നു പലസ്തീന. രാജ്യമാകെ അനീതിയും അസമത്വവും അക്രമവും കൊടികുത്തി. ഒരു പുതിയ വെളിച്ചത്തിനുവേണ്ടി ജനതമുഴുവൻ ദാഹിച്ചു വിമോചകനെ പാർത്തു. അനീതിക്കും അക്രമങ്ങൾക്കുമെതിരെ ഒരു സിംഹഗർജ്ജനം അവർ കേട്ടു. ക്രിസ്തു എന്ന പുതിയ നേതാവിന്റെ ശബ്ദമായിരുന്നു അവർ കേട്ടത്. " എന്നെ അനുഗമിക്കുക" (മത്തായി 4: 19 മർക്കോസ് 1:17) എന്നുള്ള ശക്തവും പ്രൗഢവും ആധികാരികവുമായ വചനം ക്രിസ്തുവിന്റെ അധരങ്ങളിൽ നിന്നും അടർന്നു വീണപ്പോൾ തനിക്കുള്ളതെല്ലാം ഉപേക്ഷിച്ച് അവിടുത്തെ പിഞ്ചെന്ന മുക്കുവ ശ്രേഷ്ഠരിൽ പ്രമുഖനായിരുന്നു ഔദ്യോഗിക വിദ്യാഭ്യാസമൊന്നും ലഭിച്ചിട്ടില്ലാത്ത തോമ്മാശ്ലീഹാ.

ആ തോമസ് എന്ന പേരിന് അങ്ങേയ്ക്ക് എന്ത് അർഹതയാണുള്ളത്. അങ്ങുതന്നെ ചിന്തിക്കുക. ക്രൈസ്തവസമൂഹത്തെ ആക്ഷേപിച്ചും അധിക്ഷേപിച്ചും എഴുതിയും പറഞ്ഞും താനൊരു പുരോഗമന വാദിയാണെന്ന് അഭിനയിച്ച് സഭാ ശത്രുക്കളുടെ പ്രശംസയും മറ്റും ഏറ്റുവാങ്ങുവാൻ വെമ്പൽ കൊള്ളുന്ന അങ്ങ് തോമസ് എന്ന പേര് ഉപേക്ഷിക്കുവാനുള്ള മാന്യത കാണിക്കണം.

ധീരനായ തോമ്മാ യഹൂദരുടെയിടയിലൂടെ നിർഭയം സഞ്ചരിച്ചു. ഗുരുവിനോടുകൂടി മരിക്കുവാൻ വരെ തയ്യാറായ തോമ്മായ്ക്ക് പരിഭ്രാന്തനായി കഴിയുവാൻ സാദ്ധ്യമായിരുന്നില്ല. എന്നാൽ ഭീരുക്കളായ മറ്റു ശിഷ്യന്മാർക്ക് ഉത്ഥിതനായ യേശു പ്രത്യക്ഷപ്പെട്ടു. ആ വിവരം തോമ്മാശ്ലീഹായോട് സഹശിഷ്യന്മാർ പറഞ്ഞപ്പോൾ, താൻ ഇത്രയേറെ ഗുരുവിനെ സ്നേഹിച്ചിട്ടും ആത്മാർത്ഥമായി അനുധാവനം ചെയ്തിട്ടും തന്റെ അസാന്നിദ്ധ്യത്തിൽ ഈശോ പ്രത്യക്ഷപ്പെട്ടല്ലോ എന്ന് ഓർത്ത് തോമ്മാ ദുഃഖിച്ചു. ആ ദുഃഖത്തിൽ യേശുവിനെ തള്ളിപ്പറയുവാനല്ല തോമ്മാ തയ്യാറായത് ഇതുപോലൊരു സാഹചര്യത്തിൽ അങ്ങ് എന്തു ചെയ്യുമായിരുന്നു? തോമ്മാ ഗുരുവിനെ കാണാൻ വെമ്പി. " നാഥന്റെ കൈകളിലെ ആണിപ്പഴുതുകൾ കാണു

www.malankaralibrary.com

കയും പഴുതുകളിൽ എന്റെ വിരലുകൾ ഇടുകയും അവിടുത്തെ പാർശ്വത്തിൽ എന്റെ കൈവയ്ക്കുകയും ചെയ്യാതെ ഞാൻ വിശ്വസിക്കുകയില്ല" യെന്ന് തോമ്മാ പറഞ്ഞു. ശിശു സഹജമായ നിഷ്കളങ്കതയോടെ തന്റെ ഗുരുവും നാഥനുമായ യേശുവിനെ സ്പർശിച്ചറഞ്ഞെങ്കിലേ വിശ്വസിക്കൂ എന്ന് ശാഠ്യം പിടിച്ച ശ്ലീഹായ്ക്ക് ഈശോ അതിനുള്ള അവസരവും നൽകി. അവിശ്വാസിയാകാതെ വിശ്വാസിയാകുക എന്ന് തോമ്മായോട് അവിടുന്നു പറഞ്ഞു. അവിടുത്തെ ദർശിച്ച മാത്രയിൽ തന്നെ അടക്കാനാകാത്ത വികാരത്താൽ വീർപ്പുമുട്ടിയ ഹൃദയത്തിൽ നിറഞ്ഞുനിന്ന വിശ്വാസ സത്യം പുറത്തുവന്നു. പശ്ചാത്താപത്തിന്റെയും സ്നേഹത്തിന്റെയും സമർപ്പണത്തിന്റേതുമായ രൂപത്തിൽ ആ പ്രഖ്യാപനം ഉയർകൊണ്ടു. " എന്റെ കർത്താവേ എന്റെ ദൈവമേ" (യോഹ. 20 28) സജീവവിശ്വാസത്തിന്റെ ആവിഷ്കാരമാണ് നാം ഇവിടെ കാണുക.

തോമ്മായുടെ പേര് സ്വീകരിച്ചിരിക്കുന്ന അങ്ങ് തോമ്മായെപ്പോലെ സജീവ വിശ്വാസത്തിന്റെ കൈത്തിരികത്തിച്ച് പിടിക്കുവാൻ തയ്യാറാകുന്നില്ലെങ്കിൽ: തോമ്മായുടെ പേര് തുടർന്നും പേറികൊണ്ടിരിക്കുവാൻ അങ്ങേയ്ക്ക് ധാർമ്മികമായ അർഹതയുണ്ടോയെന്ന് അങ്ങ് പുനർചിന്തനം നടത്തണം. ന്യൂമാൻ കോളേജ് മാനേജുമെന്റിനോട് അങ്ങു നടത്തിയ അഭ്യർത്ഥന വളരെ വിനയപൂർവ്വം അങ്ങയോടും ഞാൻ നടത്തുകയാണ്. തോമസ് എന്ന പേരിനും വേണ്ടേ അർഹത?

ജസ്റ്റീസ് കെ.ടി തോമസിന്റെ ലേഖനത്തിലെ ഒരു ഭാഗം കൂടി ഉദ്ധരിക്കട്ടെ." ഇസ്ലാം മതത്തിന്റെ മഹത്വം മനസ്സിലാക്കാത്ത ഏതോ തീവ്രവാദികൾ ചോദ്യപേപ്പർ തയ്യാറാക്കിയ അദ്ദേഹത്തിന്റെ കൈ വെട്ടിക്കളഞ്ഞു. ക്രൈസ്തവമതത്തിന്റെ സാരാംശം ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടില്ലാത്ത മതനേതാക്കൾ അടങ്ങിയ കോളേജ് മാനേജുമെന്റ് അദ്ദേഹത്തിന്റെ ഏക ഉപജീവനമാർഗ്ഗവും ഇല്ലാതാക്കി. രണ്ടാമത്തെ ശിക്ഷയാണ് ആദ്യം കിട്ടിയിരുന്നതെങ്കിൽപ്പോലും അത് അക്രൈസ്തവവും അധാർമ്മികവുമാണെന്ന് ഞാൻ പറയുമായിരുന്നു. അദ്ദേഹത്തിന്റെ കൈവെട്ടി മാറ്റിയതിനെപ്പറ്റി ഞാൻ ഒന്നും പറയേണ്ട കാര്യമില്ല. സാംസ്കാരിക സമൂഹം മുഴുവൻ അതിനെതിരായി ശബ്ദമുയർത്തി"

കെ.ടി. തോമസിന്റെ ഈ വാക്കുകൾ സത്യവിരുദ്ധമാണ് അവസരവാദപരമാണ്. തോമസ് എന്ന പേരുതന്നെ അദ്ദേഹം ഉപേക്ഷിക്കുന്നതാണ് നല്ലതെന്ന് ഞാൻ അഭിപ്രായപ്പെട്ടല്ലോ. എന്നാൽ അദ്ദേഹത്തിന്റെ മേൽ പറഞ്ഞ വ്യാഖ്യാനംകൂടെ കേട്ടപ്പോൾ അദ്ദേഹത്തിന്റെ പേരിന് മുൻപ് ചേർത്തിരിക്കുന്ന "ജസ്റ്റീസ്" എന്ന പദംകൂടെ എന്നന്നേക്കുമായി നീക്കം ചെയ്യണമെന്ന അഭിപ്രായക്കാരനാണ് ഈ ലേഖകൻ. നിയമത്തെയും സത്യത്തെയും ഇങ്ങനെ വ്യാഖ്യാനിക്കാനുള്ള അങ്ങയുടെ പ്രാഗത്ഭ്യത്തിൽ ഞാൻ ദുഃഖിക്കുന്നു.

www.malankaralibrary.com

കൈവെട്ടിമാറ്റിയതിനെപ്പറ്റി സാംസ്കാരിക സമൂഹം മുഴുവൻ അതിനെതിരായി ശബ്ദമുയർത്തിയെന്നാണല്ലോ അങ്ങ് എഴുതിയിരിക്കുന്നത് പ്രൊഫ. ടി ജെ. ജോസഫിന്റെ കൈവെട്ടിമാറ്റിയതിനെ ഏത് സാംസ്കാരിക സമൂഹമാണ് അപലപിച്ചത്? കൈവെട്ടിമാറ്റിയതിനെ എതിർക്കുവാൻ ഒരു സാംസ്കാരിക നായകൻപോലും രംഗത്ത് വന്നില്ലായെന്നതാണ് സത്യം. ജസ്റ്റീസ് കെ.ടി. തോമസ് പോലും കൈവെട്ടിയതിനെ എതിർത്തില്ല. മാനേജ്മെന്റ് ശിക്ഷവിധിച്ചപ്പോഴാണ് കെ.ടി. തോമസ് ഉൾപ്പെടെയുള്ള സാംസ്കാരിക നായകന്മാർ തല പൊക്കുന്നത്. കൈവെട്ടിയതിനെ അപലപിച്ചാൽ തല കാണുകയില്ലെന്നും ക്രൈസ്തുവരെയും മാനേജുമെന്റിനെയും അപലപിച്ചാൽ ആരും ചോദ്യം ചെയ്യുകയില്ലെന്നും അങ്ങ് ഉൾപ്പെടെയുള്ള സാംസ്കാരിക നായകന്മാർക്ക് അറിയാം. മാനേജുമെന്റിനെ അപലപിച്ച് ഞെളിഞ്ഞു നടക്കുന്ന സാസ്കാരിക നായകന്മാർക്കും അതറിയാം. മാനേജുമെന്റിനെ അപലപിച്ച് ഞെളിഞ്ഞു നടക്കുന്ന സാംസ്കാരിക നായകന്മാരെ നിങ്ങൾക്കു ദുരിതം എന്നു മാത്രമേ പറയാൻ ആഗ്രഹിക്കുന്നുള്ളൂ

കെ.ടി. തോമസ് തുടർന്നെഴുതുന്നു. "പ്രൊഫസർ തയ്യാറാക്കിയ ചോദ്യപേപ്പറിന്റെ പ്രസക്തഭാഗം മൂലം വിശുദ്ധ പ്രവാചകനോ തങ്ങളുടെ മതത്തിനോ യാതൊരു വിധത്തിലും അപകീർത്തിയുണ്ടായിട്ടില്ലെന്ന യാഥാർത്ഥ്യം ഇസ്ലാം മതത്തിലെ വിദ്യാസമ്പന്നരും നല്ലവരുമായ ഞാനറിയുന്ന പലരും പറഞ്ഞിട്ടുണ്ട്." അതു ശരിയാണ് സമ്മതിക്കുന്നു. യേശുക്രിസ്തുവിനെ വിഷയലമ്പടനും ഭീരുവും അസാന്മാർഗ്ഗിയും ആയി ചിത്രീകരിക്കുകയും യേശുക്രിസ്തു ജാരസന്തതിയായി വ്യാഖ്യാനിക്കുകയും ചെയ്തപ്പോൾ ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ ആ വ്യാഖ്യാനിച്ചവരെ വാനോളം പുകഴ്ത്തിയത് ഇവിടുത്തെ സാംസ്കാരിക നായകന്മാരും ചുരുക്കം ചില ക്രൈസ്തവ നാമധാരികളുമായിരുന്നു. അപ്പോൾ പതിനായിരകണക്കിന് ക്രൈസ്തവർ ദുഃഖിതരായി കഴിയുകമായിരുന്നു മുഹമ്മദ് നബിയെ അവഹേളിച്ചപ്പോൾ മുസ്ലീം സമുദായത്തിലും ദുഃഖിതരായവർ നിരവധിയുണ്ട്. അങ്ങനെ ദുഃഖിച്ചവരിൽ ഒരു വിഭാഗമാണ് കൈവെട്ടിയത്.

സ്വന്തം പിതാവിനെ അകാരണമായി മർദ്ദിക്കുകയും ആക്ഷേപിക്കുകയും ചെയ്യുമ്പോൾ നിസംഗതയോടെ നോക്കി നിൽക്കുവാൻ മകന് സാധിക്കുമോ? സ്വന്തം സഹോദരിയെ ബലാൽസംഗം ചെയ്യുമ്പോൾ അത് നോക്കി നിൽക്കുവാൻ സഹോദരന് സാധിക്കുമോ? ഈ സാഹചര്യത്തിൽ അവർ പ്രകോപിതരായി അക്രമമാർഗ്ഗം സ്വീകരിച്ചുവെന്നു വരാം. അതാണ് ന്യൂമാൻ കോളേജ് പ്രശ്നത്തിൽ സംഭവിച്ചത്. കൈവെട്ടിയത് തെറ്റാണെങ്കിലും അവരുടെ വികാരത്തെ ചോദ്യം ചെയ്യാനാകുന്നില്ല.

ഇതുപോലെ ഒരു ചെറിയ ഗ്രൂപ്പ് തീവ്രവാദികൾ ക്രൈസ്തവ സഭയിൽ ഉണ്ടായരിന്നുവെങ്കിൽ ക്രൈസ്തവസഭയേയും യേശുവിനെയും മെത്രാ

www.malankaralibrary.com

ന്മാരെയും ഇട്ട് പന്താടുവാൻ ആരെങ്കിലും തയ്യാറാകുമായിരുന്നോ?

സുപ്രീം കോടതി ജഡ്ജിയായിരുന്ന ജസ്റ്റീസ് കെ.ടി. തോമസിന്റെ വിചിത്രമായവാദം ഏറെ രസാവഹമാണ്. "കോടതിയിൽ നിവൃത്തി നേടാമെന്ന് പറഞ്ഞവർ കോടതിയിൽ സമർപ്പിക്കേണ്ട ഹർജികളിൽ ഒന്നിൽ പോലും ഒപ്പിടാൻ അദ്ദേഹത്തിന്റെ കൈയ്ക്ക് സ്വാധീനമില്ലാത്ത അവസ്ഥ എന്തുകൊണ്ട് ഓർമ്മിക്കുന്നില്ല. " ഒരു ജഡ്ജിയുടെ വികലപ്രസ്താവന! ഒപ്പിടാൻ കൈയ്ക്ക് സ്വാധീനമില്ലാത്തവർക്ക് ഹർജി കൊടുക്കുവാൻ മറ്റൊരു മാർഗ്ഗവുമില്ലേ? കൈവിരൽ അടയാളം പതിച്ചാൽ പോരെ? ജനങ്ങളെ ബോധപൂർവ്വം തെറ്റിദ്ധരിപ്പിക്കുവാൻ നടത്തിയ പ്രസ്താവനയാണിത്. പേരുവയ്ക്കാതെയും ഒപ്പിടാതെയും അയയ്ക്കുന്ന കത്തുകൾ പോലും കോടതി ഹർജിയായി സ്വീകരിക്കുന്ന നിരവധി സംഭവങ്ങൾ ഉണ്ടായിട്ടില്ലേ? അത് കെ.ടി. തോമസിന് അറിയാൻ പാടില്ലാഞ്ഞിട്ടല്ല ബോധപൂർവ്വം ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുവാൻ വേണ്ടി എഴുതിയതാണ്. ജ്ഞാനപീഠം അവാർഡ് ജേതാവിന് പ്രൊഫ. ടി. ജെ. ജോസഫ് കത്തെഴുതിയ കാര്യം അങ്ങ് വിസ്മരിക്കരുത്.

ഈ വാദഗതി കെ.ടി.തോമസിന്റെയല്ല. ഫാ. അടപ്പൂർ പലരോടും പറഞ്ഞുകൊണ്ടു നടക്കുന്ന കാര്യമാണ്. അത് കെ.ടി. തോമസിലൂടെ പ്രവഹിച്ചുവെന്നുമാത്രം. കെ.ടി. തോമസിന്റെ ഈ ലേഖനത്തിൽ ഒരു ഒഴിഞ്ഞു മാറ്റമാണ് നടത്തിയിരിക്കുന്നത്. കൈവെട്ടിയവർക്ക് എന്തു ശിക്ഷനൽകണമെന്ന് നീതിന്യായക്കോടതി തീരുമാനിക്കട്ടെയെന്നാണ് അദ്ദേഹം പറഞ്ഞുവിച്ചിരിക്കുന്നത്. വളരെ ഭംഗിയായി അദ്ദേഹം ഒഴിഞ്ഞു മാറിയിരിക്കുന്നു. അങ്ങനെയെങ്കിൽ പിരിച്ചുവിട്ട പ്രശ്നവും നീതിന്യായക്കോടതി തീരുമാനിക്കട്ടെയെന്ന് പറയാമായിരുന്നല്ലോ?

## അപകടകരമായ പ്രവണത

ചെറുതും വലുതുമായ കാര്യങ്ങളെച്ചൊല്ലി പാർലമെന്റ് നിയമസഭാ സമ്മേളനങ്ങൾ ദിവസങ്ങളും ആഴ്ച്ചകളും സ്തംഭിപ്പിക്കാറുണ്ട്. എന്നാൽ എന്നും അങ്ങനെയല്ല. എല്ലാവരും കൂടി യോജിച്ച് ഏകാഭിപ്രായത്തിൽ എത്തുന്ന ഒരു കാര്യമുണ്ട്. എം.പിമാരുടെയും എം. എൽ.എ. മാരുടെയും ശമ്പളവർദ്ധന കാര്യമാണിത്. എന്നാൽ ഇത്തവണ അക്കാര്യത്തിലും പാർലമെന്റ് അംഗങ്ങൾ തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടായി. എം.പി.മാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഇരട്ടിയായി വർദ്ധിപ്പിച്ചപ്പോൾ അത് ഇന്നുള്ളതിന്റെ മൂന്നിരട്ടിയോ അഞ്ചിരട്ടിയോ എങ്കിലും ആക്കണമെന്നാണ് ചിലർ ഭിന്നാഭിപ്രായം പറഞ്ഞത്.

രാമൻ ഇളയതും ടി.കെ. മാധവനും ആ തലമുറയിൽപ്പെട്ടവരും ഇന്നത്തെ എം. പി.മാരുടെ അവകാശവാദങ്ങൾ കേട്ടാൽ അത്ഭുതപ്പെട്ടുപോകും.

www.malankaralibrary.com

# 16. ശിക്ഷാനടപടിയല്ല, ശിക്ഷണ നടപടി: കോളേജ് മാനേജ്മെന്റ്

വിവാദ ചോദ്യക്കടലാസ് തയ്യാറാക്കിയ ന്യൂമാൻ കോളേജ് അധ്യാപകൻ പ്രഫ. ടി ജെ.ജോസഫിനെ സർവ്വീസിൽ നിന്നു പിരിച്ചു വിട്ടതു ശിക്ഷാ നടപടിയല്ലെന്നും ശിക്ഷണ നടപടി മാത്രമാണന്നും കോളേജ് മാനേജർ മോൺ. തോമസ് മലേക്കുടി.

അധ്യാപകൻ എന്ന നിലയിൽ ആവശ്യമായ ഔചിത്യബോധവും സാമാന്യ മര്യാദയും പുലർത്തുന്നതിലുണ്ടായ വീഴ്ച വളരെ ഗുരുതരമായാണ് കോളേജ് മാനേജ്മെന്റ് കാണുന്നതെന്നും അദ്ദേഹം പത്ര സമ്മേളനത്തിൽ വ്യക്തമാക്കി.

കഴിഞ്ഞ മാർച്ച് 23 നു നടന്ന ഇന്റേണൽ പരീക്ഷയിൽ വിവാദ ചോദ്യം ഉൾപ്പെടുത്തിയതിന്റെ ഔചിത്യം ഡിടിപി ഓപ്പറേറ്റർ പ്രസ്തുത അധ്യാപകന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും അതു ഗൗരവമായെടുക്കാൻ അധ്യാപകൻ തയ്യാറായില്ല.

പുസ്തകത്തിൽ നിന്നെടുത്ത ഭാഗങ്ങൾ മാത്രമാണ് അപ്പാടെ ചോദ്യ പേപ്പറിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന അധ്യാപകന്റെ വാദം ശരിയല്ല. പുസ്തകത്തിൽ നിന്നു ചില ഭാഗങ്ങൾ എടുത്ത് അതിൽ മാറ്റങ്ങൾ വരുത്തി ഒരു സമുദായം ആക്ഷേപിക്കപ്പെടാൻ ഇടയാകുന്ന രീതിയിലാണ് ചോദ്യപേപ്പർ തയ്യാറാക്കിയത്. വിവാദ ചോദ്യത്തെ സംബന്ധിച്ചു പരീക്ഷ എഴുതിയ വിദ്യാർത്ഥി ഉത്തരക്കടലാസിൽ തന്നെ ആക്ഷേപമുന്നയിച്ചിരുന്നു.

പ്രസ്തുത അധ്യാപകൻ തന്നെ മൂല്യ നിർണയം നടത്തിയിട്ടും ഈ വിവരം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുകയോ പ്രശ്നപരിഹാരത്തിന് ആവശ്യമായ മുൻകരുതൽ നടപടി സ്വീകരിക്കുകയോ ചെയ്തില്ല.

അതു സാധിച്ചിരുന്നെങ്കിൽ 26നുണ്ടായ അനിഷ്ട സംഭവങ്ങൾ ഒഴിവാക്കാമായിരുന്നു. വിവാദ ചോദ്യപേപ്പർ തയ്യാറാക്കപ്പെട്ടതു വഴിയായി കോളേജിനും മാനേജ്മെന്റിനും ക്രൈസ്തവ വിദ്യാഭ്യാസ മേഖലയ്ക്കും അപരിഹാര്യമായ മാനഹാനിയുണ്ടായി.

സമൂഹത്തിൽ സമുദായ സ്പർധ ഉണ്ടാവുകയും ഗുരുതരമായ ക്രമ സമാധാന പ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്തു. കോളേജ്മാനേജ്മെന്റിന്റെ അറിവോടു കൂടിയാണു വിവാദ ചോദ്യക്കടലാസ് തയ്യാറാക്കപ്പെട്ടത് എന്ന പ്രചരണം ശക്തമാവുക വഴി കോളേജിന്റെ വിശ്വാസ്യതയ്ക്കും കോട്ടം തട്ടി. വിവാദ ചോദ്യപേപ്പർ തയ്യാറാക്കപ്പെട്ടതിന്റെ പേരിൽ പ്രിൻസിപ്പൽ ക്ഷമ പറഞ്ഞതിനാലാണ് അധ്യാപകൻ സമൂഹമധ്യത്തിൽ തെറ്റുകാരനാക്കപ്പെട്ടത്

www.malankaralibrary.com

എന്ന അദ്ദേഹത്തിന്റെ പ്രസ്താവന മാനേജ്മെന്റിനെ പ്രതിക്കൂട്ടിലാക്കി.

ചോദ്യക്കടലാസ് തയ്യാറാക്കപ്പെട്ടതു വിവാദമായതുവഴി തന്റെ ആവിഷ്ക്കാര സ്വാതന്ത്ര്യമാണു ഹനിക്കപ്പെട്ടത് എന്ന പ്രസ്താവനയും മാനേജ്മെന്റിനു നീതികരിക്കാനായില്ല. ചോദ്യപേപ്പർ തയ്യാറാക്കപ്പെട്ടതിന്റെ പേരിൽ ദാരുണമായി ആക്രമിക്കപ്പെട്ടതു കൊണ്ട് അധ്യാപകൻ ഇതിനകം തന്നെ ശിക്ഷിക്കപ്പെട്ടുവെന്നു പറയുന്നതു യുക്തിഭദ്രമല്ല. മാനേജ്മെന്റിനെ സംബന്ധിച്ചടത്തോളം വിവാദ ചോദ്യപേപ്പർ തയ്യാറാക്കപ്പെട്ടതും അതിന്റെ പേരിലുള്ള ആക്രമണവും രണ്ടും രണ്ടാണ്. ദാരുണമായ ആക്രമണത്തിന്റ പേരിൽ ശിക്ഷ വിധിക്കേണ്ടതു രാജ്യത്തെ നീതിന്യായ വ്യവസ്ഥിതിയാണ്.

സ്ഥാപനത്തിലെ ഒരു അധ്യാപകനു നേരെയുണ്ടായ പൈശാചികമായ ആക്രമണത്തെ മാനേജ്മെന്റ് കടുത്ത ഭാഷയിൽ അപലപിക്കുകയും അധ്യാപകന് ആവശ്യമായ ചികിത്സാ സഹായമെന്ന നിലയിൽ ആറുലക്ഷത്തോളം രൂപ മാനേജ്മെന്റിനു കീഴിലുള്ള രണ്ടുകോളേജുകളിൽ നിന്നായി പിരിവെടുത്തു നല്കുകയും ചെയ്തു.

അധ്യാപകനെതിരേയുള്ള നടപടി വ്യക്തിപരമല്ല. മറിച്ച് പ്രശ്നാധിഷ്ഠിതമാണ്. സമൂഹത്തിലെ അനേകായിരങ്ങൾക്ക് ഉൾക്കാഴ്ച പകർന്നു കൊടുക്കേണ്ട അധ്യാപകരുടെ ഭാഗത്തു നിന്നു സാമുദായിക വെറുപ്പും വിദ്വേഷവും ഉളവാക്കുന്ന പ്രവൃത്തികൾ ഉണ്ടാകാൻ പാടില്ല. പരീക്ഷാ ചോദ്യപേപ്പർ വിവാദവുമായി ബന്ധപ്പെട്ട് അധ്യാപകനെതിരായ മാനേജ്മെന്റ് എൻക്വയറി നേരത്തെ ആരംഭിച്ചതാണ്.

മാർച്ച് 23 ന് നടന്ന പരീക്ഷയ്ക്കു ശേഷം 26 ന് തൊടുപുഴയിൽ സംഘർഷാവസ്ഥ ഉടലെടുത്ത ശേഷമാണ് കോളേജ് മാനേജ്മെന്റ് സംഭവം അറിയുന്നത്. അന്നു തന്നെ അധ്യാപകനെ സർവ്വീസിൽ നിന്നു സസ്പെൻഡ് ചെയ്തിരുന്നു.

പിന്നീട് ഒളിവിൽ പോയ അധ്യാപകനെ പോലീസ് പിടികൂടിയതും ജയിലിലായിരുന്നതും ഏവർക്കും അറിവുള്ളതാണ്., സസ്പെൻഷൻ നടപടിയുണ്ടായപ്പോൾ അധ്യാപകനെതിരേ അന്വേഷണ കമ്മീഷനെയും നിയമിച്ചിരുന്നു. ഹൈക്കോടതിയിലെ രണ്ട് സീനിയർ അഭിഭാഷകർ ഉൾപ്പെട്ട കമ്മീഷൻ നല്കിയ റിപ്പോർട്ട് കോളേജ് മാനേജ്മെന്റ് ബോഡി ചേർന്നു വിലയിരുത്തിയ ശേഷം അധ്യാപകനോടു വിശദീകരണം ആവശ്യപ്പെട്ടിരുന്നു.

അധ്യാപകൻ നല്കിയ വിശദീകരണം തൃപ്തികരമല്ലാത്തതിനെ തുടർന്ന് ഒരവസരം കൂടി നല്കി. എന്നാൽ, ഇതിനു നല്കിയ മറുപടിയും പൂർണവും സ്വീകാര്യവുമായിരുന്നില്ല. ഇതിനെ തുടർന്നാണ് ശിക്ഷണ നടപടി സ്വീകരിച്ചിട്ടുള്ളത്. എന്നാൽ, അധ്യാപകൻ ചെയ്തതു പോലുള്ള സംഭവങ്ങൾ ഇനി ഉണ്ടാകാതിരിക്കുന്നതിനും സ്ഥാപനങ്ങൾ സമാധാനപരമായി നടത്തിക്കൊണ്ടു പോകുന്നതിനും അച്ചടക്കം നിലനിർത്തുന്നതിനും ഈ നടപടി അനിവാര്യമായിരുന്നെന്നും മാനേജർ പറഞ്ഞു.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com



# ആണികളെ ആവശ്യമുണ്ട്

പ്രതിഫലം : രക്തസാക്ഷിത്വം,മരണം,സ്വാതന്ത്ര്യം

## ജോൺ കച്ചിറമറ്റം

രാജാക്കൻമാരുടെയും ചക്രവർത്തിമാരുടെയും വൈസ്രോയിമാരുടെയും കസേരകളിൽ കയറിയിരുന്ന് രാജ്യം ഭരിക്കുന്ന ഭരണകർത്താക്കൾ അഴിമതിയിലും സ്വാർത്ഥതയിലും മുങ്ങിക്കുളിക്കുന്ന കാഴ്ചയാണ് നാം ഇന്ന് എവിടെയും കാണുക. മതത്തിന്റെ പേരിൽ, വർഗ്ഗത്തിന്റെപേരിൽ, ജാതിയുടെപേരിൽ, ഭാഷയുടെ പേരിൽ എല്ലാം രക്തമൊഴുകുന്നത് നിത്യസംഭവമായി തീർന്നിരിക്കുന്നു. അതിൽനിന്നും മുതലെടുക്കുവാൻ ശ്രമിക്കുന്ന രാഷ്ട്രീയ കക്ഷികളെ മാത്രമേ നമുക്കിവിടെ കാണുവാൻ സാധിക്കുകയുള്ളു. രാജ്യഭദ്രതയുടെ കടയ്ക്കൽ കോടാലി വയ്ക്കുവാൻ തയ്യാറായി നിൽക്കുന്ന ഭീകരപ്രവർത്തകർ സ്ഫോടകവസ്തുക്കളും ബോംബുമായി എവിടെയും ഓടി നടക്കുന്നു.... വേദങ്ങളുടെയും ഉപനിഷത്തുകളുടെയും മഹത്വം മനസ്സിലാക്കാനുള്ള സാഹചര്യം പോലും ഇല്ലാതായിക്കൊണ്ടിരിക്കുന്നു.

* * * * *

ജനപ്രതിനിധിസഭകളിലെ അംഗങ്ങൾ പൂർണ്ണമായും സാമൂഹ്യപ്രവർത്തകരായിരിക്കണം. അവർ യാതൊരുവിധ പ്രതിഫലവും ഇച്ഛിക്കരുത്.

* * * * *

ഒരുമുന്നണിയും പാർട്ടിയുംവിട്ട് മറ്റൊരുമുന്നണിയിലും പാർട്ടിയിലും ചേരുന്നവർക്ക് ചുരുങ്ങിയത് പത്തുവർഷത്തേക്ക് ജനപ്രതിനിധിസഭയിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പുകളിൽ മത്സരിക്കാൻ സ്ഥാനാർത്ഥിത്വം നൽകുകയില്ലെന്ന് എല്ലാ രാഷ്ട്രീയകക്ഷികളും ഒരു പൊതു ധാരണയിൽ എത്തണം. അല്ലെങ്കിൽ അച്ചടക്കത്തോടുകൂടി പ്രവർത്തനം നടത്തുന്നവർ എക്കാലവും അധികാരവലയത്തിന് പുറത്തുനിൽക്കേണ്ടിവരും. അത് ജനാധിപത്യത്തിന് കടയ്ക്കൽ കോടാലി വയ്ക്കുന്നതിന് തുല്യമായിരിക്കും.



ജോൺ കച്ചിറമറ്റം

ആധുനിക ഇറ്റലിയുടെ സ്ഥാപകനായ ഗാരിബാൾഡിയുടെ ദുഖമായിരിക്കണം നമ്മുടെയും ദു:ഖം. "എന്നോടൊപ്പം യുദ്ധം ചെയ്ത് വീരചരമം പ്രാപിച്ച അനേകരുടെ ഓർമ്മ നിലനിലനിർത്തുവാൻ ഒരു കല്ലുപോലും എടുത്തുവയ്ക്കുവാൻ സാധിച്ചില്ലെന്ന ദു:ഖം എന്നെ വേട്ടയാടുകയാണ്." വിസ്മരിക്കപ്പെടുന്ന വ്യക്തികളെയും സംഭവങ്ങളെയും പുതിയ തലമുറയുടെ മുൻപിൽ അവതരിപ്പിക്കുവാൻ നാം പരിശ്രമിക്കുന്നില്ലെങ്കിൽ അത് കുറ്റകരമായ അനാസ്ഥയാണ്.

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ
പിഴക് പോസ്റ്റ്, 686 655 കോട്ടയം

www.malankaralibrary.com

Design : Joseph Francis Pala 9447137342